**ബാഖിർ സദ്ർ**

# സമകാലീന മനുഷ്യനും സാമൂഹ്യപ്രശ്നവും

**വിവർത്തകൻ**

യാസീൻ അഷ്റഫ്

# □□□□□

പ്രസാധകക്കുറിപ്പ്

ബാഖിർ സദ്ർ

**ഭാഗം ഒന്ന്**

സാമൂഹ്യപ്രശ്നം പരിഹരിക്കാനുള്ള ഇന്നത്തെ മനുഷ്യന്റെ കഴിവ്

-മനുഷ്യന്റെ യഥാർത്ഥ പ്രശ്നം

-പ്രശ്നത്തോടുള്ള മനുഷ്യരാശിയുടെ സമീപനം

-മാർക്സിസ്റ്റ് വീക്ഷണം

-മാർക്സിസ്റ്റേതര വീക്ഷണം

-പ്രാകൃതിക പരീക്ഷണവും സാമൂഹ്യാനുഭവവും: വ്യത്യാസം

**ഭാഗം രണ്ട്**

മുതലാളിത്ത ജനാധിപത്യം

-മുതലാളിത്ത ജനാധിപത്യം-അടിസ്ഥാന ഭാവങ്ങൾ

-മുതലാളിത്തത്തിൽ നീതിശാസ്ത്രത്തിനുള്ള സ്ഥാനം

-മുതലാളിത്ത വ്യവസ്ഥിതിയുടെ ദുരന്തങ്ങൾ

**ഭാഗം മൂന്ന്**

കമ്യൂണിസം

-സോഷ്യലിസവും കമ്യൂണിസവും

-കമ്യൂണിസത്തിൽനിന്ന് അപഭ്രംശം

-കമ്യൂണിസം വിമർശിക്കപ്പെടുന്നു

**ഭാഗം നാല്**

ഇസ്ലാമും സാമൂഹ്യപ്രശ്നവും

-പ്രശ്നത്തെ ശരിയായി അപഗ്രഥിക്കൽ

-പ്രശ്നത്തെ എങ്ങിനെ കൈകാര്യം ചെയ്യണം?

-മതത്തിന്റെ സന്ദേശം

**ഭാഗം അഞ്ച്**

സ്വാതന്ത്ര്യത്തോടും സാമൂഹ്യസുരക്ഷയോടുമുള്ള ഇസ്ലാമിന്റെ സമീപനം

-സ്വാതന്ത്ര്യം മുതലാളിത്തത്തിന്റെയും ഇസ്ലാമിന്റെയും വീക്ഷണത്തിൽ

-സ്വാതന്ത്ര്യം മുതലാളിത്ത സംസ്ക്കാരത്തിൽ

-വ്യക്തി തലത്തിലുള്ള സ്വാതന്ത്ര്യം

-സാമൂഹ്യ തലത്തിലുള്ള സ്വാതന്ത്ര്യം

-സുരക്ഷ ഇസ്ലാമിലും മാർക്സിസത്തിലും

-സാമൂഹ്യ സുരക്ഷ

-സാമൂഹ്യ സുരക്ഷ പ്രാവർത്തികമാക്കൽ

-ഇൻഷ്വറൻസ് എന്ന മനുഷ്യാവകാശം

-ഇൻഷ്വറൻസ് ഏറ്റെടുക്കേണ്ടതാര്?

## കുറിപ്പുകൾ

# □□□□□□□□□□□□□□□□□□□

ഇരുപതാം നൂറ്റാണ്ടിലെ മുസ്‌ലീം പണ്ഡിതന്മാരുടെ കൂട്ടത്തിൽ അഗ്രിമസ്ഥാനീയനാണ് നാലു വർഷംമുമ്പ് ഇറാഖിൽ രക്തസാക്ഷ്യം വരിച്ച ആയത്തുല്ലാ സയ്യിദ് മുഹമ്മദ് ബാഖിർ സദ്ർ. കാലഘട്ടത്തിന്റെ ശൈലിയും മാദ്ധ്യമങ്ങളുമുപയോഗിച്ച് ഇസ്‌ലാമിനെ ആദ്യന്തം പഠിച്ചവതരിപ്പിക്കാൻ ബാഖിർ സദ്ർ നടത്തിയ ശ്രമത്തിന്റെ പ്രഥമോല്പന്നമാണ് അദ്ദേഹത്തിന്റെ 'ഫൽസഫത്തുനാ' (നമ്മുടെ ഫിലോസഫി) എന്ന വിശിഷ്ടഗ്രന്ഥം. ഭിന്നവിരുദ്ധങ്ങളായ ദർശനങ്ങളുടെ രണഭൂമിയിൽ നിന്നുകൊണ്ടുള്ള വസ്തുനിഷ്ഠവും താത്ത്വികവുമായ ഒരു സമീക്ഷണ പഠനമാണ് ഫൽസഫത്തുനായിൽ. എങ്കിലും അതിലെ മുഖ്യപ്രതിപാദനം വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദവും ഇസ്‌ലാം മതതത്ത്വ ശാസ്ത്രവുമാണ്. എങ്ങനെ ചിന്തിക്കണം? എന്തു വിശ്വസിക്കണം? ഈ ചോദ്യങ്ങൾക്ക് അരിസ്റ്റോട്ടലിയൻലോജിക്കിന്റെ അടിസ്ഥാനത്തിലും പ്രകൃതിശാസ്ത്രം, ശരീരതന്ത്രം, മനോവിജ്ഞാനീയം എന്നിവയുടെ വെളിച്ചത്തിലുമുള്ള മറുപടി ഫൽസഫത്തുനായിലുണ്ട്. അത്യന്തം സൂക്ഷ്മ സങ്കീർണ്ണവും ഭൗതികവാദത്തിനും 'മെറ്റാഫിസിക്സി'നു മിടയിലെ ഒരു പ്രധാന തർക്കവിഷയവുമായ 'ധിഷണ' എന്ന പ്രശ്നം അതിനകത്ത് സമർത്ഥമായി കൈകാര്യം ചെയ്തിരിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ സൈദ്ധാന്തികാടിത്തറയാകാനുള്ള ഇസ്‌ലാമിന്റെ യോഗ്യത ആ ഗ്രന്ഥത്തിലൂടെ ബോദ്ധ്യപ്പെടും. പ്രസ്തുത ഗ്രന്ഥത്തിനു ഗ്രന്ഥകാരനെഴുതിയ മുഖവുര അദ്ദേഹം തന്നെ വികസിപ്പിച്ച് ഒരു സ്വതന്ത്രകൃതിയാക്കി പ്രസിദ്ധപ്പെടുത്തുകയുണ്ടായി, 'അൽഇൻസാനുൽ മുആസിറുവൽ മുശ്കിലത്തുൽ ഇജ്ത്തിമാഇയ്യ' എന്ന തലക്കെട്ടിൽ. അതിന്റെ വിവർത്തനമാണ് 'സമകാലീന മനുഷ്യനും സാമൂഹ്യപ്രശ്നവും' എന്ന നാമധേയത്തിൽ ഈ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഫൽസഫത്തുനായുടെ മുഴുവനായുള്ള മലയാള പരിഭാഷ അടുത്തുതന്നെ ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്സിലൂടെ പുറത്തുവരും. അതിന്റെ മുന്നോടിയാണ് മുഖവുരയുടെ ഈ വിവർത്തനം. ഇത് വിവർത്തനം ചെയ്തിട്ടുള്ള യാസീൻ അശ്റഫ് പെരിന്തൽമണ്ണ സ്വദേശിയും ഫാറൂഖ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം ലക്ചറും 'ശാസ്ത്രവിചാരം' ത്രൈമാസികയുടെ അധിപരുമാണ്. വിവർത്തകൻ തന്റെ സൗകാര്യാർത്ഥം അറബിയിലുള്ള മൂലകൃതിക്കു പകരം അതിന് യാസീൻ ടി. ബിജൗരി എഴുതിയ 'കൺടംപറ്റി മാൻ ആന്റ് ദ സോഷ്യൽ പ്രോബ്ലം' എന്ന ഇംഗ്ലീഷ് തർജ്ജമയാണ് ഇത് തയ്യാറാക്കാൻ ഉപയോഗിച്ചിട്ടുള്ളത്. ബാഖിർ സദ്റിനെ പരിചയപ്പെടുത്തുന്ന ഒരു ലേഖനവും പുസ്തകത്തിന്റെ ആദ്യത്തിൽ ചേർത്തിരിക്കുന്നു.

ബാഖിർ സദ്റിന്റെ മറ്റൊരു മസ്തിഷ്ക വൃത്തിയാണ് 'ഇഖ്തിസ്വാദുനാ' (നമ്മുടെ ഇക്കോണമി). എണ്ണൂറോളം പുറം വരുന്ന ഈ ബൃഹത് ഗ്രന്ഥത്തിന് ഇസ്‌ലാം മതധനശാസ്ത്രസംബന്ധമായി എഴുതപ്പെട്ടവയിൽ കിടകാണാൻ പ്രയാസപ്പെടും. ഫൽസഫത്തുനായുടെ ഒപ്പമോ തൊട്ടുപിന്നിലോ ഇഖ്തിസ്വാദുനായും ഞങ്ങൾ മലയാളത്തിലേക്ക് ഭാഷാന്തരപ്പെടുത്തുന്നുണ്ട്. ഇതേ ഗ്രന്ഥകാരൻ രചിച്ച 'അൽമുർസിൽ, അൽറസൂൽ, അൽറിസാല' (ദൈവം, ദൂതൻ, ദൗത്യം) എന്ന പുസ്തകത്തിന്റെ വിവർത്തനം ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്സിൽ പണിതീർന്ന് പുറത്തിറങ്ങാറായി.

ഗ്രന്ഥകർത്താവിന്റെ രക്തസാക്ഷ്യസ്മരണ അവനതശിരസ്കാരയി അയവിറത്തുകൊണ്ട് ഞങ്ങൾ ഈ പുസ്തകം വായനക്കാർക്ക് നല്കുന്നു.

# □□□□□□□□□□□

ഇറാഖിലെ കാളിമിയ്യാ പട്ടണത്തിന് ചരിത്രപരമായി പ്രാധാന്യമുണ്ട്. 'പ്രവാചകന്റെ ഏഴാമത്തെ ഉത്തരാധികാരി' ഹസ്രത്ത് മൂസൽകാളിമിനെ അനുസ്മരിപ്പിക്കുന്നതാണ് ആ പട്ടണത്തിന്റെ നാമധേയം. അബ്ബാസിയ്യാഖലീഫമാരിൽ അതിപ്രസിദ്ധനായ ഹാറൂൽ കല്പിച്ചതനുസരിച്ച് സിന്ദിബ്നുശാഹിക് എന്നൊരുത്തൻ അദ്ദേഹത്തെ ബാഗ്ദാദിലെ ഭൂഗർഭതടവറയിൽവെച്ച് വിഷംകൊടുത്ത് കൊല്ലുകയാണുണ്ടായത്. മൃതദേഹം ഒരുവിധ ആദരവും പരിഗണനയും കൂടാതെ മറവുചെയ്യേണ്ടതിന് നാലു അടിമകളെ ഖലീഫ തന്നെ ഏർപ്പെടുത്തിയിരിക്കുകയായിരുന്നു. പക്ഷേ, വിധിവശാൽ, ഖലീഫയുടെ പിതൃവ്യൻ സുലൈമാനുബ്നു അബീജഅ്ഫറിൽ മൻസൂറിന്റെ നേതൃത്വത്തിൽ ഒരു സംഘം ആൾക്കാർ മാർഗ്ഗമദ്ധ്യേ ആ അടിമകളുടെ പക്കൽ നിന്ന് മൃതശരീരം ഏറ്റുവാങ്ങി. ഖലീഫയുടെ ഹിതത്തിനു വിപരീതമായി എല്ലാവിധ ഉപചാരങ്ങളോടും ബഹുമതികളോടും കൂടി അവരത് ബാഗ്ദാദിന്നടുത്തുള്ള 'ഖുറൈശ്' ശ്മശാനത്തിൽ അടക്കം ചെയ്തു. മൂസൽ കാളിമിന്റെ ശവകുടീരം സ്ഥിതിചെയ്യുന്ന സ്ഥലം അങ്ങനെ കാളിമിയ്യ: എന്ന അഭിധാനത്തിൽ വിശ്രുതമായി.

കാളിമിയ്യാപട്ടണത്തിലെ ദരിദ്രമെങ്കിലും വൈജ്ഞാനിക പൈതൃകംകൊണ്ടും സമരപാരമ്പര്യം കൊണ്ടും സമ്പന്നമായ ഒരു വിശുദ്ധ കുടുംബത്തിലാണ് ബാഖിർസദ്ർ ഭൂജാതനായത്- കൃസ്തുവർഷം 1932ൽ. തന്റെ പുത്രന് ബാഖിർ എന്നു നാമകരണം ചെയ്തപ്പോൾ മഹാപണ്ഡിതനും പരമഭക്തനുമായിരുന്ന ആയത്തുല്ലാ സയ്യിദ് ഹൈദർസദ്ർ അവന്റെ ഭാവിയെ സംബന്ധിച്ച വല്ല സങ്കൽപവും ആ നാമകരണത്തോട് ഘടിപ്പിച്ചിരുന്നോ ആവോ? ഏതായാലും പരിഹാരകനെന്നും പരിച്ഛേദകനെന്നും പരിഭാഷപ്പെടുത്താവുന്ന ആ പേര് അതിന്റെ മുഴുവൻ അർത്ഥത്തോടെയല്ലാതെ പിൽക്കാലത്ത് ലോകത്തിന് പറയാനും ഓർക്കാനും സാദ്ധ്യമല്ലാതായിത്തീർന്നു. എന്നാൽ മകൻ തന്റെ നാമധാരണം അന്വർത്ഥമാക്കുന്നതു കാണാനനുവദിക്കാതെ ബാഖിറിന് മൂന്നുവയസ്സുള്ളപ്പോൾ ഹൈദർ സദ്റിനെ മരണത്തിന്റെ ദൂതൻ കൂട്ടിക്കൊണ്ടുപോയി.

ശൈശവത്തിലേ ഉണ്ടായ പിതൃവിരഹവും ദാരിദ്ര്യത്തിന്റെ പീഡനവും കൂടി ബാഖിറിന്റെ പരിതഃസ്ഥിതി വല്ലാതെ ദയനീയമാക്കി. കഷ്ടപ്പാടിന്റെ യാഥാർത്ഥ്യം മറ്റൊരാളുടെ വിശദീകരണം വേണ്ടാതാക്കുമാറ് സ്വന്തം അനുഭവം ആ ബാലനെ പഠിപ്പിച്ചുകൊണ്ടിരുന്നതായിരിക്കാം. അതല്ലെങ്കിൽ ദുരിതങ്ങളുടെ ഉലയിൽ അവന്റെ വ്യക്തിത്വം കടയപ്പെട്ടുകൊണ്ടിരുന്നതായിരിക്കാം. എന്നിട്ടും കൊച്ചുന്നാളിലേ അവനിൽ നിറഞ്ഞുനിന്നിരുന്ന അഭിമാനബോധത്തിന് ഒരു ക്ഷതവും പറ്റിയില്ല. പിതാവിന്റെ വിയോഗാനന്തരം പിതൃത്വത്തിന്റെയും ഭ്രാതൃത്വത്തിന്റെയും വാത്സല്യത്തണൽ ഒന്നിച്ചുനല്കാൻ ജ്യേഷ്ഠൻ ഇസ്മായീൽ സദ്ർ സന്നദ്ധനായിട്ടുകൂടി ആരെയും ആശ്രയിക്കാതെ തന്റെ രക്ഷാകർതൃത്വം സ്വയം ഏറ്റെടുക്കാനായിരുന്നു ബാഖിറിന്റെ ശ്രമം. മാതാവിന്റെയും ജ്യേഷ്ഠന്റെയും അയലത്തെ അമ്മാവന്റെയും കണ്ണുവെട്ടിച്ച് പുറത്തുപോയി തൊഴിലെടുക്കാറുണ്ടായിരുന്ന ആ കുട്ടി. ദാരിദ്ര്യം അവന്റെ വിജ്ഞാന സമ്പാദനത്തിന്നുനേരേയും ഭീഷണി ഉയർത്തി. പഠിപ്പു നിറുത്തി ഒരു സാധാരണ തൊഴിലാളിയായി ജീവിതം നയിക്കാൻ വരെ അവൻ നിർബ്ബന്ധിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, വിജ്ഞാനത്തിന്റെ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കാൻ വേണ്ടി വിഷമങ്ങൾ സഹിക്കാൻ തന്നെ ബാഖിർ ദൃഢനിശ്ചയം ചെയ്തു സാഹചര്യസമ്മർദ്ദങ്ങൾക്ക് പിടികൊടുത്ത് അന്നവൻ പഠിപ്പുപേക്ഷിച്ചിരുന്നെങ്കിൽ ചരിത്രത്തിന്റെ ഏറ്റവും വലിയ ഒരനിവാര്യത നിർവ്വഹിക്കപ്പെടാതെപോയേനേ. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലേക്ക് ഇറാഖിൽ ഒരു ധീരനായ പ്രതിഭാശാലി വളർന്നുവരികയെന്നതായിരുന്നു ചരിത്രപരമായ ആ അനിവാര്യത. കമ്മ്യൂണിസത്തിന്റെ അനിയന്ത്രിതമായ തള്ളിക്കയറ്റം തടുക്കാനായിരുന്നു അത് പ്രധാനമായും. ബ്രിട്ടീഷുകാരുടെ അധിരാജത്വത്തോടുള്ള അമർഷം ഇറാഖുകാരിൽ കമ്മ്യൂണിയത്തോട് അനുഭാവം ജനിപ്പിച്ചിരിക്കുകയായിരുന്നു. കൊളേണിയലിസത്തിന്റെ സ്വാഭാവികഫലമായ അഴിമതിയും ചൂഷണവും രാജ്യത്ത് പെരുത്തുവന്നപ്പോൾ ഒരു പ്രതിവിധിയായി കമ്മ്യൂണിസത്തെയാണ് അവർ കണ്ടത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പലപ്രമുഖ നേതാക്കന്മാരും ശിയാക്കളായിരിക്കുകയെന്ന വിചിത്രത പോലും സംഭവിച്ചു അവിടെ. അത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രാജ്യത്ത് കൂടുതൽ വേരോടാനും ശക്തിപ്പെടാനും സഹായകവുമായി. അങ്ങനെയിരിക്കെ 1958ൽ ജനറൽ അബ്ദുൽ കരീ ഖാസിമിന്റെ നായകത്വത്തിൽ ഒരു പട്ടാണവിപ്ളവം അവിടെ അരങ്ങേറിയെങ്കിലും അതോടെ ഏകായത്തഭരണത്തിനും, കൊളോണിയൽ ആധിപത്യത്തിനും അറുതിയുണ്ടായെങ്കിലും, കിംഗ്ഡം റിപ്പബ്ലിക്കായി മാറിയെങ്കിലും രാഷ്ടം കമ്മ്യൂണിസ്റ്റ് പിടുത്തത്തിൽ അകപ്പെടുമെന്ന ഭീഷണി നിലനിൽക്കുന്നുണ്ടായിരുന്നു പിന്നെയും; തത്തുല്യവും ആദർശാധിഷ്ഠിതവുമായ ഒരു ബദലില്ലാത്ത പശ്ചാത്തലത്തിൽ വിശേഷിച്ചും. അസംഘടിതരായ മതപണ്ഡിതന്മാരും അവരുടെ കീഴിൽ ഒറ്റപ്പെട്ട ശിക്ഷണവലയങ്ങളുമാണ് ആകെയുണ്ടായിരുന്ന ബദൽ. കമ്മ്യൂണിസത്തിന്റെ ആസൂത്രിതവും സംഘടിതവുമായ വ്യാപനത്തെ പ്രതിരോധിക്കുവാൻ അത്തരം ഒറ്റപ്പെട്ട ശിക്ഷണ സംരംഭങ്ങൾ പോരായിരുന്നു. സംഘടിതവും സജീവവും ബുദ്ധിപൂർവ്വകമായ സൈദ്ധാന്തികാടിത്തറയുടെ താങ്ങുള്ളതുമായ ഒരു രാഷ്ട്രീയപകരമാണ് അതിന്നെതിരിൽ രംഗത്തിറങ്ങേണ്ടിയിരുന്നത്. എന്നാൽ കാലത്തിന് അബദ്ധം പിണയാറില്ല. ചരിത്രകാരന്മാർക്കും ചരിത്രവ്യാഖ്യാതാക്കൾക്കുമാണ് അബദ്ധം പിണയാറ്. കടുത്ത ഏകാധിപതികളോടൊപ്പം ഏകാധിപത്യത്തിന്റെ കടുത്ത പ്രതിയോഗികളെയും ജനിപ്പിച്ച് കാലം സാഹചര്യത്തിന്റെ വിളിക്ക് അപ്പപ്പോൾ ഉത്തരം ചെയ്യാറുണ്ട്. പഴയമെസൊപ്പോട്ടേമിയയിലെ നംറൂ

ദിന്നെതിരെ ഒരലർച്ചയായവതരിച്ച ഇബ്രാഹീം നബി മുതൽ ഒന്നാലോകയുദ്ധത്തെത്തുടർന്ന് ബ്രിട്ടീഷാധിപത്യത്തിലമർന്ന ഇറാഖിന്റെ സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്നുവേണ്ടി ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത തഖീശീറാസി, ശൈഖുശ്ശരീഅ: ഇസ്ഫഹാനി, മഹ്ദീഖാലിസി എന്നീ ആയത്തുല്ലമാർവരെ ഈ വസ്തുതക്ക് സാക്ഷ്യം വഹിക്കുന്നു. അവരെയെല്ലാം സന്ദർഭോചിതം രംഗത്തിറക്കിയ കാലഘട്ടം പുതിയ സാഹചര്യത്തിന്റെ വെല്ലുവിളിയെ നേരിടാൻ ബാഖിർസദ്റിനേയും പരിശീലിപ്പിച്ചെടുക്കുകതന്നെ ചെയ്തു.

വളർന്നുവരുംതോറും ബാഖിർ സദ്ർ ഇറാഖിന്റെ ശ്രദ്ധാകേന്ദ്രവും പ്രതീക്ഷയുമായിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തിന് മുപ്പതുവയസ്സായപ്പോഴാണ് ഇറാഖിലെ മതപണ്ഡിതന്മാർക്കൊരു ഏകീകൃതവേദിയെന്നോണം 'ജമാഅത്തുൽ ഉലമാ' രൂപീകൃതമായത്. തലയെടുപ്പുള്ള ഒരു പണ്ഡിതനും ഇറാഖുകാരുടെ സുസമ്മതനായ അചാര്യനുമായിരുന്ന ആയത്തുല്ലാ മുഹ്സിനുൽ ഹകീമാണ് പ്രസ്തുത പണ്ഡിതസംഘടനയുടെ തലപ്പത്ത് അവരോധിതനായത്. എങ്കിലും ബാഖിർ സദ്റിന്റേതായിരുന്നു അതിനുപിന്നിലെ പ്രേരണയും ധിഷണയും. സംഘടിതമായ നവോത്ഥാന സംരംഭത്തിന്റെ ഉൽഘാടനമായിരുന്നു ജമാഅത്തുൽ ഉലമായുടെ രൂപീകരണം. അബ്ദുൽ കരീം ഖാസിമിന്റെ വിപ്ളവഫലമായി കൊളോണിയലിസ്റ്റു പിടുത്തത്തിൽ നിന്ന് കുതറിച്ചാടിയ രാഷ്ട്രത്തിന്റെ പാര്യന്തികമായ സ്വാതന്ത്ര്യത്തിനും അത് നേടിക്കൊടുക്കാനുള്ള ഏക ഉപാധിയായ ഇസ്ലാമികോൽബുദ്ധത ജനങ്ങളിൽ വളർത്തുന്നതിന്നുമായി ജമാഅത്തുൽ ഉലമാ നിലകൊണ്ടു. എന്നാൽ അബ്ദുകരീം ഖാസിമിനെ എതിർക്കാൻ ജമാഅത്തുൽ ഉലമാ മുതിർന്നില്ല. കാരണം അദ്ദേഹത്തിന്റെ വിപ്ളവത്തിന് ഒരു ജനകീയ വിപ്ളവത്തിന്റെ സ്വഭാവമുണ്ടായിരുന്നു. കൊളേണിയലിസത്തിന്റെയും രാജവാഴ്ചയുടെയും ദുരിതത്തിൽനിന്ന് തങ്ങൾക്ക് ആശ്വാസം നൽകിയ വിമോചകനായിട്ടാണ് ജനങ്ങൾ അദ്ദേഹത്തെ ഗണിച്ചിരുന്നത്. എന്നുവെച്ച് മതപണ്ഡിതന്മാരുടെ അനുകൂലം നേടാൻ ആ പട്ടാണഭരണാധികാരിക്ക് അർഹതയൊട്ടുണ്ടായിരുന്നതുമില്ല.

കമ്മ്യൂണിസത്തിന്നെതിരാതി നീണ്ട ഒരു ആശയസമരത്തിന് ജമാഅത്തുൽ ഉലമായും മുഹ്സിനുൽ ഹകീമും വേദിയൊരുക്കി. തന്റെ ശിഷ്യനും നമ്മുടെ കഥാപുരുഷനുമായ സയ്യിദ് മുഹമ്മദ് ബാഖിർ സദ്റിനെയാണ് മുഹ്സിനുൽഹകീം ഈ പോർക്കളത്തിലിറക്കിയത്. അദ്ദേഹം തന്നെയായിരുന്നു എന്തുകൊണ്ടും അതിന്നനുയോജ്യൻ. ഉജ്ജ്വലമായ പ്രതിഭാവിലാസത്തോടും പടക്കുതിരയുടെ കരുത്തും പടവാളിന്റെ മൂർച്ചയുമുള്ള തൂലിക വഹിച്ചും ബാഖിർ സദ്ർ കളത്തിലിറങ്ങി. അദ്ദേഹത്തിന്റെ രണ്ടുവിശിഷ്ട കൃതികൾ ഫൽസഫത്തുനാ (നമ്മുടെ ദർശനം)യും ഇഖ്തിസ്വാദുനാ (നമ്മുടെ ധനശാസ്ത്രം)യും അങ്ങനെ പുറത്തിറങ്ങിയവയാണ്. സാമ്പത്തിക സമത്വത്തിന് തടസ്സവും ചൂഷണത്തിന് സഹായകവുമെന്നു കണ്ടതുകൊണ്ടാണല്ലോ മാർക്സ് ദൈവത്തെ നിഷേധിച്ചത്. അങ്ങനെയുള്ള ദൈവം നിഷേധിക്കപ്പെടേണ്ടവൻ തന്നെ. എന്നാൽ അദ്ദേഹത്തിന്റെ തത്ത്വചിന്ത പുരോഗമിക്കുകയും അന്വേഷണം അഗാധതയെ പ്രാപിക്കുകയും ചെയ്തിരുന്നെങ്കിൽ ബാഖിർ സദ്ർ കണ്ട ദൈവത്തെ അദ്ദേഹത്തിനും കാണാമായിരുന്നു. ദൈവശാസ്ത്രവും ധനശാസ്ത്രവും തമ്മിൽ മാർക്സ് കണ്ട ഈ അഭേദ്യബന്ധമായിരിക്കണം ഫൽസഫത്തുനായും ഇഖ്തിസ്വാദുനായും അടുത്തടുത്തുതന്നെ പ്രസിദ്ധീകരിക്കാൻ ബാഖിർ സദ്റിനെ പ്രേരിപ്പിച്ചത്. പ്രസ്തുത രണ്ടു ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും കമ്മ്യൂണിസത്തിന്റെ വളർച്ച ഇറാഖിൽ നിലക്കാൻ. ഭൗതികവാദത്തിന്റേയും മതരഹിത ചിന്താഗതികളുടേയും അടിത്തറ പുഴക്കാനെന്നപോലെ ഇസ്ലാമിന്റെ അടിത്തറ ഉറപ്പിക്കാനും പ്രസ്തുത ഗ്രന്ഥങ്ങൾ ഉതകി. ഇസ്ലാമും കമ്മ്യൂണിസവും അസന്ധേയങ്ങളാണെന്നുവന്നു. കാലഘട്ടത്തിന്റെ മനീഷയുടെ മുമ്പിൽ ഇസ്ലാം യുക്തി ഭദ്രമായി ബോദ്ധ്യപ്പെട്ടു. ഇറാഖിന്റെ മനോമണ്ഡലവും രാഷ്ട്രീയ മണ്ഡലവും ആകെ ഇളക്കി മറിച്ചു ആ ഗ്രന്ഥങ്ങളെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയായിപ്പോവുകയില്ല. ആ ഗ്രന്ഥങ്ങളുടെ വൈജ്ഞാനികമൂല്യവും പ്രയോഗസാമർത്ഥ്യവും മനസ്സിലാകണമെങ്കിൽ അവ പാരായണം ചെയ്യുകതന്നെ വേണം. അതുപോലെ ഇറാഖിന്റെ രാഷ്ട്രീയ സാമൂഹ്യ ചരിത്രത്തിൽ അവയ്ക്കു മൂന്നത്തേയും പിന്നത്തേയും ഏടുകൾ പാരായണം ചെയ്തുവേണം അവ അവിടെ ചെലുത്തിയ സ്വാധീനത്തിന്റെ ആഴം ഗ്രഹിക്കുവാൻ.

ചിന്താരംഗത്തു സാധിച്ച ഈ പരിവർത്തനവും ബോധനവീകരണവും ജനജീവിതത്തിൽ സഫലമാക്കാനായി ബാഖിർ സദ്റിന്റെ അടുത്ത പ്രയത്നം. പണ്ഡിതന്മാരുടെ ഹ്യസ്വവലയത്തിൽ നിന്നു കടന്ന് വ്യാപകമായതോതിലുള്ള ഒരു പ്രസ്ഥാനത്തിലൂടെ വേണം ഈ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കാൻ. ഇറാഖിൽ ഇപ്പോഴും നിലനിൽക്കുന്നതും മുസ്ലിം മുജാഹിദുകളുടെ സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നതുമായ 'ഹിസ്ബുദ്ദഅ്വത്തിൽസ്ലാമിയ്യഃ' (ഇസ്ലാമിക് ദഅ്വാപാർട്ടി) രൂപീകൃതമായത് അങ്ങനെയാണ്. അമ്പതുകളുടെ അവസാനത്തിലായിരുന്നു അതിന്റെ രൂപീകരണം. ദഅ്വാ പാർട്ടിയുടെ സ്ഥാപകനും മാർഗ്ഗദർശകനും ബാഖിർ സദ്ർ തന്നെയായിരുന്നു. ഇസ്ലാമിക പ്രബോധനം നിർവ്വഹിക്കാൻ യോഗ്യതയുള്ള യുവാക്കളെയാണ് അതിലദ്ദേഹം അണിനിരത്തിയത്. ദഅ്വാപാർട്ടിയുടെ പരക്കെയുള്ള ആശയപ്രചരണം ഹേതുവായി ഇടത്തോട്ടും വലത്തോട്ടും ചാഞ്ഞുകൊണ്ടിരുന്ന ചെറുപ്പക്കാരെല്ലാം നേർക്കുനേരെ ചലിച്ചു തുടങ്ങി. ഇറാഖുകാരുടെ വിചാരവിശ്വാസ മണ്ഡലങ്ങളിലാകെ വിപ്ളവം നടത്തിക്കഴിഞ്ഞ ബാഖിർ സദ്ർ ജനജീവിതത്തിലൊട്ടുക്കും നിറഞ്ഞു കവിഞ്ഞു. താമസിയാതെ ഇറാഖിന്റെ ഭാഗ

ധേയം ഇസ്ലാമിന്റെ കൈകളിലെത്തുമെന്നായി. കമ്മ്യൂണിസം  തകരുകയും ദേശീയവാദം പൊളിയുകയും ചെയ്തേടത്ത് പകരം വെക്കപ്പെടാൻ ഇസ്ലാമിന്നല്ലാതെ മറ്റെന്തിന്നാണു പിന്നെ അർഹത? ബാഖിർ സദ്റിന്റെ കർമ്മനിപുണമായ ഇസ്ലാമിക പ്രസ്ഥാനം ആ സ്ഥാനം ഏറ്റെടുക്കാനുള്ള കൈക്കരുത്ത് നേടിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നു. ഇതു കണ്ടറിഞ്ഞ കൊളോണിയലിസ്റ്റുകൾ ബാത്ത് പാർട്ടിയെക്കൊണ്ട് ‘പാൻ അറബിസ’ മെന്ന മുദ്രാവാക്യം വിളിപ്പിച്ചു. അങ്ങനെ ഓർക്കാപ്പുറത്ത് ഒരു സൈനിക അട്ടിമറിയിലൂടെ ബാത്തുകാർ ഇറാഖിന്റെ ഭരണാധികാരം കൈക്കലാക്കി. 1963 ജൂലായ് 17-ാം ആയിരുന്നു അത്. അണിയറയിൽ നടന്ന ഒരു ഭയങ്കര ഗൂഢാലോചനയാണ് ബാത്തുകാർക്ക് അട്ടിമറിക്ക് കളമൊരുക്കിക്കൊടുത്തത്.  ബ്രിട്ടനും അമേരിക്കയുമായിരുന്നു അതിലെ മുഖ്യശില്പികൾ.  രംഗത്തു നിന്ന് ബഹിഷ്കൃതരായി മാറിനിന്നിരുന്ന കമ്മ്യുണിസ്റ്റുകളായിരുന്നു പാൻ അറബിസത്തിന്റെ പല വക്താക്കളും. ബാത്തിന്റെ സ്ഥാപകൻ മെഷ്യൻ അഫ്ലഖ് തന്നെ ഒരു പൂർവ്വ കമ്മ്യൂണിസ്റ്റായിരുന്നുവെന്നത് ഇതോടൊപ്പം ഓർക്കാവുന്നതാണ്. ബാത്തിനെ കരുവാക്കി പതുക്കെപ്പതുക്കെ തിരിച്ചുവരികയായിരുന്നു കമ്മ്യുണിസ്റ്റ് തന്ത്രം. എന്നാൽ കമ്മ്യൂണിസ്റ്റുകൾക്കും കൊളോണിയലിസ്റ്റുകൾക്കും നല്ലപോലെ അറിയാം,  അവർ പയറ്റുന്ന ഏതൊരടവും മതപണ്ഡിതന്മാരുടെ മുമ്പിൽ ഫലപ്രദമാവുകയില്ലെന്ന്. ഇരുവിഭാഗത്തേയും അത്തരത്തിൽ ചിന്തിപ്പിക്കുന്ന അനുഭവങ്ങൾ അവർക്കെമ്പാടുമുണ്ട്. ബ്രിട്ടീഷുകാർ തങ്ങളോട് മരണംവരെ പൊരുതിയ തഖീശീറാസിയെയും ശൈഖുശ്ശരീഅ: ഇസ്ഫഹാനിയെയും മറന്നിട്ടുണ്ടായിരുന്നില്ല. മറ്റൊരു വിപ്ളവകാരിയായിരുന്ന ആയത്തുല്ലാ മഹ്ദീഖാലിസിയെയും അവരുടെ സ്മൃതി മണ്ഡലം ഞെട്ടലോടെ ഓർത്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തെ ഇറാനിലേക്ക് നാടുകടത്തിയതിന്നുശേഷമേ അവർക്കവിടെ യഥേഷ്ടം ഭരിക്കാൻ കഴിഞ്ഞുള്ളൂ. കമ്മ്യൂണിസ്റ്റുകാർക്കാവട്ടെ, അവരെ സൈദ്ധാന്തികമായും ആശയപരമായും തോല്പിച്ച് നിഷ്പ്രഭമാക്കിയ ബാഖിർ സദ്ർ നജ്ഫിലിരിക്കുന്നത് കണ്ണുകൊണ്ട് കാണാനുമുണ്ട്. ഇക്കാരണത്താൽ തങ്ങൾക്കെതിരായ ഭീഷണിയുടെ പതിസ്ഥലമായ നജ്ഫിലെ മത വിദ്യാമന്ദിരങ്ങളെ നശിപ്പിക്കുവാനായിരുന്നു അധികാരസ്ഥരായതുമുതൽ ബാത്ത്-ബ്രിട്ടീഷ്-അമേരിക്കൻ കൂട്ടുകെട്ടിന്റെ നീക്കം. 1971ൽ ആയത്തുല്ലാ മുഹ്സിനുൽ ഹകീം നിര്യാതനായതോടെയാണ് നജ്ഫിന്നെതിരായ ആക്രമണം ബാത്തുകാർ രൂക്ഷമാക്കിയത്. നജ്ഫിനെ ക്ഷയിപ്പിക്കാനായി അവർ ഒന്നാമതെടുത്ത നടപടി അവിടെ പഠിച്ചുകൊണ്ടിരുന്ന അറബേതര വിദ്യാർത്ഥികളുടെയെല്ലാം വിസ ക്യാൻസലാക്കുക എന്നതായിരുന്നു. അതിനെത്തുടർന്ന് പേർഷ്യൻവംശജരായ മുഴുവൻ വിദ്യാർത്ഥികളു അവിടുന്ന് പുറത്താക്കപ്പെട്ടുകൊണ്ടിരുന്നു. പുറത്തുപോകാത്തവർ കഠിനമായി പീഢിപ്പിക്കപ്പെട്ടു. തൽഹേതുകമായി പല ഉന്നതവ്യക്തികൾക്കും ജീവഹാനിവരെ സംഭവിച്ചു. ബാത്തുകാർ ഭരണത്തിലേറുമ്പോൾ നജ്ഫിൽ 20000 വിദ്യാർത്ഥികളുണ്ടായിരുന്നത് ഇറാനിൽ ഇസ്ലാമികവിപ്ളവം നടക്കുന്ന സമയമായപ്പോഴത്തേക്ക് വെറും 300 ആയി ചുരുങ്ങിയെന്നു പറഞ്ഞാൽ പ്രസ്തുത നടപടിയുടെ പുരോഗമന ശീഘ്രത മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ നജ്ഫിനോടുള്ള ബാത്തുകാരുടെ ഈ ക്രൂരത പെരുത്തുവരുന്നതിന്നനുസരിച്ച് ഇസ്ലാമിക് ദഅ്വാ പാർട്ടിയുടെ അംഗസംഖ്യ പെരുകിവരികയാണുണ്ടായത്. പാർട്ടി കൂടുതൽ അണ്ടർഗ്രൗണ്ടിലേക്ക് ആണ്ടുകൊണ്ടിരിക്കുകയും ചെയ്തു. ബാഖിർ സദ്ർ തന്റെ ചിന്താപരവും രാഷ്ട്രീയവുമായ മാർഗ്ഗദർശനം കൊണ്ട് അപ്പോഴും പാർട്ടിയെ അനുഗ്രഹിക്കുന്നുണ്ടായിരുന്നു.

അങ്ങനെയിരിക്കെയാണ് ഇറാനിൽ ഇസ്ലാമിക വിപ്ളവം വിജയിച്ചത്. അത് ദഅ്വാപാർട്ടിയുടെ പ്രവർത്തനാവേശത്തിൽ മണ്ണെണ്ണയിൽ അഗ്നിസ്പർശമേറ്റപോലെ ആളലുണ്ടാക്കി. ഇസ്ലാമിക വിപ്ളവമെന്ന പാർട്ടിയുടെ ലക്ഷ്യത്തിന്റെ സാക്ഷാൽക്കരണത്തിന് ആധുനികവും സമീപസ്ഥവുമായ ഒരു മാതൃക പ്രദാനം ചെയ്ത പ്രസ്തുത സംഭവം. ബാഖിർ സദ്ർ ഇറാൻ വിപ്ളവത്തിന് നിരുപാധികമായ പിന്തുണ പ്രഖ്യാപിച്ചു. തന്റെ വിദ്യാകേന്ദ്രത്തിന് അവധി നൽകിക്കൊണ്ട്. വിപ്ളവത്തിന്റെ വിജയം ആഘോഷിക്കുകയും ചെയ്തു അദ്ദേഹം. ‘‘താഗൂത്തിന്റെ കോട്ടയിതാ ഇന്ന് ഇമാം ഖുമൈനിയുടെ മുമ്പിൽ തകർന്നു കിടക്കുന്നു.’’ തന്റെ ശിഷ്യന്മാരോടായി തദവസരത്തിൽ ബാഖിർ സദ്ർ പറഞ്ഞു. അനന്തരം ഇമാം ഖുമൈനിക്ക് അഭിനന്ദനവും അനുമോദനവും അറിയിച്ചുകൊണ്ട് അദ്ദേഹം സന്ദേശമയച്ചു. ഇറാനിലും ഇറാഖിലും മറ്റും പരന്നു കിടക്കുന്ന തന്റെ ശിഷ്യഗണങ്ങൾക്കെല്ലാം അദ്ദേഹം ഇങ്ങനെ എഴുതി: ‘‘നിങ്ങൾ ഇമാം ഖുമൈനിയിൽ ലയിക്കുക; അദ്ദേഹം ഇസ്ലാമിൽ ലയിച്ചിരിക്കുന്നപോലെ’’. മുസ്ലിംകൾ ബാത്തുപാർട്ടിയുമായി ബന്ധം സ്ഥാപിക്കുകയോ തുടരുകയോ ചെയ്യുന്നതിന്നെതിരിൽ അദ്ദേഹം ഫത്വായിറക്കി. തുടർന്ന് ഇറാഖിനകത്ത് പലേടത്തും ഇറാൻ വിപ്ളവത്തെ അനുകൂലിച്ചും ഇമാം ഖുമൈനിയെ പിന്തുണച്ചും പ്രകടനങ്ങൾ എമ്പാടും നടന്നു. ചിലേടത്ത് ദഅ്വാ പാർട്ടിയുടെ പ്രവർത്തകരും ബാത്തിസ്റ്റ് മിലീഷ്യയും തമ്മിൽ ഏറ്റുമുട്ടലുകളുമുണ്ടായി.

ദഅ്വാപാർട്ടിയിൽ അംഗമായിത്തുടരുന്നത് കുറ്റകരമാക്കിക്കൊണ്ടുള്ള ഇറാഖ് പ്രസിഡണ്ട് സദ്ദാം ഹുസൈന്റെ വിളംബരം വരാൻ പിന്നെ ഒട്ടും താമസിച്ചില്ല. ദഅ്വാ പാർട്ടിയോടുള്ള എത്തരം സമ്പർക്കത്തിനും കൊലയായിരുന്നു വിളംബരത്തിൽ പറഞ്ഞിരുന്ന ശിക്ഷ. സ്വാഭാവികമായും ബാഖിർ സദ്റിന്റെയും സഹപ്രവർത്തകരുടെയും നേരെ സർക്കാറിന്റെ കൈ നീളുകയായിരുന്നു. 1980 ഏപ്രിൽ 5ന് അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടു. മൂന്നാം ദിവസം ആ വിപ്ളവകാരിയെ, ആ പ്രതിഭാശാലിയെ, ആ മഹാജ്ഞാനിയെ,  ആ നല്ല മനുഷ്യനെ തൂക്കിക്കൊന്ന വാർത്ത കർണ്ണഭേദക

മായ ഒരു സ്ഫോടനം കണക്കെ ലോകത്തിന്റെ ചെവിയിൽ മുഴങ്ങി. ഒറ്റക്കല്ല, തന്റെ സഹോദരി ബിന്തുൽഹുദായും വേറെപല സഹസഞ്ചാരികളും അദ്ദേഹത്തെ പിന്തുടർന്നിരുന്നു.

ബാഖിർ സദ്റിനെ സംബന്ധിച്ചിടത്തോളം രക്തസാക്ഷ്യം അപ്രതീക്ഷിതമോ ആകസ്മികമോ ആയിരുന്നില്ല. മാത്രമല്ല അദ്ദേഹമതു കൊതിച്ചതുകൂടിയായിരുന്നു. സർവ്വോന്നതമായ ആ പദവിയെക്കുറിച്ച് അദ്ദേഹത്തെപ്പോലെ അടുത്തറിഞ്ഞാൽ പിന്നെ ആരാണത് കൊതിക്കാതിരിക്കുക? ഒരു ഉൽബുദ്ധനായ വിശ്വാസിക്ക് നേടാൻ കഴിയുന്ന ഏറ്റവും വലിയ നേട്ടമാണ് രക്തസാക്ഷ്യം. അതു മുഖേന അയാളുടെ വാക്കുകൾക്ക് അർത്ഥമുണ്ടാകുന്നു, പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാകുന്നു, രക്തം അമൂല്യമായിത്തീരുന്നു, അസ്തിത്വം അനശ്വരത പ്രാപിക്കുന്നു. ഈ വീക്ഷണമുൾക്കൊള്ളാതെ വിലയിരുത്തിയാൽ ഇസ്ലാമിക ചിന്തയുടെയും വിജ്ഞാനത്തിന്റെയും മേൽ ബാഖിർ സദ്റിന്റെ രക്തസാക്ഷ്യം മൂലം പതിച്ച ഗുരുതരമായ ആഘാതത്തിന് ന്യായീകരണം കിട്ടുകയില്ല. അദ്ദേഹത്തിന്റെ ജീവിതഫലങ്ങളായി വിശേഷിപ്പിക്കാവുന്നത് തന്റെ ശിഷ്യന്മാരേയും ഗ്രന്ഥങ്ങളേയും താൻ സംഘടിപ്പിച്ച പ്രസ്ഥാനത്തേയുമാണ്. എന്നാൽ ശിഷ്യൻമാർക്ക് ഓജസ്സും ഗ്രന്ഥങ്ങൾക്ക് അർത്ഥവും പ്രസ്ഥാനത്തിനു ചൈതന്യവും നൽകുവാൻ അദ്ദേഹത്തിന്റെ ജീവിതത്തേക്കാൾ മരണമാണ് ഫലപ്പെട്ടത്.

ഗത്യന്തരമില്ലാതെ വരുമ്പോൾ ജീവൻ ത്യജിക്കാനും ആത്മഹത്യ ചെയ്യാനുമൊക്കെ മനുഷ്യൻ തയ്യാറായേക്കും. പക്ഷേ, അത്തരത്തിലുള്ള മരണാഭിമുഖ്യ ആത്മനിന്ദയാണ്. അതേസമയം, ഒരു മനുഷ്യന്റെ മുമ്പിൽ താനാഗ്രഹിക്കുന്ന ഭൗതിക സുഖഭോഗങ്ങളഖിലം ഒരുവശത്തും മരണം മറുവശത്തും വച്ചു കാണിക്കപ്പെടുകയും ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാൻ അയാൾക്ക് സ്വാതന്ത്ര്യം നൽകപ്പെടുകയും ചെയ്യുന്നു. തദവസരത്തിൽ താൻ വിലകൽപിക്കുന്ന ഒരു മഹത്തായ മൂല്യത്താൽ പ്രചോദിതനായി അയാൾ  മരണം തെരഞ്ഞെടുക്കുന്നു. ബാഖിർ സദ്റിന്റെ കാര്യത്തിൽ ഇതാണ് സംഭവിച്ചത്. ബാത്തുകാർ പലതും കാട്ടി പ്രീണിപ്പിക്കാൻ ശ്രമിച്ചിട്ടും അദ്ദേഹം രക്തസാക്ഷ്യത്തിന് മുൻഗണന നൽകി. ഇറാഖുവിട്ട് മറ്റു വല്ലേടത്തേക്കും രക്ഷപ്പെടണമെങ്കിൽ നിഷ്പ്രയാസം അതദ്ദേഹത്തിന് സാധിക്കുമായിരുന്നു. വധശിക്ഷ വിധിക്കപ്പെട്ടതിനുശേഷവും വീണ്ടും ജീവിക്കണമെന്നുണ്ടെങ്കിൽ ബാത്തുകാർ അതിനും അദ്ദേഹത്തിന്റെ മുമ്പാകെ മാർഗ്ഗം തുറന്നിട്ടിരുന്നു. ബാത്തുപാർട്ടിയിൽ ഭാഗഭാക്കാകുന്നതിനെതിരിൽ ഇറക്കിയ ഫത്വാ പിൻവലിക്കുക, ഖുമൈനിയുമായി ഒരു ബന്ധവുമില്ലെന്ന് തുറന്നു പറയുക, ഇസ്ലാമിക് ദഅ്വാ പാർട്ടിയിൽ അംഗത്വമെടുക്കുന്നത് വിരോധിച്ചുകൊണ്ടൊരു വിധി പ്രസ്താവിക്കുക- ഇത്രയേ വേണ്ടിയിരുന്നുള്ളൂ. പക്ഷേ, അദ്ദേഹം ജീവിതത്തെ സ്നേഹിച്ചിരുന്നതിനേക്കാൾ മരണത്തെയാണ് സ്നേഹിച്ചിരുന്നത്. അത് അല്ലാഹുവിന്റെ മാർഗ്ഗത്തിലായിരിക്കമെന്ന ഉപാധിയുണ്ടായിരുന്നുവെന്നുമാത്രം. അവസാനത്തെ അറസ്റ്റുവേളയിൽ തന്നെ അനുഗമിച്ചിരുന്ന ശൈഖ്ത്വാലിബ് സിഞ്ചറി ബാഖിർ സദ്റിനോട് ചോദിച്ചു: ''എന്തിനാണ് നമ്മൾ ഇവരോടൊപ്പം പോന്നിരിക്കുന്നത്?'' അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. ''നമ്മുടെ വരവിൽ ഏറിവന്നാൽ മരണമല്ലെ സംഭവിക്കുക? എങ്കിൽ അത് അല്ലാഹുവിന്റെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എത്രയും ഹൃദ്യവും രുചികരവുമാണ്.''

ഇരുട്ടിൽ ഉഴലുന്നവൻ വെളിച്ചത്തിനെന്നപോലെ ബാഖിർ സദ്ർ രക്തസാക്ഷ്യത്തിന് അഭിലഷിച്ചിരുന്നു. അദ്ദേഹത്തിന്റെ സംസാരങ്ങളിലൊക്കെ വെളിപ്പെട്ടിരുന്നു ഈ അഭിലാഷം. ഒരിക്കൽ പോലീസുകാർ കസ്റ്റഡിയിലെടുത്തുകൊണ്ടു പോയപ്പോഴുണ്ടായ തന്റെ മനോഹർഷം അദ്ദേഹം ഇങ്ങനെ വെളിപ്പെടുത്തുകയുണ്ടായി: ''വാനിലിരിക്കുമ്പോൾ ഞാൻ അങ്ങേയറ്റം സന്തുഷ്ടനായിരുന്നു. കാരണം അതെന്റെ അവസാനത്തെ യാത്രയാണെന്നും പ്രവാചകന്മാരുടെയും സജ്ജനങ്ങളുടെയും സന്നിധിയിലെത്താൻ എനിക്കിനി ഏറെ ദിവസങ്ങൾ വേണ്ടിവരില്ലെന്നും ചിന്തിക്കുകയായിരുന്നു ഞാൻ.'' എന്നാൽ അത്തവണ അദ്ദേഹം പ്രതീക്ഷിച്ചത് സംഭവിച്ചില്ല. തിരിച്ച് നജ്ഫിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: ''ഈ നശിച്ച ജീവിതത്തിൽ എനിക്കിനിയും ദിവസങ്ങളുണ്ടെന്നാണ് തോന്നുന്നത്''.

ജീവിതത്തെക്കുറിച്ച് ബാഖിർ സദ്റിനുണ്ടായിരുന്ന വീക്ഷണമാണ് മരണത്തിനുനേരെയുള്ള അദ്ദേഹത്തിന്റെ ഈ മനോഭാവത്തിനു നിദാനം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ''ഒരു മനുഷ്യന്റെ ജീവിതമെന്നു പറയുന്നത് തന്റെ അസ്തിത്വത്തിൽ നിന്നും ചിന്തയിൽ നിന്നും അയാൾ സമൂഹത്തിന് നൽകുന്ന അളവാണ്.'' ആദ്യശ്വാസവും അന്ത്യശ്വാസവും അടങ്ങിയതാണല്ലോ ജീവിതം. അതിനാൽ മരണവും സമൂഹത്തിനുവേണ്ടി ആയെങ്കിലേ ആയുഷ്കാലം മുഴുവൻ ജീവിതമാവുകയുള്ളൂ.

പരാർത്ഥതയുടെ പ്രതീകങ്ങൾക്കുമാത്രമേ ഇങ്ങനെ സമൂഹത്തിനുവേണ്ടി അവനവനെ കൊടുക്കാൻ കഴിയൂ. അത്തരം പരാർത്ഥതയുടെ പ്രതീകങ്ങളെ ദൃഢമായ പരലോകബോധമാണ് ആവിർഭവിപ്പിക്കുക. കാരണം ഓരോ മനുഷ്യനും ഏറ്റവും വിലപിടിപ്പുള്ളത് അവനവനുകിട്ടിയ ജീവിതമായിരിക്കും. ഒരു പകരത്തിനുമല്ലാതെ അതങ്ങു നശിപ്പിക്കാൻ ആരാണ് തയ്യാറാവുക? ആത്മാവിന്റെ ഭാവി മരണത്തിനുശേഷവും നീളുമെന്ന വിശ്വാസമില്ലെങ്കിൽ ''ചെമ്പിലമ്പാഴങ്ങ പുഴുങ്ങിത്തിന്നിട്ടെങ്കിലും ജീവിക്കണ'' മെന്ന ആർത്തിയായിരിക്കും ആർക്കുമുണ്ടാവുക. സമൂഹവും വ്യവസ്ഥിതിയുമൊക്കെ എങ്ങനെയുള്ളതായാലെന്താ!

ബാഖിർ സദ്റിനെക്കുറിച്ചുള്ള ലേഖനത്തിൽ ആദ്യമേ പരാമർശിക്കേണ്ടിയിരുന്നതാണ് ശിയാ-സുന്നീ ഏകീകരണത്തിന് അദ്ദേഹം അർപ്പിച്ച സേവനം സുന്നികളുമായി അടുക്കുവാനും അവരിൽ ലയിക്കുവാനും അദ്ദേഹം സദാ ശ്രമിച്ചിരുന്നു. ഇരുവിഭാഗത്തിനുമിടയിലെ പരമ്പരാഗതവൈരങ്ങളോ അഭിപ്രായശാഠ്യങ്ങളോ അദ്ദേഹം ഓർത്തിരുന്നതേയില്ല. തന്റെ വാദങ്ങൾക്കും അഭിപ്രായങ്ങൾക്കും വേണ്ട തെളിവുകൾപോലും സുന്നീസ്രോതസ്സുകളിൽ നിന്നാണ് അദ്ദേഹം പലപ്പോഴും ഉദ്ധരിക്കാറ്. അതുകൊണ്ടുതന്നെ ഒരു ശിയാപണ്ഡിതനായറിയപ്പെടുന്ന അദ്ദേഹത്തിന്റെ രചനകളിൽ സുന്നീകേന്ദ്രങ്ങൾക്ക് ഒരുവിധ അന്യത്വവും തോന്നുകയില്ല. സുന്നികളും ശിയാക്കളും ഒന്നുപോലെ അദ്ദേഹത്തിന്റെ ചിന്തകളെ വിലമതിച്ചിരുന്നു. ഒരിക്കൽ അസ്ഹർ യൂനിവേഴ്സിറ്റിയിലെ ശൈഖ് അഹ്മദ് ഹസൻ ബാഖൂരിക്ക് ഫൽസഫത്തുനായുടേയും ഇഖ്തിസ്വാദുനായുടേയും ഓരോ കോപ്പി ആരോ സമ്മാനിക്കുകയുണ്ടായി. ബാഖൂരി ആ ഗ്രന്ഥങ്ങളോടുള്ള ആദരവുനിമിത്തം എഴുന്നേറ്റുനിന്നു. അനന്തരം തന്റെ വീട്ടിൽ സമ്മേളിച്ചിരുന്നവരെ അഭിമുഖീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞുവത്രെ: ''അസ്ഹറിലെ മുഴുവൻ പണ്ഡിതന്മാരും ശൈഖുമാരും ഒത്തുശ്രമിച്ചാലും ഈ രണ്ടു ഗ്രന്ഥങ്ങൾക്ക് സമാനമായത് രചിക്കുക സാദ്ധ്യമല്ല.''

ശിയാ, സുന്നി എന്നിങ്ങനെ ചരിത്രപരമായി സംഭവിച്ചുപോയ തരംതിരിവിന്നതീതമായി ഇസ്ലാമിന്റെ അനുയായികളെ ഒരേ വേദിയിൽ ഒന്നിപ്പിച്ച് ഇസ്ലാമിക വിപ്ളവത്തിന് അണിനിരത്തുകയായിരുന്നു ബാഖിർസദ്ർ. പൊതുവായ ലക്ഷ്യം നിർണ്ണയിച്ചുകൊടുക്കുകയും അതാണ് യഥാർത്ഥലക്ഷ്യമെന്ന് ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുന്നതിൽ വിജയിക്കാൻ കഴിയുകയുമാണെങ്കിൽ അതിനേക്കാൾ വലിയ ഏകീകരണ ശക്തി വേറെയില്ല. സാമൂഹ്യാംശം കലരാത്ത ആചാരബദ്ധതകളിലേക്ക് നേതാക്കൾ അനുയായികളെ അള്ളിപ്പിടിപ്പിക്കുന്നതിനാലാണ് ഇറാഖിലെ സുന്നികൾക്കും ശിയാക്കൾക്കും ബാഖിർ സദ്ർ ഒന്നുപോലെ സമ്മതനും പ്രിയങ്കരനുമായത്. കർമ്മശാസ്ത്രകാര്യങ്ങളിൽ ശിയാക്കൾക്കുമാത്രമായിരുന്നു അദ്ദേഹം അനുകരിണീയൻ. എന്നാൽ ഇസ്ലാമിനേയും മുസ്ലിംകളേയും ബാധിക്കുന്ന ആധുനിക പ്രശ്നങ്ങൾക്കു പ്രതിവിധികാണാൻ ശിയാക്കളും സുന്നികളും അദ്ദേഹത്തെയാണാശ്രയിച്ചിരുന്നത്.

ശീയിസത്തിനും സുന്നിസത്തിനും ഉപരിയായി ഇസ്ലാമിക വിപ്ളവമെന്ന ഏകലക്ഷ്യകേന്ദ്രിതത്വത്തിനുള്ള ആഹ്വാനത്തിൽ ഊന്നിക്കൊണ്ടായിരുന്നു വധിക്കപ്പെടുന്നതിന്റെ തൊട്ടുമുമ്പത്തെ ബാഖിർ സദ്റിന്റെ അന്തിമ സന്ദേശങ്ങളിലൊന്ന്. ആത്മാർത്ഥത ഇറ്റിയിറ്റിവീഴുന്ന ആ സന്ദേശത്തിലെ ചില വാക്കുകൾ ശ്രദ്ധിക്കുക:-

''എന്റെ ചിന്തയും അസ്തിത്വവുമായി ഞാൻ ജീവിച്ചത് മോചനത്തിന്റെ ഉപാധിയായി ഇസ്ലാമിനു വേണ്ടിയായിരുന്നു. അത് എല്ലാവരുടേതുമാണ്. അതിനാൽ സുന്നികളായ എന്റെ സഹോദരങ്ങളെ, സന്തതികളെ, ഞാൻ നിങ്ങളുടെകൂടെയാണ്; ശിയാക്കളായ എന്റെ സഹോദരങ്ങളുടേയും സന്തതികളുടേയും കൂടെയെന്നപോലെത്തന്നെ. ഇരുവിഭാഗത്തോടും എനിക്കുള്ള ബന്ധം ഇരുവർക്കും ഇസ്ലാമിനോടുള്ള ബന്ധത്തിന്റെ തോതനുസരിച്ചാണ്...

ഏകാധിപതികളും അവരുടെ പക്ഷീയരും നമ്മുടെ നല്ലവരായ സുന്നീസന്തതികളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ്, സുന്നിശിയാ പ്രശ്നമാണ് ഇവിടെ യഥാർത്ഥ പ്രശ്നമെന്ന്. പൊതുശത്രുവിന്നെതിരായ പോരാട്ടത്തിൽ ഇരുവിഭാഗവും ഒന്നിക്കാതിരിക്കാൻവേണ്ടിയാണത്.

അലിയുടേയും ഹുസൈന്റേയും സന്തതികളെ, അബൂബക്കറിന്റേയും ഉമറിന്റേയും മക്കളേ, ഞാൻ നിങ്ങളോടു പറയുന്നു: സുന്നിവാഴ്ചക്കെതിരായ ശിയാസമരമല്ല ഇവിടെയുള്ളത്. സുന്നിവാഴ്ചയെന്നാൽ ഖുലഫാഉൽറാശിദുകളുടെ ഭരണമെന്നാണർത്ഥം. മതപരിത്യാഗികളോട് അബൂബക്കറിന്റെ നേതൃത്വത്തിൽ യുദ്ധം നടന്നപ്പോൾ ആ ഭരണത്തിന്റെ സംരക്ഷണത്തിന്നാണ് അലി ഖഡ്ഗമേന്തിയിരുന്നത്. നാം സംരക്ഷിക്കേണ്ടത് ഇസ്ലാമിന്റെ പതാകയാണ്; അതേതു കക്ഷിയുടെ കളറുള്ളതാവട്ടെ....................

................സുന്നികളായ മാതാപിതാക്കൾക്കു പിറന്നവൻ ഭരിക്കുന്നതുകൊണ്ടുമാത്രം ഭരണം സുന്നിഭരണമാവുകയില്ല. അത് അബൂബക്കറിന്റേയും ഉമറിന്റേയും ഭരണമാണ്. അതാകട്ടെ, ഇറാഖിലെ സ്വേച്ഛാധിപതികളുടെ ഓരോ പ്രവർത്തനത്തിലൂടെയും വെല്ലുവിളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.''

ബാഖിർ സദ്റിന്റെ മറ്റേതു ഗുണത്തേക്കാളും അദ്ദേഹത്തിൽ നിന്ന് കേരളീയരിലേക്ക് പകർത്തപ്പെടേണ്ടത് ഈ ഐക്യമനോഭാവമാണ്. അനുയായികൾക്ക് നേതാക്കന്മാരാകാൻ സമുദായത്തെ തുണ്ടം തുണ്ടമാക്കുന്ന സ്ഥിതിയാണല്ലോ ഇവിടെ. പക്ഷേ, ഇവിടത്തുകാർക്ക് പകർത്താൻ പറ്റിയ മാതൃകയില്ലാത്തതോ അതറിയാത്തതോ അല്ല ഇതിനുകാരണം; മറിച്ച്, ശുദ്ധഗതിയും ആത്മാർത്ഥതയും അസ്തമിച്ചതാണ്. അതിനാൽ നേതാക്കന്മാരാകാൻ മോഹിക്കുന്നവരുടേയും അവർക്ക് നീതന്മാരാകാൻ സന്നദ്ധതയുള്ളവരുടേയും വർദ്ധനവനുസരിച്ച് ഇനിയും സമുദായത്തിന്നിവിടെ പിളർപ്പുകളുണ്ടായിക്കൊണ്ടിരിക്കും. ഈ വസ്തുത തിരിച്ചറിയാൻ ഇവിടെയുള്ളവർ കൂട്ടാന്നുക്കുമില്ല. അപ്പോൾ പിന്നെ അതു മനസ്സിലാക്കിയവർ വല്ലായ്മപ്പെടുകയല്ലാതെ എന്തു നിവൃത്തി?

-സി. ഹംസ

ഭാഗം ഒന്ന്

# □□□□□□□□□□□□□□□□□□□□□□□□□□□□□□□
# □□
# □□□□□□□□□□□□□□□□□□□□□

## മനുഷ്യന്റെ യഥാർത്ഥ പ്രശ്നം

ഇന്ന് മനുഷ്യരുടെ മനസ്സിൽ അവരുടെ അസ്തിത്വത്തിന്റെ ഹൃദയത്തിന് ആഘാതമേൽപിച്ചു കൊണ്ട് സ്ഥലംപിടിച്ചിട്ടുള്ള ലോക പ്രശ്നം സാമൂഹ്യപ്രശ്നമാണ്. എന്നാൽ എന്താണ് ചുരുക്കത്തിൽ ഈ പ്രശ്നം? ഉത്തരത്തിന്, ഈ ഒരു ചോദ്യത്തിന് തുറന്ന മനസ്സോടെ മറുപടി പറഞ്ഞാൽമതി: പ്രയോജനകരവും സന്തോഷ പൂർണ്ണവുമായ സാമൂഹ്യജീവിതം കെട്ടിപ്പടുക്കാൻ മനുഷ്യരാശിക്കുതകുന്ന വ്യവസ്ഥ ഏതാണ്?

സ്വാഭാവികമായും, ഗുരുതരമാണ് പ്രശ്നം; മർമ്മപ്രധാനവും. മാനവികതക്കുമുമ്പിൽ ഒരു വൻ ഭീഷണിയായി അതു നിൽക്കുന്നു: പ്രശ്നത്തിന്റെ സങ്കീർണതകൊണ്ടു മാത്രമല്ല, അതിന്റെ പരിഹാരത്തിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളുടെ വൈവിദ്ധ്യം കൊണ്ടും.

ഈ പ്രശ്നത്തിന് മനുഷ്യാസ്തിത്വത്തിന്റെ വിദൂര ചരിത്രത്തിൽ വേരുകളുണ്ട്. സാമൂഹ്യജീവിതത്തിൽ പ്രത്യക്ഷമായതിനു ശേഷം അത് സദാ മനുഷ്യനെ അഭിമുഖീകരിച്ചുവന്നു. മനുഷ്യന്റെ സാമൂഹ്യാസ്തിത്വം ഉയിരെടുത്തത്. പൊതുതാല്പര്യങ്ങളാലും ബന്ധങ്ങളാലും അന്യോന്യം ഇണക്കപ്പെട്ട വ്യക്തികളിൽ നിന്നാണ്. സ്വാഭാവികമായും ഈ ബന്ധങ്ങൾക്കും താല്പര്യങ്ങൾക്കും പൊതുവായ ലക്ഷ്യങ്ങളും ഘടനയും വേണം. എന്തിനധികം- സാമൂഹ്യ സുസ്ഥികതയും സന്തുഷ്ടിയും ഉണ്ടാവുകതന്നെ, നിലവിലുള്ള മാനുഷികയാഥാർത്ഥ്യവും മേൽപറഞ്ഞ വ്യവസ്ഥയും തമ്മിലുണ്ടാവുന്ന സ്വാരസ്യത്തിന്റെയും അതിൽനിന്നുള്ള ഗുണഭോഗത്തിന്റെയും തോതനുസരിച്ചായിരിക്കും.

ധൈഷണികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ സുദീർഘമായ ഒരു യുദ്ധത്തിലേർപ്പെടാൻ ഈ സാമൂഹ്യപ്രശ്നം മനുഷ്യരാശിയെ നിർബ്ബന്ധിച്ചിട്ടുണ്ട്. നാനാവിധേനയുള്ള യുദ്ധമുറകൾ പയറ്റപ്പെടുന്ന ഒരു സമരത്തിൽ മാനുഷ്യകം അങ്ങിനെ ഏർപ്പെട്ടു. മനുഷ്യമനസ്സിന്റെ വിവിധ സങ്കേതങ്ങളിലൂടെ സമൂഹസൗധം സുസ്ഥാപിക്കാൻ- ആ സൗധത്തിന്റെ രൂപകല്പനകൾ വരച്ച്, തൂണുകൾ ഉറപ്പിച്ചുനോക്കാൻ- മനുഷ്യരാശി നിർബന്ധിതമായി. ആയാസകരമായൊരു സമരമായിരുന്നു അത്- ദുരിതവും അധർമ്മവും ചിരിയും കരച്ചിലും നിറഞ്ഞ, സന്തോഷം സന്താപവുമായി ഇണചേർന്നു നിന്ന ഒരു സമരം. നാനാതരം അപഭ്രംശങ്ങളും വ്യതിയാനങ്ങളും അത്തരം സാമൂഹ്യവ്യവസ്ഥകളുടെ ഭാഗമായിരുന്നു. ഭൂഗോളചരിത്രത്തിൽ ചിലപ്പോഴെല്ലാം മിന്നിമറഞ്ഞ ചില നൈമിഷിക ദീപ്തികളില്ലായിരുന്നെങ്കിൽ മനുഷ്യന്റെ സാമൂഹ്യകാസ്തിത്വം നിത്യദുരിതത്തിലും പ്രക്ഷുബ്ധതരംഗങ്ങളിലും തുടർന്നുപോയേനേ.

സാമൂഹ്യരംഗത്ത് മനുഷ്യൻ നടത്തിയ സമരത്തിന്റെ വിവിധപാദങ്ങൾ വിവരിക്കുക നമ്മുടെ ഉദ്ദേശ്യമല്ല. കാരണം, ചരിത്രാതീതകാലം തൊട്ടിങ്ങോട്ട് മനുഷ്യകുലം കറങ്ങിത്തിരിഞ്ഞ വിവിധ രംഗങ്ങൾ കാണിക്കുന്നത്. അവശമാനുഷ്യകത്തിന്റെ ദീനചരിത്രമോതാനേ ഉപകരിക്കൂ. മറിച്ച് നാം ആഗ്രഹിക്കുന്നത് ഇതാണ് മനുഷ്യകുലത്തിന്റെ ഇന്നത്തെ ജീവിതസാഹചര്യങ്ങളിലും ഇന്ന് അത് എത്തിപ്പെട്ടിരിക്കുന്ന പാദത്തിലും പങ്കാളിയാവുക; അങ്ങിനെ ഓരോ സമരപാദവും ഒടുവിലെത്തുമെന്ന് പ്രതീക്ഷിക്കുന്ന ലക്ഷ്യമെന്തെന്നറിയുക. സുദീർഘവും ആയാസം നിറഞ്ഞതുമായ യാത്രയിലൂടെ വിവിധദിശകളിൽ കാറ്റും കോളും സഹിച്ചശേഷം നമുക്കണയാവുന്ന സമാധാനത്തിന്റെയും നീതിയുടെയും സ്വാഭാവികതീരമേതെന്ന് തിരിച്ചറിയാൻ അങ്ങിനെ നമുക്കു കഴിയും.

വാസ്തവത്തിൽ സമകാലീന സാമൂഹ്യ പ്രശ്നത്തെപ്പറ്റി മുമ്പെന്നത്തെക്കാളും മനുഷ്യൻ ഇന്ന് ബോധവാനാണ്. പ്രശ്നത്തോടുള്ള തന്റെ ബന്ധത്തെപ്പറ്റിയും പ്രശ്നത്തിന്റെ സങ്കീർണ്ണതയെപ്പറ്റിയും മറ്റേതു കാലത്തേക്കാളും ധാരണയുണ്ടിവന്ന്. കാരണമുണ്ട്: തന്റെ തന്നെ സൃഷ്ടിയാണ് പ്രശ്നം എന്നവന്നറിയാം. പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധത്തെ നിയന്ത്രിക്കുന്ന പ്രാകൃതിക പ്രതിഭാസങ്ങളെപ്പോലെ തന്റെ മേൽ മുകളിൽനിന്ന് അടിച്ചേല്പിക്കുന്നതല്ല സാമൂഹ്യ വ്യവസ്ഥ എന്നവസ്തുത നല്ല ബോധ്യമുണ്ടവന്ന്. പ്രകൃതിയുടെ തന്നെ വ്യവസ്ഥയായി സാമൂഹ്യവ്യവസ്ഥിതിയെ നോക്കിക്കണ്ട പ്രാചീനമനുഷ്യന്റേതിൽ നിന്നും വിഭിന്നമാണ് ആധുനികമനുഷ്യന്റെ നിലപാട്. പ്രാചീനമനുഷ്യനെ സംബന്ധിച്ചേടത്തോളം സാമൂഹ്യവ്യവസ്ഥയിൽ സ്വന്തമായ തീരുമാനസ്വാതന്ത്ര്യമോ ശക്തിയോ തനിക്കില്ലെന്നായിരുന്നു അവന്റെ ധാരണം. ഭൗമാകർഷണനിയമം കണ്ടുപിടിക്കാൻ അവനു കഴിഞ്ഞില്ലെന്നതുപോലെത്തന്നെ, സ്വന്തം സാമൂഹ്യബന്ധങ്ങൾ മാറ്റാനും അവനു കഴിഞ്ഞിരുന്നില്ല. എന്നാൽ ബന്ധങ്ങൾ മനുഷ്യരുടെ പെരുമാറ്റത്തിന്റെ ഒരുവശം മാത്രമാണെന്നും അവയുടെ മണ്ഡലത്തിൽ സ്വന്തം ഇച്ഛാശക്തി നഷ്ടപ്പെടുത്താതെ താൻ സ്വയം തീരുമാനമെടുക്കുന്നതാണെന്നും മനുഷ്യൻ വിശ്വസിക്കുന്നതോടെ സാമൂഹ്യപ്രശ്നം അവനിൽ-അതു ബുദ്ധിപരമായി കൈകാര്യം ചെയ്യുന്ന മനുഷ്യനിൽ- പ്രതിഫലിപ്പിക്കുന്നത് കീഴടങ്ങലിന്റെ കയ്പല്ല, പ്രതിഷേധത്തിന്റെ കയ്പാണ്.

എന്നാൽ ആധുനികമനുഷ്യൻ ജീവിക്കുന്നത്. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ നിയന്ത്രണത്തിൽ അഭൂതപൂർവ്വമായൊരു വൻ വരിവർത്തനം നടക്കുന്നകാലത്താണ്. ഈ നിയന്ത്രണ ശേഷി അതിഭീമവും ഭയാനകവുമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നത് സാമൂഹ്യ പ്രശ്നത്തിന്റെ സങ്കീർണ്ണതയെയും അതിന്റെ വിപത്തുകളെയും ഇരട്ടിപ്പിക്കുന്നുണ്ട്. കാരണം ഉപയോഗിതയുടെയും ചൂഷണത്തിന്റെയും പുതിയ വിശാല വീഥികൾ മാനുഷ്യകത്തിന് അത് തുറന്നുകൊടുക്കും. പ്രകൃതി ഇന്ന് നിർല്ലോഭം മനുഷ്യനു നല്കുന്ന വൻഫലങ്ങളിൽ ഓരോ വ്യക്തിക്കുമുള്ള വിഹിതത്തിന്റെ വിതരണം നിയന്ത്രിക്കുന്ന വ്യവസ്ഥയുടെ പ്രാധാന്യവും അതു വർദ്ധിപ്പിക്കും.

വിപുലമായ അനുഭവജ്ഞാനം തന്റെ മുൻഗാമികളിൽനിന്ന് പൈതൃകമായി യുഗങ്ങളിലൂടെ നേടിയെടുത്തവനാണല്ലോ മനുഷ്യൻ. പ്രാചീന മനുഷ്യനുണ്ടായിരുന്ന സാമൂഹികാനുഭവങ്ങളിൽ നിന്നുളവായ, കൂടുതൽ സർവ്വസ്പർശിയും അഗാധവുമായ ആ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ അവൻ സാമൂഹ്യപ്രശ്നം പഠിക്കുന്നു.

## പ്രശ്നത്തോടുള്ള മനുഷ്യരാശിയുടെ സമീപനം

ബോധപൂർവ്വമുള്ള സാമൂഹ്യജീവിതം തുടങ്ങിയതുമുതൽ മനുഷ്യവംശം അഭിമുഖീകരിച്ചുവന്ന അടിസ്ഥാനപരമായ പ്രശ്നമെന്തെന്നു നാം കണ്ടു. വിദൂര ചരിത്രത്തിലൂടെ അതിനുത്തരം കാണാനുള്ള അവന്റെ പരിശ്രമങ്ങളെപ്പറ്റിയും നാം മനസ്സിലാക്കി. ഇനി നമുക്കു ചെയ്യാനുള്ളത്, ഇന്നും എന്നും മനുഷ്യരാശിയുടേതായിരുന്ന കഴിവുകളെന്തെന്ന് ഗ്രഹിക്കുകയാണ്; അങ്ങിനെ നേരത്തെപറഞ്ഞ അടിസ്ഥാനപരമായ ചോദ്യത്തിന്- മനുഷ്യർക്കേറ്റവും അനുയോജ്യമായ, സാമൂഹ്യജീവിതത്തിൽ സന്തോഷം പ്രദാനം ചെയ്യാൻ പ്രാപ്തമായ വ്യവസ്ഥയെന്ത് എന്ന ചോദ്യത്തിന്- കൃത്യമായ ഉത്തരം നൽകാൻ വേണ്ടുന്ന അടിസ്ഥാനോപാധികൾ കണ്ടെത്തുകയാണ്.

ആ ഉത്തരം നൽകാൻ മാനുഷികത്തിന്നാവുമോ? ഉത്തരം കണ്ടെത്താൻ വേണ്ടുന്ന ഉപാധികളിലെ ധൈഷകവും ആത്മീയവുമായ ഘടകങ്ങളുടെ അളവെത്ര? എന്തൊക്കെയാണ് ഈ പരീക്ഷണത്തിൽ മനുഷ്യരാശിക്ക് അന്തിമവിജയം നേടിക്കൊടുക്കുക? സാമൂഹ്യ പ്രശ്നത്തിന് ഉദ്ദിഷ്ടപരിഹാരം ഉറപ്പുവരുത്തുന്നത് എന്തെല്ലാം? അത്യുന്നതങ്ങളിലേക്ക് മാനവികതയെ ഉയർത്തുന്ന മികച്ച വ്യവസ്ഥിതയിൽ എത്തിച്ചേരാൻ എന്തൊക്കെ വേണം?

ഒന്നുകൂടി വ്യക്തമാക്കുക: ജനാധിപത്യ മുതലാളിത്തം, ഏകാധിപത്യം, സോഷ്യലിസ്റ്റ് തൊഴിലാളി വർഗ്ഗാധിപത്യം തുടങ്ങിയവയിലേതെങ്കിലുമാണ് ഏറ്റവും നല്ല വ്യവസ്ഥ എന്ന് മനുഷ്യനെങ്ങിനെ അറിയാൻ പറ്റും? ഏതെങ്കിലും ഒന്ന് നല്ലതെന്നനിലക്ക് മനുഷ്യവർഗ്ഗം അംഗീകരിച്ചാൽത്തന്നെ അതു ശരിയാണെന്നുള്ളതിന്ന് എന്താണുറപ്പ്?

ഇനി അതൊക്കെ മനുഷ്യകുലത്തിന് സാധിച്ചു എന്നുതന്നെ വെക്കുക. ഏതുവ്യവസ്ഥിതിയാണ് ഏറ്റവും നല്ലത് എന്നറിയലും തദടിസ്ഥാനത്തിൽ പ്രശ്ന പരിഹാരം പ്രയോഗത്തിൽ വരുത്തലും

രണ്ടും രണ്ടാണ് എന്നുവന്നാലോ? വ്യവസ്ഥയുടെ മേന്മയെയും പ്രായോഗിതകയെയും പറ്റി എന്തൊക്കെ ''അറിവു'' ണ്ടെന്നിരിക്കിലും അതിന്റെ പ്രയോഗവൽക്കരണം, ലഭ്യമല്ലാത്ത മറ്റുചില ഘടകങ്ങളെ ആശ്രയിച്ചുനിൽക്കുന്നു എങ്കിൽ?

സമൂഹത്തെയും പ്രപഞ്ചത്തെയും പറ്റി പൊതുവായുള്ള സങ്കല്പത്തോട് ബന്ധപ്പെട്ടിരിക്കുന്ന നാമിപ്പോൾ പരാമർശിച്ച കാര്യങ്ങൾ. അതുകൊണ്ട് അവ കൈകാര്യം ചെയ്യുന്ന രീതിയിൽ പണ്ഡിതന്മാർ തമ്മിൽ വ്യത്യാസങ്ങളുണ്ട്. ഓരോരുത്തരുടെയും രീതി അവരുടെ പൊതു സങ്കൽപത്തിലധിഷ്ഠിതമായിരിക്കും. ആദ്യം നമുക്ക് മാർക്സിസത്തെ പരിശോധിച്ചുനോക്കാം.

## മാർക്സിസ്റ്റ് വീക്ഷണം

ഉല്പാദനരീതിയെയും ഉല്പാദകശക്തികളെയും ആത്മീയമായും ബുദ്ധിപരമായും ആശ്രയിക്കുന്നവനായിട്ടാണ് മനുഷ്യനെ മാർക്സിസം കാണുന്നത്. ഉല്പാദക ശക്തികളിൽ നിന്ന് വേറിട്ട് നിൽക്കുന്നതുകൊണ്ട് അവന് സാമൂഹ്യാടിസ്ഥാനത്തിൽ ചിന്തിക്കാനോ ഏറ്റവും നല്ല വ്യവസ്ഥിതി കണ്ടറിയാനോ സാധിയ്ക്കില്ല! മുമ്പ് നാം വിവരിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം ഉൽപാദകശക്തികൾ സ്വേച്ഛയാ അവന് പറഞ്ഞുകൊടുക്കുന്നതാണ്- അവൻ അതൊക്കെ വള്ളിപുള്ളി വിസർഗ്ഗം കൂടാതെ ഏറ്റുപറയുന്നു.

മാർക്സിസ്റ്റ് വാദം ഇങ്ങിനെ പോകുന്നു: കാറ്റാടിയന്ത്രം കണ്ട മനുഷ്യനു തോന്നി ഫ്യൂഡൽവ്യവസ്ഥിതിയാണ് നല്ലതെന്ന്. പിന്നെ ആവിയന്ത്രം വന്നപ്പോളാകട്ടെ, നടപ്പാക്കാൻ കൂറെക്കൂടി മെച്ചം മുതലാളിത്തമാണെന്നവൻ ധരിച്ചു. ഇന്നത്തെ ഉൽപാദനോപാധികളായ വൈദ്യുതിയും അണുശക്തിയുമോ, സമൂഹത്തിന് മറ്റൊരു ധൈഷണിക സങ്കൽപം നൽകിക്കൊണ്ട്, സോഷ്യലിസമെന്ന സമൂഹാധിഷ്ഠിത വ്യവസ്ഥിതിയാണ് മികച്ചതെന്ന് വിശ്വസിപ്പിക്കുന്നു.

അപ്പോൾ മികച്ച വ്യവസ്ഥിതി ഏതെന്ന് കണ്ടറിയാനുള്ള മനുഷ്യരാശിയുടെ യോഗ്യത എന്താണ്? ഉൽപാദകശക്തികളുടെ സാമൂഹ്യഫലദായിത്വത്തെ വ്യാഖ്യാനിക്കാനുള്ള കഴിവുമാത്രം! മനുഷ്യനോ, ആ ശക്തികളുടെ ഉച്ചഭാഷിണിയും!

അങ്ങിനെ മുമ്പുണ്ടായിരുന്ന സങ്കൽപം ഇന്ന് തെറ്റായി മാറിയിരിക്കുന്നു. പഴയതിനുപകരം പുതിയ സാമൂഹ്യവിഭാവന കണ്ടുപിടിക്കപ്പെട്ടതോടെ ഉത്തമവ്യവസ്ഥിതിയെപ്പറ്റിയുള്ള തിരിച്ചറിവും മാറിയിരിക്കുന്നു.

തന്റെ വീക്ഷണം ശരിയാണെന്ന് അവകാശപ്പെടുമ്പോൾ റഷ്യക്കാരൻ എന്താണർത്ഥമാക്കുന്നത്? ആ വീക്ഷണം സാമൂഹ്യാവബോധത്തിന്റെ ഒരു നൂതനതലത്തെ പ്രതിനിധാനം ചെയ്യുന്നതിനാൽ ചരിത്രത്തിന്റെ പുതുഘട്ടത്തിന്റെ പ്രകടമാണത്. എന്നുമാത്രം. പുതിയതായതുകൊണ്ട് പഴഞ്ചൻ വീക്ഷണങ്ങളെപ്പോലെയല്ല ഇതു ശരിയായേ പറ്റൂ!

ഒരു കാര്യം, പക്ഷേ, സത്യമായവശേഷിക്കുന്നു: വ്യാജവീക്ഷണങ്ങളിൽ ചിലതും പുതിയതായി തോന്നിച്ചേയ്ക്കും. ഈ ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ നാസിവീക്ഷണം അവതരിച്ചതും പുതിയൊരു ചരിത്രവികാസത്തിന്റെ വക്താവായിട്ടായിരുന്നല്ലോ. എന്നിട്ട് എത്രവേഗം അത്തരം വ്യാജാദർശങ്ങളുടെ മുഖംമൂടികൾ പൊഴിയുന്നു! അവ അനുഭവത്തിലൂടെ സ്വയം വെളിപ്പെടുത്തും- പഴഞ്ചൻ വീക്ഷണങ്ങളുടെ വെറും പ്രതിദ്ധ്വനിയാണവയെന്ന്. മൗലികതയുള്ള വിക്ഷണങ്ങളല്ലാ, മറിച്ച് ഗതകാലങ്ങളുടെ ചവറ്റുകൊട്ടയിൽ നിന്നെടുത്ത, പഴഞ്ചൻ ചരിത്രഘട്ടങ്ങളുടെ വ്യാഖ്യാനങ്ങൾ മാത്രമാണവയെന്ന്.

മാർക്സിസം പറയുന്നതിതാണ്: ചരിത്രമെന്നാൽ നിരന്തരമായ പുരോഗമനമാകുന്നു; അതുകൊണ്ട് പുതിയതെന്തും പഴയതിനെക്കാൾ നല്ലതാണ്. പുതുതായി രൂപം പ്രാപിച്ച ചരിത്രസാഹചര്യങ്ങളുടെ ഫലമായി ജന്മമെടുത്ത സാമൂഹ്യവീക്ഷണം അക്കാരണം കൊണ്ടുതന്നെ കുറ്റമറ്റതാണ്. സാമൂഹ്യ വീക്ഷണത്തിന്റെ നവീനത തന്നെയാണ് അതിന്റെ അന്യൂനതക്കുള്ള ഉറപ്പും.

മറ്റൊരുകാര്യം, മാർക്സിസത്തെ സംബന്ധിച്ചേടത്തോളം ഏറ്റവും മികച്ചതായി വീക്ഷിക്കപ്പെടുന്ന വ്യവസ്ഥിതികൾക്ക് പരിമിതികളുണ്ടെന്നതാണ്. അതു നടപ്പിൽ വരുത്താൻ ഒരു വർഗ്ഗ സമരം ആവശ്യമാണെന്നുള്ളതാണത്- പഴയ വ്യവസ്ഥയുടെ ഗുണഭോക്താക്കളായവരുടെ വർഗ്ഗവും, പുതിയതിൽ നിന്നു ഗുണം സിദ്ധിക്കുന്ന അദ്ധ്വാനിക്കുന്നവരുടെ വർഗ്ഗവും തമ്മിലുള്ള രൂക്ഷമായ സംഘട്ടനം. ഉത്തമ വ്യവസ്ഥാസങ്കല്പവുമായി ഈ ഭ്രാന്തൻ സമരം പ്രതിവർത്തിക്കുന്നു. അതായത്, ആ സങ്കൽപം വളർന്നു തെളിയുന്തോറും സമരത്തിന്റെ രൂക്ഷത വർദ്ധിക്കുന്നു; തിരിച്ച്, ആ സമരം പ്രസ്തുത സങ്കല്പത്തെയും വളർത്തി അതിന് ആഴം കൂട്ടുകയും ചെയ്യുന്നു.

ഭൗതികാധിഷ്ഠിത ചരിത്ര സങ്കല്പങ്ങളാണ് ഈ മാർക്സിസ്റ്റ് വീക്ഷണത്തിന്റെ അടിത്തറ. സാമ്പത്തിക മാർക്സിസത്തെപ്പറ്റിയുള്ള ഈ ലേഖകന്റെ പഠനത്തിൽ ഈ സങ്കൽപങ്ങളെ വിമർശനവിധേയമാക്കിയിട്ടുണ്ട്.[1]

ഇവിടെ നാം കൂട്ടിച്ചേർക്കുന്നത് ഇതാണ്: ഉത്തമ വ്യവസ്ഥിതി തിരിച്ചറിയാനുതകുന്ന സാമൂഹ്യാദർശങ്ങൾ ഉൽപാദക ശക്തികളുടെ സൃഷ്ടിയല്ല. നേരെമറിച്ച് ഈ മണ്ഡലത്തിൽ ഉല്പാദനോപാധികളിൽ നിന്നു സ്വതന്ത്രമായി സ്വന്തമായ മൗലികതയും സൃഷ്ടിപരതയും മനുഷ്യനുണ്ട്. ഇല്ലെങ്കിൽ എങ്ങിനെയാണ് ചരിത്രത്തിന്റെ വിദൂരവും വ്യത്യാസ്തവുമായ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന ദേശസാൽക്കരണം, സോഷ്യലിസം, സ്റ്റേറ്റ് ഉടമസ്ഥത തുടങ്ങിയ ആശയങ്ങളെപ്പറ്റി നമുക്ക് പറഞ്ഞുതരാൻ മാർക്സിസത്തിനു കഴിയുന്നത്? ദേശസാൽക്കരണം- അതാണല്ലോ ഇന്നു റഷ്യക്കാരൻ അത്യുത്തമമായിക്കാണുന്നത്- എന്ന ആശയത്തിലുള്ള വിശ്വാസം ഇന്നുള്ളതരം ഉല്പാദകശക്തികളുടെ ഫലമായുണ്ടായതാണെങ്കിൽ, അത്തരം ഉല്പാദക ശക്തികൾ ഇല്ലാതിരുന്ന വിദൂരകാലങ്ങളിലും ആതേ ആശയം കാണപ്പെട്ടതിന്റെ അർത്ഥമെന്ത്?

പ്ലാറ്റോ വിശ്വസിച്ചിരുന്നത് കമ്യൂണിസത്തിലല്ലേ? കമ്യൂണിസത്തിലധിഷ്ഠിതമായിക്കൊണ്ടല്ലേ തന്റെ ഉത്തമ നഗരത്തെ അദ്ദേഹം വിഭാവനം ചെയ്തത്? ഗ്രീക്കുകാർക്കില്ലാതിരുന്ന ആധുനിക ഉല്പാദനോപാധികളുടെ ഫലമായിരുന്നുവോ അദ്ദേഹത്തിന്റെ ആശയം?

അല്ല, രണ്ടായിരം വർഷങ്ങൾക്കപ്പുറം ജീവിച്ച മഹാന്മാരായ ചില രാഷ്ട്രീയ ചിന്തകരുടെ മനീഷയിൽ ആ സാമൂഹ്യാശയങ്ങൾ പ്രയോഗക്ഷമമായ വിധത്തിൽ പാകത നേടി. ഇന്നു റഷ്യക്കാരൻ ചില്ലറ നീക്കുപോക്കുകളോടെ നടപ്പാക്കുന്നതും അതു തന്നെ.

ഹാൻ വംശത്തിൽപ്പെട്ട ചൈനീസ് ചക്രവർത്തിമാരിൽ അഗ്രഗണ്യനായിരുന്ന വൂ-ദി, അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ ഏറ്റവും അനുയോജ്യമായിക്കണ്ടത് സോഷ്യലിസ്റ്റ് വ്യവസ്ഥയാണ്. അദ്ദേഹമത് പ്രാവർത്തികമാക്കിയത് ക്രിസ്തുവിനു മുമ്പ് 140 മുതൽ 87വരെയുള്ള കാലത്താണ്. എല്ലാ പ്രകൃതി വിഭവങ്ങളും രാഷ്ട്രത്തിന്റെ സ്വത്താക്കി അദ്ദേഹം. ഉപ്പുണ്ടാക്കൽ. ഇരുമ്പുഖനനം, വീഞ്ഞുൽപാദനം തുടങ്ങിയ വിഷയങ്ങളൊക്കെ അദ്ദേഹം ദേശസാൽക്കരിച്ചു. ഇടത്തട്ടുകാരുടെയും വ്യാപാര പ്രതിയോഗികളുടെയും അധികാരത്തിന് അന്ത്യംകുറിയ്ക്കുക എന്നതും വൂ-ദീ ചക്രവർത്തിയുടെ ഉദ്ദേശ്യമായിരുന്നു. രാഷ്ട്രത്തിന്റെ ആഭിമുഖ്യത്തിൽത്തന്നെ ചരക്കു കടത്തിനും കൈമാറ്റത്തിനും ഏർപ്പെടുത്തിയ പ്രത്യേക വ്യവസ്ഥയിലൂടെ അദ്ദേഹം പെട്ടെന്നുള്ള വിലമാറ്റങ്ങളൊഴിവാക്കാൻ പറ്റുമാറ് വ്യാപാരം നിയന്ത്രിക്കാൻ ശ്രമിച്ചു. രാജ്യത്താകമാനം ചരക്കുകൊണ്ടെത്തിച്ച് അതാതിന്റെ ഉടമസ്ഥർക്ക് വിതരണം ചെയ്യാൻ സർക്കാർ നേരിട്ടുതന്നെ നിയമിച്ച തൊഴിലാളികളുണ്ടായിരുന്നു. രാജ്യത്തിന്റെ ആവശ്യങ്ങൾ കഴിച്ച് ബാക്കിയുള്ളവ സർക്കാർതന്നെ സ്റ്റോക്ക് ചെയ്തുവന്നു- ഒരു പരിധിവിട്ട് വില ഉയർന്നാൽ അവ വില്ക്കും; ഉൽപന്നങ്ങളുടെ വില വല്ലാതെ താണുപോയാൽ അവ വാങ്ങുകയും ചെയ്യും. സ്വാകര്യവ്യവസായങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാതിരുന്ന കോടിക്കണക്കിന്നാൾക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ വേണ്ടി വൻകിട പൊതുസ്ഥാപനങ്ങൾ ഉണ്ടാക്കാനും അദ്ദേഹം തുനിഞ്ഞു.

കൂടാതെ, ക്രിസ്താബ്ദത്തിന്റെ തുടക്കത്തിൽ അധികാരമേറ്റ വാങ്മാങ് ചക്രവർത്തി, അടിമകളെ മോചിപ്പിക്കുന്നതിലും അടിമവേലയും ഫ്യൂഡൽ ദുഷ് പ്രഭുത്വവും നിർമ്മാർജ്ജനം ചെയ്യുന്നതിലും ഉത്സാഹം കാണിച്ചു- മുതലാളിത്ത യുഗത്തിന്റെ ആരംഭത്തിൽ യൂറോപ്യന്മാർ ചെയ്യാൻ ശ്രമിച്ചതുപോലെത്തന്നെ. അദ്ദേഹം അടിമവേല നിർത്തൽ ചെയ്തു; പ്രഭുക്കളിൽനിന്ന് ഭൂമി പിടിച്ചെടുത്തു; കൃഷിയോഗ്യമായ നിലങ്ങൾ ദേശസാൽക്കരിച്ച് അവകർഷകർക്കിടയിൽ വിതരണം ചെയ്തു; അവ വീണ്ടും പ്രഭുക്കളിൽത്തന്നെ വന്നു ചേരാതിരിക്കാൻ ഭൂമിക്കൈമാറ്റം തടഞ്ഞു. അതിനും പുറമെ അദ്ദേഹം ഖനികളും മറ്റു ചില വൻകിട വ്യവസായങ്ങളും കൂടി ദേശസാൽക്കരിച്ചു.

അപ്പോൾ, വൂ-ദിയോ വാങ്മാങോ അവരുടെ സോഷ്യലിസ്റ്റ് ആശയങ്ങളും രാഷ്ട്രീയ നയങ്ങളും ആവിശക്തിയിൽ നിന്നോ വിദ്യുച്ഛക്തിയിൽ നിന്നോ അണുശക്തിയിൽ നിന്നോ സ്വീകരിച്ചതാവുമോ? സാമൂഹ്യ ചിന്തയുടെ അടിത്തറകളായി മാർക്സിസം കാണുന്ന ശക്തികളാണല്ലോ അവ!

നാമെത്തിച്ചേരുന്ന നിഗമനം ഇതാണ്: ഇന്നയിന്ന വ്യവസ്ഥിതികളാണ് നല്ലതെന്ന തിരിച്ചറിവ് ഇന്നയിന്ന ഉൽപാദകശക്തിയാണ് ഉണ്ടാക്കിത്തരുന്നത് എന്നുപറയുന്നത് ശരിയല്ല.

പോരെങ്കിൽ, ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതി-ഒരു വീക്ഷണത്തിന്റെ മികവിനുള്ള ഉറപ്പ് അതിന്റെ 'ആധുനികത'യാണെന്ന് മാർക്സിസം പറയുന്നത് ആ വിഭാവന വെച്ചാണല്ലോ- എന്നത് ചരിത്രത്തിലെ മറ്റൊരു മിഥ്യമാത്രമാണ്. അത്രയധികം പ്രതിലോമപരമായ പ്രവണതകൾ നാഗരികതയിലുണ്ട്.

## മാർക്സിസ്റ്റേതര വീക്ഷണം

മാർക്സിസ്റ്റേതര ചിന്തകരാണെങ്കിൽ അവരുടെ ചിന്താഗതി ഇങ്ങിനെ പോകുന്നു: മനുഷ്യന്റെ അനേകം സാമൂഹ്യാനുഭവങ്ങൾക്കൊത്ത്, ഉത്തമവ്യവസ്ഥയേതെന്ന് അറിയാനുള്ള മനുഷ്യന്റെ കഴിവ് വളരും.

സാമൂഹ്യജീവിയായ മനുഷ്യൻ ഏതെങ്കിലുമൊരു സാമൂഹ്യവ്യവസ്ഥിതി പ്രയോഗത്തിൽ വരുത്തുക തന്റെ സജീവാനുഭവത്തിൽ അതിനെ സമൂർത്തമായി പ്രകാശിപ്പിച്ചുകൊണ്ടായിരിക്കും. ആ വ്യവസ്ഥയിൽ ജീവിച്ച അനുഭവം വെച്ച്, അതിലൊളിഞ്ഞിരിക്കുന്ന കുറ്റങ്ങളും കുറവുകളും അവനു മനസ്സിലാക്കാനാവും. അങ്ങിനെ കാലാന്തരത്തിൽ കുറേക്കൂടി ഫലപ്രദമായ വ്യവസ്ഥിതി കണ്ടെത്താൻ മനുഷ്യൻ പ്രാപ്തനാവും. ഏറ്റവും നല്ല വ്യവസ്ഥിതിയെ അപ്രകാരം അവൻ കണ്ടെത്തും. നാം നേരത്തെ ഉന്നയിച്ച അടിസ്ഥാന ചോദ്യത്തിനുള്ള ഉത്തരം അവൻ സ്വന്തം അനുഭവത്തിന്റെയും അറിവിന്റെയും വെളിച്ചത്തിൽ കണ്ടുപിടിക്കും. കൂടുതൽ കൂടുതൽ പൂർണ്ണമായ വ്യവസ്ഥകൾ പരീക്ഷിക്കുമ്പോൾ അതനുസരിച്ചു കൂടുതലായുള്ള അറിവും കൃത്യതയും അവൻ നേടും. അങ്ങിനെ അവന് മികച്ച വ്യവസ്ഥിതി നിർണ്ണയിക്കാനും അതിന്റെ രൂപരേഖ ഉണ്ടാക്കാനും കഴിയും.

നാം ഉന്നയിച്ച വലിയ ചോദ്യം ('ഏറ്റവും അനുയോജ്യമായ സാമൂഹ്യവ്യവസ്ഥിതി ഏത്?') മറ്റൊരു വിധത്തിൽ ഇങ്ങിനെ ചോദിക്കാം: 'ചൂടുണ്ടാക്കാനുള്ള ഏറ്റവും നല്ല രീതി ഏതാണ്?' ഗുഹാന്തർഭാഗത്തോ മറ്റു ഒളിപ്പാർപ്പിടങ്ങളിലോ ആദ്യമായി തണുപ്പുതോന്നിയതു തൊട്ടിങ്ങോട്ട് മനുഷ്യൻ നേരിട്ടുവന്നതാണീ ചോദ്യം. അവൻ അതിനുത്തരം തേടി. അവസാനം, അനേകം സ്വാനുഭവങ്ങളിലൂടെ, ഒരു വഴിയിലേയ്ക്കവൻ നയിക്കപ്പെട്ടു. കുറെക്കൂടി മെച്ചപ്പെട്ട ഉത്തരത്തിനായി പിന്നീടവന്റെ ശ്രമം. ദീർഘനാളത്തെ അനുഭവങ്ങളിലൂടെ അവസാനം ചൂടാക്കാൻ ഉപയുക്തമായ വൈദ്യുതി അവൻ കണ്ടെത്തി.

ഇതു ചെറിയൊരു ഉദാഹരണം മാത്രം. ജീവിതത്തിലുടനീളം മനുഷ്യൻ അഭിമുഖീകരിച്ച ആയിരക്കണക്കിന് മറ്റു പ്രശ്നങ്ങളുടെ സ്ഥിതിയും ഇതുതന്നെ. അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ അനുഭവത്തിലൂടെ അവന് കണ്ടെത്തി. ആ കണ്ടെത്തലിന്റെ കൃത്യത, അനുഭവങ്ങളും പരീക്ഷണങ്ങളും എണ്ണത്തിൽ പെരുകിയതോടെ വർദ്ധിച്ചു. അങ്ങിനെ പരിഹാരം കണ്ടെത്തിയ പ്രശ്നങ്ങളിൽ ചിലത്: ക്ഷയരോഗത്തിന് ഏറ്റവും നല്ല മരുന്നേത്? എണ്ണ കുഴിച്ചെടുക്കാനുള്ള എളുപ്പമാർഗ്ഗമേത്? ഗതാഗതത്തിനുള്ള വേഗം കൂടിയ രീതികൾ ഏതൊക്കെ? ഏറ്റവും നന്നായി കമ്പിളി നൂൽക്കുന്നതെങ്ങനെ?...

ഈ പ്രശ്നങ്ങൾക്കത്രയും അനുഭവത്തിന്റെ വെളിച്ചത്തിൽ പരിഹാരം കണ്ടതുപോലെ, 'ഏറ്റവും മികച്ച വ്യവസ്ഥിതി എന്ത്?' എന്ന ചോദ്യത്തിനുള്ള ഉത്തരവും അവൻ തന്റെ സാമൂഹ്യാനുഭവങ്ങളിൽ നിന്നു കാണും. അതേ സാമൂഹ്യാനുഭവങ്ങൾ തന്നെയാണ്, പരിശോധനാ വിധേയമായ പ്രത്യേക വ്യവസ്ഥിതിയുടെ ഗുണദോഷങ്ങൾ വെളിപ്പെടുത്തുന്നതും സാമൂഹ്യതലത്തിൽ അതിനു നേരെയുള്ള പ്രതിപ്രവർത്തനങ്ങൾ ചൂണ്ടിക്കാണിക്കുന്നതും.

## പ്രാകൃതിക പരീക്ഷണവും സാമൂഹ്യാനുഭവവും: വ്യത്യാസം

മനുഷ്യന്റെ ജീവിതത്തെ അതു തുടങ്ങിയതു മുതൽ പൊതിഞ്ഞു നിന്ന ഒട്ടനേകം ചോദ്യങ്ങൾക്ക് ഉത്തരം കാണാൻ പ്രാകൃതിക പരീക്ഷണങ്ങൾ അവന് എങ്ങിനെ കഴിവു നൽകിയോ അതേ പ്രകാരം തന്നെ, 'ഏറ്റവും മികച്ച സാമൂഹ്യവ്യവസ്ഥിതി ഏത്?' എന്ന ചോദ്യത്തിനുത്തരം കാണാൻ സാമൂഹ്യാനുഭവം അവനെ പ്രാപ്തനാക്കുന്നു: ഇത് ഒരളവോളം ശരിയാണ്.

എന്നാൽ ഈ പ്രശ്നം കൂടുതൽ ആഴത്തിൽ പഠിക്കുന്നതിന് രണ്ടും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്- ഒരു വശത്ത് ഉത്തമവ്യവസ്ഥിതിയെപ്പറ്റി മനുഷ്യന്റെ അവബോധത്തെ രൂപപ്പെടുത്തുന്ന സാമൂഹ്യാനുഭവങ്ങൾ; മറുവശത്ത് പ്രകൃതിരഹസ്യങ്ങളും നിയമങ്ങളും അവയിൽനിന്ന് പ്രയോജനം നേടാനുള്ള രീതികളും ഏതൊക്കെയെന്ന് മനുഷ്യനെ മനസ്സിലാക്കിക്കൊടുക്കുന്ന പ്രാകൃതിക പരീക്ഷണങ്ങൾ. ഉദാഹരണമായി, നല്ല മരുന്ന്, വേഗം കൂടിയ സഞ്ചാരോപാധി, മികച്ച നെയ്ത്തുരീതി, എളുപ്പമുള്ള എണ്ണഖനന മാർഗ്ഗം, അണു വിഭജനത്തിനുള്ള നല്ല വഴി തുടങ്ങിയവയൊക്കെ മനുഷ്യൻ അറിയുന്നത് പ്രകൃതിയിൽ നടത്തുന്ന പരീക്ഷണങ്ങളിലൂടെയത്രെ. സാമൂഹ്യാനുഭവങ്ങൾ ആകട്ടെ, വിവിധ സാമൂഹ്യവ്യവസ്ഥിതികളെ സമൂഹജീവയായ മനുഷ്യൻ പരീക്ഷിച്ചു നോക്കുന്നവയാണ്. പ്രാകൃതിക പ്രതിഭാസങ്ങളെ പരീക്ഷിച്ചറിയുന്നത് പ്രകൃതി പരീക്ഷണങ്ങളും. ധൈഷണികമായ ഫലദായിത്വത്തിൽ സാമൂഹ്യനുഭവങ്ങൾ പ്രകൃതിപരീക്ഷണങ്ങളോളം എത്തില്ല. രണ്ടും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ടെന്നതാണ് കാരണം.

അതുകൊണ്ടുതന്നെ പ്രാകൃതിക-സാമൂഹിക പരീക്ഷണങ്ങളുടെ ഗുണഭോഗത്തിലും ഏറ്റക്കുറച്ചിലുകൾ കാണും. പ്രകൃതിപരവും ശാസ്ത്രീയവുമായ തന്റെ പരീക്ഷണങ്ങളിലൂടെ പ്രകൃതി പ്രതിഭാസങ്ങളുടെ രഹസ്യങ്ങളറിയാനും കാലാന്തരേണ അന്യൂനമായ സമ്പൂർണ്ണതയിലേയ്ക്ക് കയറിക്കൊണ്ടിരിക്കാനും മനുഷ്യനു കഴിയുമ്പോൾ, ഉത്തമ വ്യവസ്ഥിതി കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ അവനു വേഗത കുറെ കുറക്കാതെ നിർവ്വാഹമില്ല. എന്നാൽ തന്നെ, തന്റെ പരീക്ഷണങ്ങൾ എത്ര തന്നെ വിവിധവും അസംഖ്യവുമായിരുന്നാൽ പോലും, പരിപൂർണ്ണമായ അന്യൂനത പ്രാപിക്കാൻ അവനൊട്ടു കഴിയുകയുമില്ല.

സാമൂഹ്യാനുഭവങ്ങളും പ്രാകൃതികാനുഭവവും തമ്മിലുള്ള ഈ സുപ്രധാന വ്യത്യാസങ്ങൾ നാം പഠിച്ചേ പറ്റൂ. അവ പഠിച്ചാൽ നാം നേരത്തെ പറഞ്ഞ നിഗമനത്തിലെത്തിച്ചേരും. അതായത്, യുഗങ്ങ

ളായി നടത്തപ്പെടുന്ന പ്രകൃതി പ്രതിഭാസങ്ങളെയും നിയമങ്ങളെയും പ്രയോജനപ്പെടുത്താൻ മനുഷ്യരാശിക്കു കഴിയും വിധം സമ്പൂർണ്ണമായ ഒരു ധാരണ പ്രകൃതിയെപ്പറ്റി ഉണ്ടാക്കാൻ കഴിഞ്ഞേക്കാം എന്നാൽ സാമൂഹ്യ പ്രശ്നത്തെപ്പറ്റി സമ്പൂർണ്ണായൊരു പ്രത്യയശാസ്ത്രം കണ്ടെത്തുമെന്ന് മനുഷ്യരാശിക്ക് ഉറപ്പുനൽകാൻ സാമൂഹ്യാനുഭവത്തിനു കഴിയില്ല.

## ഈ വ്യത്യാസങ്ങളിൽ ഏറെ പ്രധാനപ്പെട്ടവ ഇങ്ങിനെ സംഗ്രഹിക്കാം:

ഒന്ന്: പ്രകൃതി പരീക്ഷണം വ്യക്തിക്കുതന്നെ നടത്താം. ശ്രദ്ധിച്ചും നിരീക്ഷിച്ചും, കാണപ്പെടുന്ന വസ്തുതകളും ന്യൂനതകളുമൊക്കെ പഠിച്ചും ഒരു പ്രത്യേക ആശയത്തിലെത്താം. സാമൂഹ്യാനുഭവമാകട്ടെ, ആദ്യമേ പ്രയോഗിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത ഒരു വ്യവസ്ഥിതിയുടെ മൂർത്തീകരണം മാത്രമാണ്. ഉദാഹരണത്തിന്, ഫ്യൂഡൽ വ്യവസ്ഥിതിയെന്നോ മുതലാളിത്ത വ്യവസ്ഥിതിയെന്നോ ഒക്കെ പറയുന്നത്, ആ വ്യവസ്ഥിതിയുടെ ചരിത്രത്തിലൊരു ഘട്ടത്തിൽ അതിനെ സമൂഹം പ്രാവർത്തികമാക്കിയ രൂപത്തെ ഉദ്ദേശിച്ചാണ്. അതുകൊണ്ട് അത്തരമൊരനുഭവം ഒരൊറ്റയാൾക്ക് ചെയ്യാനോ ഉൾക്കൊള്ളാനോ സാദ്ധ്യമാവില്ല. മറിച്ച്, മുഴുവൻ സമൂഹവും നടപ്പിലാക്കുന്നതാണ് സാമൂഹ്യാനുഭവം. അതിന് ഒരു വ്യക്തിയുടെ ആയുസ്സുതന്നെ എടുക്കും, ഏതെങ്കിലുമൊരു സാമൂഹ്യാനുഭവത്തിൽ നിന്ന് പ്രയോജനം നേടാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അതുൾക്കൊള്ളുന്ന എല്ലാ സംഭവവികാസങ്ങൾക്കും സമകാലീകനാവാൻ സാധിക്കുകയില്ല; പ്രകൃതി പരീക്ഷണത്തിന്റെ കാര്യത്തിലാവട്ടെ, അതു നടക്കുമ്പോൾ അതിനു മുഴുവൻ സാക്ഷിയാവാൻ വ്യക്തിക്കു കഴിയും. സാമൂഹ്യാനുഭവത്തിൽ സംഭവങ്ങളുടെ ഒരു വശംമാത്രമേ ഒരു വ്യക്തി കാണുകയുള്ളു- അതുതന്നെ അയാളുടെ ചരിത്ര ജ്ഞാനത്തെയും ധാരണയെയും ആശ്രയിച്ചിരിക്കും.

രണ്ട്: പ്രകൃതി പരീക്ഷണത്തിലൂടെ രൂപം കൊള്ളുന്ന ചിന്ത, സാമൂഹ്യാനുഭവത്തിൽ നിന്നുണ്ടാവുന്നതിനേക്കാൾ വസ്തുനിഷ്ഠവും കൃത്യവുമായിരിക്കും.

അതിപ്രധാനമായൊരു കാര്യമാണിത്. സാമൂഹ്യാനുഭവം പ്രകൃതിപരവും ശാസ്ത്രപരവുമായ തലത്തിലെത്തുന്നതിനു തടസ്സവും ഇതുതന്നെ. അതിനാൽ ഇതുവിശദീകരിക്കേണ്ടതുണ്ട്.

പ്രകൃതി പരീക്ഷണത്തിൽ പരീക്ഷകന്റെ താൽപര്യം സത്യാന്വേഷണമായിരിക്കും- ഒന്നും മൂടിവെക്കാത്ത സത്യത്തെയാണയാൾ തേടുക. സത്യത്തെ വളച്ചൊടിക്കാനോ വികലമാക്കാനോ അൽപംപോലും താൽപര്യം അധികപക്ഷവും അയാൾക്കുണ്ടാവില്ല. അങ്ങിനെ ഉണ്ടെങ്കിൽത്തന്നെ പിന്നീട് പരീക്ഷണങ്ങൾ അതു വെളിച്ചത്തു കൊണ്ടുവരും. ഉദാഹരണമായി ക്ഷയരോഗാണുക്കളിൽ ഒരു പ്രത്യേക രാസപദാർത്ഥത്തിന്റെ പ്രവർത്തനം ഒരു ശാസ്ത്രജ്ഞൻ പരീക്ഷിച്ചു നോക്കുന്നു എന്നുവെക്കുക. ആ പ്രവർത്തനം കൂടിയതോ കുറഞ്ഞതോ ഏതു തോതിലുള്ളതായാലും അത് കൃത്യമായി അറിയുന്നതിൽ ഏകാഗ്രചിത്തനായിരിയ്ക്കും അയാൾ. അവിടെ സത്യത്തെ തെറ്റായി അവതരിപ്പിച്ചതുകൊണ്ട്- രാസപ്രവർത്തനത്തെ ചെറുതാക്കിയോ വലുതാക്കിയോ കാണിച്ചതുകൊണ്ട്-ക്ഷയരോഗ ചികിത്സയിൽ അയാൾക്കത് പ്രയോജനം ചെയ്യാൻ പോകുന്നില്ല. അതുകൊണ്ടുതന്നെ പരീക്ഷകന്റെ മനോഗതി സ്വാഭാവികമായും വസ്തുനിഷ്ഠയിലും കൃത്യതയിലും കേന്ദ്രീകരിച്ചിരിയ്ക്കും.

സാമൂഹ്യാനുഭവത്തെ സംബന്ധിച്ചിടത്തോളം, പരീക്ഷണം നടത്തുന്നയാളിന്റെ താല്പര്യം ഉത്തമവ്യവസ്ഥിതി മനസ്സിലാക്കി സത്യം കണ്ടെത്തുന്നതിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. കാഴ്ചക്കാരിൽനിന്ന് സത്യം മറച്ചുപിടിക്കുന്നതുപോലും അയാളുടെ സ്വാർത്ഥലാഭത്തിനതകി എന്നുവരാം! ഒരുദാഹരണം: മുതലാളിത്ത വ്യവസ്ഥിതിയിലും, കുത്തകാവകാശത്തിലും, പലിശവ്യവസ്ഥയിലും നിക്ഷിപ്ത താല്പര്യമുള്ള ഒരാൾ, അയാൾ ഏറ്റവും നല്ല വ്യവസ്ഥിതിയായി ഉയർത്തിക്കാട്ടുക അതുതന്നെയായിരിക്കും. അത്തരമൊരു ‘സത്യ’ മാണ് തനിക്കു ലാഭകരം എന്ന് സ്വാഭാവികമായും അയാൾ തീരുമാനിച്ചേക്കും. സ്വേച്ഛകൾ വർണ്ണംപകർന്ന ‘സത്യം’ കാണാൻ അയാൾ സ്വീകരിക്കുക വൈയക്തിക മാനദണ്ഡമായിരിക്കും- അതുള്ളേടത്തോളം കാലം അയാളുടെ വീക്ഷണം വസ്തുനിഷ്ഠവുമായിരിക്കില്ല.

പലിശയും കുത്തകയും സ്വന്തം വ്യക്തിതാൽപര്യങ്ങൾക്കു വിരുദ്ധമാണെന്നു കാണുന്നയാളുടെ സ്ഥിതിയും ഇതുതന്നെ. അവയെ പ്രതിക്കൂട്ടിലേറ്റാനുതകുന്ന ‘സത്യ’മേ അയാൾക്കു വേണ്ടൂ. ‘‘ഏറ്റവും നല്ല സാമൂഹ്യവ്യവസ്ഥിതി ഏത്’’ എന്ന ചോദ്യത്തിനുത്തരം തേടുന്നത് അത്തരമൊരാളാണെങ്കിൽ തൽപരവീക്ഷണത്തെ അനുകൂലിക്കുവാനുള്ള ഒരു അന്തർപ്രേരണ അയാളുടെ ഗവേഷണത്തെ സ്വാധീനിക്കും. എന്നുവച്ചാൽ ഒരു നിലക്കും അയാൾ സ്വയമേവ നിഷ്പക്ഷനായിരിക്കില്ല എന്നർത്ഥം.

അപ്പോൾ, ഒരാൾക്ക് സ്വന്തം താൽപര്യങ്ങൾ മാറ്റിവെച്ച്, വസ്തുനിഷ്ഠമായ ഗുണദോഷവിചിന്തനത്തോടെ ഏതെങ്കിലുമൊരു വ്യവസ്ഥ ഏറ്റവും നല്ലതെന്നു തീരുമാനിക്കാൻ കഴിഞ്ഞു എന്നുതന്നെ വെക്കുക. സ്വന്തം താൽപര്യത്തോടുപോലും ആഭിമുഖ്യമില്ലാത്ത അയാൾക്ക് മനുഷ്യരാശിയുടെ പൊതുതാൽപര്യത്തിൽ ആകാംക്ഷയുണ്ടാവുമെന്ന് എങ്ങിനെ ഉറപ്പിക്കാം? സ്വന്തം താല്പര്യത്തിന്

എതിരായ ഒരു സാമൂഹ്യവ്യവസ്ഥ പ്രയോഗവൽക്കരിക്കാൻ ആ വ്യക്തി ശ്രമിക്കും എന്നതിന് എന്താണുറപ്പ്?

ഉദാഹരണത്തിന്, മുതലാളിത്തത്തിന്റെ ഗുണഭോക്താവായ ഒരാൾക്ക് സോഷ്യലിസമാണ് മുതലാളിത്തത്തേക്കാൾ നല്ല വ്യവസ്ഥിതി എന്നു ബോദ്ധ്യമുണ്ടെന്നു വെക്കുക. ആ വിശ്വാസം ഒന്നുകൊണ്ടുമാത്രം അയാൾ സ്വന്തം താൽപര്യങ്ങൾക്ക് വിരുദ്ധമായ സോഷ്യലിസം പ്രാവർത്തികമാക്കാൻ തയ്യാറാവുമോ? ഇന്നത്തെ പാശ്ചാത്യൻ സ്വാനുഭവങ്ങളിലൂടെ കണ്ടറിയുന്നതാണല്ലോ അനുവദനീയതയും അശ്ളീയതയും. ഗുരുതരമായ ധർമ്മച്യുതിയും ജീർണ്ണതയും തകർച്ചയും ആണ് അവ ഉൾക്കൊള്ളുന്നത് എന്ന ഉത്തമബോദ്ധ്യം അവനെ ഒരു പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുമോ? ശിഥിലമായ മാനുഷികബന്ധങ്ങൾ ആശാസ്യമായ രീതിയിൽ പുനഃസംവിധാനം ചെയ്യാനുള്ള ആർജ്ജവം ആ വിശ്വാസം നൽകുമോ? മനുഷ്യകുലത്തിന്റെ ഭാവി സുരക്ഷിതമാക്കുന്ന, ലൈംഗികവും മറ്റുമായ അധാർമ്മികക്കെതിരെ അതിനെ പ്രതിരോധിക്കുന്ന, ബന്ധങ്ങൾ പടുത്തുയർത്താൻ തനിക്ക് തൽക്കാലം ഭീഷണിയൊന്നുമില്ലാത്ത കാലത്തോളം- അല്ല, തനിക്ക് ആ ജീർണ്ണത കാര്യമായ ആനന്ദവും നേരമ്പോക്കും പ്രദാനം ചെയ്യുന്ന കാലത്തോളം- പാശ്ചാത്യൻ സന്നദ്ധനാവുമോ, അവന്റെ വിശ്വാസം കൊണ്ടുമാത്രം?

നമുക്കാവശ്യം അപ്പോൾ ഇതാണ്: മനുഷ്യരാശിക്കാകമാനം ഏറ്റവും അനുയോജ്യമായ വ്യവസ്ഥിതി കണ്ടുപിടിക്കുക; സ്വാർത്ഥതാല്പര്യങ്ങൾക്കെതിരെങ്കിൽപ്പോലും ആ വ്യവസ്ഥിതിതന്നെ നടപ്പാക്കുമെന്ന് ദൃഢനിശ്ചയം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നവിധത്തിൽ പൊതുനന്മയിൽ അവന് താൽപര്യം ജനിപ്പിക്കുന്ന പ്രചോദനമുണ്ടാവുക.

നാല്: ഒരു വ്യവസ്ഥയുടെ പ്രവർത്തനക്ഷമതയിലും വിശ്വസിച്ചുകൊണ്ട് ഒരാൾ അതു സ്ഥാപിച്ചാൽ തന്നെ അയാളെ വളർത്താൻ-പുതിയ ചക്രവാളങ്ങളിലേക്ക് ഉയർത്താൻ- അതിനു കഴിവുണ്ടായിരിക്കില്ല. വ്യവസ്ഥയുടെ സ്ഥാപകന്റെ തൽക്കാല സാഹചര്യവും അയാളുടെ ആത്മീയ- മാനുഷിക നിലവാരവും ആ വ്യവസ്ഥയിൽ പ്രതിഫലിക്കുമെന്നതാണ് കാരണം ഒരു സമൂഹം ഇച്ഛാശക്തിയിലും ഐക്യദാർഢ്യത്തിലും പിന്നോക്കമാണെങ്കിൽ അതിനുള്ള കാരണം ആ ഗുണങ്ങൾ വളർത്താൻ സമൂഹത്തിന് ഒരിക്കലും കഴിഞ്ഞിരുന്നില്ല എന്നതുതന്നെയാണ്. അതിനുതകുന്ന സുദൃഢമായ ഒരു വ്യവസ്ഥ സ്ഥാപിക്കാൻ അതിന്നായില്ല. ഉറച്ച ഇഛാശക്തിയില്ലാത്ത സമൂഹത്തിന് അത്തരം വ്യവസ്ഥ കണ്ടെത്താനോ നടപ്പാക്കാനോ സാദ്ധ്യമാവില്ലല്ലോ? അത് സ്ഥാപിക്കുക സ്വന്തം അനൈക്യവും ഇളം കാറ്റിലുലഞ്ഞുപോകുന്ന ഇച്ഛാശക്തിയും പ്രതിഫലിപ്പിക്കുന്ന വ്യവസ്ഥയായിരിക്കും. മദ്യാസക്തിപോലുള്ള ഒരു അധമവികാരത്തെ കീഴ്പ്പെടുത്താൻവേണ്ട കെൽപുപോലുമില്ലാത്ത ഇച്ഛാ 'ശക്തി'യോടുകൂടിയ ഒരു സമൂഹം എങ്ങിനെ ആ ദുഷ്പ്രേരണയെ എതിർക്കും? അധമമോഹങ്ങളെ നിരോധിക്കുന്ന വ്യവസ്ഥിതി അതെങ്ങിനെ നടപ്പാക്കും? ഇച്ഛാശക്തിയെ വളർത്തുകയും ദുർവ്വികാരങ്ങളുടെ അടിമത്തത്തിൽനിന്ന് മനുഷ്യനെ മോചിപ്പിച്ച് അവന് സ്വാതന്ത്ര്യം തിരിച്ചുനൽകുകയും ചെയ്യുന്ന വ്യവസ്ഥ അതെങ്ങിനെ സ്ഥാപിക്കും? ഇല്ല! നാശോന്മുഖമായ ഒരു സമൂഹം, സ്വന്തം തകർച്ചയെയും അതിന്റെ പ്രത്യാഘാതങ്ങളെയും പറ്റി അതിനെത്ര ബോധമുണ്ടെങ്കിലും, നിശ്ചയദാർഢ്യം പ്രകടിപ്പിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. മദ്യലഹരിക്ക് കീഴ്പ്പെട്ടുകഴിഞ്ഞ ഒരു ജനത, മദ്യദുരന്തങ്ങളുടെ നടുക്കുന്ന വാർത്തകൾ എത്ര തന്നെ കേട്ടാലും, സ്വേച്ഛയാ ആ ആസക്തിയിൽ നിന്നു കുതറിച്ചാടുമെന്നും വിചാരിച്ചുകൂടാ. അധമമോഹങ്ങളെ തൃപ്തിപ്പെടുത്തി സ്വയം തകരുന്തോറും സമൂഹത്തിന് സ്വയം ചികിത്സിക്കാനുള്ള ശക്തി നഷ്ടപ്പെട്ടുവരുന്നു.

മനുഷ്യനിർമ്മിത സംസ്ക്കാരങ്ങൾ തോൽക്കുന്നത് ഇവിടെയാണ്. സ്വന്തം മോഹങ്ങളോടുള്ള അടിമത്തത്തെ എതിർക്കുകയും മനുഷ്യനെ കൂടുതൽ ഉന്നതമായ തലങ്ങളിലേക്കുയർത്തുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി സ്ഥാപിയ്ക്കാൻ അവക്കു കെല്പുണ്ടാവില്ല. മനുഷ്യനിർമ്മാണ നാഗരികതയുടെ മകുടോദാഹരണമാണല്ലോ അമേരിക്ക. ആ രാജ്യംപോലും മദ്യനിരോധന നിയമം നടപ്പാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ചപല മോഹങ്ങൾക്കും അവയോടുള്ള വിധേയത്വത്തിനും സ്വയം സമർപ്പിച്ച സമൂഹം, സ്വയം ചെന്നുചാടിയ ഗർത്തത്തിൽനിന്നു കരകയറാനുള്ള നിയമം നിർമ്മിക്കുക എന്നതുതന്നെ ഒരു വൈരുദ്ധ്യമാണ്. അതേസമയം, (മനുഷ്യ നിർമ്മിത വ്യവസ്ഥകൾക്കു വിരുദ്ധമായി) ദിവ്യവെളിപാടിലൂടെ അവതരിച്ച ഇസ്ലാമിക വ്യവസ്ഥ സ്വന്തം രീതിയിൽ മനുഷ്യനെ വളർത്തിയെടുക്കുന്നതും, ചപല വികാരങ്ങൾക്കു കടിഞ്ഞാണിട്ടും മനുഷ്യനിൽ ബോധപൂർവ്വവും സുദൃഢവുമായ ഇച്ഛാശക്തി വളർത്തിയും മനുഷ്യരാശിയെ ഉന്നതങ്ങളിലേക്കുയർത്തുന്നതും നാം കാണുന്നു.

സമൂഹത്തെ ഒട്ടാകെ ബാധിക്കുന്ന സാമൂഹ്യാനുഭവവും വ്യക്തി തനിയേ ചെയ്യുന്ന പ്രകൃതി പരീക്ഷണവും തമ്മിലുള്ള വ്യത്യാസങ്ങളിൽ ചിലത് നാം കണ്ടു. ഇനി നമുക്ക്, ചർച്ചാ സംഘടനാരംഗത്തും ഏറ്റവും സാമൂഹ്യ വ്യവസ്ഥ തെരഞ്ഞെടുക്കുന്നതിലും മനുഷ്യന് എത്രമാത്രം കഴിവുണ്ട് എന്ന പ്രശ്നത്തെസംബന്ധിക്കുന്ന ആ ചോദ്യം ഇതാണ്: ''സാമൂഹ്യാനുഭവത്തിനുള്ളതായി നാം കണ്ട ദൗർബല്യങ്ങൾ ഒഴിവാക്കി, ശാസ്ത്ര പരീക്ഷണങ്ങളുടെ കൃത്യതയോടെ സാമൂഹ്യ വ്യവസ്ഥിതി സ്ഥാപിച്ച് സാമൂഹ്യ ജീവിതം സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യത എന്ത്?''

മറ്റുവിധത്തിൽ പറഞ്ഞാൽ: മനുഷ്യ ചരിത്രത്തിലെ ഗതകാലാനുഭവങ്ങൾ നമുക്കു വിദൂരതയിൽനിന്ന് നോക്കുക മാത്രം ചെയ്യാവുന്ന വിധം കാലത്തിന്റെ തിരശ്ശീലക്കുപിന്നിൽ മറഞ്ഞു കിടപ്പുണ്ടല്ലോ. അവയെ മറികടന്ന്, മനുഷ്യചരിത്രത്തെതന്നെ മാറ്റിവെച്ച്, ഇന്നു നാം സ്വന്തം ജീവിതത്തിലൂടെയോ ഏതെങ്കിലും വ്യക്തിയിലോ പരീക്ഷണം നടത്തി അതിലൂടെ ഉത്തമ വ്യവസ്ഥയെന്തെന്നറിയുവാൻ പറ്റുമോ? അവ്വിധം നമ്മുടെ സാമൂഹ്യജീവിതം പടുത്തുയർത്തനാവുമോ?

ചില ശുഭാപ്തി വിശ്വാസികൾ ഈ ചോദ്യത്തിന് 'അതെ' യെന്നു മറുപടി പറഞ്ഞേക്കും. പാശ്ചാത്യ മനുഷ്യൻ ആസ്വദിക്കുന്ന വമ്പിച്ച സാദ്ധ്യതകളാണവന്റെ ഉത്തരത്തിനു നിദാനം. മനുഷ്യന്റെ ആവശ്യങ്ങൾ ഏറ്റവും നല്ല നിലക്കു നിവർത്തിക്കുമെന്ന് ഉറപ്പു നൽകുന്ന സാമൂഹ്യ വ്യവസ്ഥയാണല്ലോ അവിടെ എന്നവൻ ചൂണ്ടിക്കാട്ടും. യഥാർത്ഥവും വസ്തുതാപരവുമായ, ശാസ്ത്രീയമായി അളക്കാവുന്ന, മറ്റെല്ലാ പ്രകൃതി പ്രതിഭാസങ്ങളെയും പോലെ പരീക്ഷണ വിധേയമാക്കാവുന്നവയല്ലേ മനുഷ്യന്റെ ആവശ്യങ്ങളും? ഈ ആവശ്യങ്ങൾ നിവർത്തിക്കാനുള്ള ഉപാധികളെയും അതുപോലെ ശാസ്ത്രീയ യുക്തികൊണ്ടളന്നു കൂടേ? അവ എത്രമാത്രം ആവശ്യ നിർവ്വഹണത്തിനതകുന്നതും ഫലപ്രദവുമാണെന്ന് പരീക്ഷണങ്ങൾവഴി തിട്ടപ്പെടുത്താവുന്നതുമല്ലേ? എങ്കിൽപിന്നെ അത്തരം പരീക്ഷണങ്ങൾ എന്തുകൊണ്ട് സാമൂഹ്യ വ്യവസ്ഥിതിയുടെ അടിസ്ഥാനമായിക്കൂടാ? ബുദ്ധിപരമായ കഴിവുകളെ ഉദ്ദീപിപ്പിക്കുകയും ബുദ്ധിക്ക് വിശാലത നൽകുകയും ചെയ്യുന്ന നൈസർഗ്ഗികവും ശാരീരികവും മാനസികവുമായ സ്വാധീനതകൾ കണ്ടെത്താൻ ഒന്നോ അതിലധികമോ വ്യക്തികളിൽ പരീക്ഷണം നടത്തിയാൽ മതിയല്ലോ! ആ കഴിവുകൾ വ്യക്തികളിൽ വളർത്താനുള്ള, വഴി കണ്ടുപിടിച്ചാൽ അത്തരം സ്വാധീനതകൾ വളരെയുള്ള വ്യക്തികളെ വളർത്തിയാൽ പോരേ, മാനസികവും ധിഷണാപരവുമായ കഴിവുകളെ വികസിപ്പിക്കുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ?

അപക്വമതികൾ കുറേക്കൂടി കടന്നു ചിന്തിച്ചേയ്ക്കാം: ''ഇതു സാദ്ധ്യമാണെന്നുതന്നെയല്ല, പാശ്ചാത്യ നാഗരികതയിൽ ആധുനിക യൂറോപ്പ് സാധിച്ചതും ഇതുതന്നെ. ബുദ്ധിപരവും സാമൂഹികവുമായ സർവ്വ പ്രമാണങ്ങളെയും മതത്തെയും ധാർമ്മികതയെയും പാശ്ചാത്യൻ സംസ്കാരം ഉപേക്ഷിച്ചു; ജീവിതം ശാസ്ത്രീയ രൂപത്തിൽ കെട്ടിപ്പടുത്തുകൊണ്ട് മുമ്പോട്ടുകുതിച്ചു; ആകാശത്തിന്റെ കവാടങ്ങൾ മലർക്കെ തുറന്നു; ഭൗമനിധികൾ സ്വന്തവുമാക്കി...''

ശാസ്ത്രീയ പരീക്ഷണങ്ങൾ സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാനമാക്കാനുള്ള സാദ്ധ്യത എത്രത്തോളം എന്ന ചോദ്യത്തിനു മറുപടി പറയും മുമ്പ്, പാശ്ചാത്യ സംസ്കാരത്തിന്റെ പുതിയ പരിവേശത്തെ നമുക്കൊന്ന് പരിശോധിക്കുക. ആ സംസ്ക്കാരത്തിന്റെ അടിസ്ഥാന ഭാവമായ സാമൂഹ്യ വ്യവസ്ഥ അതിലെ ശാസ്ത്രീയാംശത്തിന്റെ സൃഷ്ടിയാണോ? യൂറോപ്പ് ആവശ്യപ്പെടുകയും വിശ്വാസമർപ്പിക്കുകയും ചെയ്ത സാമൂഹ്യ തത്വങ്ങൾ- യൂറോപ്യൻ സാമൂഹ്യ വ്യവസ്ഥ- യഥാർത്ഥത്തിൽ പരീക്ഷണമെന്നതിനേക്കാൾ സിദ്ധാന്തപരമായിരുന്നു അത്: പരീക്ഷണ വിധേയമാക്കിയ ശാസ്ത്രീയാശയങ്ങളോടെന്നതിനെക്കാൾ ദാർശനിക തത്വങ്ങളോടായിരുന്നു അതിന്നടുപ്പം. മനുഷ്യന്റെ ആവശ്യങ്ങൾ, അവന്റെ മാനസികവും ശാരീരികവും പ്രകൃതിപരവുമായ സ്വഭാവങ്ങൾ എന്നിവയെപ്പറ്റിയുള്ള പരീക്ഷണ ഗവേഷണങ്ങളുടെയോ നിർദ്ധാരക യുക്തിയുടെയോ ഫലമെന്നതിനേക്കാളേറെ മനസ്സിലെ ധാരണയുടെയും പരിമിതമായ ധൈഷണിക തത്വങ്ങളിലുള്ള വിശ്വാസത്തിന്റെയും ഫലമായിരുന്നു. അഭിനവ നവോത്ഥാനമെന്നു യൂറോപ്യൻ ചരിത്രം വിളിക്കുന്ന സംഭവവികാസത്തെ വിവേചന ബുദ്ധിയോടെ പഠിക്കുന്ന ആർക്കും ഒരു കാര്യം വ്യക്തമാകും: പദാർത്ഥത്തിന്റെ മണ്ഡലത്തിൽ ആ നവോത്ഥാനത്തിന്റെ പൊതു ചിന്താഗതി, സാമൂഹികവും സംഘടനാപരവുമായ മണ്ഡലങ്ങളിലുള്ള അതിന്റെ ചിന്താഗതിയിൽ നിന്നു വ്യത്യസ്തമായിരുന്നു. പദാർത്ഥമണ്ഡലത്തിൽ അതു ശാസ്ത്രീയ രീതി അവലംബിച്ചു: പദാർത്ഥ ലോകത്തെക്കുറിച്ചുള്ള അതിന്റെ ആശയങ്ങൾ നിരീക്ഷണ-പരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. നിരീക്ഷണത്തിൽ നിന്നും പരീക്ഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ശാസ്ത്രീയാശയങ്ങളായിരുന്നു, വായുവിന്റെയും ജലത്തിന്റെയും ഘടനയെപ്പറ്റിയും ഗുരുത്വാകർഷണത്തെപ്പറ്റിയും അണു വിഘടനത്തെപ്പറ്റിയും ഉള്ള ആശയങ്ങളത്രയും.

എന്നാൽ സാമൂഹിക രംഗത്താവട്ടെ, ആധുനിക പാശ്ചാത്യൻ ശാസ്ത്രീയമെന്നതിനെക്കാളേറെ സൈദ്ധാന്തികമായ ആശയങ്ങളിലൂന്നിനിന്നു. തന്റെ സാമൂഹ്യ വിപ്ലവത്തിൽ പ്രഖ്യാപിതമായ മനുഷ്യാവകാശങ്ങൾക്കു വേണ്ടി അവൻ ശബ്ദമുയർത്തുന്നത് വ്യക്തമാണ്. സ്വാതന്ത്ര്യത്തിനുള്ള അവകാശത്തിന്റെ കാര്യം തന്നെയെടുക്കുക. അളന്നു നോക്കാനും പരീക്ഷണ വിധേയമാക്കാനും സാധിക്കുന്ന പദാർത്ഥമല്ല അത്; അതിന്റെ സ്ഥാനം ശാസ്ത്രീയ പഠനത്തിന്റെ പരിധിക്കു പുറത്താണ്. അതേ സമയം ആവശ്യം എന്നത് ശാസ്ത്രീയമായി പഠിക്കാവുന്ന പാദാർത്ഥിക പ്രതിഭാസമാണ്.

സാമൂഹ്യ സമത്വമെന്ന ആശയം തത്വത്തിൽ ആധുനിക സാമൂഹ്യ ജീവിതത്തിന്റെ ഒരു അവശ്യോപാധിയായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഈ ആശയം, നിഷ്കൃഷ്ടമായ നിരീക്ഷണത്തിലൂടെ ശാസ്ത്രീയമായി നിർദ്ധാരണം ചെയ്തെടുത്തതൊന്നുമല്ല. കാരണം മനുഷ്യർ എല്ലാവരും മനുഷ്യരാണ് എന്നതൊഴിച്ച്, അവർ തമ്മിൽ ശാസ്ത്രീയമായ സമത്വമില്ല എന്നതുതന്നെ. പ്രകൃതത്തിലും മാനസിക-ശാരീരിര-ധൈഷണിക സ്വഭാവങ്ങളിലും അവരെല്ലാം വ്യത്യസ്തരത്രെ. സാമൂഹ്യ സമത്വ

മെന്ന തത്വം പ്രതിനിധാനം ചെയ്യുന്ന ധാർമ്മിക മൂല്യം പരീക്ഷണാധിഷ്ഠിതമല്ല; കേവലം മനോനിഷ്ഠമായ നിഗമനമാണ്.

ഇപ്രകാരം, ആധുനിക നാഗരികതയിൽ സാമൂഹ്യ വ്യവസ്ഥിയുടെയും ശാസ്ത്രത്തിന്റെയും മുദ്രകൾ തമ്മിൽ അന്തരമുണ്ട് അഭിനവ യൂറോപ്പ് ഊറ്റം കൊള്ളുന്ന അതിന്റെ ശാസ്ത്രീയ ചിന്താഗതി, സാമൂഹ്യ ജീവിതത്തെ മുഴുവൻ പുറത്തുനിർത്തി രാഷ്ട്രീയം സമ്പദ്വ്യവസ്ഥ, സാമൂഹ്യ ശാസ്ത്രം എന്നിവയുടെ രംഗങ്ങളിൽ ശാസ്ത്രീയത കടന്നു വന്നതേയില്ല.

സാമൂഹ്യ ഘടനയിൽനിന്ന് ശാസ്ത്രീയ ജ്ഞാനമെന്ന ആദർശത്തെ ഒഴിച്ചുനിർത്തിയെന്നു പറയുമ്പോൾ നാം പാശ്ചാത്യ സംസ്ക്കാരത്തിനുനേരെ ഒരു കുറ്റാരോപണം നടത്തുകയല്ല; സത്യം പറയുക മാത്രം. പ്രകൃതി പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അത്തരമൊരു വ്യവസ്ഥ ഉണ്ടാക്കിയെടുക്കാഞ്ഞതിനും അതിനെ കുറ്റപ്പെടുത്തിക്കൂടാ. ശാസ്ത്രീയ പരീക്ഷണങ്ങൾ ഒരിക്കലും സാമൂഹ്യ ഘടനയുടെ അനുയുക്താധാരങ്ങളാകാൻ വഴിയില്ല തന്നെ.

പക്ഷെ, മറ്റൊരു സത്യമുണ്ട്: മനുഷ്യന്റെ ആവശ്യങ്ങളും അവ നിവർത്തിക്കുന്ന മാർഗ്ഗങ്ങളും പല സന്ദർഭങ്ങളിലും പരീക്ഷണ വിധേയമാക്കാവുന്നതാണ്. എന്നാൽ സാമൂഹ്യ ഘടനയിൽ അടിസ്ഥാന പ്രശ്നം ഏതെങ്കിലും വ്യക്തിയുടെ ആവശ്യ നിവൃത്തിയല്ല; മറിച്ച് എല്ലാ വ്യക്തികളുടെയും ആവശ്യങ്ങൾ തമ്മിൽ സന്തുലനം കണ്ടെത്തലും അവ നിവർത്തിക്കാനുതകുന്ന ചട്ടക്കൂട്ടിൽ വ്യക്തികളുടെ പരസ്പര ബന്ധങ്ങൾ നിർണ്ണയിക്കലുമാണ്. ഏതെങ്കിലുമൊരു വ്യക്തിയിൽ പരീക്ഷണം നടത്തിക്കൊണ്ട് കണ്ടു പിടിക്കാവുന്നതല്ല ആ ബന്ധങ്ങളുടെ സ്വഭാവവും സന്തുലനം നടത്താനുള്ള മാർഗ്ഗവും എന്നതു വ്യക്തം. സമൂഹം മൊത്തമായി ഒരു വ്യവസ്ഥിതി നടപ്പിൽ വരുത്തുമ്പോൾ മാത്രമേ ഇതൊക്കെ കണ്ടു പിടിക്കാനാവൂ. സമൂഹത്തിൽ ഒന്നാകെ പ്രയോഗിക്കപ്പെടുമ്പോഴാണ് വ്യവസ്ഥിതിയുടെ ശക്തിയും ദൗർബല്യവും കാലക്രമത്തിലെങ്കിലും വെളിച്ചത്തുവരിക. അതേപോലെ സർവ്വ സന്തോഷദായകമായ സന്തുലനം സാധിക്കാൻ പിന്തുടരേണ്ട മാർഗ്ഗം കണ്ടുപിടിക്കപ്പെടുന്നതും അപ്പോൾ മാത്രമാണ്.

ഇതിനു പുറമേ, ആവശ്യങ്ങളോ അവയുടെ അനന്തര ഫലങ്ങളോ ഒരൊറ്റ ശാസ്ത്രീയ പരീക്ഷണം കൊണ്ടു മനസ്സിലാക്കാൻ പറ്റില്ല എന്ന വസ്തുത കൂടി ഓർക്കുക. ഒരുദാഹരണം: വ്യഭിചാരിയായ, സന്തുഷ്ടവാനെന്നു തോന്നിക്കുന്ന ഒരു വ്യക്തിയെ നിരീക്ഷിച്ചുകൊണ്ട് അയാളിലുള്ള ന്യൂനതയോ മൂകവിഷാദമോ കണ്ടെത്താൻ പറ്റിയെന്നുവരില്ല. അതേ സമയം അയാളെപ്പോലെത്തന്നെ അയാളുൾപ്പെടുന്ന സമൂഹത്തെയും നിരീക്ഷിച്ചാൽ അവർ ജീവിതത്തിന്റെ ഗണ്യമായൊരു ഭാഗം ഭോഗാസക്തിക്കടിമപ്പെട്ട്, ആത്മീയാസ്തിതിവത്തിനു ക്രമേണ പോറലേറ്റ്, ധാർമ്മിക വീര്യവും ഇച്ഛാശക്തിയും ധിഷണാ ദീപ്തിയും മുരടിച്ച് തകന്നു തുടങ്ങുന്നത് കണ്ടെത്തുക തന്നെ ചെയ്യും.

അപ്പോൾ, ഉത്തമ സാമൂഹ്യ വ്യവസ്ഥിതി സ്ഥാപിക്കാൻ അറിഞ്ഞിരിക്കേണ്ട ഫലങ്ങൾ മുഴുവനുമൊന്നും പ്രാകൃതിക-ശരീരശാസ്ത്ര പരീക്ഷണ ശാലകളിൽ-മനശ്ശാസ്ത്ര പരീക്ഷണ ശാലയിൽപ്പോലും- ഏതെങ്കിലും ആളിൽ നടത്തുന്ന ശാസ്ത്രീയ പരീക്ഷണത്തിലൂടെ കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. കൂടുതൽ കാലദൈർഘ്യമുള്ള സാമൂഹ്യാനുഭവങ്ങൾ തന്നെ വേണം അതിന്.

മറ്റൊന്നുകൂടിയുണ്ട്. സാമൂഹ്യാനുഭവങ്ങൾ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയാതെ വരുന്നത് വൈയക്തികമായ ഇഷ്ടാനിഷ്ടങ്ങൾ കാരണമായിട്ടാണല്ലോ. സാമൂഹ്യ ഘടനയിൽ ശാസ്ത്രീയ പരീക്ഷണം നടത്തുമ്പോളും വ്യക്തികളുടെ താല്പര്യങ്ങൾ അതിനെ ബാധിക്കും. പരീക്ഷണത്തിൽ നിന്നുരുത്തിരിയുന്ന വസ്തുതയോടു യോജിക്കുകയോ യോജിക്കാതിരിക്കുകയോ ചെയ്തേക്കാവുന്ന വ്യക്തിതാല്പര്യങ്ങൾ ഉള്ളേടത്തോളം കാലം പരീക്ഷകന്റെ മനസ്സ് വസ്തുനിഷ്ഠതയും ശാസ്ത്രീയതയും കയ്യൊഴിച്ച് ആത്മപ്രചോദിതമായിരിക്കാനുള്ള സാദ്ധ്യതയും നിലനിൽക്കും.

സാമൂഹികപ്രശ്നം പരിഹരിക്കാനും അതിന്റെ അടിസ്ഥാന ചോദ്യത്തിനുത്തരം കാണാനുമുള്ള കഴിവ് മനുഷ്യന് എത്രത്തോളമുണ്ട് എന്നു നാം കണ്ടു. ഇനി മനുഷ്യരാശിയുടെ പരിഗണനയിലിരിക്കുന്ന സാമൂഹ്യാദർശങ്ങൾ നോക്കാം. ധൈഷണികവും രാഷ്ട്രീയവുമായ തലങ്ങളിൽ പരസ്പരം ഇടഞ്ഞുനിൽക്കുന്ന ആ സിദ്ധാന്തങ്ങൾ നാലെണ്ണമുണ്ട്.

1. ജനാധിപത്യ വ്യവസ്ഥിതി
2. സോഷ്യലിസ്റ്റ് വ്യവസ്ഥിതി
3. കമ്യൂണിസ്റ്റ് വ്യവസ്ഥിതി
4. ഇസ്ലാമിക വ്യവസ്ഥിതി

''ഏറ്റവും അനുയോജ്യമായ വ്യവസ്ഥിതി ഏത്?'' എന്ന അടിസ്ഥാന ചോദ്യത്തിനുത്തരം പറയാൻ ശ്രമിക്കുന്ന മനുഷ്യനിർമ്മിത വീക്ഷണങ്ങളാണ് ആദ്യത്തെ മൂന്നും. മനുഷ്യരാശിയാണ് അവയിലൂടെ ഉത്തരം നല്കാൻ ശ്രമിക്കുന്നത്-മുകളിൽ പ്രതിപാദിച്ച ശക്തിയും പരിമിതികളും ഉള്ള മനുഷ്യരാശി.

ഇസ്‌ലാമിക വ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഒരു മതമെന്ന നിലയ്ക്ക് അതു സാമൂഹ്യ മണ്ഡലത്തിൽ സ്വയം സമർപ്പിക്കുന്നത് ഒരു ദിവ്യവെളിപാട്, അഥവാ വരം എന്ന രൂപത്തിലാണ്. അല്ലാതെ ഉള്ള കഴിവു വെച്ച് മനുഷ്യൻ നടത്തിയ പരീക്ഷണങ്ങളിലൂടെ ഉയർന്നുവന്ന പ്രത്യയ ശാസ്ത്രമല്ല അത്.

ഈ നാലെണ്ണത്തിൽ രണ്ടു വ്യവസ്ഥിതികളാണ് ഇന്ന് ലോകത്തു നിലവിലുള്ളത്. ഭൂമിയിൽ വലിയൊരു ഭാഗത്ത് ഭരണ ക്രമത്തിന്റെ അടിത്തറ ജനാധിപത്യ-മുതലാളിത്ത വ്യവസ്ഥിതിയാണെങ്കിൽ മറ്റൊരു വലിയ ഭാഗത്ത്അത് സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണ്. ഓരോന്നിനും അതിന്റേതായ വൻ രാഷ്ട്രീയ ഘടനയുമുണ്ട്. ഓരോന്നിനെയും മറ്റേ വ്യവസ്ഥിതിയുമായുള്ള സമരത്തിൽ സംരക്ഷിച്ചു നിർത്തുന്നതും ലോകനേതൃത്വം പിടിച്ചെടുത്ത് ആഗോള സമൂഹത്തെ സ്വന്തം ക്രമത്തിൽ കോർത്തിണയ്ക്കാനുള്ള ഉഗ്രയുദ്ധത്തിൽ പടക്കോപ്പണിയിക്കുന്നതും അതിന്റെ രാഷ്ട്രീയ ഘടനയത്രെ.

കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയും ഇസ്‌ലാമിക വ്യവസ്ഥിതിയുമാകട്ടെ, ഇന്ന് കേവലം ആശയതലത്തിൽ മാത്രമാണു നിലനില്ക്കുന്നത്. ഇസ്‌ലാമിക വ്യവസ്ഥിതിക്ക്, പക്ഷെ, ഒരു പ്രത്യേകതയുണ്ട്: ഒരിക്കൽ നിലനിന്നിരുന്നതാണ് അത്. മറ്റെല്ലാ സാമൂഹ്യ വ്യവസ്ഥിതികളെക്കാളും വിജയകരവും ഐശ്വര്യപൂർണ്ണവുമായ ഒരു അനുഭവത്തിലൂടെ മാനവസമുദായത്തിനു പരിചിതമാണത്. പിന്നീട് ആദർശ ശുദ്ധിയുള്ള നേതാക്കളുടെ (മിക്കവാറും) അഭാവത്തിൽ അത് ഉലഞ്ഞുപോവുകയാണുണ്ടായത്. ഇസ്‌ലാമിക ചൈതന്യം ഉൾക്കൊള്ളാത്ത ചിലരുടെ കാരുണ്യത്തിലായി തുടർന്ന് ആ വ്യവസ്ഥിതിയുടെ നിലനില്പ്. അങ്ങിനെ ഇസ്‌ലാമിക ഘടന തകർക്കപ്പെട്ടു. അതിന്റെ വ്യവസ്ഥിതി ബാക്കിയായത്. മുസ്‌ലിം രാജ്യങ്ങളുടെ ബോധതലത്തിൽ ഒരു ആശയമായിട്ടും മുസ്‌ലിംകളുടെ ഹൃദയത്തിൽ ഒരു ആദർശമായിട്ടും അതിന്റെ വീറുറ്റ പുത്രന്മാർ യാഥാർത്ഥ്യമാക്കാൻ വെമ്പുന്ന ഒരു പ്രത്യാശയായിട്ടും ആണ്.

കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയോ? ഇനിയും പൂർണ്ണമായി പരീക്ഷിക്കപ്പെടുകയോ നടപ്പാക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത ഒരു സാമൂഹ്യാനുഭവമാണത്. അതിനുവേണ്ട പശ്ചാത്തലമൊരുക്കാനുള്ള ശ്രമത്തിലാണ് സോഷ്യലിസ്റ്റ് നേതൃത്വം ഇപ്പോഴും ഭരണചക്രം കയ്യിലായിട്ടും കമ്മ്യൂണിസം നടപ്പാക്കുന്നതിൽ പരാജയപ്പെട്ട അവർ ചെയ്തത്, ''യഥാർത്ഥ കമ്മ്യൂണിസ'' ത്തിലെയ്ക്കുള്ള ചുവടുവയ്പ്പെന്നും പറഞ്ഞ് സോഷ്യലിസത്തിന്റെ സംസ്ഥാപനം പ്രഖ്യാപിക്കുകയാണ്!

അപ്പോൾ, മറ്റു വ്യവസ്ഥിതികളെ അപേക്ഷിച്ച് എന്തു നിലപാടാണ് മുസ്‌ലിംകളായ നമുക്കുള്ളത്?

ഏതു സാമൂഹ്യാദർശത്തിനാണ് നാം നമ്മുടെ ജീവിതം അർപ്പിക്കേണ്ടത്? ഏതു തീരത്തേയ്ക്കാണ് നമ്മുടെ യാനത്തെ നാം നയിക്കേണ്ടത്?

# □□□□□□□□□
# □□□□□□□□□□□□□□□□□□□□□□

## മുതലാളിത്ത ജനാധിപത്യം-അടിസ്ഥാന ഭാവങ്ങൾ

സാമ്പത്തിക രംഗത്ത് ഒരു തരം അനീതി, രാഷ്ട്രീയത്തിൽ സ്വേച്ഛാധിപത്യം, ചർച്ചിന്റെയും ബന്ധപ്പെട്ടവയുടെയും ധൈഷണിക ജീവിതത്തിൽ നിഷ്ക്രിയത്വം എന്നിവ മുതലാളിത്ത-ജനാധിപത്യ വ്യവസ്ഥിതിയുടെ സൃഷ്ടികളാണ്. ഭരണത്തിന്റെ സ്വാധീനവും കടിഞ്ഞാണും പുതിയൊരു ഭരണ വർഗ്ഗത്തിനു വേണ്ടി അത് സജ്ജമാക്കുന്നു.

മുതലാളിത്ത ജനാധിപത്യത്തിന്റെ അടിസ്ഥാനം വ്യക്തിയിലുള്ള അതിരറ്റ വിശ്വാസവും, വ്യക്തിയുടെ താല്പര്യങ്ങൾ സ്വാഭാവികമായിത്തന്നെ സമൂഹത്തിന്റെ വ്യത്യസ്ത താല്പര്യങ്ങൾ ഉറപ്പുവരുത്തുന്നുവെന്ന ധാരണയുമത്രെ. വ്യക്തികളെയും വ്യക്തിതാല്പര്യങ്ങളെയും സംരക്ഷിക്കുകയാണു ഭരണകൂടത്തിന്റെ ജോലി; അതിലപ്പുറം ഒരു ലക്ഷ്യവും അതിനില്ല.

നാലുതരം സ്വാതന്ത്ര്യങ്ങളിൽ മുതലാളിത്ത ജനാധിപത്യത്തെ സംഗ്രഹിക്കാം: രാഷ്ട്രീയ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, ചിന്താ സ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം.

രാഷ്ട്രത്തിന്റെ ക്ഷേമം, അസൂത്രണം, നിർമ്മാണം, പ്രതിരോധത്തിനു ഉത്തരവാദപ്പെട്ടവരെ നിയമിക്കാൻ എന്നീ കാര്യങ്ങളിൽ വ്യക്തിയുടെ അഭിപ്രായം മാനിക്കപ്പെടുമെന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നു. രാജ്യത്തിന്റെ പൊതു വ്യവസ്ഥിയും ഭരണക്രമവും, അതിലെ വ്യക്തികളുടെ സന്തോഷ സന്താപങ്ങളെ നേരിട്ടു സ്വാധീനിക്കുന്നു. അതുകൊണ്ട് സ്വാഭാവികമായും ഒരു വ്യവസ്ഥയും അതിനൊത്ത ഭരണ സംവിധാനവും ഉണ്ടാക്കാനും അവയിൽ ഭാഗഭാക്കാകാനും ഓരോ വ്യക്തിക്കും അവകാശമുണ്ട്.

അത്രതന്നെ സ്വാഭാവികമായ മറ്റൊരു സാദ്ധ്യതയുമുണ്ട്. സാമൂഹ്യപ്രശ്നം നാം മുമ്പു പറഞ്ഞതുപോലെ രാഷ്ട്രവാസികളുടെ-പൊതു നിയമങ്ങൾ അടിച്ചേല്പിക്കപ്പെടുന്നവരുടെ- ജീവന്മരണ പ്രശ്നമോ സുഖദുഃഖ നിർണ്ണായകമോ ആണെന്നു വന്നാൽ, ഒരു സാഹചര്യത്തിലും വ്യക്തികളെയോ ഗ്രൂപ്പുകളെയോ അധികാരമേൽക്കാൻ അനുവദിക്കാതിരുന്നേയ്ക്കാം-സ്വാർത്ഥമോഹങ്ങളില്ലാത്ത വ്യക്തികളില്ലാത്തിടത്തോളം കാലം അങ്ങിനെ വരാം.

അതുകൊണ്ട് ദേശവാസികളുടെയെല്ലാം രാഷ്ട്രീയാവകാശങ്ങളിൽ പരിപൂർണ്ണ സമത്വം ആവശ്യമാണ്. കാരണം, സാമൂഹ്യ കർമ്മത്തിന്റെ ഗുണദോഷങ്ങൾ അവർ ഒരുപോലെ അനുഭവിക്കുന്നു; അധികാരസ്ഥാനങ്ങൾ നിശ്ചയിക്കുന്നതിലും അധികാര പ്രയോഗത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിലും അവർ സമന്മാർതന്നെ. ഈ അടിസ്ഥാനത്തിലാണ് വോട്ടവകാശം ഏർപ്പെടുത്തുന്നത്; തദ്ദേശീയരിലെ ഭൂരിപക്ഷത്തെ പ്രതിനിധാനം ചെയ്യുന്നതാണു ഭരണ സംവിധാനം എന്നുറപ്പുവരുത്തുന്ന പൊതുതെരഞ്ഞെടുപ്പും അങ്ങിനെത്തന്നയത്രെ നിലവിൽ വരുന്നത്.

സ്വതന്ത്രമായ സമ്പദ്വ്യവസ്ഥയിലുള്ള വിശ്വാസമാണു സാമ്പത്തിക സ്വാതന്ത്ര്യത്തിനു നിദാനം. സാമ്പത്തികരംഗത്തെ സർവ്വ സാദ്ധ്യതകളും ദേശവാസിക്കു മുമ്പിൽ തുറന്നിടുന്ന ‘തുറന്ന വാതിൽ നയം’ അതിന്മേലാണ് പടുത്തുയർത്തിയിരിക്കുന്നത്. ഉപഭോഗത്തിനും ഉല്പാദനത്തിനും വേണ്ടി കൈവശം വെക്കാൻ ആർക്കും അവകാശമുണ്ട്. മൂലധനത്തിന് അതിരോ നിയന്ത്രണമോ ഇല്ലാതാക്കുന്ന ഇത്തരം ഉൽപാദനപരമായ ഉടമസ്ഥതയ്ക്കുള്ള സ്വാതന്ത്ര്യം ആർക്കുമുണ്ട്. അപ്പോൾ,

സ്വന്തം ഗുണത്തിനനുസാരമായി ഏതു രൂപത്തിലും ഉൽപാദിപ്പിക്കാനും സമ്പത്ത് കുന്നുകൂട്ടാനും വർദ്ധിപ്പിക്കാനും ഓരോ വ്യക്തിക്കും നിരുപാധികമായ സ്വാതന്ത്ര്യമാണുള്ളത്.

പൊതുതത്വങ്ങളിലധിഷ്ഠതമായ രാഷ്ട്രീയ സമ്പദ് വ്യവസ്ഥ(ജീഹശശേരമഹ ഋരീിീാ്യ)യ്ക്ക് സമൂഹത്തിന്റെ ക്ഷേമം ഉറപ്പു നല്കാനും സാമ്പത്തിക സന്തുലനം നിലനിർത്താനും കഴിയുമെന്നാണ് ''സാമ്പത്തിക സ്വാതന്ത്ര്യ''ത്തിന്റെ വക്താക്കൾ അവകാശപ്പെടുന്നത്. വ്യക്തിയുടെ പ്രവർത്തനങ്ങളുടെ പ്രചോദനവും ലക്ഷ്യവുമായ വ്യക്തി താൽപര്യം തന്നെയാണ് പൊതുവായ സമൂഹതാൽപര്യത്തിന്റെ ഉത്തമ ഗ്യാരന്റി എന്നും അവർ പറയുന്നു. സ്വാതന്ത്ര വിപണിയിൽ നടക്കുന്ന മാത്സര്യം മാത്രം മതി വിവിധ ഉടമ്പടികളിലും വ്യവഹാരങ്ങളിലും നീതി പുലരാൻ. ഉദാഹരണമായി, സമ്പദ്‌വ്യവസ്ഥയിലെ സ്വാഭാവിക നിയമങ്ങൾ വിലനിലവാരത്തെ യാന്ത്രികമെന്നു പറയാവുന്ന വിധത്തിൽ നിയന്ത്രിക്കുന്നു- സ്വാഭാവികവും ന്യായവുമായ പരിധിവിട്ട് വില വർദ്ധിച്ചാൽ, ''വിലവർദ്ധന ചോദനയെ (റലാമിറ) മന്ദീഭവിപ്പിക്കുന്നു'' എന്ന നിയമമനുസരിച്ച് ചോദന താനേ കുറയും; ചോദനയിൽ കുറവു വരുമ്പോൾ, മറ്റൊരു സ്വാഭാവിക നിയമ പ്രകാരം, വില മുമ്പത്തെ അവസ്ഥയിലേക്ക് ഇറങ്ങി വരികയും ചെയ്യും.

ഉല്പാദനം വർദ്ധിക്കുന്നതിനും വികസനത്തിനും വ്യക്തിക്ക് പ്രചോദകമായിരിക്കുന്നത് വ്യക്തി താല്പര്യമാണ്. അതേ സമയം അത് ഉല്പാദനച്ചെലവ് കുറക്കുകയും ചെയ്യുന്നു. ഇപ്രകാരം, മുമ്പു പറഞ്ഞ സിദ്ധാന്തമനുസരിച്ച്, വ്യക്തിയെസംബന്ധിക്കുന്ന ഒരു സ്വകാര്യ വിഷയമായി കണക്കാക്കപ്പെടുന്നതോടൊപ്പം തന്നെ വ്യക്തിതാൽപര്യം സമൂഹത്തിന്റെ പൊതു താൽപര്യത്തെയും സംരക്ഷിക്കുന്നു.

വ്യാപാര മൽസരം സ്വാഭാവികമായും ആവശ്യപ്പെടുന്ന കാര്യങ്ങളാണ് ഉൽപന്നങ്ങളുടെ വില നിയന്ത്രണം, തൊഴിലാളികൾക്കും മറ്റും ന്യായമായ കൂലികൊടുക്കാൻ എന്നിവ. മറ്റു വ്യാപാരികളും ഉൽപാദകരുമായി മൽസരിക്കുന്ന വ്യാപാരിക്കും ഉല്പാദകനും വിലകൂട്ടാനോ കൂലികുറയ്ക്കാനോ ധൈര്യമുണ്ടാവില്ല.

ചിന്താ സ്വാതന്ത്ര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ജനങ്ങൾക്കു സ്വന്തം ബോദ്ധ്യവും അഭീഷ്ടവുമനുസരിച്ചും, അധികാരസ്ഥാനങ്ങളിൽ നിന്ന് ഇടപെടൽ കൂടാതെയും സിദ്ധാന്തങ്ങളും വിശ്വാസങ്ങളും വെച്ചുപുലർത്താനുള്ള സ്വാതന്ത്ര്യമാണ്. ഇത് വ്യക്തിക്കു നിഷേധിക്കാൻ ഭരണകൂടത്തിന്നധികാരമില്ല; തന്റെ വിശ്വാസാദർശങ്ങൾ പ്രഖ്യാപിക്കാനും വീക്ഷണങ്ങളും അവയുടെ യുക്തിഭദ്രതയും ന്യായീകരിക്കുവാനുമുള്ള അവകാശം ഉപയോഗിക്കുന്നതിൽ നിന്ന് അയാളെ തടയാവതുമല്ല.

വ്യക്തി സ്വാതന്ത്ര്യമെന്നാൽ, മനുഷ്യന്റെ പെരുമാറ്റക്കാര്യത്തിൽ വിവിധതരം സമ്മർദ്ദത്തിൽ നിന്നും നിയന്ത്രണത്തിൽ നിന്നും മനുഷ്യനെ മോചിപ്പിയ്ക്കലാണ്. അവന് ഇച്ഛാസ്വാതന്ത്ര്യമുണ്ട്; സ്വന്തം അഭീഷ്ടമനുസരിച്ച് അതു മെച്ചപ്പെടുത്താനുള്ള അവസരവുമുണ്ട്. അന്യരുടെ പ്രവർത്തനങ്ങളിൽ അവർ വരുത്തുന്ന ക്രമീകരണങ്ങളെ ബാധിക്കാത്തിടത്തോളം കാലം, പ്രത്യാഘാത ഭയം കൂടാതെ തന്നെ സ്വന്തം പ്രവർത്തനത്തെ ക്രമീകരിയ്ക്കാൻ വ്യക്തിക്കു അനുവാദമുണ്ട്. ഏതു വ്യക്തിയുടേയും സ്വാതന്ത്ര്യം അന്യന്റെ സ്വാതന്ത്ര്യമെന്ന വിരാമ രേഖയിൽ അവസാനിക്കുന്നു. ആർക്കും താനിഷ്ടപ്പെടും വിധം സ്വജീവിതം രൂപപ്പെടുത്താം; വിവിധ ആചാരങ്ങളും ചര്യകളും ചടങ്ങുകളും അനുഷ്ഠാനങ്ങളും സ്വീകരിക്കാം-അയാളുടെ വർത്തമാന-ഭാവി കാലങ്ങളിലെ അവസ്ഥയുമായി ബന്ധപ്പെട്ട സ്വകാര്യവിഷയം മാത്രമാണത്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ അയാൾ ഹനിക്കരുതെന്നു മാത്രം.

മുതലാളിത്തം ഉയർത്തിക്കാട്ടുന്ന മത സ്വാതന്ത്ര്യം ആശയ തലത്തിൽ ചിന്താ സ്വാതന്ത്ര്യത്തിന്റെയും, പ്രമാണങ്ങളും പെരുമാറ്റങ്ങളുമായി ബന്ധപ്പെട്ട പ്രയോഗതലത്തിൽ വ്യക്തി സ്വാതന്ത്ര്യത്തിന്റെയും പ്രകാശനമത്രെ!

പരാമൃഷ്ട വ്യവസ്ഥിതിയിലെ മൊത്തെ ആശയഗതി ഇങ്ങിനെ സംഗ്രഹിക്കാം: സമൂഹത്തിന്റെ താൽപര്യങ്ങൾ വ്യക്തിയുടേതുമായി ബന്ധപ്പെട്ടു കിടക്കുന്നു; സാമൂഹ്യ വ്യവസ്ഥ കെട്ടിപ്പൊക്കാനുള്ള അടിസ്ഥാന ഘടകമാണ് വ്യക്തി എന്നതത്രെ കാരണം. നല്ല ഭരണകൂടമെന്നാൽ വ്യക്തിയുടെ സേവനത്തിനും ഗുണത്തിനും ഉപയുക്തമായ സംവിധാനവും, വ്യക്തിയുടെ താൽപര്യങ്ങൾ നിലനിർത്താനും സംരക്ഷിക്കാനുമുള്ള ശക്തമായ ഉപകരണവുമാകുന്നു.

മുതലാളിത്ത ജനാധിപത്യം അതിന്റെ അടിസ്ഥാന ഭാവങ്ങളിൽ ഇതൊക്കെയാണ്. ഇതിനുവേണ്ടിയാണ് പല വിപ്ലവങ്ങളും നടന്നത്. അതിനുള്ള സമരത്തിനു നേതൃത്വം നല്കിയവർ സ്വർഗ്ഗീയാനന്ദവും നിർവതിയുമൊക്കെ കാണുന്നത് ഇതിലാണ്. ഭേദഗതികൾ പലതുമുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും അതിന്റെ സത്തയെ സ്പർശിച്ചിട്ടേയില്ല.

## മുതലാളിത്തത്തിലെ ഭൗതികാഭിമുഖ്യം

ഈ സാമൂഹ്യ വ്യവസ്ഥ അടിമുടി ഭൗതികവാദപരമാണെന്നതു വ്യക്തമാണ്. മുമ്പോ പുമ്പോ നോക്കാതെ, ഭൗതിക ജീവിതത്തിന്റെ പ്രയോജനക്ഷമതയിൽ മനുഷ്യനെ തളിച്ചിട്ട്, അതിന്മേലാണ് മുതലാളിത്തത്തിന്റെ ആശയങ്ങൾ കെട്ടിപ്പൊക്കുന്നത്. ഈ വ്യവസ്ഥിതിയെ ആപാദചൂഡം ചൂഴ്ന്നു നില്ക്കുന്ന ഭൗതികവാദം, പക്ഷേ, ജീവിതത്തെക്കുറിച്ച ഒരു ഭൗതികവാദ ദർശനത്തിലോ അതേപ്പറ്റിയുള്ള വിശദമായ പഠനത്തിലോ അധിഷ്ഠിതമല്ല. ഇതന്റേതായ സാമൂഹ്യ പശ്ചാത്തലത്തിൽ നയിക്കപ്പെടുന്ന ജീവിതത്തിന് ഭൗതികവാദപരമോ പ്രയോജനവാദപരമോ ആയ വൃത്തങ്ങൾക്കപ്പുറം ബന്ധങ്ങളുമില്ല. എന്നാൽ അതേസമയം, ഭൗതിക നിഷ്ഠമായ പരിഗണനയിൽ മാത്രം ഒതുക്കാൻ തക്കവിധത്തിൽ, വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിന്നാവശ്യമായ പൂർണ്ണമായ ദാർശനിക ഗ്രാഹ്യമൊട്ടുണ്ടായിട്ടുമില്ല. ദാർശനിക ഭൗതിക വാദത്തിനും അതിന്റെ അനുഗാമികൾക്കും ലോകത്തിൽ പഠനകേന്ദ്രങ്ങളുണ്ടായിട്ടില്ലെന്നല്ല പറയുന്നത്-ഭൗതിക വാദപരമായ ചിന്താഗതി വ്യാപകമായിത്തന്നെ ഉണ്ടായിരുന്നു. അതിനു കാരണവുമുണ്ട്: വ്യവസായ വിപ്ലവത്തിന്റെ തുടക്കം മുതൽ, പരീക്ഷിച്ചറിയുവാനുള്ള വാഞ്ഛ പ്രചാരം നേടിയിരുന്നു.[2] ചിന്താവിപ്ലവം അഴിച്ചുവിട്ട ചോദ്യം ചെയ്യാനും സംശയിക്കാനുമുള്ളത്വര, അന്നുവരെ സുവ്യക്തമെന്നും യഥാർത്ഥമെന്നും കരുതപ്പെട്ടിരുന്ന വസ്തുതകൾക്കുനേരെ ആഞ്ഞടിച്ചു.[3] പോരെങ്കിൽ, 'മത'മെന്നു സ്വയമവകാശപ്പെട്ടവയോടുള്ള എതിർപ്പും രോഷവും കൂടി അതിനു പ്രേരകമായി. സ്വയം പ്രഖ്യാപിത 'മതം' തന്നെയാണ് ആ മതവിരോധത്തിന് ഇടം കൊടുത്തത്. മനസ്സിനെയും മനീഷയെയും മരവിപ്പിക്കുകയും, സ്വേച്ഛാധിപത്യത്തിനും അനീതിക്കും സ്തുതിപാടുകയും, ദുർബ്ബലർക്കെതിരിലുള്ള യുദ്ധത്തിൽ അഴിമതിയുടെ ഭാഗത്തുചേരുകയാണ് ആ 'മതം' ചെയ്തത്![4] പാശ്ചാത്യരുടെ ബോധതലത്തിൽ ഭൗതിക വാദത്തിനനുകൂലമായി ഈ മൂന്നു കാരണങ്ങളുണ്ടായിരുന്നു.

ഇതൊക്കെ ശരിതന്നെയെങ്കിലും, ഭൗതികവാദവ്യവസ്ഥിതിയുടെ അടിത്തറ ഒരിക്കലും ജീവിതത്തെപ്പറ്റിയുള്ള ഒരു ദാർശനിക വീക്ഷണമായിരുന്നിട്ടേയില്ല. അതുതന്നെയാണ് അതിന്റെ വൈരുദ്ധ്യവും ദൗർബ്ബല്യവും-ജീവിതമെന്ന യാഥാർത്ഥ്യത്തോടെ ബന്ധപ്പെട്ടതു തന്നെയാണല്ലോ ജീവിതത്തിന്റെ സാമൂഹ്യവശവും. ആ വശം വേണ്ടവിധത്തിൽ രൂപമെടുക്കാൻ ഒരു കേന്ദ്ര അടിത്തറ ഉണ്ടായേതീരൂ. ആ അടിത്തറ ജീവിതത്തെ- അതിന്റെ യാഥാർത്ഥ്യത്തെയും പരിധികളെയും-വിശദമായി അറിയണം. ഭൗതിക വാദത്തിനില്ലാത്തതും ഈ അടിത്തറയാണ്. അതുൾക്കൊള്ളുന്നത് ചതിയും വഞ്ചനയും പിന്നെ വേഗതയും മാത്രമാണ്. ഒരു വ്യവസ്ഥിതിയുടെ ഷൈഷണിക സന്തുലിതത്വം നിലനിർത്തുന്നത് തുടക്കം മുതലേ ജീവിത യാഥാർത്ഥ്യത്തോടുള്ള അതിന്റെ ആഭിമുഖ്യമാണെങ്കിലും ഭൗതിക നിഷ്ഠമായ വ്യവസ്ഥിതിയിൽ ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽനിന്നു വേറിട്ടാണ് സാമൂഹ്യപ്രശ്നം കൈകാര്യം ചെയ്യപ്പെടുന്നത്. സാമൂഹ്യ പ്രശ്നം ജീവിതത്തിന്റെ യാഥാത്ഥമായ വശത്തോടു പുറം തിരിഞ്ഞു നിൽക്കുന്നതിൽ അതിന്നൊരു വിഷമവുമില്ല. വാസ്തവത്തിൽ ജീവിതയാഥാർത്ഥ്യത്തോടുള്ള ആഭിമുഖ്യമാണ് സമൂഹത്തിന് അതിന്റെ സാരാംശം നൽകുന്നതു തന്നെ- ജനങ്ങൾക്കിടയിലെ പരസ്പര ബന്ധം, അതിലെ രഹസ്യങ്ങളും മൂല്യങ്ങളും മനസ്സിലാക്കുവാൻ മനുഷ്യൻ സ്വീകരിക്കുന്ന മാർഗ്ഗം എന്നിവയൊക്കെ സാമൂഹ്യാശത്തിന്റെ ആധാരഘടകങ്ങൾ തന്നെ. ഭൂമുഖത്തുള്ള മനുഷ്യർ സർവ്വശക്തനും സർവ്വനിയന്താവുമായ ഒരു ശക്തിയുടെ സൃഷ്ടിയാണെന്നു വരികിൽ, അവന്റെ പ്രത്യേകതകൾ അറിയുന്ന ആ ശക്തി അവനെ നയിക്കുന്നുവെങ്കിൽ, മനുഷ്യന് അതിന്റെ സർവ്വജ്ഞാനത്തിനുമുമ്പിൽ കീഴടങ്ങിയാൽ മതിയായിരുന്നു; തന്റെ കാര്യങ്ങൾ കൂടുതലറിയാവുന്ന, തന്റെ യാഥാർത്ഥ്യത്തെ കൂടുതലുൾക്കൊണ്ട, തന്നെക്കാൾ നീതിനിഷ്ഠനായ ആ ശക്തി വിശേഷത്തിന്റെ മാർഗ്ഗദർശനത്തിന് സർവ്വാത്മനാ വഴങ്ങിയാൽ മതിയായിരുന്നു!

അതുമാത്രമല്ല ഈ ജീവിതം, അതിൽ നിന്നുണ്ടാവുന്ന, അതിന്റെ വർണ്ണമുൾക്കൊണ്ട ഒരു നിത്യജീവിതത്തിന്റെ തുടക്കമാണെന്നു വന്നെങ്കിൽ, ഭൗതിക ജീവിതത്തിൽ പാലിച്ച മിതത്വവും സദ്വൃത്തിയുമാണ് ആ ജീവിതത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കുക എന്നുണ്ടെങ്കിൽ, സ്വാഭാവികമായും ഇഹലോക ജീവിതത്തെ ചിട്ടപ്പെടുത്താമായിരുന്നു. അപ്പോൾ ഇന്നത്തെ ജീവിതം ഭൗതികവും ഭൗതികേതരവുമായ തത്വങ്ങളനുസരിച്ച് അനശ്വരമായൊരു ജീവിതത്തിന്റെ തുടക്കമാവുമല്ലോ.

അങ്ങിനെയാവുമ്പോൾ, ദൈവത്തിലും അവനിൽ നിന്നുദ്ഭൂതമായ ജീവിതത്തിലുമുള്ള വിശ്വാസം വെറും സിദ്ധാന്തത്തിന്റെ മാത്രം പ്രശ്നമല്ലെന്നുവരുന്നു. ജീവിതത്തിന്റെ മേഖലകളെ ആ വിശ്വാസത്തിൽ നിന്നു വേർപെടുത്താവുന്നതല്ല; ഭൗതിക ജീവിതത്തിനു പ്രത്യേക നിയമങ്ങൾ നിർമ്മിക്കേണ്ടിവരുന്നുമില്ല. മറിച്ച്, ആ വിശ്വാസം മനസ്സിനോടും ഹൃദയത്തോടും ജീവിതത്തോടു മുഴുക്കെയും ഗാഢമായും നേരിട്ടും ബന്ധപ്പെട്ടിരിക്കുന്നു.

ജനാധിപത്യ മുതലാളിത്തത്തിനുള്ളതിനെക്കാൾ ബന്ധം ജീവിതത്തോടുള്ളത് വിശ്വാസത്തിന്നാണ് എന്നതിനുള്ള തെളിവ്, അതിന്നാധാരമായിരിക്കുന്ന പ്രമാണമാണ് ശുദ്ധമായ ജീവിതത്തിന് അനുകൂലമായ സാഹചര്യമൊരുക്കിക്കൊണ്ട് സാമൂഹ്യ പ്രശ്നം കയ്യാളുമെന്ന് വിശ്വസിക്കുന്ന വിധത്തിൽ, വസ്തുനിഷ്ഠതയും വിവേചന ശക്തിയും കൊണ്ട് അപ്രമാദിത്വം നേടിയ ഒരു വ്യക്തിയും സംഘടനയും ഉണ്ടായിട്ടേയില്ല എന്നതാമ് ആ പ്രമാണം. മനുഷ്യന്റെ ദുർബ്ബല കരങ്ങളാൽ നിർമ്മിതമായ വ്യവസ്ഥയിൽ മാത്രം വിശ്വാസമർപ്പിക്കുന്ന ശുദ്ധ ഭൗതിക ദാർശനവുമായി തട്ടിച്ചു നോക്കു

മ്പോൾ മാത്രമേ ഈ ആധാര പ്രമാണത്തിന്റെ യാഥാർത്ഥ്യ ബോധവും അർത്ഥപൂർണ്ണതയും ബോദ്ധ്യപ്പെടൂ.

മുതലാളിത്ത വ്യവസ്ഥ ഭൗതികാധിഷ്ഠിതമാണ്-എല്ലാ അർത്ഥത്തിലും: ഒന്നുകിൽ ഭൗതികവാദ ത്തോടുള്ള ബാന്ധവം നിഷേധിച്ചുകൊണ്ടുതന്നെ അതിനെ ആശ്രയിക്കുന്നു; അല്ലെങ്കിൽ ജീവിത ത്തിന്റെ സാരാംശവും അതിന്റെ സാമൂഹ്യവശവും തമ്മിലുള്ള സ്വാഭാവിക ബന്ധത്തെപ്പറ്റി അതിന്ന റിവില്ല. ഫലമോ? ഏതു വ്യവസ്ഥക്കും ആധാരമായിരിക്കേണ്ട ദർശനം അതിനില്ലാതെപോയി. ഒരു സുവ്യക്തമായ ഭൗതിക ദർശനത്തെ ഒരിക്കലും അടിസ്ഥാനമാക്കാതെത്തന്നെ ഭൗതികവാദപരമാണ് ആ വ്യവസ്ഥ.

## മുതലാളിത്തത്തിൽ നീതിശാസ്ത്രത്തിനുള്ള സ്ഥാനം

ഇപ്രകാരം, ഭൗതികവാദം മുതലാളിത്ത വ്യവസ്ഥയെ അടക്കിഭരിക്കുന്നു. അതിന്റെ അനന്തരഫല മെന്താണ്? നീതിശാസ്ത്രം അവിടെ പരിഗണനാ വിഷയമേയല്ല; അതിനിവിടെ നിലനില്പുമില്ല. അഥവാ നീതിശാസ്ത്രത്തിന്റെ മാനദണ്ഡം അപ്പാടെമാറ്റി, സ്വാർത്ഥലാഭം മാത്രമാക്കിച്ചുരുക്കിയിരി ക്കുന്നു. എല്ലാവിധ സ്വാതന്ത്ര്യങ്ങളും ഈ പ്രഥമ ഗണനീയ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങൾമാത്രം! ആധുനിക ലോകം അനുഭവിക്കുന്ന വിപത്തുകളും ദുരന്തങ്ങളുമെല്ലാം തന്നെ ഇതിൽനിന്നാണു ജന്മ മെടുക്കുന്നത്.

വ്യക്തിയോടും അവന്റെ താൽപര്യങ്ങളോടുമുള്ള മുതലാളിത്തത്തിന്റെ സമീപനത്തെ അതിന്റെ വക്താക്കൾ ന്യായീകരിക്കുക ഇവ്വിധമായിരിക്കും: വ്യക്തി താല്പര്യം സ്വയമേവ സമൂഹ താല്പര്യ ത്തിൽ ചെന്നെത്തും. ധാർമ്മിക മൂല്യങ്ങളുടെ കാര്യത്തിൽ നീതി ശാസ്ത്രം നേടിയ അതേ ഫല ങ്ങൾ ജനാധിപത്യ മുതലാളിത്ത സമൂഹത്തിലും ഉണ്ടാവുന്നുണ്ട്- നീതിശാസ്ത്രം മുഖേനയല്ല, ചില പ്രത്യേക പ്രേരണകളിലൂടെ! മനുഷ്യൻ സേവന പ്രവർത്തനം നടത്തുമ്പോൾ അതിന്റെ പ്രയോജനം സമൂഹത്തിന്റെ ഭാഗമായ അവനും കിട്ടുന്നു. ഒരു ജീവൻ രക്ഷിച്ചാൽ രക്ഷിക്കുന്ന വനും അതിന്റെ ഗുണം കിട്ടും- രക്ഷപ്പെട്ട മനുഷ്യൻ സമൂഹ ശരീരത്തിനു സേവനം ചെയ്യുമ്പോൾ സമൂഹത്തിന്റെ ഭാഗമായ 'രക്ഷകനും' ഒരു പങ്കു കിട്ടുമല്ലോ. അതുകൊണ്ട്, സമൂഹത്തിന്റെ താല്പ ര്യങ്ങൾ ഉറപ്പുവരുത്താൻ വ്യക്തി താല്പര്യവും പ്രയോജനവാദവും മതിയാകും. അന്തിമ വിശകല നത്തിൽ, സമൂഹ താല്പര്യമെന്നാൽ വ്യക്തിതാല്പര്യങ്ങളും സ്വാർത്ഥലാഭങ്ങളും തന്നെയാണ്.

ഈ ന്യായത്തിന് യുക്തിയോടല്ല, ഭാവനാ വിലാസത്തോടാണു കൂടുതലടുപ്പം. ഒരു രാഷ്ട്ര ത്തിലെ പൗരന്മാർ ഓരോരുത്തരും കഴിയുന്നത്ര സ്വാർത്ഥ ലാഭത്തിനു വേണ്ടി ശ്രമിച്ചാലത്തെ സ്ഥിതി ഒന്നാലോചിക്കുക! രാഷ്ട്രം തന്നെ വ്യക്തിക്കു പൂർണ്ണ സ്വാതന്ത്ര്യമനുവദിച്ച്, അവനിൽ നിരുപാധികമായ പവിത്രത ആരോപിച്ചാൽ ആ വ്യക്തി സാമൂഹ്യ പ്രവർത്തനത്തിനു നൽകുന്ന വ്യാഖ്യാനമെന്താവും! തീരെ ലാഭകരമല്ലാത്ത തൊഴിലുകൾ ചെയ്യാൻ സമൂഹത്തിന്റെയും വ്യക്തിയു ടെയും താല്പര്യങ്ങളുടെ പരസ്പര ബന്ധം മതിയാവുമോ, അതോ നീതിശാസ്ത്ര തത്വങ്ങൾ വേണ്ടി വരുമോ? ഇനി, ആ തൊഴിലുകൾ അയാൾക്ക് സമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ഗുണം ചെയ്യു മെന്നു വെക്കുക. എന്നാൽത്തന്നെ സൂക്ഷ്മ വിശകലനത്തിൽ മാത്രം കാണാവുന്ന ആ ഗുണത്തെ കവച്ചുവെക്കുന്ന താല്ക്കാലിക മോഹങ്ങൾ അയാളെ പിടിച്ചു വലിക്കും; പ്രത്യേകിച്ചും നിരുപാധിക സ്വാതന്ത്ര്യം നിലനില്ക്കുമ്പോൾ. അങ്ങിനെ വ്യക്തി എല്ലാ നീതിശാസ്ത്ര വ്യവസ്ഥകളെയും ധാർമ്മിക മനസ്സാക്ഷിയെയും തകിടം മറിക്കും!

## മുതലാളിത്ത വ്യവസ്ഥിതിയുടെ ദുരന്തങ്ങൾ

സുചിന്തിതമായ ഒരു ദാർശനികാടിത്തറയിൽ നിലയുറപ്പിക്കാത്ത ഈ വ്യവസ്ഥ സൃഷ്ടിക്കുന്നത് ദുരന്തങ്ങളുടെ നീണ്ട നിരയാണ്. അവയെ പ്രതിപാദ്യ വിഷയമാക്കുകയെന്നത് ഈ പഠനത്തിന്റെ പരിമിതമായ വ്യാപ്തി മൂലം സാദ്ധ്യമല്ലാത്തതിനാൽ അവയെ ഇങ്ങിനെ മാത്രം പരാമർശിക്കാം:

ഒരു ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങളും അത്യാവശ്യ കാര്യങ്ങളും നിയന്ത്രിക്കു കയും ന്യൂനപക്ഷത്തെ ഭരിക്കുകയും ചെയ്യുന്നു എന്നതാണ് ദുരന്തങ്ങളിൽ ആദ്യത്തേത്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ വിവക്ഷ തന്നെ നിയമ നിർമ്മാണത്തിലും നിർവ്വഹണത്തിലും ഭൂരിപക്ഷത്തിനു വിട്ടുകൊടുക്കുക എന്നതത്രെ. ഭൂരിപക്ഷത്തിനു ജനാധിപത്യ മുതലാളിത്ത മനോഭാവമാണുള്ള തെന്നു വെക്കുക. ചിന്താഗതിയിലും ഉദ്ദേശ്യ ലക്ഷ്യങ്ങളിലും തീർത്തും ഭൗതികവാദപരമായ ആ മനോഭാവം പുലർത്തുന്ന ഭൂരിപക്ഷത്തിന്റെ ഭരണത്തിലും നിയമ നിർമ്മാണ ക്രിയയിലും മറുപക്ഷ ത്തിന്റെ അവസ്ഥ എന്താവും? ഭൂരിപക്ഷത്തിനും അതിന്റെ താൽപര്യ സംരക്ഷണത്തിനും വേണ്ടി ഭൂരിപക്ഷം നിർമ്മിക്കുന്ന നിയമങ്ങളിൽ നിന്ന് ന്യൂനപക്ഷത്തിന് എന്തു പ്രതീക്ഷിക്കാനുണ്ട്? സ്വാർത്ഥ ലാഭം നോക്കിയും ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങൾ അവഗണിച്ചും, പരജനത്തെ ദ്രോഹിച്ച് സ്വയം സേവ നടത്താനുള്ള നിയമം നിർമ്മിക്കൽ അത്ര സാധാരണമൊന്നുമാവില്ല. സ്വാർത്ഥം ഭരികളുടെ സമൂഹത്തിൽ ഭൂരിപക്ഷ വീക്ഷണത്തിൽ ധാർമ്മിക-ധൈഷണിക തത്വങ്ങൾ

വിലകെട്ട് തൂത്തെറിയപ്പെട്ടു കഴിഞ്ഞാൽ ന്യൂനപക്ഷത്തെ നിലനിർത്താനും അനീതിക്കെതിരിൽ അതിനെ പ്രതിരോധിക്കാനും ആരുണ്ടാവും? സ്വാഭാവികമായും സർവ്വാധികാരം മുമ്പത്തെപ്പോലെ ത്തന്നെ നിലകൊള്ളും; കുത്തകയുടെയും മറ്റവരുടെ താൽപര്യങ്ങൾ ചവിട്ടിമെതിക്കുന്നതിന്റെയും ദുർലക്ഷണങ്ങൾ മുൻ വ്യവസ്ഥിതിയിലുണ്ടായിരുന്നതുപോലെത്തന്നെ തുടരും. ഒരു വ്യത്യാസം മാത്രം: മുമ്പ് മനുഷ്യന്റെ അന്തസ്സ് കെടുത്തുന്ന പണി വ്യക്തികൾ രാഷ്ട്രത്തോടാണു ചെയ്തിരുന്ന തെങ്കിൽ ഇപ്പോൾ ഭൂരിപക്ഷം ന്യൂനപക്ഷത്തോടാണു ചെയ്യുന്നത്!

ഇതുകൊണ്ടും തീർന്നില്ല. തീർന്നെങ്കിൽ ദുരന്ത നാടകം ചെറുതായേനേ! എന്നാൽ ഈ നാടക വേദി തരുന്നത് കണ്ണീരിനെക്കാൾ കൂടുതൽ പൊട്ടിച്ചിരിയാണ്. ഈ വ്യവസ്ഥിതിയുടെ ഫലമായി പിന്നീടുണ്ടായ സാമ്പത്തിക പ്രശ്നത്തോടെ സംഗതി കൂടുതൽ വഷളായി. അപ്പോഴാണ് നാം നേരത്തെ പ്രതിപാദിച്ചതുപോലെ ധനം സമ്പാദിക്കാൻ ഏതു മാർഗ്ഗവും അനുവദനീയമാക്കലാണ് സാമ്പത്തിക സ്വാതന്ത്ര്യം എന്ന ഭാഷ്യം നല്കപ്പെട്ടത്. ആ മാർഗ്ഗം എത്രതന്നെ അവിശുദ്ധവും നിഷ്ഠൂ രവും ആയാലും തരക്കേടില്ല. ലോകം വലിയൊരു വ്യവസായ വിപ്ലവത്തിന്റെ തിരക്കിലായിരുന്ന പ്പോൾ, ശാസ്ത്രം യന്ത്രത്തിനു ജന്മം നല്കി കൈത്തൊഴിലുകളെ തുടച്ചുനീക്കുകയും വ്യവസായ ത്തിന്റെ മുഖച്ഛായ മാറ്റുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, മുതലാളിത്തം പരസ്യം ചെയ്ത തൊക്കെ ഉറപ്പുവരുത്താൻ അതേ വഴിയുള്ളൂ. രാഷ്ട്രസമ്പത്തിന്റെ അന്യായമായ വിഹിതം ന്യൂനപ ക്ഷത്തിനു സ്വന്തമാക്കാൻ അങ്ങനെ അരങ്ങൊരുങ്ങി, അവസരങ്ങൾ ആ ന്യൂനപക്ഷത്തെ തേടിയെ ത്തി. ഉൽപാദനത്തിനുള്ള നൂതനോപാദികൾ അറ്റം കാണാത്ത മുതലാളിത്ത സ്വാതന്ത്ര്യങ്ങളിലൂടെ അതിനു ലഭ്യമായി. അമിത സ്വാതന്ത്ര്യങ്ങൾ ഉപയോഗിച്ച് പരമാവധി ലാഭം കൊയ്തെടുത്ത ന്യൂനപ ക്ഷം, യന്ത്രം തൊഴിൽ രഹിതരാക്കിയ നിരവധി ജനസഞ്ചയങ്ങളെ നാമവശേഷമാക്കി. മാറ്റത്തിന്റെ കൊടുങ്കാറ്റിൽ പിടിച്ചുനില്ക്കാൻ കഴിയാതെ ആ ഭൂരിപക്ഷത്തിന്റെ ജീവിതം ഉലഞ്ഞു. കാരണം മറ്റൊന്നുമല്ല: ആധുനിക വ്യവസായങ്ങളുടെ നടത്തിപ്പുകാർക്ക്, ''സാമ്പത്തിക സ്വാതന്ത്ര്യം'' എന്നും മറ്റു 'പാവനാവകാശങ്ങൾ' എന്നും ഓമനപ്പേരുള്ള ആയുധമുണ്ടായിരുന്നു. ഇങ്ങിനെയാണ് രംഗം ശൂന്യമായത്- വ്യവസായത്തിന്റെയും ഉൽപാദനത്തിന്റെയും രക്ഷാധികാരികളുടേതായ ഒരു പ്രമാണി വർഗ്ഗം മാത്രം അവശേഷിച്ചു. അതേ സമയം പൊതുവായ അധഃസ്ഥിതിയിലേക്ക് ഇടത്തര ക്കാർ ചുരുങ്ങി വരുന്നു. ചവിട്ടിത്തേയ്ക്കപ്പെട്ട ഭൂരിപക്ഷം, പ്രമാണിവർഗ്ഗത്തിനു മുമ്പിൽ ദയയ്ക്കു യാചിക്കുമ്പോൾ പ്രമാണിമാർക്കു 'ജനാധിപത്യ മുതലാളിത്ത' രീതിയിലേ ചിന്തിക്കാനാവൂ! സ്വാഭാ വികമായും അവശരെ സഹായിച്ച് ലാഭം അവരുമൊത്ത് പങ്കിടാൻ അവർക്കാവില്ല. എന്തിന് പങ്കി ടണം? അവരുടെ നീതിശാസ്ത്രം ഉയർത്തിപ്പിടിക്കുന്നത് സ്വാർത്ഥലാഭവും സ്വന്തം അനന്ദവുമല്ലേ! എന്തു ചെയ്യാനും പരിപൂർണ്ണ സ്വാതന്ത്ര്യമല്ലേ രാഷ്ട്രം ആ ന്യൂനപക്ഷത്തിനുറപ്പു നല്കുന്നത്! ജീവിതത്തെക്കുറിച്ച് ധൈഷണിക ദർശനത്തെയോ അനുബാന്ധാശയങ്ങളെയോ ഉൾക്കൊള്ളാനാ വാത്ത വിധം ശുഷ്കമാണ് ജനായത്തമുതലാളിത്തം.

ഇതിന്റെ വെളിച്ചത്തിൽ വേണം ഈ വ്യവസ്ഥിതിയെ പഠിക്കാൻ. ന്യൂനപക്ഷമായ പ്രമാണിമാർ ഭൂരിപക്ഷത്തിന്റെ ആവശ്യങ്ങളെ തങ്ങൾക്കനുകൂലമാക്കി ഉപയോഗപ്പെടുത്തുന്നു; ന്യൂനപക്ഷ ത്തിന്റെ ജീവിത നിലവാരം നന്നേ താഴ്ത്തിക്കൊണ്ട്, വയറ്റുപിഴപ്പിനു വേണ്ടി ഏതു വിധേനയും എന്തു കൂലിക്കും ജോലിയെടുക്കാൻ അവരെ നിർബന്ധിതരാക്കുന്നു. ശുദ്ധമായ പ്രയോജന വാദ ത്തിന്റെ തത്വശാസ്ത്രം ഇതാണ്. അതു സ്വീകരിച്ചുകൊണ്ട് പ്രമാണിമാർ ചെയ്യുന്നതോ, രാഷ്ട്രത്തെ രണ്ടു വ്യതിരിക്തവിഭാഗങ്ങളായി വിഭജിക്കുകയും- സമ്പൽസമൃദ്ധിയുടെ പരകോടിയിൽ വിരാജി ക്കുന്ന ഒരു ചെറു വിഭാഗവും, അഗാധമായ പടുകുഴിയിൽ കിടക്കുന്ന ഭൂരിപക്ഷ വിഭാഗവും!

ഇവിടെ രാഷ്ട്രത്തിലെ രാഷ്ട്രീയാവകാശം പുതിയൊരു ഭാവം കൈക്കൊള്ളുന്നു. പൗരന്മാരുടെ രാഷ്ട്രീയാവകാശ സമത്വത്തെസ്സംബന്ധിച്ചേടത്തോളം, വ്യവസ്ഥിതിയിൽ നിന്ന് അത് പാടെ എടുത്തു മാറ്റപ്പെട്ടിട്ടില്ല എന്നതു ശരി തന്നെ. എങ്കിലും കടന്നാക്രമണങ്ങൾക്ക് വിധേയമായ ആ സമത്വം ഇന്നു ബാക്കി നില്ക്കുന്നത് വെറും നിഴലായിട്ടും കേവലാശയമായിട്ടുമത്രെ. കാരണം, നാം പറഞ്ഞ രീതിയിൽ സാമ്പത്തിക സ്വാതന്ത്ര്യം മുന്നേറുന്നതോടെ, മുമ്പു സൂചിപ്പിച്ചതു പോലുള്ള ഒരു ധ്രുവീകരണം നടക്കും; പ്രമാണിമാർ പാവപ്പെട്ടവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ കൈവെക്കും. സമൂഹത്തിൽ സാമ്പത്തിക മേൽക്കോയ്മ ആ വർഗ്ഗത്തിന്നാണല്ലോ. എല്ലാവിധ പ്രചരണോപാധി കളും അവരുടെ വരുതിയിലാണ്. പിന്തുണയും സഹായവും ആ വർഗ്ഗത്തിന് വിലയ്ക്കു വാങ്ങാൻ കിട്ടും. ഭരണ യന്ത്രത്തിന്റെ ചുക്കാൻ കയ്യിലുള്ള മുതലാളി വിഭാഗം, സ്വന്തം താല്പര്യങ്ങളും ഉദ്ദേ ശ്യവും സാധിച്ചെടുക്കാൻ അധികാരം കയ്യടക്കം. മൂലധനമായിരിക്കും നിയമനിർമ്മാണ വ്യവസ്ഥ യെയും ഭരണ ക്രമത്തെയും നിയന്ത്രിക്കുക. ആ നിയന്ത്രണത്തിനു സാധുത നല്കാൻ, ജനാധിപത്യ സങ്കല്പങ്ങൾ രാഷ്ട്രത്തിന്റെ അവകാശമാണെന്ന വിഭാവന കാലേക്കൂട്ടി ഉണ്ടായിരിക്കയും ചെയ്യും. ജനാധിപത്യ മുതലാളിത്തം അങ്ങിനെ ഒരു ന്യൂനപക്ഷത്തിന്റെ അധികാരക്കുത്തകയായും അന്യ രുടെ ചെലവിൽ സ്വന്തം നില ഭദ്രമാക്കാനുള്ള ചിലരുടെ ഉപാധിയായും മാറും-മുതലാളിത്ത 'വിദ്യാ ഭ്യാസം' ഉണ്ടാക്കിയെടുക്കുന്ന പ്രയോജനവാദ മനോഭാവം അതാണല്ലോ പഠിപ്പിക്കുന്നത്!

ഈ വ്യവസ്ഥിതി അവതരിപ്പിക്കുന്ന ദുരന്ത നാടകത്തിന്റെ പരമകാഷ്ഠ എത്തുന്നത് അപ്പോഴാണ്. സർവ്വ സ്വാധീനതകളും അധികാരവും ശക്തിയും ഒരു കൂട്ടം ആൾക്കാരെ ഏൽപിച്ചിരിക്കയാവുമ ല്ലോ. അക്കൂട്ടർ ഈ വ്യവസ്ഥ വളർത്തിയെടുക്കുന്ന മനോഗതിക്ക് അനുരൂപമായിത്തന്നെ ചക്രവാള

ങ്ങളിലേയ്ക്കു ശ്രദ്ധതിരിച്ചുകൊണ്ട് തീരുമാനിക്കുന്നു, ഇനിയുമിനിയും വെട്ടിപ്പിടിച്ചുകൊണ്ട് തങ്ങളുടെ അധികാരസീമ വിസ്തൃതമാക്കണമെന്ന്. ഈ മോഹത്തിന് രണ്ടു കാരണങ്ങളുണ്ട്.

ഒന്ന്: ഉൽപാദന സംവർദ്ധന കൂടുതലും അവശ്യ സാധനങ്ങളുടെ സമൃദ്ധിയെയും സുലഭമായ ലഭ്യതയെയും ആശ്രയിച്ചാണിരിക്കുന്നത്. അപ്പോൾ, ആർക്ക് അത്തരം സാധനങ്ങളുടെ കൂടുതൽ പങ്കുകിട്ടുന്നോ അയാളുടെ കാര്യത്തിൽ ഉൽപാദന ക്ഷമത കൂടുതലായിരിയ്ക്കും. ഈ സാധനങ്ങൾ ദൈവത്തിന്റെ പ്രവിശാലമായ ഭൂമിയിൽ വ്യാപിച്ചു കിടക്കുന്നു. അവശ്യ സാധനങ്ങൾ വേണ്ടിവരുമ്പോൾ അവ കിടക്കുന്ന സ്ഥലങ്ങൾ കയ്യടക്കി ഉപയോഗിക്കുക തന്നെ!

രണ്ട്: ലാഭേച്ഛ കാരണമായുണ്ടാവുന്ന ഉൽപാദന വേഗത ഒരു വശത്ത്; മുതലാളി വിഭാഗത്തിന്റെ ഭൗതിക മോഹങ്ങൾ ചവിട്ടിത്താഴ്ത്തിയ നിരവധി രാഷ്ട്രങ്ങളുടെ താഴ്ന്ന ജീവിത നിലവാരം കാരണം ഉൽപന്നങ്ങൾ വാങ്ങി ഉപയോഗിക്കാനുള്ള അവരുടെ കഴിവില്ലായ്മ മറുവശത്ത്. ഇതെല്ലാം വരുത്തിവെക്കുന്ന അനിവാര്യഫലമോ? മിച്ചംവരുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വൻകിട ഉല്പാദനകർക്ക് പുതിയ പുതിയ വിപണികൾ വേണ്ടിവരുന്നു. അവ കണ്ടെത്തുക എന്നു പറഞ്ഞാലർത്ഥം പുതിയ സ്ഥലങ്ങൾ കയ്യടക്കുക എന്നതാണ്!

വെറും ഭൗതിക മനോഭാവത്തോടെയാണെങ്കിൽ പ്രശ്നത്തെ സമീപിക്കുക ഇപ്രകാരമാണ്. ആ മനോഭാവം ജന്മം കൊടുത്ത വ്യവസ്ഥയ്ക്ക് ഒരിക്കലും തന്നെ ആത്മീയമോ ധാർമ്മികമോ ആയ അടിത്തറ ഉണ്ടായിരുന്നിട്ടില്ല. ഈ പരിമിത ജീവിതം സുഖഭോഗങ്ങൾ കൊണ്ടുനിറയ്ക്കുക എന്നതു മാത്രമാണതിന്റെ ലക്ഷ്യം. ഭൗതിക മനോഭാവം നടത്തുന്ന അതിക്രമങ്ങൾക്കുള്ള ന്യായീകരണമാണ് മേൽ കാണിച്ച രണ്ടു കാരണങ്ങളിൽ കാണുന്നത്. സമാധാനകാംക്ഷികളായ രാജ്യങ്ങളുടെ മേൽ കുതിര കയറുന്നതിനും, അവരുടെ അന്തസ്സ് ചവിട്ടിമെതിക്കുന്നതിനും, അവരുടെ ശേഖരങ്ങളും പ്രകൃതി വിഭവങ്ങളും കയ്യാളുന്നതിനും, തങ്ങളുടെ മിച്ചം വരുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി അവരുടെ സമ്പത്ത് ചൂഷണം ചെയ്യുന്നതിനുമുള്ള ന്യായവാദങ്ങളാണവ!

മുതാളിത്തവും 'സ്വതന്ത്ര സമ്പദ്ഘടന'യും അടിത്തറയാക്കിയ വ്യക്തിതാല്പര്യങ്ങളുടേതായ 'ആദർശങ്ങള'നുസരിച്ച്, ഇപ്പറഞ്ഞതൊക്കെ 'സാധു'വാണ്, 'അനുവദനീയ'വും! ഇവിടെ നിന്നും കയറൂരി വിടുന്ന ഭൗതികവാദ രാക്ഷസൻ ആക്രമിക്കുന്നു, യുദ്ധം നടത്തുന്നു, അടിപിടി കൂടുന്നു, സ്വേച്ഛയുടെയും മനോഭ്രമത്തിന്റെയും തൃപ്തിക്കുവേണ്ടി അധിനിവേഷം നടത്തുകയും ചൂഷണം ചെയ്യുകയും താണ്ഡവമാടുകയും ചെയ്യുന്നു...!

ഇത്തരം വ്യവസ്ഥ അന്തസ്സാരത്തിലും രൂപ ഭാവങ്ങളിലും ലക്ഷ്യത്തിലുമെല്ലാം ഭൗതിക നിഷ്ഠമാണ്. അതിൻ ഫലമായി മാനവകുലം അനുഭവിച്ച ദുരിതങ്ങൾ ആലോചിച്ചുനോക്കുക. നാം മുമ്പു സൂക്ഷിച്ച സ്പിരിറ്റും ബാഹ്യ രൂപവുമായി അനുരൂപ്യം പുലർത്തുകയും, ലക്ഷ്യത്തിലും മാർഗ്ഗത്തിലും യോജിച്ചു പോവുകയും ചെയ്യുന്ന ഒരു ദർശനം അതിന്നാധാരമായിട്ടില്ല താനും.

ഈ വ്യവസ്ഥയിലും ആദർശങ്ങളിലും പടത്തുയർത്തപ്പെടുന്ന ഒരു സമൂഹത്തിൽ എന്തുമാത്രം സന്തുഷ്ടിയും സുസ്ഥിരതയും ഉണ്ടായിരിക്കുമെന്നു സങ്കല്പിച്ചു നോക്കൂ, നിസ്വാർത്ഥതയോ പരസ്പര വിശ്വാസമോ ഇല്ലാത്ത, യഥാർത്ഥമായ സ്നേഹവും സഹാനുഭൂതിയും കണികാണാൻ കിട്ടാത്ത, നന്മനിറഞ്ഞ ആത്മീയ സരണികൾ വിട്ട് അപഥസഞ്ചാരം നടത്തുന്ന ആ വ്യവസ്ഥിതിയിൽ ജീവിക്കുന്ന വ്യക്തി, ഒരു കണക്കിന് സ്വന്തത്തോടു മാത്രം കടപ്പാടുള്ളവനായിരിക്കുമെങ്കിലും, നിത്യമായ അപകടത്തിന്റെ കരിനിഴലിലുമായിരിയ്ക്കും. അപരന്റെ താൽപര്യമോരോന്നും തന്റെ താൽപര്യവുമായി സംഘട്ടനത്തിലായേയ്ക്കാം-ഒരിക്കലും അവസാനിക്കാത്ത ആ വെറിപിടിച്ച മത്സരത്തിൽ അവന് ആകെയുണ്ടാവുന്ന ആയുധം, തന്റെ താൽപര്യത്തോടു മാത്രം കൂറുപുലർത്താനുള്ള സ്വന്തം വൈഭവം ഒന്നു മാത്രമാവും!

*****

# □□□□□□□□□□
# □□□□□□□□□□□

## സോഷ്യലിസവും കമ്യൂണിസവും

സോഷ്യലിസത്തിനു പല വകഭേദങ്ങളുണ്ട്; സോഷ്യലിസ്റ്റ് സംഹിത എന്ന് അറയപ്പെടുന്നതടക്കം. അതിന്നാധാരം മാർക്സിസ്റ്റ് സിദ്ധാന്തവും താർക്കിക ഭൗതിക വാദവുമാണ്. ജീവിതത്തെ സംബന്ധിച്ചുള്ള ഒരു പ്രത്യേക തത്വശാസ്ത്രവും വൈരുദ്ധ്യാത്മക രീതിയനുസരിച്ചുള്ള ഭൗതികവാദപരമായ ജീവിത സംഗ്രാഹ്യവുമാണ് 'ആർഗ്യുമെന്റേറ്റീവ് മെറ്റീരിയലിസം'- അഥവാ, താർക്കിക ഭൗതികവാദം. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദികൾ അവരുടെ ദ്വന്ദ്വാത്മക ഭൗതിക വാദം ചരിത്രത്തിലും സമൂഹശാസ്ത്രത്തിലും സാമ്പത്തിക ശാസ്ത്രത്തിലും പ്രയോഗിച്ചിട്ടുണ്ട്. അപ്പോൾ അത് ലൗകിക കാര്യങ്ങളിൽ ഒരു ദാർശനിക സംഹിതയാണ്; ചരിത്രവും സമൂഹശാസ്ത്രവും പഠിക്കാനുള്ള ഒരു ഉപാധിയുമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ അതൊരു തത്വസംഹിതയും രാഷ്ട്രീയത്തിൽ ഒരു പദ്ധതിയുമത്രെ. മറ്റു വാക്കുകളിൽ, ചിന്ത, ജീവിതത്തോടുള്ള സമീപനം, അതിന്റെ പ്രായോഗിക രൂപം എന്നിവയെ സംബന്ധിച്ചിടത്തോളമെല്ലാം മനുഷ്യരാശിയെ മുഴുവൻ ഒരൊറ്റ സൂത്രവാക്യത്തിൽ ഒതുക്കുകയാണതു ചെയ്യുന്നത്.

ഒരു കാര്യം തീർച്ച: ഭൗതികവാദ ദർശനമോ വൈരുദ്ധ്യാത്മക രീതിയോ ഒരിയ്ക്കലും മാർക്സിസ്റ്റ് സംഹിതയുടെ മൗലിക സൃഷ്ടിയായിരുന്നിട്ടില്ല. ദർശനത്തിന്റെ മേഖലയിൽ ഭൗതികാഭിമുഖ്യം ആയിരക്കണക്കിനു വർഷങ്ങളായി സജീവമായി നിലനില്ക്കുന്നു. ഒരു കാലത്ത് പരിഷ്ക്കാരത്തിന്റെയും പൂർണ്ണ നിഷേധത്തിന്റെയും മറവിലായിരിക്കുമെന്ന് മാത്രം. കൂടാതെ, യുക്തിവിചാരത്തിലെ വൈരുദ്ധ്യാത്മക രീതി, അഥവാ ദ്വന്ദ്വാത്മകരീതി മനുഷ്യ ചിന്തയുടെ സരണിയിൽ രൂഢമൂലമായിട്ടുള്ളതാണ്. അതിന്റെ ഗതി, വിഖ്യാത ആദർശവാദ ദാർശനികനായിരുന്ന ഹെഗലിന്റെ കൈകളിലാണു പൂർണ്ണത പ്രാപിച്ചത്. കാൾമാർക്സ് ചെയ്തത് അത്തരം 'യുക്തിവിചാര'വും ദർശനവും കയ്യേൽക്കുക മാത്രമാണ്. അത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കാൻ അദ്ദേഹം ശ്രമിച്ചു. അതിനായി രണ്ടുതരം ഗവേഷണങ്ങളാണ് മാർക്സ് നടത്തിയത്: ഒന്ന്, വൈരുദ്ധ്യാത്മക രീതിയിൽ തീർത്തും ഭൗതികവാദപരമായ അദ്ദേഹത്തിന്റെ ചരിത്ര വ്യാഖ്യാനം. മറ്റേത്, അദ്ദേഹം കണ്ടുവെന്നവകാശപ്പെട്ട വൈരുദ്ധ്യങ്ങൾ: തൊഴിലാളിയിൽ നിന്നു മുതലാളി കവർന്നെടുക്കുന്ന മിച്ചമൂല്യവും മൂലധനവും തമ്മിലുള്ള പൊരുത്തക്കേട്.[5]

പ്രസ്തുത ഗവേഷണ ദ്വയങ്ങളിലടിസ്ഥിതമാണ്, മുതലാളിത്ത സമൂഹത്തിന്റെ അനിവാര്യമായ നാശത്തിലും സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് സമൂഹങ്ങളുടെ സംസ്ഥാപനത്തിലുമുള്ള അദ്ദേഹത്തിന്റെ വിശ്വാസം.

ഈ ദർശനത്തിലെ സമൂഹം പരസ്പരം പോരടിക്കുന്ന വൈരുദ്ധ്യങ്ങളുടെ രംഗവേദിയാണ്. അവിടെ നിലവിലുള്ള ഏതു സാമൂഹ്യ സാഹചര്യവും കേവലം ഭൗതിക നിഷ്ഠമായ പ്രതിഭാസം മാത്രം. മറ്റു പ്രതിഭാസങ്ങളുമായും ഭൗതികവാദസാഹചര്യങ്ങളുമായും അതു യോജിച്ചുപോവുകയും അവയാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നു. സമൂഹത്തിൽ വൈരുദ്ധ്യങ്ങളുടെ ഉഗ്രൻ പോരാട്ടം തന്നെ നടക്കുകയും അവസാനം ആത്മവൈരുദ്ധ്യങ്ങളെല്ലാം ഒത്തു ചേർന്ന് അവസ്ഥാഭേദത്തിനു വഴിയൊരുക്കുകയും ചെയ്യും. മറ്റൊരു സാമൂഹ്യാവസ്ഥ അങ്ങിനെ നിലവിൽ വരും. നിരന്തരം നടക്കുന്ന പോരാട്ടത്തിന്റെ ഫലമായി മനുഷ്യർ മുഴുവൻ ഒരു വർഗ്ഗമാകും. അപ്പോൾ ഓരോ

വ്യക്തിയുടെയും താല്പര്യം പ്രകടിപ്പിക്കപ്പെടുക ആ ഏകീകൃത വർഗ്ഗത്തിന്റെ മൊത്തം താല്പര്യത്തിലായിരിക്കും. അന്ന് രജ്ഞിപ്പുണ്ടാവും, സമാധാനം പുലരും; ജനാധിപത്യം മുതലാളിത്ത വ്യവസ്ഥിതിയുടെ എല്ലാ ദൂഷ്യഫലങ്ങളും പൂർണ്ണമായും ഉച്ചാടനം ചെയ്യപ്പെടും. കാരണം അവ അതുവരെ നിലനിന്നു പോന്നത് ഒരൊറ്റ സമൂഹത്തിൽ അനേകവർഗ്ഗങ്ങളുണ്ടായിരുന്നതുകൊണ്ടാണ്. അത്തരം ബാഹുല്യം ഉണ്ടായതുതന്നെ സമൂഹത്തെ ഉല്പാദകനും തൊഴിലാളിയുമായി തരം തിരിച്ചതുകൊണ്ടാണ്. ആ വേർതിരിവ് ഇല്ലാതാക്കാനുള്ള മാർഗ്ഗം, സ്വാകാര്യ ഉടമസ്ഥാവകാശം ഇല്ലാതാക്കലത്രെ. ഇവിടെ, പ്രധാനപ്പെട്ട സാമ്പത്തിക രൂപരേഖയിൽ കമ്യൂണിസം സോഷ്യലിസത്തിൽ നിന്നു വ്യത്യസ്തമാണ്. കാരണം കമ്യൂണിസ്റ്റ് സമ്പദ്‌വ്യവസ്ഥ താഴെപറയുന്ന കാര്യങ്ങളിലാണു മുഖ്യമായും ഊന്നുന്നത്:

ഒന്ന്: സ്വാകാര്യ ഉടമസ്ഥത നിരോധിച്ച് സമൂഹത്തിൽ നിന്നുപാടെ എടുത്തുകളയുക. സമ്പത്ത് പൊതുജനങ്ങൾക്കു നല്കി, അതു പൊതു നന്മക്കായി കൈകാര്യം ചെയ്യുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാൻ വേണ്ടി, നിയമപരമായി സമൂഹത്തിന്റെ പ്രതിനിധിയായ രാഷ്ട്രത്തെ ഏൽപിക്കുക. സമ്പൂർണ്ണ ദേശ സാല്ക്കരണത്തിലുള്ള കമ്യൂണിസ്റ്റ് വിശ്വാസം ജനാധിപത്യ മുതലാളിത്തത്തിലെ സ്വാകാര്യ ഉടമസ്ഥത സമ്പ്രദായം ഉണ്ടാക്കിയ ദുഷ്ഫലങ്ങളോടുള്ള സ്വാഭാവികമായ തിരിച്ചടിയായിരുന്നു. ദേശസാൽക്കരണം ന്യായീകരിക്കപ്പെടുന്നത് ഇപ്രകാരമാണ്: അതിന്റെ ഉദ്ദേശ്യം മുതലാളിത്ത വർഗ്ഗത്തെ ഇല്ലാതാക്കി, സമൂഹത്തെ ഒറ്റ വർഗ്ഗമാക്കുക; അങ്ങിനെ വർഗ്ഗ സമരത്തിന് വിരാമമിടുക; സ്വയം പ്രേരിതനും സ്വാർത്ഥ മോഹിയുമായ വ്യക്തിയെ സ്വത്തു കുന്നു കൂട്ടുന്നതിൽ നിന്നു തടയുക തുടങ്ങിയവയത്രെ.

രണ്ട്: വ്യക്തികളുടെ ഉപഭോഗ ശേഷിക്കനുസരിച്ച് ഉൽപന്നങ്ങൾ വിതരണം ചെയ്യുക. സംക്ഷിപ്തമായിപ്പറഞ്ഞാൽ 'ഓരോരുത്തരിൽ നിന്നും അവരവരുടെ കഴിവനുസരിച്ച്, ഓരോരുത്തനും അവരവരുടെ ആവശ്യമനുസരിച്ച്.' ഓരോ വ്യക്തിക്കും ജീവിക്കാൻ അനുപേക്ഷണീയമായ സ്വാഭാവികാവശ്യങ്ങൾ ഉണ്ടല്ലോ. അവ നിവർത്തിക്കുകയും തന്റെ ജീവിതായോധത്തിനു വഴിയുണ്ടാക്കുകയും ചെയ്യുന്ന സമൂഹത്തിന് അയാൾ തന്റെ അദ്ധ്വാനമത്രയും പകരം നൽകുന്നു...

മൂന്ന്: രാഷ്ട്രം നേരിട്ടുതന്നെ ഒരു സാമ്പത്തിക പ്രക്രിയ ആസൂത്രണം ചെയ്യുക. ഉൽപാദനത്തിന്റെ വ്യാപ്തിയും വൈവിദ്ധ്യവും പരിമിതിയുമായി സമൂഹത്തിന്റെ ആവശ്യത്തെ ബന്ധിപ്പിക്കുന്നതായിരിക്കും അത്. മുതലാളിത്തം അനുവദിച്ചു കൊടുത്ത അപരിമിതമായ നിയന്ത്രണങ്ങൾ കാരണമായുണ്ടായ രോഗങ്ങളും പ്രതിസന്ധികളും സമൂഹത്തിലില്ലാതിരിക്കാനാണ് ഇങ്ങിനെ ചെയ്യുന്നത്.

കമ്യൂണിസത്തിൽ നിന്നു അപഭ്രംശം

പക്ഷേ കമ്യൂണിസത്തിനു വേണ്ടി മുറവിളികൂട്ടിയ അതിന്റെ വക്താക്കൾ ഭരണമേറ്റെടുത്തപ്പോൾ എല്ലാ രൂപത്തിലും അതു പ്രയോഗവൽക്കരിക്കാൻ അവർക്കു കഴിഞ്ഞില്ല. പ്രയോഗത്തിൽ വരുത്തും മുമ്പ് മനുഷ്യവംശമാകമാനം ചിന്താഗതിയിലും ഭാവ പ്രകൃതത്തിലും ബുദ്ധിപരമായി വികസിക്കാൻ കാത്തിരിക്കേണ്ടതുണ്ടെന്നവർ കരുതി. വ്യക്തിപരവും ബുദ്ധിപരവുമായ സർവ്വ പ്രേരകങ്ങളിൽ നിന്നും വിട്ടകന്ന് മനുഷ്യൻ സമൂഹ്യ മനസ്ഥിതിക്കും സാമൂഹ്യ പ്രചോദനങ്ങൾക്കും വഴങ്ങുന്ന അത്തരമൊരുനാൾ വന്നു ചേരുമെന്ന് അവർ അവകാശപ്പെടുന്നു. അന്ന് വ്യക്തി സാമൂഹ്യ ക്ഷേമത്തെപ്പറ്റി മാത്രമേ ചിന്തിക്കൂ; അതിന്നു വേണ്ടി മാത്രമേ പ്രവത്തിക്കൂ.

അതിനു മുമ്പ് ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഏർപ്പെടുത്തണമെന്നാണ് ഈ ചിന്താഗതിയുടെ തത്വങ്ങൾ ആവശ്യപ്പെടുന്നത്. അതോടെ മനുഷ്യൻ തന്റെ ഇപ്പോഴത്തെ പ്രകൃതം വെടിഞ്ഞ് കമ്യൂണിസ്റ്റ് വ്യവസ്ഥിതിക്ക് ചേരുന്ന പ്രകൃതം സ്വീകരിക്കുമത്രെ! ഇപ്പറഞ്ഞ സോഷ്യലിസ്റ്റ് ക്രമം, കമ്യൂണിസത്തിന്റെ സാമ്പത്തിക വശത്തിൽ ഒട്ടേറെ മാറ്റത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥത എന്ന കമ്യൂണിസ്റ്റ് സാമ്പത്തിക ശാസ്ത്രത്തിലെ ആദ്യഘട്ടത്തിനു പകരം കുറെക്കൂടി മിതമായ ഒരു പരിഹാരമാണു നിർദ്ദേശിച്ചിരിക്കുന്നത്: ഘന വ്യവസായങ്ങളും, വിദേശ- ആഭ്യന്തര വ്യാപാരങ്ങളും ദേശസാൽക്കരിക്കുക; അവ മുഴുവൻ സർക്കാർ കുത്തകയിൽ കൊണ്ടുവരിക. എന്നുവെച്ചാൽ, ചെറുകിട വ്യവസായങ്ങളെയും വ്യാപാരങ്ങളെയും തുറന്നു പ്രോത്സാഹിപ്പിച്ചും അവ വ്യക്തികൾക്കു വിട്ടുകൊടുത്തും വൻതോതിലുള്ള മൂലധനത്തെ നിർമാർജ്ജനം ചെയ്യുക, ഈ ഒത്തുതീർപ്പിന്റെ രഹസ്യമെന്താണ്? കമ്യൂണിസത്തിന്റെ വിശാല ലൈൻ, നേരത്തെ നാം പരാമർശിച്ച മനുഷ്യ പ്രകൃതത്തിന്റെ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടി തകർന്നു എന്നതുതന്നെ! കർത്തവ്യ നിർവ്വഹണത്തിലും പ്രവൃത്തിയിലെ ശുഷ്കാന്തിയിലും വ്യക്തികൾ വീഴ്ചവരുത്തിത്തുടങ്ങി. തങ്ങളുടെ ജീവിതാവശ്യങ്ങൾ നിവർത്തിക്കുമെന്ന് എന്തായാലും വ്യവസ്ഥിതി ഉറപ്പു നൽകിയിട്ടുണ്ടല്ലോ. താൻ എന്തുചെയ്താലും- കുഴിമടിയനായാലും എല്ലുമുറിയെ അദ്ധ്വാനിച്ചാലും- ഫലം ഒന്നു തന്നെ എന്നു കാലേക്കൂട്ടി കണക്കാക്കിയിരിക്കുന്ന വ്യക്തി എന്തിന് കൂടുതൽ പ്രയത്നിക്കണം? എന്തിന് വെറുതെ വിയർപ്പൊഴുക്കണം? അന്യരുടെ സന്തോഷത്തിനു വേണ്ടി എന്തിനു കണ്ണുനീർ തൂകണം? പരസുഖത്തിനായി സ്വന്തം ഊർജ്ജവും ജീവികവുമെന്തിനു വ്യയം ചെയ്യണം? അപ്പോൾ, കമ്യൂണിസത്തിന്റെ വക്താക്കൾക്ക് പൂർണ്ണ ദേശസാൽക്കരണമെന്ന ആശയം മരവിപ്പിക്കേണ്ടതായി വന്നു! കമ്യൂണിസ്റ്റ് സാമ്പത്തിക വ്യവസ്ഥയിൽ മറ്റൊരു നീക്കുപോ

ക്കുകൂടി അവർക്കു നടത്തേണ്ടിവന്നു- തൊഴിലാളികളെ പ്രവർത്തന നിരതരും ശ്രദ്ധാലുക്കളുമാക്കാൻ വേണ്ടി, കൂലിയിൽ ഏറ്റക്കുറച്ചിലുകൾ അനുവദിച്ചതാണത്. അതിന് അവർ ന്യായവും പറഞ്ഞു; കൂലിയിലുള്ള വൈജാത്യം താല്ക്കാലികം മാത്രമാണ്; മുതലാളിത്ത മനസ്ഥിതി തകർത്ത് മനുഷ്യൻ പുതു ജന്മം പ്രാപിക്കുന്നതോടെ അത് അപ്രത്യക്ഷമാകും. ഒരിയ്ക്കലും വന്നണയാത്ത ആ നല്ല നാളേയ്ക്കുവേണ്ടി, അതിന്റെ രൂപം ഒരു സുമോഹന സ്വപ്നമായി മനസ്സിൽ സൂക്ഷിച്ചുകൊണ്ട്, കമ്യൂണിസത്തിന്റെ ആൾക്കാർ തങ്ങളുടെ സാമ്പത്തിക രീതികളിലും സോഷ്യലിസ്റ്റ് സമ്പ്രദായങ്ങളിലും മാറ്റങ്ങൾ വരുത്തുന്നു; പഴയ രീതിക്കു പകരം പുതിയത് പരീക്ഷിച്ചുനോക്കുന്നു. എന്നിട്ടെന്തുണ്ടായി? മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ മൂലക്കല്ലുകൾ പിഴുതെറിയാൻ ഇപ്പോഴും അവർക്കും കഴിഞ്ഞിട്ടില്ല. ഉദാഹരണമായി, പലിശ എന്ന ഏർപ്പാട് ഇപ്പോഴും തുടരുന്നു-വാസ്തവത്തിൽ വ്യവസ്ഥിതിയിൽ സാമൂഹ്യാഴിമതിയുടെ നാരായ വേര് അതായിട്ടും!

ഇപ്പറഞ്ഞതിന്റെ അർത്ഥം, കമ്യൂണിസത്തിന്റെ വക്താക്കൾക്ക് പോരായ്മകളുണ്ടായിരുന്നുവെന്നോ തങ്ങളുടെ ചിന്താ സംഹിതയെ അവർ ഗൗരവമായെടുത്തില്ലെന്നോ അതിനോട് കൂറു പുലർത്തിയില്ലെന്നോ ഒന്നുമല്ല. മറിച്ച്, വിവക്ഷിക്കപ്പെടുന്നത് ഇതാണ്: തങ്ങളുടെ ആശയങ്ങൾ പ്രയോഗിക്കുമ്പോൾ അവർ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടി, അവർ വാഗ്ദത്തം ചെയ്തുപോന്ന ''സാമൂഹ്യ പരിവർത്തന''ത്തിന്റെ സരണി നിറയെ മനുഷ്യപ്രകൃതം വലിച്ചിട്ട വൈരുദ്ധ്യങ്ങളും തടസ്സങ്ങളുമായിരുന്നു. വാഗ്ദാനത്തിൽ നിന്നു പുറകോട്ടുപോകാൻ യാഥാർത്ഥ്യം അവരെ നിർബ്ബന്ധിച്ചു. എന്നിട്ട്, എപ്പോഴെങ്കിലും ഒരൽഭുതം സംഭവിക്കുമെന്ന പ്രത്യാശയോടെ അവർ കാത്തിരുന്നു!

ആ അൽഭുതം സംഭവിച്ചുവെന്നും സർവ്വ മനുഷ്യരിലും കലർപ്പില്ലാത്ത സാമൂഹ്യ ബോധം അങ്കുരിച്ചുവെന്നും വെക്കുക. എങ്കിൽ രാഷ്ട്രീയ വശത്തെസംബന്ധിച്ചിടത്തോളമുള്ള അന്തിമ ലക്ഷ്യം 'സ്റ്റേറ്റി'നെ (രാഷ്ട്രത്തെ) സമൂഹത്തിൽ നിന്നു തൂത്തുമാറ്റുക എന്നതാണ് കമ്യൂണിസത്തിൽ. അന്ന് ജനങ്ങൾ സമൂഹത്തിന്റെ ഭൗതിക ക്ഷേമത്തിൽ മാത്രം ബദ്ധശ്രദ്ധരായിരിക്കും. അതിനുമുമ്പ്, ആ അത്ഭുതം സംഭവിക്കാതെയും ജനങ്ങൾ ഏക 'വർഗ്ഗ'മായി ഒന്നിക്കാതെയും ഇരിക്കുവോളം-സമൂഹം മുതലാളി-തൊഴിലാളി വർഗ്ഗങ്ങളായി ചേരി തിരിഞ്ഞ് നിൽക്കുന്നിടത്തോളം കാലം-ഭരണം അദ്ധ്വാനിക്കുന്ന വർഗ്ഗ (പ്രോലിട്ടേറിയറ്റ്)ത്തിന്റെ കയ്യിലായിരിക്കേണ്ടതുണ്ട്. അപ്പോൾ ആ ഭരണം തൊഴിലാളികൾക്കിടയിൽ ജനായത്തപരവും പൊതുജനങ്ങളെസംബന്ധിച്ചേടത്തോളം സ്വേച്ഛാധിപത്യപരവുമായിരിക്കും. ഇതെപ്പറ്റി കമ്യൂണിസ്റ്റുകളുടെ ന്യായവാദം ഇതാണ്: തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം, മനുഷ്യരാശി പിന്നിടുന്ന ഘട്ടങ്ങളിലെല്ലാം ആവശ്യമാണ്. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ താല്പര്യ സംരക്ഷണത്തിനും, മുതലാളിത്തത്തെ ശ്വാസം മുട്ടിച്ചു കൊല്ലാനും അതിനു പുനർജീവൻ ഉണ്ടാകാതിരിക്കുവാനും വൈയക്തിക മനഃസ്ഥിതിയെ തൊഴിലാളി ഭരണകൂടം ഉപയോഗപ്പെടുത്തണം.

വാസ്തവത്തിൽ, മാർക്സിസ്റ്റ് സോഷ്യലിസവും തുടർന്ന് മാർക്സിസ്റ്റ് കമൂണിസവും പ്രതിനിധാനം ചെയ്യുന്ന ഈ ചിന്താ സംഹിത, ഒരു പ്രത്യേക ഭൗതികവാദ ദർശനത്തെ ആശ്രയിക്കുന്നു എന്നതുകൊണ്ടാണ് ജനാധിപത്യ മുതലാളിത്തത്തിൽ നിന്നു വ്യത്യസ്ഥമായിരിക്കുന്നത്. ആ ദർശനം കൈക്കൊള്ളുന്ന ജീവിത വീക്ഷണം ആദർശപരമായ തത്വങ്ങളും മൂല്യങ്ങളും എല്ലാം ഉൾക്കൊള്ളുന്നില്ല. അതിന്റെ പഠനത്തിൽ പ്രകൃതിയുടെ സീമക്കപ്പുറം ഒരു സ്രഷ്ടാവിന്ന ഇടമില്ല. പരിമിതമായ ഈ ഭൗതിക ജീവിതത്തിന്റെ അതിരുകൾക്കപ്പുറം നിയതമായൊരു പ്രതിഫലത്തിനും അതിൽ വക കൊള്ളിച്ചിട്ടില്ല. ജാനാധിപത്യ മുതലാളിത്തത്തിൽ നിന്നു വ്യത്യസ്തമാണിത്. കാരണം, മുതലാളിത്തം ഒരു ഭൗതികവാദ വ്യവസ്ഥിതിയാണെങ്കിൽത്തന്നെയും അതൊരിക്കലും ഒരു ശരിയാ ദാർശനികാടിത്തറയിൽ ഉയർത്തപ്പെട്ടതല്ല. ജീവിതത്തെക്കുറിച്ച യഥാത്ഥമായ അറിവും സാമൂഹ്യ പ്രശ്നവും തമ്മിലുള്ള കൃത്യമായ ബന്ധം ഭൗതികവാദ കമ്യൂണിസം അംഗീകരിക്കുന്നു; ജനാധിപത്യം മുതലാളിത്തമാകട്ടെ അത്തരമൊരു ബന്ധത്തിലൊരിയ്ക്കലും വിശ്വസിച്ചിട്ടില്ല, അതു വിശദീകരിക്കാൻ മിനക്കെട്ടിട്ടുമില്ല!

അപ്പോൾ കമ്യൂണിസ്റ്റ് ആശയസംഹിത ഒരു ദാർശനിക വിശകലനം അർഹിക്കുന്നു. ഏതു ദർശനത്തിൽ നിന്ന് അത് ഉയിരെടുക്കുകയും ഏതിൽ ഊന്നുകയും ചെയ്യുന്നുവോ ആ ദർശനത്തെ കൈകാര്യം ചെയ്തുകൊണ്ടുള്ള പരീക്ഷണവും ആവാം ഏതു വ്യവസ്ഥിതിയേയും വിലയിരുത്തേണ്ടത്, ജീവിതത്തെ ആവിഷ്ക്കരിക്കുന്നതിലും മനസ്സിലാക്കുന്നതിലും അത് എത്രത്തോളം വിജയിക്കുന്നു എന്നു നോക്കിയാണല്ലോ.

ലളിതവല്ക്കരിക്കുകയും 'നടപ്പാക്കുക' യും ചെയ്യപ്പെട്ട കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ഒന്നു കണ്ണോടിച്ചു നോക്കിയാൽ അതിന്റെ പൊതുസ്വഭാവമെന്തെന്ന് എളുപ്പം മനസ്സിലാവും. വ്യക്തിയെ സമൂഹത്തിൽ ലയിപ്പിക്കുക, അവനെ വ്യവസ്ഥിതി നടപ്പാക്കുന്ന പൊതു മാനദണ്ഡങ്ങൾ കൈവരുത്താനുള്ള ഉപകരണമാക്കുക- ഇതാണാ പൊതുസ്വഭാവം. സമൂഹത്തെ വ്യക്തിയുടെ ആവശ്യത്തിനുപയുക്തമാക്കി അവന്റെ താല്പര്യ നേട്ടത്തിനുള്ള ഉപകരണമാക്കുന്ന സ്വതന്ത്ര മുതലാളിത്തത്തിനു കടകവിരുദ്ധമാണത്. രണ്ടു വ്യവസ്ഥിതികളിലും വൈയക്തികവും സാമൂഹ്യവുമായ വശങ്ങൾ തമ്മിൽ ഏറ്റുമുട്ടി പോരടിക്കാനാണു യോഗം! ഒന്നിൽ വൈയക്തിക വശമാണു വിജയിക്കുന്നതെങ്കിൽ മറ്റേതിൽ സാമൂഹ്യ വശത്തിനാണു മുൻതൂക്കം. വ്യക്തിയിലും വ്യക്തിതാല്പര്യങ്ങളിലും

സ്വയം കേന്ദ്രീകരിക്കുന്ന മുതലാളിത്തം വമ്പിച്ച സാമ്പത്തിക വിപത്തുകൾ സമൂഹ ശരീരത്തിൽ അടിച്ചേല്പിക്കുന്നു- സമൂഹത്തിന്റെ നിലനില്പിനെത്തന്നെ പിടിച്ചു കുലുക്കുകയും സകല മണ്ഡലങ്ങളിലും ജീവിതത്തെ വെട്ടിനുറുക്കുകയും ചെയ്യുന്ന മാരകമായ വിപത്തുകൾ. അതിന്റെ തെറ്റുകൾ തിരുത്താൻ വന്ന കമ്യൂണിസമോ, സമൂഹത്തിന്റെ ഭാഗം ചേർന്ന് വ്യക്തിസ്വാതന്ത്ര്യത്തെയും വൈയക്തികാവസ്തിത്വത്തെയും, വരിക്കാനും യുക്തിവിചാരം നടത്താനുമുള്ള സ്വാഭാവികാവകാശത്തെയും തകർക്കുന്ന രൂക്ഷമായ മനോവൈഷമ്യം വ്യക്തികളിൽ അടിച്ചേല്പിക്കുന്നു.

## കമ്യൂണിസം വിമർശിക്കപ്പെടുന്നു

സ്വകാര്യ ഉടമസ്ഥത ഇല്ലാതാക്കുക വഴി കമ്യൂണിസം സ്വതന്ത്ര മുതലാളിത്തത്തിന്റെ രോഗം ചികിത്സിച്ചിട്ടുണ്ടെന്നതു ശരിതന്നെ. എന്നാൽ ആ ചികിത്സയുടെ സ്വാഭാവികമായ ചില പ്രത്യാഘാതങ്ങൾ കാരണമായി, ചികിത്സതന്നെ ചെലവേറിയതായിരിക്കുന്നു. അതു നടത്താനുള്ള മാർഗ്ഗം വളരെ പ്രയാസമേറിയതുമായിട്ടുണ്ട്. അതിന്റെ ഫലമായി, മറ്റു മാർഗ്ഗങ്ങളും രീതികളും പരാജയപ്പെട്ടെങ്കിലല്ലാതെ അതു നടത്തിക്കൂടെന്നു വരുന്നു. അതേ സമയം സമൂഹത്തിലെ അഴിമതി തുടച്ചുനീക്കാനുതകാത്ത അപൂർണ്ണ ചികിത്സയാണതുതാനും. രോഗനിർണ്ണയത്തിൽ-മുതലാളിത്തത്തിനു ലോകത്തെ കീഴ്പ്പെടുത്തിക്കൊടുത്ത അതിന്റെ ദൂഷ്യം എവിടെ നിന്നു വന്നു കണ്ടെത്തുന്നതിൽ- കമ്യൂണിസം പരാജയപ്പെട്ടിരിക്കുകയാണ്. മുതലാളിത്തത്തിലുള്ള തിന്മ, കമ്യൂണിസ്റ്റ് സംഹിതയ്ക്കനുസരിച്ച സമൂഹജീവിതത്തിലും അങ്ങിനെത്തന്നെ നിലനില്ക്കുന്നു. ഈ വൻ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടായിട്ടില്ല; മനുഷ്യരാശിയുടെ രോഗങ്ങൾ ചികിത്സിച്ച് അതിന്റെ വ്യാധികളെ നിർമ്മൂലനം ചെയ്യാൻ പറ്റുന്ന മരുന്ന് ഇപ്പറഞ്ഞതിലൊന്നുമില്ല.

ഈ ചികിത്സയുടെ പ്രത്യാഘാതങ്ങളും വലുതാണ്. വ്യക്തികളുടെ സ്വാതന്ത്ര്യത്തിന് അത് അന്ത്യം കുറിക്കും. സ്വകാര്യ ഉടമസ്ഥതയ്ക്കു പകരം കമ്യൂണിസ്റ്റ് ഉടമസ്ഥത നിലവിൽവരും. ഈ വമ്പിച്ച സാമൂഹ്യ മാറ്റം മനുഷ്യപ്രകൃതത്തിനു വിരുദ്ധമാണെന്നതു തന്നെ കാരണം. ഇന്നുവരെയെങ്കിലും സ്ഥിതി അതായിരുന്നുവെന്ന് അതിന്റെ വക്താക്കൾ സമ്മതിക്കുന്നതാണ്. ഭൗതികവാദിയായ ഒരാൾ പരിക്ളിപ്തമായ തന്റെ വ്യക്തിഗത വീക്ഷണത്തിലൂടെ, വ്യക്തിനിഷ്ഠമായിട്ടാണ് സ്വന്തം താല്പര്യങ്ങൾ കാണുക. വ്യക്തികൾ പാടെ തുടച്ചു നീക്കപ്പെടുന്ന, വ്യക്തി താൽപര്യങ്ങൾക്ക് അന്ത്യം കുറിക്കുന്ന, ഒരു പുതിയ സാമൂഹ്യ ഘടന സംസ്ഥാനപിക്കണമെങ്കിൽ ശക്തമായ അധികാര സ്ഥാനം വേണം. ആ അധികാര കേന്ദ്രം സമൂഹത്തിന്റെ കടിഞ്ഞാൽ ഇരുമ്പു മുഷ്ടിക്കുള്ളിൽ ഒതുക്കണം; ചെറുത്തു നിൽപിന്റെ നേരിയ ശബ്ദം പോലും മൂടിക്കളയണം; എതിർപ്പിനെ ഞെരിച്ചു കൊല്ലണം; വാർത്താ മാദ്ധ്യമങ്ങളെയും പ്രസിദ്ധീകരണങ്ങളെയും കുത്തകാവകാശത്തിലൊതുക്കണം; ആർക്കും അതിലംഘിച്ചു കടക്കാനാവാത്ത ഒരു അതിർത്തിവെച്ച് നടപ്പാക്കണം; ആരോപണം നടത്തിയും സംശയിച്ചും ശീലിക്കണം- എങ്കിലേ അധികാരച്ചെങ്കോൽ കൈയിൽ നിന്നും വഴുതിപ്പോകാതിരിക്കൂ!

ഏതു വ്യവസ്ഥക്കും അനുകൂലമായ മനഃസ്ഥിതി സമൂഹത്തിൽ മൂപ്പെത്തി അതിന്റെ ആശയം നിലവിൽ വരുന്നതിനു മുമ്പ് അതിനെ കുത്തിച്ചെലുത്താൻ നോക്കുമ്പോൾ ഇതൊക്കെ സ്വാഭാവികമാണ്.

അതെ! ഭൗതികവാദിയായ മനുഷ്യൻ, സ്വന്തം മനസ്സിൽ ഉരുകിത്തീരുന്ന വ്യക്തിഗത വികാരങ്ങളോടും മോഹങ്ങളോടും മനോഗതികളോടും കൂടി സാമൂഹ്യാടിസ്ഥാനത്തിൽ ചിന്തിക്കാൻ തുടങ്ങിയാൽ സംഭവിക്കുന്നത് ഇതുതന്നെ! വ്യക്തികൾ 'ഉരുകി' ഇല്ലാതാവുന്ന വ്യവസ്ഥ സ്ഥാപിച്ചാൽ അരങ്ങത്ത് പിന്നെ ആരും ബാക്കിയുണ്ടാവില്ല- കൂറ്റൻ സമൂഹരാക്ഷസനൊഴിച്ച്! പരിമിതമായ ജീവിതത്തിൽ മാത്രം വിശ്വാസിക്കുകയും അതിൽ ഭൗതികാനന്ദത്തിലൂടെ മാത്രം അർത്ഥം കാണുകയും ചെയ്യുന്ന ഭൗതിക വാദിയിൽ സാമൂഹ്യ ബോധം അങ്കുരുപ്പിച്ച് ഭൂമിയിൽ സ്വർഗ്ഗം പണിയണമെങ്കിൽ ഒരു മഹാത്ഭുതം തന്നെ വേണ്ടിവരും. ഫാക്ടറി മനുഷ്യപ്രകൃതത്തെ മാറ്റുന്ന ദിവസത്തെയാണ്, നമുക്കു സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്ന കമ്യൂണിസ്റ്റുകാർ കാത്തിരിക്കുന്നത്. മനുഷ്യനെ മാറ്റിയെടുത്ത് ആദർശ ചിന്തകളാലും സദ്വൃത്തികളാലും പുനഃസൃഷ്ടിക്കാൻ ഫാക്ടറി മതിയെന്നവർ നിനക്കുന്നു-ആദർശമൂല്യങ്ങളിലോ ധാർമ്മിക തത്വങ്ങളിലോ അരക്കഴഞ്ചു വിശ്വാസം അവക്കില്ലെങ്കിലും! ആ അത്ഭുതമൊന്നു സംഭവിക്കട്ടെ-എന്നിട്ട് അവരെ കാണാം!

തൽക്കാലം നമുക്ക്, അവരാഗ്രഹിക്കുന്ന സാമൂഹ്യ ഘടന ആവശ്യപ്പെടുന്നതെന്തെന്ന് നോക്കുക. ആ ഘടനാ സങ്കൽപത്തിന്റെ പരിധിക്കുള്ളിൽ വ്യക്തികളെ ഒതുക്കിനിർത്തുകയാണ് അവർക്കു വേണ്ടത്; പ്രസ്തുത വ്യവസ്ഥയിൽ വിശ്വാസമുള്ള സംഘം അതിലുൾപ്പെടുന്നവരെ സംരക്ഷിക്കുമെന്ന ഉറപ്പും വേണം. അങ്ങിനെ സംരക്ഷിക്കുന്നതിന്, മനുഷ്യ പ്രകൃതത്തെയും മാനസിക വികാരങ്ങളെയും അടിച്ചമർത്തുകയും വ്യക്തികൾ സ്വയം മോചിപ്പിക്കുന്നതിനെ ഏതു വിധേനയും തടയുകയും വേണം.

ആവശ്യ നിവൃത്തിയെപ്പറ്റിയും ഉപജീവനത്തെപ്പറ്റിയും നൂറു ശതമാനം ഉറപ്പു കിട്ടിയാൽപ്പോലും ഒരു വ്യക്തി ഇത്തരമൊരു വ്യവസ്ഥയുടെ തണലിലായിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യ

ങ്ങളുണ്ട്: സാമൂഹ്യാഗ്നിയിൽ തന്റെ വ്യക്തിത്വം ഉരുക്കിക്കളയരുത്; പ്രക്ഷുബ്ധമായ സോഷ്യലിസ്റ്റ് സാഗരത്തിൽ സ്വയം മുങ്ങിച്ചാകരുത്; സംസ്കൃതമായ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുശ്വസിക്കുന്നതിലെ ആനന്ദം പണയപ്പെടുത്തിക്കൊണ്ടായിരിക്കരുത് അത്തരമൊരു ഉറപ്പ് പകരം വാങ്ങുന്നത്.

ഉപജീവനത്തിന്റെ കാര്യത്തിൽപ്പോലും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഒരുവന് മറ്റേതെങ്കിലും സ്വാതന്ത്ര്യത്തിന് എങ്ങനെ ആഗ്രഹമുണ്ടാകാൻ! സാമ്പത്തികവും ഉപജീവനപരവുമായ സ്വാതന്ത്ര്യമാണ് മറ്റെല്ലാതരം സ്വാതന്ത്ര്യത്തിന്റെയും അടിത്തറയെന്നിരിക്കിലും അയാളുടെ ജീവിതം തന്നെ ഒരു 'കമ്മിറ്റിക്കു' തീരെഴുതിയിരിക്കുമല്ലോ!

ഇതിന് അതിന്റെ വക്താക്കൾ മറുപടി പറയുക ഒരു മറുചോദ്യത്തിലൂടെയാണ്: ''മുതലാളിത്തത്തെപ്പോലെ ഭയാനകരമായൊരു വ്യവസ്ഥിതിയിൽ ഞെരിഞ്ഞമരുന്നവന്, വിമർശനത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള അവകാശവും സ്വാതന്ത്ര്യവും ഉള്ളതുകൊണ്ടെന്തു കാര്യം? അവന്നാവശ്യം വിയോജിക്കാനുള്ള അവകാശമോ സ്വാതന്ത്ര്യത്തിന്റെ മിനക്കോടുകളോ അല്ല, ശരിയായ പോഷകാഹാരവും ജീവിത ഭദ്രതയും ആണെന്നിരിക്കെ, ചർച്ചകൊണ്ടും വിയോജിക്കുന്നതുകൊണ്ടും അവനെന്തു ഗുണം കിട്ടാൻ?''

ഒരു തെറ്റുധാരണയാണ് ഈ ചോദ്യത്തിനു പിന്നിലുള്ളത്: സാമൂഹ്യം രംഗത്ത് ആകെയുള്ളത് ഒന്നുകിൽ കമ്യൂണിസം, അതല്ലെങ്കിൽ മുതലാളിത്തം എന്ന ധാരണ. രണ്ടിലൊന്നെടുത്തേ പറ്റൂ എന്നുതോന്നിയതുകൊണ്ടാണ് വ്യക്തിയുടെ അന്തസ്സിന്റെയും അവകാശത്തിന്റെയും വില അവർ കുറച്ചു കാണുന്നത്. അവരെസ്സംബന്ധിച്ചേടത്തോളം വ്യക്തിയുടെ അന്തസ്സും അവകാശവുമൊക്കെ സമൂഹത്തിന്റെ പൊതുവായ ഒഴുകിനു ഭീഷണിയാണ്. പക്ഷേ അവരെന്തു കരുതിയാലും ശരി, നിവൃത്തിയുള്ളിടത്തോളം തത്വങ്ങളും അവകാശങ്ങളും ബലികഴിക്കാതിരിക്കാനുള്ള അവകാശം മനുഷ്യരാശിക്കുണ്ടല്ലോ. മാനവികതയുടെ ആദർശപരമായ അവകാശമാണ് അന്തസ്സ്; ആവശ്യനിവൃത്തി ഭൗതികപരമായ അവകാശവും. ഇതു രണ്ടും ഒന്നിച്ചു ലഭ്യമാവുകയും ഇരു പ്രശ്നങ്ങളും പരിഹരിക്കാനാവുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി ഇല്ലെങ്കിലല്ലേ രണ്ടിലൊന്നു തെരഞ്ഞെടുക്കുന്നതിനെപ്പറ്റി ചിന്തിക്കേണ്ടതുള്ളൂ.

ഒരാളുടെ അദ്ധ്വാനം മുഴുവൻ മറ്റുള്ളവർ ഊറ്റിയെടുക്കുന്നു; അവന് നല്ല, സൗകര്യപ്രദമായ ഒരു ജീവിതമോ നല്ല ശമ്പളമോ ആവശ്യ നിവർത്തിയെപ്പറ്റി ഉറപ്പോ ഇല്ലതാനും- എങ്കിൽ മനസ്സമാധാനം നഷ്ടപ്പെട്ടവൻ, സുസ്ഥിരമായ ജീവിതം നിഷേധിക്കപ്പെട്ടവൻ, തന്നെ അയാൾ. എന്നാൽ മറുവശത്തിന്റെ കാര്യമോ? ഭൗതിക സൗകര്യങ്ങളൊക്കെ ഉള്ളവനെങ്കിലും അനു നിമിഷം ഭീഷണിക്കു വിധേയനാവുന്ന, ഓരോ അനക്കത്തെപ്പറ്റിയും ചോദ്യം ചെയ്യപ്പെട്ടേക്കാവുന്ന, എന്തു കാരണത്തിനും വിചാരണകൂടാതെ അറസ്റ്റു ചെയ്യപ്പെടാനും തടവിലിടപ്പെടാനും നാടുകടത്തപ്പെടാനും കൊല്ലപ്പെടാൻപോലും സാദ്ധ്യതയുള്ള മറ്റൊരാളോ? നിത്യ ഭീതിയിലമർന്നവനാണയാൾ. ജീവിത സുഖങ്ങളനുഭവിക്കാൻ ഭയം കൊണ്ട് അയാൾക്കും കഴിയില്ല.

മൂന്നാമനൊരാളുണ്ട്: ജീവിത സൗകര്യം അയാൾക്കുണ്ട്; തന്റെ സുരക്ഷയും അന്തസ്സും നില നിർത്തുന്നതിനെപ്പറ്റി ഉറപ്പുണ്ട്. അത്തരമൊരാൾ മനുഷ്യരാശിയുടെ സ്വപ്നമാണ്. ആ സ്വപ്നം യാഥാർത്ഥ്യമാകുമോ? അതു ജീവിത സത്യമാകുന്നതെപ്പോൾ?

നാം നേരത്തെ പറഞ്ഞു, സാമൂഹ്യ പ്രശ്നത്തിനുള്ള കമ്യൂണിസ്റ്റ് പരിഹാരം, ദൂഷ്യ ഫലങ്ങളുളവാക്കുന്നു എന്നതിനു പുറമേ അപൂർണ്ണം കൂടിയാണെന്ന്. മാനുഷിക വികാരങ്ങളും ചോദനകളും കമ്യൂണിസ്റ്റ് ക്രമത്തിൽ കഴിയുന്ന മനുഷ്യനിലും ത്രസിക്കുന്നുണ്ട്; പക്ഷേ പുതിയ പരിഹാരത്തിനു ശ്രമിക്കാൻ ചില ചിന്തകരെ പ്രേരിപ്പിച്ച അതേ സാമൂഹ്യ സമ്മർദ്ദം അയാളെയും അതിനു വഴങ്ങാൻ നിർബ്ബന്ധിതനാക്കി. ആ ചിന്തകർ പക്ഷേ ദൂഷ്യങ്ങൾ ഇല്ലാതാക്കാവുന്ന പരിഹാരം കണ്ടെത്തുകയുണ്ടാവില്ല. അവർ ഇല്ലാതാക്കിയത് മറ്റൊന്നാണ്, അതുകൊണ്ടുതന്നെ തങ്ങളുടെ ചികിത്സയിൽ അവർ പാളിപ്പോയി.

ലോകത്തെയും അതിന്റെ ആസ്വാദനക്ഷമതയെയും കിടിലം കൊള്ളിച്ച സമ്പൂർണ്ണ മുതലാളിത്തത്തിന്റെ പാപങ്ങൾക്കു ഹേതുവായിട്ടുള്ളത് സ്വകാര്യ സ്വത്തു സങ്കല്പമല്ല. കോടിക്കണക്കിനു തൊഴിലാളികൾക്ക് തൊഴിലില്ലാതിരിക്കാനുള്ള കാരണം (വ്യവസായ യുഗത്തിന്റെ പുലരിയിൽ പുതുതായേർപ്പെടുത്തിയ ഓരോ യന്ത്രവും ഒട്ടേറെ പേരെ തൊഴിൽ രഹിതരാക്കിയതിന്റെ കാരണം) സ്വകാര്യ സ്വത്തല്ല. ദരിദ്രരുടെ ആവശ്യങ്ങൾക്കു നേരെ ക്രൂരമായ അവഗണന കാട്ടി, അവ നിവർത്തിക്കുന്നതിനേക്കാൾ പ്രധാനമായിട്ടുള്ളത് ഉൽപന്നങ്ങളുടെ വില നിലവാരം നിലനിർത്തലാണെന്ന ഭാവേന അവ വൻതോതിൽ നശിപ്പിക്കാൻ മുതലാളിയെ പ്രേരിപ്പിക്കുന്ന അടിസ്ഥാന ഹേതുവും സ്വകാര്യസ്വത്തല്ല. ഉല്പാദിപ്പിക്കുകയോ അദ്ധ്വാനിക്കുകയോ ചെയ്യാതെ, അന്യന്റെ അദ്ധ്വാന ഫലമനുഭവിക്കും വിധം പലിശ കൊണ്ടു പെരുകുന്ന, കൊള്ള ലാഭം കൊയ്യുന്ന മൂലധനമായി തന്റെ സമ്പത്തിനെ മാറ്റാൻ അതല്ല അയാളെ ക്ഷണിക്കുന്നത്. ചരക്കുകളുടെ കുത്തക നേടി, വില കൂട്ടാൻ വേണ്ടി വിപണിയിലെ ഉപഭോക്തൃ സാധനങ്ങൾ അപ്പാടെ വാങ്ങിക്കൂട്ടാൻ അയാളെ അതല്ല നിർബ്ബന്ധിക്കുന്നത്. രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും അതിലംഘിച്ചും അവരുടെ അന്തസ്സുകെടുത്തിയും പുതിയ പുതിയ വിപണികൾ തുറക്കാൻ അയാളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതും അതല്ല.

ഇപ്പറഞ്ഞ ഭയാനക വിപത്തുകളൊന്നും സ്വകാര്യ ഉടമസ്ഥതയുടെ ഫലമായുണ്ടായതല്ല. മറിച്ച്, മുതലാളിത്ത വ്യവസ്ഥിതിയിൽ ജീവിതത്തിന്റെ മാനദണ്ഡവും സർവ്വ വ്യവഹാരങ്ങളുടെയും ആത്യന്തിക കാരണവുമായ, ഭൗതികവാദപരമായ വ്യക്തി താല്പര്യത്തിന്റെ സൃഷ്ടിയാണവ. അത്തരം വൈയക്തിക മാനദണ്ഡത്തെ ആധാരമാക്കുന്ന ഒരു സമൂഹത്തിന് അവയല്ലാതൊന്നും പ്രതീക്ഷിക്കാനില്ല. ഈ മാനദണ്ഡത്തിന്റെ സ്വഭാവത്തിൽ നിന്നാണ്, അല്ലാതെ സ്വകാര്യ സ്വത്തു സംബന്ധിച്ച തത്വത്തിൽ നിന്നല്ല, മനുഷ്യരാശിയെ ഗ്രസിച്ച സർവ്വ ശാപങ്ങളും വന്നുപെട്ടത്. മാന ദണ്ഡം മാറ്റുന്നതോടെ ജീവിതത്തിനു പുതിയൊരു ഉദാത്തമായ ലക്ഷ്യം-മനുഷ്യ പ്രകൃതിക്ക് അനു യോജ്യമായ ലക്ഷ്യം-ഉണ്ടാവും. അപ്പോൾ മാത്രമേ ഏറ്റവും വലിയ മാനുഷിക പ്രശ്നത്തിനുള്ള ശരിയായ പരിഹാരം യാഥാർത്ഥ്യമാവൂ.

******

# □□□□□□□□□□
# □□□□□□□□□□□□□□□□□□□□□□□□□□□□□

## പ്രശ്നത്തെ ശരിയായി അപഗ്രഥിക്കൽ

സാമൂഹ്യ പ്രശ്നത്തെ അപഗ്രഥിക്കുന്നതിന്റെ ആദ്യ ഘട്ടമായി നമുക്ക് ഭൗതികവാദപരമായ വ്യക്തി താല്പര്യം എന്ന ആശയത്തെ ചോദ്യം ചെയ്തു നോക്കാം. മുതലാളിത്ത വ്യവസ്ഥിതി അടിസ്ഥാന മാനദണ്ഡവും, ഒഴികഴിവും, ലക്ഷ്യവും ഉദ്ദേശ്യവുമായി നിശ്ചയിച്ചിരിക്കുന്നത് അതിനെയാണല്ലോ. നമുക്കു ചോദിക്കാനുള്ളത് ഇതാണ്: ''ഈ മാനദണ്ഡത്തിനു പ്രചോദനമേകിയ മുതലാളിത്ത മനോഭാവമനുസരിച്ച് അതു ശരിയാണെന്ന് തോന്നാൻ ഇടയാക്കിയ ആശയമേത്?'' മനുഷ്യൻ സന്തോഷം വരുത്തുന്നതിലും അവന്റെ  അന്തസ്സു കാത്തു സൂക്ഷിക്കുന്നതിലും ജനാധിപത്യ മുതലാളിത്തം പരാജയപ്പെട്ടതിന്റെ-സാമൂഹ്യമായ അനർത്ഥങ്ങളുടെയെല്ലാം-അടിസ്ഥാനം ഇതേ ആശയമത്രെ. അത്തരം ആശയത്തെ തുരത്താൻ നമുക്കു കഴിയണം. എങ്കിൽ സാമൂഹ്യ ക്ഷേമത്തിന്നെതിരിലുള്ള എല്ലാ ഉപജാപങ്ങൾക്കും സമൂഹത്തിന്റെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും നേരെ നടത്തുന്ന ഗൂഢാലോചനകൾക്കും അന്ത്യം കുറിക്കാം. അപ്പോൾ മാനവികതയുടെ നന്മക്കും അഭ്യുന്നതിക്കും വ്യവസായ-ഉല്പാദന രംഗങ്ങളില്ഡ പുരോഗതിക്കും വേണ്ടി സ്വകാര്യ ഉടമസ്ഥതയെ ഉപയോഗപ്പെടുത്തുന്നതിൽ നാം വിജയിക്കുകയും ചെയ്യും.

ശരി, അപ്പോൾ ആ ആശയമേത്?

ജീവിതത്തെപ്പറ്റിയുള്ള പിരിമിതമായ ഭൗതിക വ്യാഖ്യാനമാനുസരിച്ച് ഈ ആശയത്തെ സംഗ്രഹിക്കാം. അത്തരം വ്യാഖ്യാനത്തിന്മേലാണല്ലോ പാശ്ചാത്യ ലോകം മുതലാളിത്തത്തിന്റെ ഉത്തുംഗസൗധം  പണിതിരിക്കുന്നത്. ഭൗതികവാദമനുസരിച്ച്, മനുഷ്യന് ഈ മഹാ പ്രപഞ്ചത്തിൽ ആകെക്കൂടിയുള്ളത് അയാളുടെ വൈയക്തികമായ  ഭൗതിക ജീവിതം മാത്രമാണ്. ആ ജീവിതം ഉപയോഗപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ട്. ഭൗതികവാദത്തിലൂടെ ലഭ്യമാക്കുന്ന ആനന്ദമല്ലാതൊന്നും തന്നെ ജീവിതത്തിനു തരാനില്ല. അയാളിൽ അന്തർലീനമായിരിക്കുന്ന അഹംബോധത്തിനു വളം ചേർക്കുന്നവയാണ് ഭൗതികവാദ സംഹിതകൾ. സമൂഹത്തിലെ ഓരോ അംഗവും ഇപ്പറഞ്ഞ വിധം വിശ്വസിക്കുന്നുവെങ്കിൽ ആ സമൂഹം ഭൗതികവാദികളുടെ സരണി തെരഞ്ഞെടുക്കും; അവരുടെ എല്ലാ രീതികളും പ്രയോഗിക്കും. അതല്ലെങ്കിൽ കരുത്തുറ്റ ഒരു ശക്തി അയാളുടെ സ്വാതന്ത്ര്യം എടുത്തുകളഞ്ഞ് അയാളെ തടയണം!

അറിയപ്പെട്ട മറ്റേതു ജന്മവാസനയെക്കാളും കൂടുതൽ സാർവ്വജനീനവും പ്രാചീനവുമാണ് അഹംബോധം, മറ്റെല്ലാ ജന്മ വാസനകളും-അതിജീവനവാസനയടക്കം-അതിന്റെ ശാഖോപശാഖകൾ മാത്രം. സ്വയം ആനന്ദിക്കാനുള്ള അഭിനിവേശവും, വേദനയോടും ദുരിതത്തോടുമുള്ള വെറുപ്പുമാണ് ആത്മ പ്രേമം. ഉപജീവനത്തിനും ഭൗതികാവശ്യ പൂർത്തീകരണത്തിനും അവനെ ഉൽസുകനാക്കുന്നത് അതത്രെ. അതുകൊണ്ട്, ജീവിതത്തെ ആകമാനം മൂടിയ വേദനകൾ സഹിക്കുന്നതിനെക്കാൾ എളുപ്പം മരണ വേദന സഹിക്കലാണെന്നു കണ്ടാൽ അവനു ആത്മഹത്യ ചെയ്യാം.

അതായത്, ജീവിതത്തിനു പിന്നിൽ ഒളിഞ്ഞിരുന്ന് ചരടുവലിച്ച് അതിനെ നിയന്ത്രിക്കുന്ന പ്രകൃതിയാഥാർത്ഥ്യം, 'സന്തോഷത്തെ ഇഷ്ടപ്പെടലും സന്താപത്തെ വെറുക്കലും' എന്നു നാം വിളിക്കുന്ന അഹംബോധമാണ്. മറ്റുള്ളവർക്ക് അല്പം സന്തോഷം കിട്ടാൻ വേണ്ടി ഒരു മനുഷ്യൻ തന്റെ സന്തോഷം വെടിയണമെന്നു ആവശ്യപ്പെടാൻ വയ്യ. അങ്ങിനെ അയാൾ ചെയ്യണമെങ്കിൽ അയാളുടെ മനുഷ്യ പ്രകൃതം ഉപേക്ഷിച്ച്, സന്തോഷത്തെ ഇഷ്ടപ്പെടുകയോ വേദനയെ വെറുക്കുകയോ ചെയ്യാത്ത ഒരു പുതിയ പ്രകൃതം അയാൾക്കുണ്ടാവേണ്ടിവരും.

ആത്മപരിത്യാഗമെന്ന തത്വത്തെപ്പറ്റി നാം ചരിത്രത്തിൽ നിന്നു കേൾക്കാറുണ്ട്; മനുഷ്യരാശിയിൽ കാണാറുമുണ്ട്. എന്നാൽ അതുപോലും അഹംബോധമെന്ന അതേ അടിസ്ഥാന ചോദനയ്ക്കു വിധേയമത്രെ, തന്റെ പുത്രന്നോ സുഹൃത്തിനോ വേണ്ടി ഒരാൾ എന്തും ചെയ്തെന്നു വരും; ചില ആദർശങ്ങൾക്കും തത്വങ്ങൾക്കും വേണ്ടി അയാൾ സ്വയം സമർപ്പിച്ചു എന്നും വരാം. എന്നാൽ അപ്രകാരം ചെയ്യുന്നതിൽ നിന്ന് ഒരു പ്രത്യേക ആത്മസായൂജ്യം അയാൾക്കു കിട്ടുന്നില്ലെങ്കിൽ അയാളതുചെയ്യില്ല. മകന്റെയോ സുഹൃത്തിന്റെയോ ഗുണത്തിന് തന്റെ ഗുണത്തെക്കാൾ അയാൾ മുൻതൂക്കം കൊടുക്കുമ്പോൾ, അഥവാ ഒരു ആദർശനത്തിനു സ്വയം സമർപ്പിക്കുമ്പോൾ, താൻ സഹിക്കുന്ന നഷ്ടത്തേക്കാൾ വലിയ ഒരു ഗുണം തനിക്കു ലഭ്യമല്ലെങ്കിൽ ആ സാഹസം ചെയ്യില്ല.

സ്വാർത്ഥ പരതയുടെ കാര്യത്തിലായാലും നിസ്വാർത്ഥതയുടെ കാര്യത്തിലായാലും മനുഷ്യന്റെ സാമാന്യ സ്വഭാവമാണിത്. വിവിധ കാര്യങ്ങൾ ആസ്വദിക്കാനുള്ള ഒരു സന്നദ്ധത മനുഷ്യനിൽ ഒരു സഹജഭാവമാണ്. ഭോജന-പഠന-ഭോഗ സുഖങ്ങൾ പോലുള്ളവ ഭൗതികാനന്ദങ്ങളാണെങ്കിൽ, വൈകാരികാനുഭൂതികളും, ധാർമ്മികാദർശ ബന്ധങ്ങളുടെയോ ആത്മ സൗഹൃദത്തിന്റെയോ പേരിലുള്ള ഇഷ്ടവും ഭൗതികേതരമായ ആസ്വാദനങ്ങളാണ്. ആ ആസ്വാദന സന്നദ്ധത വ്യക്തികളിൽ വ്യത്യസ്ത അളവിലായിരിക്കും. അതിന്റെ ഫലസിദ്ധിയും വ്യക്തിയുടെ ചുറ്റുപാടുകളിലും നൈസർഗ്ഗിക ഘടകങ്ങളിലും ജീവിത പാശ്ചാത്തലത്തിലും ഉള്ള വൈജാത്യങ്ങളനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഇവയിൽ ചിലതിനുള്ള സന്നദ്ധത (ലൈംഗികാസ്വാദന ക്ഷമത ഉദാഹരണം) മനുഷ്യനിൽ പ്രകൃത്യാ വളർന്നു വരുന്നു. അതേ സമയം മറ്റുചില കാര്യങ്ങൾക്കുള്ള സന്നദ്ധത ജീവിതത്തിലൊരിക്കലും പ്രത്യക്ഷപ്പെട്ടില്ലെന്നു വരും. അവ പാകമാകണമെങ്കിൽ നൈസർഗ്ഗിക ഘടകങ്ങളുടെ സഹായം വേണ്ടിവരും. ഏറ്റക്കുറച്ചിലുകൾ അനുസരിച്ച്, അത്തരം ആസ്വാദന സന്നദ്ധതയുടെ പിന്നിൽ മനുഷ്യന്റെ പെരുമാറ്റത്തെ നിർണ്ണയിക്കുന്ന ആത്മ ബോധം അഥവാ സ്വാർത്ഥ പരത എന്ന ജന്മവാസനയുണ്ടാവും. വിശക്കുന്നവൻ മറ്റെന്തിനേക്കാളും ഭക്ഷണത്തെ ഇഷ്ടപ്പെടാനും, വേറൊരാൾ സ്വന്തം ഭക്ഷണം തന്നെ ദാനം ചെയ്യാനും കാരണം ആത്മബോധം തന്നെ. ഈ വ്യത്യാസമെന്തുകൊണ്ട്? ആദ്യത്തെ ആളുടെ കാര്യത്തിൽ, ആത്മ പരിത്യാഗത്തിന് അയാളെ പ്രേരിപ്പിക്കുന്ന ധാർമ്മികവും വൈകാരികവുമായ തത്വങ്ങൾ മറഞ്ഞുകിടക്കുന്നു-അതിനെ പുറത്തുകൊണ്ടുവരേണ്ട ശിക്ഷണത്തിലെ സഹായ ഘടകങ്ങൾ ധ്രുവീകരിക്കുകയോ സന്നദ്ധതയെ പാകപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. മറ്റേ ആൾ ആ തരത്തിൽ വളർത്തപ്പെട്ടതുകൊണ്ട് അയാൾക്ക് ധാർമ്മികവും വൈകാരികവുമായ തത്വങ്ങളെ മാനിക്കുവാനും അവയ്ക്കുവേണ്ടി സ്വാർത്ഥത്തെ ത്യജിക്കുവാനും കഴിയുന്നു.

ഒരാളുടെ പെരുമാറ്റത്തിൽ മാറ്റം വരുത്തണമെങ്കിൽ, സന്തോഷത്തെക്കുറിച്ചും പ്രയോജനത്തെക്കുറിച്ചുമുള്ള അയാളുടെ ധാരണ മാറ്റണം. അഹം ബോധമെന്ന നൈസർഗ്ഗിക വാസനയുടെ പൊതു ചട്ടക്കൂട്ടിനുള്ളിൽത്തന്നെ എങ്ങിനെ പെരുമാറണമെന്നും അയാൾ അറിയണം.

മനുഷ്യ ലോകത്തിൽ അഹം ബോധത്തിന്റെ സ്ഥാനമിതാണെങ്കിൽ, 'സ്വാർത്ഥ'മെന്നാൽ കേവലം പരിമിതമായ ഭൗതികോർജ്ജമാണെങ്കിൽ, അനന്ദമെന്നതിന്നർത്ഥം ഭൗതികമായ സുഖലോലുപത മാത്രമാണെങ്കിൽ, സ്വാഭാവികമായും മനുഷ്യന് തന്റെ മണ്ഡലം സങ്കുചിതമാണെന്നു തോന്നും. ഹ്രസ്വമായ സാദ്ധ്യതകളുള്ള തന്റെ ജീവിതത്തിന്റെ ലക്ഷ്യം അല്പം ലൗകിക സുഖം അനുഭവിക്കുക മാത്രമാണെന്നു തോന്നുന്നതും സ്വാഭാവികം തന്നെ. അതു കിട്ടാനുള്ള വഴി സമ്പത്തു മാത്രവും. സമ്പത്താണ് മനുഷ്യന്റെ ഉദ്ദേശ്യങ്ങളും മോഹങ്ങളും നേടിയെടുക്കാനുള്ളവഴി തുറക്കുന്നത്.

ഇപ്രകാരമാണ്, ഭൗതിക വാദത്തിലെ സ്വാഭാവിക പരിണതികൾ ഒരു സമ്പൂർണ്ണ മുതലാളിത്ത മനഃസ്ഥിതിയിലേയ്ക്കു നയിക്കുന്നത്.

ഇതുപോലുള്ള ഭൗതികവാദപരമായ ആദർശങ്ങൾ നിലനിർത്തിക്കൊണ്ടുത്നെ, സ്വകാര്യ ഉടമസ്ഥതയെന്ന ആശയത്തെ മാത്രം മാറ്റിനിർത്താമെന്നും പ്രശ്നം അങ്ങിനെ പരിഹരിക്കാമെന്നും കരുതുന്നതെങ്ങനെ? സ്വകാര്യ സ്വത്ത് ഇല്ലാതാക്കിക്കൊണ്ടു മാത്രം ഭൗതിക നിഷ്ഠമായ ആശയങ്ങളുടെ ദുരന്തത്തിൽ നിന്ന് ഒഴിവായി സമൂഹത്തിൽ സന്തുഷ്ടിയും സ്ഥിരതയും കളിയാടുമെന്നാണോ? സന്തോഷവും സ്ഥിരതവും എത്രത്തോളമുണ്ടാവുമെന്നത്, വലിയൊരളവോളം, ഉത്തരവാദപ്പെട്ടവരുടെ കർത്തവ്യ നിഷ്ഠയെ ആശ്രയിച്ചിരിക്കും എന്നതു ശരിതന്നെ. എന്നാൽ ഇത്തരമൊരു സാഹചര്യത്തിൽ അവർ മുതലാളിത്തം പ്രതിനിധാനം ചെയ്യുന്ന ശുദ്ധ ഭൗതികാശയങ്ങളെ പിന്തുടരുമെന്നാണു കരുതേണ്ടത്. പഴയ ഭൗതികാശയങ്ങളെ പുതിയ ദാർശനിക ചട്ടക്കൂട്ടിലാക്കി എന്ന ഒറ്റ വ്യത്യാസം മാത്രം. വ്യക്തി താല്പര്യവും പൊതു താല്പര്യവും പരസ്പരം ഇടഞ്ഞു നില്ക്കുന്നുവെന്നാണ് യുക്തി കരുതുന്നത്. അതായത്, രണ്ടിലൊന്നാണു വ്യക്തിക്കു തെരഞ്ഞെടുക്കാനുള്ളത്: ഒന്നുകിൽ മറ്റുള്ളവർക്കുവേണ്ടി കഷ്ടനഷ്ടങ്ങൾ സഹിക്കുക, അല്ലെങ്കിൽ മറ്റവരുടെ ചെലവിൽ ലാഭവും ആനന്ദവും അനുഭവിക്കുക! ഇത്തരം ധർമ്മ സങ്കടത്തിൽ പെട്ടുഴലുന്ന ഭരണാധികാരികൾ രാഷ്ട്രത്തിന്റെ അവകാശങ്ങളും ആദർശവും ലക്ഷ്യവും സംരക്ഷിക്കും എന്നെങ്ങിനെ ഉറപ്പിക്കാം? സ്വകാര്യസ്വത്തെന്ന തത്വത്തെ തന്നെ നിരാകരിച്ചതുകൊണ്ടു കാര്യമില്ല. കാരണം വ്യക്തി താല്പര്യം പ്രകടിപ്പിക്കപ്പെടുന്നത് സ്വകാര്യ സ്വത്തവകാശത്തിൽ മാത്രമല്ല-പലവിധത്തിലും രൂപത്തിലുമായിരിക്കും. കമ്യൂണിസത്തിന്റെ വക്താക്ക തന്നെ കണ്ടെത്തിയതുപോലെ,

പല ഭരണാധിപരും തങ്ങളുടേതന്നു കൊട്ടി ഘോഷിച്ച ആദർശങ്ങളിൽ നിന്നു വ്യതിചലിച്ചു എന്നതു തന്നെ അതിന്റെ തെളിവാണല്ലോ!

മുതലാളി വർഗ്ഗം സാമ്പത്തിക- വ്യക്തി സ്വാതന്ത്ര്യങ്ങളുടെ പേരിൽ സമ്പത്ത് സമാഹരിക്കുകയും, സ്വന്തം ഭൗതിക താല്ക്കുര്യമനുസരിച്ച് അതു കൈകാര്യം ചെയ്യുകയുമാണല്ലോ മുതലാളിത്തത്തിൽ സംഭവിച്ചത്. സ്വത്ത് ദേശസാല്ക്കരണത്തോടെ ആ സമ്പത്തിന് എന്തു സംഭവിക്കുന്നു? സ്വകാര്യ ഉടമസ്ഥത വിപാടനം ചെയ്ത്. എല്ലാ സമ്പത്തും രാഷ്ട്രം ഏറ്റെടുക്കുന്നതോടെ അതത്രയും രാജ്യത്തെ ഭരണകൂടത്തിനു തന്നെ കിട്ടുന്നു. മുമ്പത്തെ അതേ ഭൗതികാദർശങ്ങളാൽ പ്രചോദിതരായ ഒരു വർഗ്ഗം തന്നെയാണതും. അതുകൊണ്ട് അവരും മുൻഗണന കൊടുക്കുക സ്വന്തം വ്യക്തിഗത താൽപര്യങ്ങൾക്കായിരിക്കും. നഷ്ടപരിഹാരം കൂടാതെ മനുഷ്യൻ ഒന്നും പരിത്യജിക്കേണ്ടതില്ലെന്നാണല്ലോ അഹംബോധത്തിന്റെ തേട്ടം. ഭൗതിക താൽപര്യം പ്രഥമ ഗണനീയമായിരിക്കുന്നേടത്തോളം കാലം, മാത്സര്യത്തിന്റെയും ഏറ്റു മുട്ടലിന്റെയും പുതിയ പുതിയ മേഖലകൾ ഉണ്ടായി വരും. സമൂഹം പലതരം വിപത്തുകൾക്കു ചൂഷണങ്ങൾക്കും വിധേയരാവുകയും ചെയ്യും.

ഇത്തരം ഭൗതികാദർശങ്ങളിലും, അവയുടെ ഭൗതിക ലക്ഷ്യങ്ങളിലും അവയ്ക്കൊത്ത പ്രവർത്തനങ്ങളിലുമെല്ലാം ഒളിഞ്ഞിരിപ്പുള്ളത് മനുഷ്യരാശിക്കുള്ള ഒരു മഹാ വിപത്താണ്. ചെറുതും വലുതുമായ നിക്ഷേപങ്ങൾ ഏകീകരിച്ച്. ബുദ്ധിപരമായി പുതിയ വികാസമൊന്നും കൂടാതെ രാജ്യത്തിന്റെ കൈകാര്യ കർതൃത്വത്തിൽ വൻ സ്വത്ത് സംഭരിച്ചുണ്ടാക്കിയതുകൊണ്ട് ആ വിപത്ത് ഒഴിഞ്ഞു പോവില്ല. പകരം രാഷ്ട്രത്തെ മുഴുവൻ ഒരു വലിയ കമ്പനിയിലെ തൊഴിലാളി സംഘമാക്കി മാറ്റാനേ അത് ഉതകൂ. കമ്പനി 'ഉടമകളു'ടെയും രക്ഷാധികാരികളുടെയും അഭ്യുന്നതിക്കായി സ്വജീവിതവും അന്തസ്സും വിറ്റ് വേലയെടുക്കുന്ന തൊഴിലാളികളായി ജനങ്ങൾ മാറും.

ഈ കമ്പനി, മുതലാളിത്തത്തിലെ കമ്പനിയിൽ നിന്നു വ്യത്യസ്തമാണെന്നത് സത്യം തന്നെ. മുതലാളിത്തത്തിൽ കമ്പനി ഉടമകൾ അതിന്റെ ലാഭം സ്വന്തമാക്കുകയും തോന്നിയതുപോലെ ചെലവഴിക്കുകയും ചെയ്യുമ്പോൾ, മറ്റേ 'കമ്പനി'യുടെ ഉടമകൾ അങ്ങിനെയൊന്നും സ്വന്തമാക്കുന്നില്ലെന്നാണു വെപ്പ്. എന്നാൽ സ്വാർത്ഥകതാല്പര്യത്തിന്റെ രാജവീഥികൾ അതിലും തുറന്നു തന്നെ കിടക്കുന്നു. ജീവിതത്തെക്കുറിച്ച ഭൗതിക ദർശനം- വ്യക്തി താല്പര്യം ഒരു ലക്ഷ്യവും ന്യായവുമാക്കുന്ന ദർശനം-അവിടെയും വിരാജിക്കുന്നു!

## പ്രശ്നത്തെ എങ്ങിനെ കൈകാര്യം ചെയ്യണം

ആപത്തൊഴിവാക്കി ഒരു സുസ്ഥിരമായ സമൂഹത്തിന്റെ ആധാരസ്തംഭങ്ങളുയർത്താൻ രണ്ടു വഴിളാണു ലോകത്തിനു മുമ്പിലുള്ളത്.

ഒന്നാമത്തേത്, മനുഷ്യരാശിയെ മുഴുവൻ ഒരു പരിവർത്തനത്തിനു വിധേയമാക്കുക എന്നതാണ്. സമൂഹത്തിനും സമൂഹ താല്പര്യങ്ങൾക്കും വേണ്ടി സ്വന്തം വ്യക്തി താൽപര്യങ്ങളും പരിമിതമായ ഭൗതിക നേട്ടങ്ങളും പരിത്യജിക്കാനള്ള ഒരു ഉൾപ്രേരണ മനുഷ്യനിലുണ്ടാക്കുന്ന പുതിയൊരു പ്രകൃതം അവനിൽ സൃഷ്ടിക്കുക. ഈ ത്യാഗ സന്നദ്ധത ഉണ്ടാകേണ്ടത്, ഭൗതികാദർശങ്ങളിലും ഭൗതിക നേട്ടങ്ങളിലും ഉള്ള വിശ്വാസം കൂടി മാറ്റിക്കൊണ്ടല്ല, അതു നിലനില്ക്കെത്തന്നെയാണു താനും. മനുഷ്യ സ്വഭാവത്തിൽ നിന്ന് അഹം ബോധത്തെ ഉന്മൂലനം ചെയ്ത് പകരം സമൂഹ പ്രേമം ഉണ്ടാക്കിയാൽ അതു സാദ്ധ്യമാകും. അങ്ങിനെയായാൽ മനുഷ്യൻ ഒരു പുതിയ സഹജസ്വഭാവത്തോടെ ജനിക്കും: സമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്കല്ലാതെ സ്വന്തത്തോടൊരു മമതയുമില്ലാത്ത, പൊതു സന്തോഷത്തെയും താല്പര്യത്തെയും പ്രതിനിധാനം ചെയ്യുന്ന നിലയ്ക്കല്ലാതെ സ്വന്തം സന്തോഷങ്ങളിലും നേട്ടങ്ങളിലും ആനന്ദം കാണാത്ത, ഒരു പുതിയ ജന്മഗുണം. അപ്പോൾ ആ സമൂഹക്ഷേമേച്ഛ മതിയാകും സമൂഹത്തിന്റെ താൽപര്യ സംരക്ഷണവും ലക്ഷ്യപ്രാപ്തിയും സ്വയമേവ ഉറപ്പുവരുത്താൻ!

രണ്ടാമത്തെ വഴി, കമ്യൂണിസത്തിന്റെ വക്താക്കൾ മനുഷ്യഭാഗധേയത്തിൽ കൈവരുമെന്നു സ്വപ്നം കാണുന്ന സാദ്ധ്യതയാണ്. ലോകത്തെ ഉടച്ചുവാർത്ത്, സമൂഹത്തെയും സമൂഹ താൽപര്യങ്ങളെയും താനേ സേവിക്കാൻ പ്രാപ്തമായ ഒരു പുനഃസൃഷ്ടിയത്രെ അത്. അതായത്, ലോക നേതൃത്വം കമ്യൂണിസ്റ്റുകളെ ഭരമേൽപിക്കുക-രോഗ ബാധിതമായ അംഗം ഛേതിച്ചു കളയുകയോ വികലാവയവങ്ങൾ നേരെയാക്കുകയോ ചെയ്യാൻ ഒരു രോഗി സ്വയം സർജ്ജനു സമർപ്പിക്കുന്നതു പോലെ! മനുഷ്യനെ ശസ്ത്രക്രിയക്കാരന്റെ കാരുണ്യത്തിനു വിട്ടുകൊടുക്കുന്ന ഈ ഓപ്പറേഷൻ എത്രകാലം നീണ്ടുനില്ക്കുമെന്ന് ആർക്കും അറിയില്ല. അതിനു മനുഷ്യൻ സ്വയം വഴങ്ങുന്നു എന്നതുതന്നെ ജനാധിപത്യ മുതലാളിത്തത്തിൽ അവൻ സഹിച്ച അനീതിക്കുള്ള തെളിവാണ്. ''സ്വാതന്ത്ര്യങ്ങളെ''ന്നു പറയപ്പെടുന്നവ കാട്ടി അവസാനം മനുഷ്യന്റെ അന്തസ്സു കവർന്ന്, അവന്റെ രക്തം ഊറ്റിക്കുടിച്ചുകൊണ്ട് മുതലാളിത്തം ചെയ്തത്, അവനെ ചമ്മന്തിപ്പരുവമാക്കി ഭരണ കർത്താക്കളെന്ന വത്സല വർഗ്ഗത്തിന് വിളമ്പിക്കൊടുക്കുകയാണ്!

മനുഷ്യനെ 'ആയുധവൽക്കരിക്കു'കയും പുനഃസൃഷ്ടിക്കുകയുമാണ് പ്രശ്നത്തിനുള്ള പരിഹാരം എന്ന ഈ അഭിപ്രായം, അഹംബോധത്തെസംബന്ധിച്ചുള്ള മാർക്സിസ്റ്റ് വ്യാഖ്യാനത്തിലാണ് ഊന്നുന്നത്. ആത്മപ്രേമം (അഹം ബോധം) ഒരു നൈസർഗ്ഗിക പ്രവണതയോ മനുഷ്യനിലെ ജന്മ

സിദ്ധമായൊരു പ്രതിഭാസമോ അല്ലെന്നാണ് മാർക്സിസം വിശ്വസിക്കുന്നത്. സ്വകാര്യ ഉടമസ്ഥതയിലധിഷ്ഠിതമായ സാമൂഹ്യ സ്ഥിതിയുടെ ഫലമാണത്രെ അത്: കാരണം മനുഷ്യന്റെ ആത്മീയവും ആന്തരികവുമായ സ്വഭാവത്തെ നിർണ്ണയിക്കുന്നത് സ്വകാര്യ ഉടമസ്ഥതയ്ക്കു നൽകപ്പെടുന്ന സാമൂഹ്യ പദവിയാണ്. വ്യക്തിയിൽ അത് വ്യക്തി താൽപര്യങ്ങളോടും സ്വകാര്യ നേട്ടങ്ങളോടുമുള്ള പ്രതിപത്തി ഉണ്ടാക്കുന്നു. സാമൂഹ്യ സൗധം നിലക്കൊള്ളുന്ന അടിത്തറകളിൽ ഒരു വിപ്ലവം നടക്കുകയും, സ്വകാര്യ ഉടമസ്ഥതക്കു പകരമായി പൊതു ഉടമസ്ഥതയും സോഷ്യലിസവും നടപ്പിലാവുകയും ചെയ്താൽ, ആ പരിവർത്തനം സമൂഹത്തിന്റെ സകല മൂലകളിലും മനുഷ്യന്റെ അന്തരംഗത്തിലും ഒരുപോലെ പ്രതിബിംബിക്കും. അങ്ങിനെ അവന്റെ വ്യക്തി വികാരങ്ങൾ പൊതു വികാരങ്ങളായും, സ്വാർത്ഥ താൽപര്യത്തോടും സ്വാർത്ഥ ലാഭത്തോടുമുള്ള പ്രേമം പൊതു താല്പര്യത്തോടും പൊതു ലാഭത്തോടുമുള്ള ഇഷ്ടമായും മാറും. ഇസ്ലാമിലെ ഉടമസ്ഥാവകാശത്തിന്റെ സ്ഥാനവും, സർവ്വ താൽപര്യങ്ങളെയും നിർണ്ണയിക്കുന്ന മൊത്തം പ്രതിഭാസങ്ങളുടെ ആകത്തുകയും തമ്മിലുള്ള സന്തുലന നിയമം അനുസരിച്ചാണ് അതുണ്ടാവുക.

അഹംബെധത്തെപ്പറ്റിയുള്ള ഈ മാർക്സിസ്റ്റ് ഭാഷ്യം വാസ്തവത്തിൽ അഹംബോധമെന്ന യാഥാർത്ഥ്യവും സാമൂഹ്യ പരിതഃസ്ഥിതികളും തമ്മിലുള്ള ബന്ധത്തെ തലതിരിച്ചാണു കാണുന്നത്. അല്ലെങ്കിൽപ്പിന്നെ, വ്യക്തി താല്പര്യം സ്വകാര്യ ഉടമസ്ഥതയുടെയും അതിൽനിന്നുള്ള വർഗ്ഗ വൈപരീത്യങ്ങളുടെയും ഫലമാണെന്നു വിശ്വസിക്കുന്നതെങ്ങനെ? വ്യക്തി താൽപര്യം ആദ്യമേ മനുഷ്യന്നില്ലായിരുന്നുവെങ്കിൽ അവൻ അത്തരം വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുകയോ സ്വകാര്യ സ്വത്തിനെയും സ്വകാര്യക്കുത്തകയെയും പറ്റി ചിന്തിക്കുകയോ ഇല്ലായിരുന്നു. അന്യരുടെ ചെലവിൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിധം വ്യവസ്ഥയുണ്ടാക്കി അതിന്റെ നേട്ടങ്ങൾ കുത്തകയാക്കി വെക്കുന്ന മനുഷ്യൻ, തന്റെ അന്തരാളത്തിൽ സ്വാർത്ഥപരത കുടിയിരിക്കുന്നില്ലെങ്കിൽ അങ്ങനെ ചെയ്യുമോ? വസ്തുത ഇതാണ്: സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വാർത്ഥത, വ്യക്തി താൽപര്യത്തിന്റെ-അഹംബോധത്തിന്റെ-സാമൂഹിക പ്രകാശനമാകുന്നു. സമൂഹത്തിലാവുമ്പോൾ ഈ സ്വാർത്ഥ പ്രേരണ വ്യക്തിയിലെക്കാൾ ആഴത്തിലോടുന്നു. അതു കൊണ്ടു തന്നെ, അത്തരം ഫലങ്ങൾ ഇല്ലാതാക്കുന്നതു കൊണ്ടു മാത്രം അത് അപ്രത്യക്ഷമാവുകയോ അതിന്റെ വേരുകൾ പിഴുതുമാറ്റപ്പെടുകയോ ഇല്ല- രൂപ ഭാവങ്ങളിൽ വിഭിന്നമായ ഫലങ്ങളുണ്ടാക്കാമെന്നേയുള്ളൂ. അപ്പോഴും അവ അടിസ്ഥാനപരമായി മാറാതെ നില്ക്കും.

തീർന്നില്ല, വ്യക്തി താൽപര്യത്തെ അഥവാ അഹംബോധത്തെ മാർക്സിസം വ്യാഖ്യാനിക്കുന്നത് സമൂഹത്തിനുള്ളിൽ വ്യക്തിവാദത്തിന്റെ പ്രതിഫലനമായാണ്. സ്വകാര്യഉടമസ്ഥ അതിന്റെ ഉദാഹരണവും അങ്ങിനെയാവുമ്പോൾ സ്വകാര്യ സ്വത്ത് നിർമ്മാർജ്ജനം ചെയ്തതുകൊണ്ട്, വ്യക്തി താൽപര്യത്തിന്റെ വ്യക്തിഗതമായ വശം ഇല്ലാതാവും എന്നല്ലെയുള്ളൂ? കാരണം സ്വകാര്യ ഉടമസ്ഥത ഒരു വ്യക്തി കേന്ദ്രിത പ്രതിഭാസമാണെന്നിരിക്കിലും അത്ര അന്യാദൃശമൊന്നുമല്ല- സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പോലുമുണ്ടല്ലോ സ്വകാര്യ മാനേജ്മെന്റ് എന്ന പ്രതിഭാസം! ഉല്പാദനോപാധികളുടെ കാര്യത്തിൽ സ്വകാര്യ ഉടമസ്ഥതയെ സോഷ്യലിസം ഇല്ലാതാക്കി എന്നതു ശരിതന്നെ. എന്നാൽ ഭരണകൂടം സ്വകാര്യമായി അവയെ നിയന്ത്രിക്കുന്നതിനു സാധുത നല്കിയിരിക്കുന്നു. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം നടപ്പാക്കുന്ന ഭരണകൂടം ഉല്പാദനോപാധികളുടെ മേൽനോട്ടവും മാനേജ്മെന്റും കുത്തകയാക്കിവെക്കുന്നു. സമൂഹത്തിലെ സകല വ്യക്തികളുടെയും പൊതുവായ ഒരു സാമൂഹ്യ മാനേജ്മെന്റ് ഉൽപാദനോപാധികളെ ദേശസാല്ക്കരിക്കുക; അതോടൊപ്പം തന്നെ ഭരണകൂടം അവയെ മാനേജ് ചെയ്യുക-ഈ ഏർപ്പാട് യുക്തിക്കു ചേരുന്നതല്ല. അപ്പോൾ നമുക്കു പറയേണ്ടി വരുന്നു, സോഷ്യലിസത്തിലും സുവ്യക്തമായ ഒരു വ്യക്തിവാദ പ്രതിഭാസം നിലനില്ക്കുന്നുവെന്ന്. അത്തരം പ്രതിഭാസം വ്യക്തി താല്പര്യത്തെ നിർത്തുമെന്നതും, സ്വകാര്യ ഉടമസ്ഥത ചെയ്തിരുന്നതുപോലെത്തന്നെ മനുഷ്യ മനസ്സിൽ നിരന്തരം പ്രതിദ്ധ്വനി സൃഷ്ടിക്കുമെന്നതും, സ്വാഭാവികം മാത്രമാകുന്നു.

പ്രശ്ന പരിഹാരത്തിനുള്ള ഒന്നാം മാർഗ്ഗം എത്രത്തോളം ഫലവത്താണെന്ന് ഇവിടെ നാം മനസ്സിലാക്കുന്നു- സ്വകാര്യ ഉടമസ്ഥതയ്ക്കുനിയമ സാധുത നിഷേധിച്ച് അതിനെ നിയമ വിരുദ്ധമാക്കുകയും അങ്ങിനെ മനുഷ്യനെ ‘ആധുനിക വല്ക്കരിക്കുക’യും ചെയ്യുക എന്നതാണ് പ്രശ്നത്തിനുള്ള ഏക പരിഹാരമെന്നു വിശ്വസിക്കുന്ന കമ്യൂണിസ്റ്റ് മാർഗ്ഗത്തിന്റെ ഫലസിദ്ധി!

ഇനി മറ്റേ മാർഗ്ഗമെന്തെന്നു നോക്കാം. ഇസ്ലാം പിന്തുടരുന്ന മാർഗ്ഗമാണത്. പ്രശ്നത്തിനുള്ള ഒരേയൊരു പരിഹാരം മനുഷ്യന്റെ ഭൗതികവാദപരമായ ജീവിത വീക്ഷണത്തെ വികസിപ്പിക്കലാണെന്ന് ഇസ്ലാം കരുതുന്നു. സ്വകാര്യ ഉടമസ്ഥതയെ പാടെ ഇല്ലാതാക്കിക്കൊണ്ടല്ല ഇസ്ലാമിന്റെ തുടക്കം. പകരം ഭൗതികവാദപരമായ ജീവിതാദർശത്തെ അതിജയിച്ച് ജീവിതത്തിന് പുതിയൊരു ആദർശം നല്കുകയാണ് ചെയ്യുന്നത്. ആ ആദർശത്തിലധിഷ്ഠിതമായ വ്യവസ്ഥിതിയിൽ വ്യക്തി സാമൂഹ്യയന്ത്രത്തിലെ വെറുമൊരു ഉപകരണമല്ല; സമൂഹം വ്യക്തിയെ സേവിക്കാനുള്ള സംഘവുമല്ല. മറിച്ച് ഓരോന്നിനും അതിന്റെ അവകാശം അനുവദിച്ചു കൊടുക്കുന്നു ഇസ്ലാം. വ്യക്തിക്ക് ആത്മീയവും ഭൗതികവുമായ അന്തസ്സ് അത് ഉറപ്പു നൽകുന്നു. ജനാധിപത്യ മുതലാളിത്ത വ്യവസ്ഥിതിയിലും അതിൽ നിന്നു പൊട്ടിമുളയ്ക്കുന്ന മറ്റു വ്യവസ്ഥിതികളിലുമുള്ള രോഗത്തിന്റെ യഥാർത്ഥ കാരണങ്ങളിൽ തന്നെയാണ് ഇസ്ലാം കൈവെക്കുന്നത്. മനുഷ്യ പ്രകൃതിയുമായി യോജിക്കുന്ന

വിധത്തിൽ തന്നെ അവ ഉന്മൂലനം ചെയ്യപ്പെടുന്നു. മനുഷ്യജീവിതം അനുഭവിച്ച ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും അടിസ്ഥാന കാരണം ജീവിതത്തെപ്പറ്റിയുള്ള ഭൗതികവാദ വീക്ഷണമാണ്. ഭൂമിയിലെ ജീവിതം മാത്രമേ പരിഗണനയർഹിക്കുന്നുള്ളൂ എന്ന സങ്കൽപമാണ് ഭൗതിക വീക്ഷണത്തിന്റെ ആകത്തുക. ഓരോ പ്രവൃത്തിയുടെയും മാനദണ്ഡമായി വ്യക്തി താൽപര്യത്തെ സ്ഥാപിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ജനാധിപത്യ മുതലാളിത്തം തകരാൻ വിധിക്കപ്പെട്ടതാണ്; പരാജയപ്പെടുക തന്നെ ചെയ്യും. കമ്യൂണിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ വക്താക്കൾ ആരോപിക്കുന്ന കുറ്റങ്ങൾകൊണ്ടല്ല അതു തകരുക-'നമ്മുടെ ദർശനം', 'നമ്മുടെ സമ്പദ്‌വ്യവസ്ഥ' എന്നീ കൃതികളിൽ ഞാൻ വ്യക്തമാക്കിയതു പോലെ, അത്തരം ആരോപണങ്ങൾക്കു പിന്നിലെ ആദർശങ്ങളിൽ നിന്നും അവയുടെ താർക്കിക രീതിയിൽ നിന്നും ഇസ്‌ലാമിക ദർശനവും സമ്പദ്‌വ്യവസ്ഥയും ഭിന്നമാണ്. മുതലാളിത്തത്തിന്റെ തകർച്ചയ്ക്കു നിദാനം അതിന്റെ ആത്മവൈരുദ്ധ്യങ്ങളും സ്വകാര്യ ഉടമസ്ഥതയിൽ അന്തർലീനമായിരിക്കുന്ന വിധ്വംസക ഘടകങ്ങളും ആയിരിക്കും.

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ, മുതലാളിത്തത്തെ ബാധിച്ചിട്ടുള്ള ദുര്യോഗത്തിന്റെ കാരണം അതിന്റെ ശുദ്ധ ഭൗതികാശയങ്ങളാണ്. ആ വ്യവസ്ഥിതിയുടെ സ്വഭാവവും ലക്ഷ്യവും സ്വീകരിക്കുന്ന ഏതു ക്രമത്തിലും ജനങ്ങൾ സംതൃപ്തരായിരിക്കില്ല.

ഈ സാഹചര്യത്തിൽ നമുക്കാവശ്യം ഭൗതികാശയങ്ങൾക്കുപകരം മറ്റൊരു പ്രഭവ കേന്ദ്രമാണ്; അതിൽ നിന്നു വേണം സാമൂഹ്യ വ്യവസ്ഥക്കു ദാഹം തീർക്കാൻ. ജീവിതത്തെക്കുറിച്ചുള്ള ശരിയായ വീക്ഷണത്തിൽ നിന്നു ജന്മമെടുക്കുന്ന- മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നത്തെയും ലോക സംഭവങ്ങളെയും ആ പരിപ്രേക്ഷ്യത്തിൽ നോക്കിക്കാണുന്ന-കൃത്യമായൊരു രാഷ്ട്രീയാവബോധമാണ് ആവശ്യം. മറ്റെല്ലാ രാഷ്ട്രീയാവബോധങ്ങളെയും തുടച്ചു നീക്കിക്കൊണ്ട് അത്തരമൊരു അവബോധം ലോകത്ത് പാകമെത്തി വന്നാൽ ലോകം ദീപ്തിമത്തായ, സന്തോഷ പൂരിതമായ ഒരു പുതു ജീവിതത്തിൽ പ്രവേശിക്കും.

ഗഹനമായ ഈ രാഷ്ട്രീയാവബോധമാണ് ലോകത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം. അത്തരമൊരു വിമോചനത്തിന്റെ സന്ദേശം തന്നെയാണ്, ജീവിതത്തെയും പ്രപഞ്ചത്തെയും പറ്റിയുള്ള നൂതനമായൊരു ധൈഷണികാധിഷ്ഠാനത്തിൽ നിന്ന് സ്വന്തം സാമൂഹ്യ വ്യവസ്ഥിതിക്കു രൂപം കൊടുത്തിട്ടുള്ള ഇസ്‌ലാമിന്റെ അനശ്വര സന്ദേശവും. നാം ഇതുവരെ അപഗ്രഥിച്ച എല്ലാ വ്യവസ്ഥിതികളിൽ നിന്നും വ്യത്യസ്തമാണത്.

അത്തരമൊരു ധൈഷണികാടിത്തറയിലൂടെ ജീവിതത്തോടു മനുഷ്യനുണ്ടാവേണ്ട കാഴ്ചപ്പാടെന്തെന്ന് ഇസ്‌ലാം നിശ്ചയിക്കുന്നു. തന്റെ ജീവിതം ഇയിരെടുക്കുന്നത് അന്യൂനമായ സമ്പൂർണ്ണതയുടെ തത്വത്തിൽ നിന്നാണെന്ന വിശ്വാസം ഇസ്‌ലാം മനുഷ്യനിലുണ്ടാക്കുന്നു. ഈ ജീവിതം ദുരിതമോ വ്യാകുലതമോ ഇല്ലാത്ത മറ്റൊരു ലോകത്തിലേക്കുള്ള തയ്യാറെടുപ്പ് മാത്രമാണ്. സഞ്ചാരപഥങ്ങളിലും നടപടികളിലുമെല്ലാം ഒരു പുതിയ മാനദണ്ഡം മനുഷ്യനു പ്രദാനം ചെയ്യുന്ന ഇസ്‌ലാം. സർവ്വശക്തനായ ദൈവത്തിന്റെ പ്രീതിയാണ് ആ ധാർമ്മിക മാനദണ്ഡം. വ്യക്തി താല്പര്യത്തിന്റെ പ്രലോഭനങ്ങളെല്ലാം ഇവിടെ അനുവദനീയമാവണമെന്നില്ല. അതേസമയം വ്യക്തിക്കു നഷ്ടം വരുത്തുന്നതെല്ലാം അനഭിലഷണീയവും വിലക്കപ്പെട്ടതുമാണ്. മനുഷ്യ ജീവിതത്തിന്റെ പരമ ലക്ഷ്യം ദൈവീക പ്രീതിയാകുന്നു. അതു കൈവരിക്കുന്നതിൽ അവൻ എത്രമാത്രം വിജയിച്ചു എന്നതാണ് അവന്റെ സർവ്വ ചെയ്തികളും അളന്നു നോക്കാനുള്ള മാനദണ്ഡം. സദ്ഗുണനായ മനുഷ്യൻ ആ ലക്ഷ്യം പ്രാപിക്കുന്നവനാണ്. സമ്പൂർണ്ണമായ ഇസ്‌ലാമിക വ്യക്തിത്വമെന്നത്, ആ ലക്ഷ്യത്തിന്റെ മാർഗ്ഗദർശനമനുസരിച്ചും ആ മാനദണ്ഡത്തിന്റെ വെളിച്ചത്തിലും അതിന്റെ പരിധിക്കുള്ളിൽ മാത്രമായും ഓരോ അടിയും ചരിക്കുന്നവന്റേതത്രെ.

ആശയാദർശങ്ങളിലും മാനദണ്ഡത്തിലും ലക്ഷ്യത്തിലും വലിയൊരു മാറ്റം തന്നെയാണിത്. എന്നാൽ കമ്യൂണിസം ഉദ്ദേശിച്ചതുപോലെ, മനുഷ്യ പ്രകൃതിയെത്തന്നെ മാറ്റി പുതിയൊരു രീതിയിൽ സൃഷ്ടിക്കപ്പെടുകയല്ല മനുഷ്യൻ. അഹംബോധമെന്നത് മനുഷ്യന് ജന്മസിദ്ധമാണ്. ആത്മസ്നേഹവും വ്യക്തിഗത മോഹങ്ങൾ നിറവേറ്റാനുള്ള ത്വരയും മനുഷ്യന്റെ സ്വാഭാവിക ഗുണങ്ങളത്രെ. മനുഷ്യന് സ്വയം അനുഭവസിദ്ധമായ ഒരു വസ്തുതയാണ് സ്വർത്ഥം അഥവാ അഹംബോധംസ ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ പരീക്ഷണത്തെക്കാൾ സുവ്യക്തവും സുതാര്യവുമായി ചരിത്രം ആ വസ്തുത തെളിയിച്ചിട്ടുണ്ട്. അത്തരം ഒരു ചോദന അവനിൽ അന്തർലീനമല്ലായിരുന്നുവെങ്കിൽ, പ്രാചീന മനുഷ്യൻ സമൂഹത്തിൽ അംഗമാകും. മുമ്പ് സ്വന്തം ആവശ്യ നിർവ്വഹണത്തിനും സ്വയം പ്രതിരോധത്തിനും ധൃതി കാണിക്കേണ്ടതില്ലായിരുന്നു. സ്വന്തം പ്രാകൃത രീതികളിലൂടെ അവൻ സ്വന്തം ജീവൻ സംരക്ഷിച്ചതും ജീവിതം നിലനിർത്തിയതുമെല്ലാം എന്തിനായിരുന്നു? സ്വന്തം അഗ്രഹ പൂർത്തീകരണത്തിന്! അവസാനം ആവശ്യ നിവൃത്തിക്കും ദേഹ രക്ഷക്കും വേണ്ടത്തന്നെ മറ്റുള്ളവരുമായിച്ചേർന്ന് സാമൂഹ്യ ജീവിതം തുടങ്ങി. ഇതനെല്ലാം പ്രചോദകമായിരുന്നത് പ്രകൃതിദത്തമായ അഹംബോധം തന്നെയായിരുന്നു. അഹം ബോധത്തിന് മനുഷ്യ പ്രകൃതിയിൽ ഇത്രയും അഭേദ്യമായ സ്ഥാനമാണുള്ളതെങ്കിൽ, ഏതു വൻപ്രശ്നത്തിന്റെ പരിഹാരത്തിനും ആ യാഥാർത്ഥ്യത്തിലുള്ള വിശ്വാസം അടിസ്ഥാനമായിരിക്കേണ്ടതാണ്. മറിച്ച് മനുഷ്യ സ്വഭാവത്തെ പരിവർത്തിപ്പിക്കുകയോ അടിച്ചമർത്തുകയോ ആണു ചെയ്യുന്നതെങ്കിൽ അത്തരം പരിഹാരം കേവലാശ

യമായി നില്ക്കുകയേ ഉള്ളൂ. മനുഷ്യൻ നയിച്ചുവരുന്ന ജീവിതത്തിന്റെ പ്രയുക്ത യാഥാർത്ഥ്യവുമായി ഒരു ബന്ധവും അതിനുണ്ടാവില്ല.

## മതത്തിന്റെ സന്ദേശം

ഇവിടെയാണു മതം അതിന്റെ മഹത്തായ സന്ദേശം നല്കുന്നത്. മറ്റൊന്നിനും നൽകാനാവാത്ത ആ സന്ദേശത്തിന്റെ രചനാത്മകമായ ലക്ഷ്യങ്ങളും മത മൂല്യങ്ങളിലൂടെയല്ലാതെ നേടിയെടുക്കാനാവില്ല. മതം സാധിച്ചെടുക്കുന്നത്, മനുഷ്യൻ സ്വയം സ്വീകരിച്ച ധാർമ്മിക മാനദണ്ഡവും അവന്റെ പ്രകൃതിയിൽ കേന്ദ്രീകരിച്ചു നില്ക്കുന്ന അഹംബോധമെന്ന ജന്മവാസനയും സമന്വയിപ്പിക്കുക എന്നതാണ്.

മറ്റുവാക്കുകളിൽ പറഞ്ഞാൽ, ജീവിതത്തിന്റെയും ജീവിതവ്യാപാരങ്ങളുടെയും നൈസർഗ്ഗികാധാരത്തെ-അഹംബോധത്തെ-യും, പ്രവർത്തനങ്ങൾക്കും ജീവിതത്തിനും അടിസ്ഥാനമായിരിക്കേണ്ട ധാർമ്മികമാനദണ്ഡത്തെയും മനുഷ്യകുലത്തിന് സന്തുഷ്ടിയും ക്ഷേമവും നീതിയും ഉറപ്പുവരുത്തും വിധം ഏകീകരിക്കുകയാണ് മതം ചെയ്യുന്നത്.

നൈസർഗ്ഗിക മാനദണ്ഡം ആവശ്യപ്പെടുന്നത്, സമൂഹത്തിന്റെ താൽപര്യങ്ങളേക്കാളും സമൂഹത്തിന്റെ ഐക്യം നിലനിർത്തുന്ന ഘടകങ്ങളേക്കാളുമൊക്കെ സ്വന്തം വ്യക്തി താൽപര്യങ്ങൾക്കു പ്രാമുഖ്യം കല്പിക്കണം എന്നത്രെ. അതേ സമയം സർവ്വ താൽപര്യങ്ങളും സമമായിക്കാണുന്ന അടിസ്ഥാന മാനദണ്ഡത്തെസ്സംബന്ധിച്ചേടത്തോളം വ്യക്തിഗതവും സാമൂഹികവുമായ പ്രമാണങ്ങൾ പരസ്പര സന്തുലനം പുലർത്തുന്നവയാണുതാനും.

എങ്ങനെയാണു രണ്ടു മാസദണ്ഡങ്ങളെയും ഏകോപിപ്പിക്കാൻ കഴിയുക? തോന്നിയതുപോലെ സ്വാർത്ഥ വളർത്തി ദുരന്തങ്ങൾ വരുത്തിവെക്കുന്ന ഘടകമായി ദീർഘനാൾ നിലനിന്ന മനുഷ്യപ്രകൃതി, എല്ലാവർക്കും നന്മയും സന്തുഷ്ടിയും പ്രദാനം ചെയ്യുന്ന ഘടകമായി വ്യക്തിയിൽ പുനഃസ്ഥാപിക്കപ്പെടും വിധം അവരണ്ടും എങ്ങനെ സംയോജിക്കും?

അപഥസഞ്ചാരം നടത്തിയ മനുഷ്യ വർഗ്ഗത്തിൽ ഈ ഏകോപനവും സംയോജനവും മതം ഉറപ്പു നൽകുന്ന രീതിയിൽ തന്നെ സംഭവിക്കും. അത് രണ്ടു വിധത്തിലാവാം:

ആദ്യത്തേത്, ജീവിതത്തെക്കുറിച്ചുള്ള യഥാർത്ഥ വ്യാഖ്യാനത്തെ ഊന്നിക്കൊണ്ടുള്ളതാണ്. ജീവിതത്തെ അതിന്റെ തനതായ വർണ്ണത്തിൽ തന്നെ ഗ്രഹിച്ച് ആ ഗ്രാഹ്യത്തിനു പ്രചാരം കൊടുക്കുക; ഈ നശ്വര ജീവിതം ഒരു നിത്യ ജീവിതത്തിന്റെ നാന്ദിയാണെന്നും, ഇതിൽ ദൈവ പ്രീതി കാംക്ഷിച്ചുകൊണ്ട് പരിശ്രമിച്ചാൽ അതിനനുസരിച്ച് ആ നിത്യ ജീവിതത്തിൽ ആനന്ദം ലഭിക്കുമെന്നും ഉള്ള യാഥാർത്ഥ്യം പ്രചരിപ്പിക്കുക. അതായത്, ധാർമ്മിക മാനദണ്ഡത്തിന്റെ ലക്ഷ്യം ദൈവീക പ്രീതി നേടലാണ് എങ്കിലും, അത് അതിന്റെ മഹത്തായ സാമൂഹ്യ താൽപര്യങ്ങളും അവയോടൊപ്പം വ്യക്തി താല്പര്യങ്ങളും സ്വയമേവ നേടിയെടുക്കുന്നു. ഒരു സന്തുഷ്ട സമൂഹത്തിന്റെ സംസ്ഥാപനത്തിലും സമൂഹ പ്രശ്നങ്ങളിൽ നീതിന്യായനിർവ്വഹണത്തിലും മനുഷ്യനെ മതം പങ്കാളിയാക്കുന്നു. അതിലൂടെ അവൻ ദൈവ പ്രീതി സമ്പാദിക്കുന്നു: കാരണം സമൂഹ നിർമ്മാണം അവന്റെ വ്യക്തിപരമായ നേട്ടത്തിൽ എണ്ണപ്പെടും. ഈ രംഗത്തുള്ള ഓരോ പ്രവർത്തനത്തിനും ദൈവം പ്രതിഫലം നൽകുകയും ചെയ്യും.

സമൂഹത്തിന്റെ പ്രശ്നം വ്യക്തിയുടേതുകൂടിയാണ്, മത തത്വങ്ങളുടെയും ആദർശങ്ങളുടെയും വീക്ഷണത്തിൽ. ഈ വിധത്തിലുള്ള ഒരു ഉദ്ഗ്രഥനം ഭൗതികവാദപരമായ ജീവിതഗ്രാഹ്യത്തിൽ ഉണ്ടാവില്ല. കാരണം മറ്റൊന്നുമല്ല: ഭൗതികവാദപ്രകാരം മനുഷ്യന്റെ സ്വാഭാവിക പരിഗണന അർഹിക്കുന്നത് അവന്റെ തത്ക്കാല സാദ്ധ്യതയും പരിമിതമായ ആയുസ്സും മാത്രമാണ്. ഇസ്ലാം കാണിച്ചുതരുന്ന, യാഥാർത്ഥ്യാധിഷ്ഠിതമായ ജീവിത വ്യാഖ്യാനത്തിനു വിരുദ്ധമാണിത്. ഇസ്ലാം മനുഷ്യന്റെ സീമകൾ വികസിപ്പിക്കുന്നു. സ്വന്തം ലാഭത്തിന്റെയും സ്വാർത്ഥ താല്പര്യങ്ങളുടെയും നേർക്ക് കൂടുതൽ ഉദാത്തമായ സമീപനം കൈക്കൊള്ളാൻ അവനെ നിർബ്ബന്ധിക്കുന്നു. ആ ഗഹന വീക്ഷണത്തിൽ, തല്ക്കാലം നഷ്ടമായിത്തോന്നിച്ചിരുന്നത് സത്യത്തിൽ ലാഭമാണെന്നും താല്ക്കാലിക ലാഭം അന്തിമ നഷ്ടമാവുമെന്നും അവനു ബോദ്ധ്യം വരുന്നു. ''വല്ലവനും നല്ലതു പ്രവർത്തിച്ചാൽ അവനു തന്നെയാണതിന്റെ ഗുണഫലം. വല്ലവനും ചീത്ത പ്രവർത്തിച്ചാൽ അതവനു തന്നെ ദൂഷ്യവും.

(ഖുർആൻ, 41:46)

''ആണാവട്ടെ, പെണ്ണാവട്ടെ, വിശ്വാസിയായിക്കൊണ്ട് നല്ലതു പ്രവർത്തിച്ചതാരോ, അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും. അവിടെ അവർക്ക് കണക്കില്ലാതെയാണ് നല്കപ്പെടുക''

(ഖുർആൻ, 40:40)

''അന്നു സ്വന്തം പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതിനായി ജനങ്ങൾ ചിന്നിച്ചിതറിവരും. അപ്പോൾ ആർ ഒരണുമണിത്തൂക്കം നന്മ ചെയ്തുവോ അതവൻ കാണും. ഒരണുമണിത്തൂക്കം തിന്മ ആർ ചെയ്തുവോ അതവനും കാണും.''

(ഖുർആൻ, 99:6-3)

''എന്തുകൊണ്ടെന്നാൽ, ദൈവമാർഗ്ഗത്തിൽ അവർക്കു വല്ല ദാഹമോ ക്ലേശമോ വിശപ്പോ ബാധിക്കുകയോ, അവിശ്വാസികൾക്ക് അരോചകമായ വല്ലേടത്തും അവർ കാൽ കുത്തുകയോ ചെയ്യുന്നുവെങ്കിൽ, അതെല്ലാം അവർക്ക് ഓരോ സൽക്കർമ്മമായി രേഖപ്പെടുത്താതിരിക്കുന്നതല്ല. നന്മ ചെയ്യുന്നവരുടെ പ്രതിഫലം ഒരിക്കലും ദൈവം പാഴാക്കുകയില്ല. ചെറുതോ വലുതോ ആയ എന്തെങ്കിലും ചെലവഴിക്കുന്നതും ഏതെങ്കിലും താഴ്‌വര മുറിച്ചു കടന്നാൽ അതും അവർക്കു വേണ്ടി എഴുതപ്പെടാതിരിക്കുകയില്ല. അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനേക്കാൾ നല്ലത് ദൈവം അവർക്കു പ്രതിഫലമായി നല്കേണ്ടതിന്നാണിത്''(ഖുർആൻ, 9:120-121)

നേരത്തെ സൂചിപ്പിച്ച രണ്ടുവിധം ശൈലികളിൽ ഒന്നാമത്തേതിന്റെ നിദർശനമെന്ന നിലയ്ക്ക് മതം കാണിച്ചു തരുന്ന ഉജ്ജ്വല ചിത്രങ്ങളിൽ ചിലതു മാത്രമാണിവ. ഇരു മാനദണ്ഡങ്ങളെയും ഏകോപിപ്പിക്കാനും രണ്ടു തുലാസ്സുകളെയും സംയോജിപ്പിക്കാനും വേണ്ടി-വ്യക്തിതാല്പര്യത്തെ ജീവിത നന്മകളുടെ മാർഗ്ഗവുമായി കൂട്ടിയിണക്കാനും, വ്യക്തിയുടെ താൽപര്യത്തെ വികസിപ്പിച്ച് ഇസ്‌ലാം വരച്ചു കാട്ടിയ രീതിയിൽ പൊതു താല്പര്യവും വ്യക്തിതാല്പര്യവും പരസ്പരബദ്ധമാണെന്ന് വ്യക്തിയെ ബോദ്ധ്യപ്പെടുത്താനും വേണ്ടി-ഇസ്‌ലാം കൈകൊള്ളുന്ന ശൈലിയാണിത്.[6]

വ്യക്തിയുടെയും സമൂഹത്തിന്റെയും ഉത്തമ താല്പര്യങ്ങളെ ബന്ധിപ്പിക്കുന്ന മതത്തിന്റെ മറ്റേ വഴി, മനുഷ്യനെ ആത്മീയമായി പരിപോഷിപ്പിച്ച് അവനിൽ ആർദ്ര വികാരങ്ങളും ധർമ്മാഭിമുഖ്യവും വളരാൻ സാഹചര്യമൊരുക്കലാണ്. കാരണം, നാം നേരത്തെ സൂചിപ്പിച്ചതുപോലെ, മനുഷ്യപ്രകൃതിയിൽ വിവിധ ദിശകളിൽ വളരാനുള്ള സാദ്ധ്യതകളും വ്യത്യസ്ത അഭിരുചികളുമുണ്ട്. അവയിൽ ചിലവ പ്രകൃത്യാ ഉണ്ടാവുന്ന ഭൗതിക ചോദനകളാണ്. മനുഷ്യനെ തനിയെ വിട്ടാൽ, നൈസർഗ്ഗികമായിത്തന്നെ പൂക്കുന്ന ഭൗതിക ചോദനകളുടെ നിയന്ത്രണത്തിലാകും സ്വാഭാവികമായും അവൻ. അതേ സമയം, ധൈഷണിക വാസനകളും അവയുൾക്കൊള്ളുന്ന സന്നദ്ധതയും അവന്റെ ആത്മാവിനുള്ളിൽ ആച്ഛാദനം ചെയ്യപ്പെട്ടു കിടക്കും. ദൈവീകമായ പിൻബലമുള്ള ഒരു അന്യൂന നേതൃത്വത്തിൽ വിശ്വസിക്കുന്ന മതം മാനുഷ്യകത്തെ വളർത്തി ധൈഷണികവാസനകൾ അതിൽ പോഷിപ്പിക്കുക എന്ന ജോലി ആ നേതൃത്വത്തെയും അതിന്റെ ശാഖകളെയും ഭരമേല്പിക്കുകയാണു ചെയ്യുന്നത്. അങ്ങനെ മനുഷ്യനിൽ കുറെ സദ്‌വികാരങ്ങളും സദ്‌വാസനകളും അതുണ്ടാക്കുന്നു; ധാർമ്മിക തത്വങ്ങളോടും ആദർശങ്ങളോടും ആഭിമുഖ്യം വളത്തുന്നു; അവയെ ആദരിക്കാനും അവയ്ക്കുവേണ്ടി മരിക്കാനും മനുഷ്യനെ സന്നദ്ധനാക്കുന്നു. സ്വന്തം താൽപര്യങ്ങളും സ്വാർത്ഥമോഹങ്ങളും വലിച്ചുവെക്കുന്ന സർവ്വ പ്രതിബന്ധങ്ങളെയും മതം ഇല്ലാതാക്കുന്നു. മനുഷ്യ പ്രകൃതിയിൽ നിന്ന് അഹംബോധത്തെ തുടച്ചുനീക്കുമെന്നല്ല ഇതിന്നർത്ഥം-അത്തരം തത്വങ്ങളും ആദർശങ്ങളും ഉന്നമാക്കിയുള്ള പ്രവർത്തനം അഹംബോധത്തിന്റെ ബോധന ഫലമായി, ആ തത്വങ്ങളിൽ 'സവിശേഷ'മായ ഒരു ആത്മസായൂജ്യം മനുഷ്യൻ കണ്ടെത്തുന്നു എന്നതുകൊണ്ടാണ് അവ മനുഷ്യനെ ആകർഷിക്കുന്നത്.

ധർമ്മവുമായ ബന്ധപ്പെട്ട ഒരു സംഗതി വ്യക്തിഗതമായ കാര്യവുമായി സമന്വയിപ്പിക്കന്ന രണ്ടു രീതികളാണു മുകളിൽ പ്രതിപാദിച്ചത്. അവയിൽ ആദ്യത്തേതിനെ ഇങ്ങിനെ സംഗ്രഹിക്കാം: അനശ്വരമായൊരു ജീവിതത്തെപ്പറ്റി ഒരു യഥാർത്ഥ വ്യാഖ്യാനം നൽകുക- ഈ ജീവിതത്തിൽ നിന്നു മനുഷ്യൻ മുഖം തിരിക്കാനോ അനീതിക്കു വഴങ്ങാനോ വേണ്ടിയല്ല, ആ വ്യാഖ്യാനം പ്രദാനം ചെയ്യുന്ന കൃത്യമായ ധാർമ്മിക മാനദണ്ഡത്തിലൂടെ മനുഷ്യനെ നയിക്കാൻ.

മറ്റേ രീതിയുടെ രത്നച്ചുരുക്കം: ധാർമ്മിക മാനദണ്ഡം നടപ്പാക്കുകയെന്നത് ആത്മാവിന്റെ ശക്തമായ നിർബ്ബന്ധമായി അനുഭവപ്പെടുന്ന തരത്തിൽ, വിവിധ വികാരങ്ങളും അഭിരുചികളും ധാർമ്മികതയിലേയ്ക്കു സുദൃഢമായും സുനിശ്ചിതമായും ചരിക്കുമെന്നുറപ്പിക്കാവുന്ന തരത്തിൽ ധാർമ്മിക ബോധനം നൽകുക.

ഇസ്‌ലാമിന്റെ നിലപാടനുസരിച്ച്, മനുഷ്യ ദുരന്തത്തിനു പിന്നിലെ മൂല കാരണത്തെ ചികിത്സിച്ചു മാറ്റാനുതകുന്ന രണ്ടു സംയോജക ശക്തികൾ ആദ്ധ്യാത്മിക വീക്ഷണവും ധാർമ്മിക ബോധനവുമാണ്.

ജീവിതത്തെക്കുറിച്ച ആദ്ധ്യാത്മിക ഗ്രാഹ്യമനുസരിച്ച് ഒരു നിത്യ ജീവിതത്തിന്റെ നാന്ദിയെന്ന നിലയ്ക്കുള്ള വീക്ഷണത്തെ വിശദമാക്കാം. ധാർമ്മിക ബോധനം സൃഷ്ടിച്ചെടുക്കുന്ന 'ജീവിതത്തെക്കുറിച്ച ധാർമ്മിക വികാരങ്ങളെ''ന്തെന്നും വിവരിക്കാം.

മനുഷ്യകുലത്തിന് ഇസ്ലാം നിശ്ചയിക്കുന്ന പുതിയ ധാർമ്മിക മാനദണ്ഡത്തിന്റെ ആധാര ശിലകളാണ് ജീവിതത്തെക്കുറിച്ച ആദ്ധ്യാത്മിക ഗ്രാഹ്യവും അതേക്കുറിച്ചുള്ള ധാർമ്മിക വികാരവും. ഈശ്വരന്റെ സംപ്രീതി നേടുക എന്നതാണ് ആ മാനദണ്ഡം. ജീവിതത്തിനു പൊതുവായുള്ള അളവു

കോലായി ഇസ്ലാം ഉയർത്തിക്കാട്ടുന്ന ദൈവീക പ്രീതി, സദ്വൃത്തിയുടേയും നന്മയുടേയും നീതിയുടേയും തീരങ്ങളിലേയ്ക്ക് ജീവിതനാകയെ നയിക്കുന്ന ഒന്നാണ്.

ഇസ്ലാമിക വ്യവസ്ഥിതിയുടെ അടിസ്ഥാന സ്വഭാവം ഇവ വ്യക്തമാക്കുന്നുവെങ്കിൽ, ആ വ്യവസ്ഥിതിയുടെ വിശാല രൂപം ഇതത്രെ: വ്യക്തിയെയും സമൂഹത്തെയും ഒരുപോലെ പരിഗണിക്കൽ, വൈയക്തികവും സാമൂഹികവുമായ ജീവിതം തമ്മിൽ സന്തുലിതത്വം ഉറപ്പുവരുത്താൻ. നിയമ നിർമ്മാണത്തിലും ഭരണ ക്രമത്തിലും കേന്ദ്ര അടിത്തറ വ്യക്തിയല്ലാത്തതുപോലെ, രാഷ്ട്രം ശ്രദ്ധിക്കുന്നതും നിയമ നിർമ്മാണത്തിലൂടെ സഹായിക്കുന്നതും വലിയ സാമൂഹ്യജീവിയെ മാത്രമല്ല.

ഈ ആത്മീയ ഗ്രാഹ്യത്തിൽനിന്നും ധാർമ്മിക വികാരത്തിൽ നിന്നും ഉയർന്നു വരാത്ത ഓരോ സാമൂഹ്യ വ്യവസ്ഥിതിയും ഒന്നുകിൽ വ്യക്തിയുടെ സ്വാർത്ഥ മോഹങ്ങൾക്ക് അരുനില്ക്കുന്നതോ വ്യക്തിയുടെ നൈസർഗ്ഗിക വാസനകളെ അടിച്ചമർത്തുന്നതോ ആയിരിക്കും. വ്യക്തിയുടെ അഹംബോധത്തിന് അകമ്പടി സേവിക്കുന്നുവെങ്കിൽ അത് സമൂഹ്യജീവിതത്തെ അതിരൂക്ഷമായ പ്രതിസന്ധികൾക്കും ദാരുണമായ വിപത്തുകൾക്കും വിധേയമാക്കും; വ്യക്തിയുടെ സ്വാഭാവിക ചോദനകളെ അടിച്ചമർത്തിയാൽ സമൂഹത്തെയും അതിന്റെ താൽപര്യങ്ങളെയും ''സംരക്ഷിക്കാൻ'' വേണ്ടി അവന്റെ പ്രകൃതത്തെ നിശ്ശേഷടമാക്കുകയും, അത് വ്യവസ്ഥിതിയും അതിന്റെ നിയമങ്ങളും ഒരു വശത്തും, വ്യക്തികളും അവരുടെ വാസനകളും മറുവശത്തുമായി അനന്തവും ഘോരവുമായ ഒരു സംഘട്ടനത്തിന് തുടക്കമിടുകയും ചെയ്യും. എന്തിന്, വ്യവസ്ഥിതിയുടെ സോഷ്യലിസ്റ്റ് സ്വഭാവം അതിന്റെ വക്താക്കളുടെ കൈകളിൽത്തന്നെ പരാജയപ്പെടും-കാരണം അവർക്കു അവരുടേതായ വ്യക്തി താൽപര്യങ്ങളുണ്ടാവും; മറ്റുള്ളവരുടെ വ്യക്തി താൽപര്യങ്ങളെ അടക്കി ഭരിച്ച് കർക്കശമായ നേതൃത്വത്തിന്റെ കാൽച്ചുവട്ടിലിട്ടു ഞെരിക്കാൻ വളരെ സൗകര്യമാവുകയും ചെയ്യും.

സമൂഹത്തിന്റെ ഓരോ ഭാഗത്തിനും അതിന്റേതായ പരിഗണന കൊടുക്കുന്ന ഒരു സമ്പൂർണ്ണ വ്യവസ്ഥിതി സൃഷ്ടിച്ചെടുക്കും എന്നതു മാത്രമല്ല, ജീവിതത്തെക്കുറിച്ച ആത്മീയ ഗ്രാഹ്യവും ധാർമ്മിക വികാരവും ചെയ്യുക. ഓരോരുത്തർക്കും വ്യക്തി സ്വാതന്ത്ര്യം അനുവദിക്കും- അവ രണ്ടും വളർത്തിയെടുക്കുന്ന വ്യക്തി സ്വാതന്ത്ര്യം, വല്ല വ്യതിചലനങ്ങളുമുണ്ടായാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യും. ഒരു കാര്യം തീർച്ച: മനുഷ്യരാശിക്ക് ഇതുപോലൊരു വ്യവസ്ഥിതിയെ നൽകാത്ത ഏതു പ്രത്യയശാസ്ത്രവും വിഷമതകൾ കുറച്ചേക്കുമെന്നല്ലാതെ, നിർണ്ണായകമായ വിധത്തിൽ. സാമൂഹ്യ ദൂഷ്യങ്ങളെ ഇല്ലാതാക്കാനുള്ള ഒരു ചികിത്സയും പ്രദാനം ചെയ്യുന്നില്ല. കുറ്റമറ്റ സാമൂഹ്യഘടന നിർമ്മിക്കപ്പെടുക ജീവിതത്തെപ്പറ്റിയുള്ള ആദ്ധ്യാത്മിക ഗ്രാഹ്യത്തിനും ധർമ്മോന്മുഖതയുടെയും മുകളിലല്ലാതെ മറ്റെവിടെയുമല്ല. അവ രണ്ടിലും നിന്നാണ് ചൈതന്യവത്തായ ഒരു വ്യവസ്ഥിതി സൃഷ്ടിക്കപ്പെടുക.

ഇസ്ലാമിന്റെ സുന്ദര മുഖം ഇവിടെ അനാവൃതമാവുന്നു. ഒരു ആത്മീയ-ധാർമ്മിക പ്രത്യയശാസ്ത്രമായ അതിൽ നിന്ന് അന്യൂനമായൊരു വ്യവസ്ഥിതി മനുഷ്യർക്കു ലഭിക്കുന്നു. വ്യക്തമായി നിർണ്ണയിക്കപ്പെട്ട സാദ്ധ്യതകൾ അതിലുണ്ട്. മനുഷ്യന്റെ ലക്ഷ്യം ആ സാദ്ധ്യതയെയും അതിവർത്തിക്കുന്നു; അതിൽ നിന്നുള്ള നേട്ടങ്ങളെപ്പറ്റി അവനെ ബോധവാനാക്കുന്നു.

എന്നാൽ ധാർമ്മികാശയങ്ങളെ ഭൗതിക താൽപര്യങ്ങൾ സൃഷ്ടിച്ച വെറും മനോ വിലാസമായും എല്ലാ മൂല്യങ്ങളുടെയും ധർമ്മനീതിയുടെയും ഏകമാനദണ്ഡം സാമ്പത്തിക ഘടകം മാത്രമാണെന്നും കരുതുന്നത് ശരിയല്ല. അങ്ങനെ ആത്മീയമായ ജീവിത ഗ്രാഹ്യവും ധാർമ്മിക ചിന്തയും പാടെ ഇല്ലാതാക്കിക്കൊണ്ട് മനുഷ്യന്റെ സന്തുഷ്ടിയും സമൂഹത്തിൽ സന്തുലിതത്വവും നേടിയെടുക്കാമെന്ന് ഒരു വ്യർത്ഥ മോഹം മാത്രം. മനുഷ്യ വംശമാകെ അൽപം സാങ്കേതിക വിദഗ്ദർക്കു തട്ടിക്കൂട്ടാവുന്ന യന്ത്രോപകരണമായി മാറുന്നതു വരെ അതു നടപ്പില്ല.

അതേ സമയം ആത്മീയ ഗ്രാഹ്യത്തിന്റെയും ധാർമ്മികാഭിമുഖ്യത്തിന്റെയും അടിത്തറയിൽ മനുഷ്യനെ നിർത്തുകയെന്നത് അസാദ്ധ്യമായ കാര്യമൊന്നുമല്ല. മനുഷ്യ ചരിത്രത്തിൽ മതങ്ങൾ ഇവ്വിഷയകമായി മഹത്തായ സന്ദേശങ്ങൾ നല്കി വന്നിട്ടുണ്ട്. ഇന്ന് ലോകത്തു കാണുന്ന ആത്മീയ മൂല്യങ്ങളും ധർമ്മ ബോധവും, സദ്വിചാരങ്ങളും വികാരങ്ങളും എല്ലാം മതങ്ങളുടെ സംഭാവനയാണ്. മനുഷ്യകുലത്തെയും അതിന്റെ സ്വാഭാവിക താല്പര്യങ്ങളെയും ജീവിതാവശ്യങ്ങളെയും പ്രവർത്തനോപാധികളെയും സംസ്ക്കരിച്ചെടുക്കാൻ മതങ്ങൾ മഹത്തായ സംരംഭങ്ങൾ നടത്തിയിട്ടുണ്ട്- മതങ്ങളുണ്ടാക്കിയ സദ്ഗുണങ്ങൾക്ക് ആധാരമായ വ്യക്തമായ ഹേതുക്കളും ആസംരംഭങ്ങൾ തന്നെ.

മനുഷ്യ വർഗ്ഗത്തിന്റെ അവബോധം ഒരു പ്രത്യേക നിലവാരത്തിലെത്തിയ ശേഷമാണ് ഇസ്ലാം പൊട്ടിവിടരുന്ന വെളിച്ചവുമേന്തി എത്തിയത്. അത് അതി വിശാലമായ സാദ്ധ്യതകളോടും വൈപുല്യത്തോടും കൂടിയുള്ള ഒരു ആത്മീയ-ധാർമ്മിക അടിത്തറ പണിയാൻ ഉദ്ബോധനം നടത്തി. ആ ദൃഢമായ അസ്തിവാരത്തിൽ മാനുഷ്യകത്തിന്റെ വെന്നിക്കൊടി ഉയർത്തി. കാൽ ശതകക്കാലം ലോകത്തെ ഭരിച്ച ഒരു ധൈഷണിക രാഷ്ട്രം സ്ഥാപിച്ച ഇസ്ലാമിന്റെ ലക്ഷ്യം മനുഷ്യ വംശത്തെ ആകമാനം ഒരൊറ്റ ധൈഷണികാടിത്തറയിൽ ഏകീകരിക്കുക എന്നതായിരുന്നു. അപ്പോൾ ഇസ്ലാമിക രാഷ്ട്രത്തിന്റേത് ദ്വിമുഖ പ്രവർത്തനമാണ്. ഒന്നാമത്, മനുഷ്യന്റെ അഭിരുചിക്കും ആഭിമുഖ്യത്തിനും ബുദ്ധിയുടെ മുദ്ര നൽകി ഒരു ധൈഷണികാടിത്തറയിൽ മനുഷ്യരെ മുഴുവൻ ഉയർത്തൽ.

രണ്ടാമത്, പുറമേ നിന്ന് അവനെ നിരീക്ഷിക്കുകയും ആ അടിത്തറയിൽ നിന്ന് അവൻ വ്യതിചലിക്കുന്നുവെങ്കിൽ അതിലേയ്ക്കു തിരിച്ചു കൊണ്ടുവരികയും ചെയ്യൽ.

ഇപ്രകാരം, ഇസ്‌ലാമിന്റെ രാഷ്ട്രീയാവബോധം സാമൂഹ്യ ജീവിതത്തിന്റെ ബാഹ്യഘടനസെസ്സം ബന്ധിക്കുന്ന വശത്തെപ്പറ്റി മാത്രമുള്ള അവബോധമല്ല; മറിച്ച് ജീവിതത്തോടും പ്രപഞ്ചത്തോടും സമൂഹ ശാസ്ത്രത്തോടും രാഷ്ട്ര മീമാംസയോടും സാമ്പത്തിക ശാസ്ത്രത്തോടും ധർമ്മ നീതിയോടുമുള്ള തികച്ചും പുതിയൊരു സമീപനത്തിൽ നിന്ന് ഉരുത്തിരിയുന്ന ഗഹനമായൊരു രാഷ്ട്രീയാവബോധമാണത്. ഈ സർവ്വസ്പർശിയായ സമീപനം തന്നെ സമ്പൂർണ്ണമായ ഇസ്‌ലാമിക ബോധം.

മറ്റേതു തരത്തിലുള്ള രാഷ്ട്രീയാവബോധവും ഒന്നുകിൽ ഒരൊറ്റ കോണിലൂടെ മാത്രം ലോകത്തെ അഭിവീക്ഷിക്കുന്ന, ഒരൊറ്റ ബിന്ദുവിൽ മാത്രം ഊന്നുന്ന ആശയങ്ങളുള്ള, ഉപരിപ്ലവമായ ഒന്നായിരിക്കും; അതല്ലെങ്കിൽ മനുഷ്യർക്ക് വിവിധ തരം മാൽസര്യങ്ങളും ദുരിതങ്ങളും മാത്രം സമ്മാനിക്കുന്ന കേവലം ഭൗതികാധിഷ്ഠിതമായ കോണിലൂടെ ലോകത്തെ പഠിക്കുന്ന ഒന്ന്!

# □□□□□□□□□
# □□□□□□□□□□□□□□□□□□□□□□□□□□□□□□□ □□□□□□□□□□□□□□□□□□□□□□□□□□□□□□□ □□□□

### സ്വാതന്ത്ര്യം: മുതലാളിത്തത്തിന്റേയും ഇസ്‌ലാമിന്റെയും വീക്ഷണത്തിൽ

മുതലാളിത്ത ചിന്താഗതിയിൽ കേന്ദ്രബിന്ദു സ്വാതന്ത്ര്യമാണെങ്കിൽ, സോഷ്യലിസ്റ്റ്- കമ്യൂണിസ്റ്റ് വ്യവസ്ഥിതികളിൽ അത് 'ഇൻഷുറൻസ്' അല്ലെങ്കിൽ സുരക്ഷ ആണെന്ന് മേൽ വിവരിച്ചതിൽ നിന്നു വ്യക്തമാണല്ലോ. ഇനി നമുക്ക് ഒരു താരതമ്യ പഠനമെന്ന നിലയ്ക്ക് ആദ്യം സ്വാതന്ത്ര്യത്തോട് ഇസ്‌ലാമും മുതലാളിത്തവും കൈകൊള്ളുന്ന സമീപനവും, പിന്നെ 'സുരക്ഷ'യെപ്പറ്റിയുള്ള ഇസ്‌ലാമിക വീക്ഷണവും മാർക്സിസ്റ്റ് വീക്ഷണവും പരിശോധനാ വിഷയമാക്കാം.

'സ്വാതന്ത്ര്യം' എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് അതിന്റെ പൊതുവായ വിവക്ഷയാണ്- അതായത് മറ്റുള്ളവരുടെ ആധിപത്യത്തെ നിരാകരിക്കൽ. ഈ പദപ്രയോഗത്തിന്റെ അർത്ഥവ്യത്തവും ധൈഷണികാടിത്തറയും ഇരു സംസ്ക്കാരങ്ങളിലും വ്യത്യസ്തമാണെങ്കിൽപോലും അവ രണ്ടിലും പൊതുവെ കാണാവുന്നതു തന്നെയാണ് ഈ അർത്ഥ കല്പന.[7]

മുതലാളിത്ത സമൂഹത്തിൽ നിലനില്ക്കുകയും മുതലാളിത്തം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന സ്വാതന്ത്ര്യവും ഇസ്‌ലാം ഉയർത്തിക്കാട്ടുകയും ഇസ്‌ലാമിക സമൂഹം സ്വീകരിക്കുകയും ചരിത്രത്തിന്റെ അരങ്ങിൽ അനുഭവിക്കുകയും ചെയ്യുന്ന സ്വാതന്ത്ര്യവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്. അതാത് സംസ്ക്കാരത്തിന്റെ മുദ്ര ഓരോന്നും വഹിക്കുന്നുണ്ട്. പ്രപഞ്ചത്തെയും ജീവിതത്തെയും പറ്റിയുള്ള അതാതിന്റെ ആശയങ്ങളുമായി യോജിച്ചുകൊണ്ട്, ആ സംസ്ക്കാരം ചരിത്രത്തിൽ സൃഷ്ടിച്ച ധൈഷണികവും മാനസികവുമായ അവസ്ഥയെ അതിന്റെ സ്വാതന്ത്ര്യസങ്കൽപം പ്രകാശിപ്പിക്കുന്നു.

മുതലാളിത്ത സംസ്ക്കാരത്തിൽ സ്വാതന്ത്ര്യം തുടങ്ങിയത് രൂക്ഷമായ, എല്ലാറ്റിനെയും അടക്കിവാഴുന്ന, ഒരു സന്ദേഹമായിട്ടത്രെ. വിപ്ലവാത്മകമായ വികാസത്തോടെ ആ സന്ദേഹം, സ്വാതന്ത്ര്യത്തിലുള്ള സൈദ്ധാന്തിക വിശ്വാസമായി മാറുകയാണുണ്ടായത്. ഇതിനു വിപരീതമായിക്കൊണ്ട് ഇസ്‌ലാമിക സംസ്ക്കാരത്തിൽ സ്വാതന്ത്ര്യമെന്നത് സുദൃഢമായ ഒരു മൗലിക വിശ്വാസത്തിന്റെ (ദൈവവിശ്വാസത്തിന്റെ) പ്രകാശനം മാത്രമാണ്. അതിൽ നിന്നാണ് സ്വാതന്ത്ര്യം അതിന്റെ വിപ്ലവം സാധിക്കുന്നത്. ആ വിശ്വാസത്തിന്റെ ദാർഢ്യവും മനുഷ്യ ജീവിതത്തിൽ അതിന്റെ പ്രയോഗവല്ക്കരണത്തിന്റെ ആഴവും അനുസരിച്ചാണു ആ സ്വാതന്ത്ര്യത്തിന്റെ പരിവർത്തനക്ഷമത വർദ്ധിക്കുന്നത്.

മുതലാളിത്തത്തിലെ സ്വാതന്ത്ര്യസങ്കല്പത്തിന് ക്രിയാത്മകമായ അർത്ഥ വിശേഷമുണ്ട്. മനുഷ്യൻ സ്വന്തത്തിന്റെ ഉടമയാണ്, ഒരു ബാഹ്യ ശക്തിക്കും വഴങ്ങാതെ തന്നിഷ്ടം പോലെ അതിനെ കൈകാര്യം ചെയ്യാം എന്നാണ് മുതലാളിത്തം കരുതുന്നത്. അതുകൊണ്ട് മനുഷ്യജീവിതത്തെ സ്പർശിക്കുന്ന എല്ലാ സാമൂഹ്യസ്ഥാപനങ്ങളും ഓരോ വ്യക്തിയെയും നിയന്ത്രിക്കാനുള്ള നിയമപരമായ അധികാരം നേടിയെടുക്കുന്നത് ആ വ്യക്തികളിൽ നിന്നു തന്നെയാകുന്നു. ഇസ്‌ലാമിനെസ്സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം അതിന്റെ പരിവർത്തനക്ഷമതയ്ക്കു വിഘാതമാകുന്നില്ല-മനുഷ്യനെ ചരിത്രത്തിലുടനീളം ദുരിതത്തിലാഴ്ത്തിയ വിഗ്രഹങ്ങളുടെ നിയന്ത്രണത്തിൽ നിന്ന് അവനെ മോചിപ്പിക്കാനുള്ള ആ കഴിവ് അത് നിലനിർത്തുക തന്നെ ചെയ്യുന്നു. എന്നാൽ വിമോചനത്തിനുള്ള ഈ വമ്പിച്ച യജ്ഞം നിർവ്വഹിക്കപ്പെടുന്നത് ദൈവത്തോടുള്ള-ദൈവത്തോടു മാത്രമുള്ള-കീഴടക്കത്തി

ലൂടെയാണ്. അപ്പോൾ മറ്റെല്ലാ വിധേയത്വങ്ങളും അടിമത്തങ്ങളും പൊട്ടിച്ചെറിയാൻ മനുഷ്യന്റെ കൈയിലുള്ള ആയുധം ഇസ്‌ലാമിനെസ്സംബന്ധിച്ചേടത്തോളം ദൈവത്തോടുള്ള സമ്പൂർണ്ണ വിധേയ ത്വമാണ്-മുതലാളിത്തത്തിലെപ്പോലെ സ്വന്തത്തിന്റെ ഉടമയായിരിക്കലല്ല. അത്തരമൊരു സ്വയം സമർപ്പണം അതിന്റെ ഉദാത്തമായ അർത്ഥത്തിൽ അയാളിലുണ്ടാക്കുന്ന ബോധം ഇതാണ്: ഏകനാ യ നാഥന്റെ മുമ്പിൽ, താൻ സഹവസിച്ചു പോരുന്ന മറ്റ് അധികാര കേന്ദ്രങ്ങളുമായി സമനിര പ്പിൽത്തന്നെയാണുതാനും നില്ക്കുന്നത്. അതുകൊണ്ട്, തന്റെ ഭാഗധേയത്തെ ഇഷ്ടംപോലെ കൈകാര്യം ചെയ്യാനോ തന്റെ ജീവിതത്തെ നിയന്ത്രിക്കാനോ ലോകത്ത് മറ്റൊരു ശക്തിക്കും അവ കാശമില്ല.

മുതലാളിത്ത സംസ്ക്കാരത്തിന്റെ പ്രമാണങ്ങളനുസരിച്ച് സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശമാ ണ്. ആ അവകാശം ഇഷ്ടമുള്ള ആർക്കുവേണ്ടിയും അവന് ത്യജിക്കാം. എന്നാൽ ഇസ്‌ലാമിൽ അങ്ങനെയല്ല. ദൈവത്തോടുള്ള വിധേയത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് ഇസ്‌ലാമിൽ സ്വാതന്ത്ര്യം. തന്റെ സ്വാതന്ത്ര്യം ത്യജിക്കാനോ അടിമത്തം വരിക്കാനോ കീഴടങ്ങാനോ ഇസ്‌ലാം അനുവാദം നല്കുന്നില്ല.

''അല്ലാഹു നിങ്ങളെ സ്വതന്ത്രരായി സൃഷ്ടിച്ചു; അതുകൊണ്ട് അന്യരുടെ അടിമയാകരുത്''

('നഹ്ജുൽ ബലാഗ', അലിയ്യിബ്നി അബീത്വാലിബ്)

ഇസ്‌ലാമിക വിശ്വാസമനുസരിച്ച്, തന്റെ സ്വാതന്ത്ര്യം എങ്ങനെ വിനിയോഗിച്ചുവെന്നു കണക്കുപ റയാൻ ബാദ്ധ്യസ്ഥനാണു മനുഷ്യൻ. അല്ലാതെ സ്വാതന്ത്ര്യമെന്നത് നിരുത്തരവാദപരമായ, ആരോടും കടപ്പാടില്ലാത്ത അവസ്ഥയല്ല.

സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള രണ്ടു വീക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസമാണു പ്രതിപാദിച്ചത്. ഒന്നുകൂടി അത് വിശദീകരിക്കാം:

സ്വാതന്ത്യം മുതലാളിത്ത സംസ്ക്കാരത്തിൽ

യുറോപ്യൻ ചിന്തയെ അടിമുടി വിജൃംബിപ്പിച്ച ഒരു കടുത്ത സന്ദേഹപരതയുടെ നിഴലിലാണ് മുതലാളിത്ത സംസ്ക്കാരത്തിൽ സ്വാതന്ത്ര്യമെന്ന ആശയം നാമ്പെടുത്തത്. ആധുനിക യൂറോപ്പിന്റെ പ്രഭാത വേളയിൽ സകല പാശ്ചാത്യ ധൈഷണിക സ്തംഭങ്ങളെയും ഇളക്കിമറിച്ച ചിന്താ വിപ്ലവങ്ങ ളുടെ ഫലമായിരുന്നു ആ സംശയ ശീലം.

പ്രപഞ്ചത്തെയും ജീവനെയും പറ്റിയുള്ള നൂതന സങ്കല്പങ്ങളുമായി പാശ്ചാത്യമനുഷ്യനെ അമ്പ രിപ്പിച്ച വിപ്ലവകരങ്ങളായ കണ്ടുപിടുത്തങ്ങളോടെ യൂറോപ്യൻ ചിന്തയുടെ വിഗ്രഹങ്ങളോരോന്നും വീണുടഞ്ഞു തുടങ്ങി. പാശ്ചാത്യന്റെ ധൈഷണികാസ്തിത്വത്തിന്റെയും ചിന്താപരവും മതപരവു മായ ജീവിതത്തിന്റെയും മൂലക്കല്ലായിരുന്ന പരമ്പരാഗത വിശ്വാസങ്ങൾക്കു കടകവിരുദ്ധമായിരുന്ന പുതിയ സിദ്ധാന്തങ്ങൾ ശാസ്ത്രം അവതരിപ്പിക്കുകയും ചെയ്തു.

ഒന്നിനു പുറമെ ഒന്നായി അരങ്ങത്തുവന്ന ചിന്താ വിപ്ലവങ്ങളോടെ പാശ്ചാത്യൻ പ്രപഞ്ചത്തെ പുതിയ കണ്ണുകളിലൂടെ വീക്ഷിച്ചു തുടങ്ങി. ചരിത്രാരംഭം തൊട്ട് മാനവികത പൈതൃകമായി കൈ മാറ്റി തനിക്കു ലഭിച്ച ചിന്താ പാരമ്പര്യത്തെ അവൻ അവിശ്വസിക്കാനും സംശയിക്കാനും ആരംഭിച്ചു. അവൻ കൺമുമ്പിൽ കണ്ടതും പഴയ വിശ്വാസങ്ങൾ നിരന്തരം തിരുത്തപ്പെടുന്നതായിരുന്നു: ഭൂമി സൂര്യന്റെ ഒരു ഗ്രഹമാണെന്നു തെളിയിച്ച കോപ്പർനിക്കസിന്റെ ലോകം, ടോളമി വരച്ചുകാട്ടിയ പര മ്പരാഗത പ്രപഞ്ച ചിത്രത്തിൽ നിന്ന് ഏറെ വ്യത്യസ്തമായിരുന്നു. സെന്റ്തോമസ് അക്വൈനാസ്, ദാന്തേ തുടങ്ങിയ പുണ്യവാളന്മാരുടെയും ചിന്തകരുടെയും സൃഷ്ടിയായിരുന്ന പ്രകൃതി വീക്ഷണ ത്തിനും വമ്പിച്ച മാറ്റങ്ങൾ വന്നു: ഗലീലിയോയുടെയും കൂട്ടുകാരുടെയും ശാസ്ത്ര ഗവേഷണങ്ങൾ വെളിപ്പെടുത്തിയ പ്രകൃതി, പഴയതിൽ നിന്നെത്രയോ ഭിന്നമായിരുന്നു. ഇപ്രകാരം പുതിയ പുതിയ ആശയങ്ങൾ സ്വീകരിക്കേണ്ടി വന്നതോടെ പഴഞ്ചൻ വിശ്വാസങ്ങളെ വിറയ്ക്കുന്ന കൈകളാൽ ചുഴ റ്റിയെറിഞ്ഞ പാശ്ചാത്യൻ, സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള വീക്ഷണ വിശേഷങ്ങളിൽനിന്നു മോചിതനായതിൽ ആശ്വാസം കൊണ്ടു.

പൊരുതിക്കയറിക്കൊണ്ടിരുന്ന പരിവർത്തനത്തിന്റെ അതിശക്തമായ സ്വാധീനത്തിൽ, സന്ദേഹ ശീലം പിന്നെയും ആഞ്ഞുകയറി. അന്നുവരെ മനുഷ്യകുലത്തിനു പൊതുവായുണ്ടായിരുന്ന, പെരു മാറ്റത്തെയും പരസ്പര ബന്ധങ്ങളെയും നിയന്ത്രിച്ചുവന്ന മൂല്യങ്ങളത്രയും ആ തേരോട്ടത്തിൽപ്പെട്ടു ചതഞ്ഞരഞ്ഞു. പ്രപഞ്ച വീക്ഷണങ്ങളിൽ പുതിയത് പഴയതിനു വിരുദ്ധമാവുന്നു; മനുഷ്യനാകട്ടെ സ്വന്തയാഥാർത്ഥ്യത്തെയും പശ്ചാതലത്തെയും പുരാണത്തിന്റേതെന്നതുവിട്ട് ശാസ്ത്രീയമായ കോണിലൂടെ അഭിവീക്ഷിക്കുന്നു. അപ്പോൾ മത വീക്ഷണത്തെയും ആദർശ ലക്ഷ്യങ്ങളെയും കുറിച്ച് ഒരു പുനർവിചിന്തനം നടത്തിയ ശേഷമേ തന്നെപ്പറ്റിയും തന്റെ ലോകത്തെപ്പറ്റിയുമുള്ള പുതിയ നിലപാട് അവനു സ്വീകരിക്കാനാവൂ.

''ആധുനിക'' സന്ദേഹത്തിന്റെ അനിശ്ചിതത്വത്തെ ഇപ്രകാരമാണ് പാശ്ചാത്യന്റെ മതത്തിനു നേരി ടേണ്ടിവരുന്നത്. തികച്ചും വൈകാരികമായ അടിസ്ഥാനത്തിൽ മാത്രം ഉണ്ടാകുന്ന ആ സന്ദേഹം വൈദികസഭയുടെ അധികാരത്തിന്റെയും ശക്തിയുടെയും കാൽച്ചുവട്ടിൽ പെട്ട് അല്പാല്പം വര

ണ്ടുണങ്ങിത്തുടങ്ങി. തുടർന്ന് ധാർമ്മികാടിത്തറകളും ആദർശ തത്വങ്ങളും ഇല്ലാതായി. അതു സ്വാഭാവികവുമായിരുന്നു. കാരണം മനുഷ്യ ചരിത്രത്തിൽ മുഴുവൻ ധർമ്മനീതി, മതവുമായിനേരിട്ടു ബന്ധപ്പെട്ടു കിടക്കുന്നു. യഥാർത്ഥ മൂല്യങ്ങൾ നൽകുകയും അനന്തര പ്രതിഫലങ്ങൾ കിട്ടുന്ന അജ്ഞാതലോകവുമായി അവയെ ബന്ധിപ്പിക്കുകയും ചെയ്യുന്ന മതപരമായ ഉത്ഭവ കേന്ദ്രം നഷ്ട പ്പെടുന്നതോടെ ധാർമ്മികാശങ്ങൾ അർത്ഥമില്ലാത്ത അവശേഷങ്ങളും അനാവശ്യമായ കാർക്കശ്യ വുമായ മാറുന്നു. ചരിത്രം ഇതിനു സാക്ഷിയാണ്. ഗ്രീസിലെ പുത്തൻ പരിഷ്ക്കാരമായിരുന്ന കള്ള ന്യായവാദത്തിന്റെ വക്താക്കൾ ദൈവത്തെ നിഷേധിച്ചത് ഒരു ''പരിഷ്കൃത'' സന്ദേഹത്തിന്റെ ഫല മായിട്ടായിരുന്നു. അവരങ്ങനെ ധാർമ്മിക നിയന്ത്രണങ്ങ നേരെ തിരിഞ്ഞ് അവയെ തള്ളിക്കളഞ്ഞു. പാശ്ചാത്യ മനുഷ്യൻ ചരിത്രമാവർത്തിച്ചു; ''ആധുനിക'' സന്ദേഹം അവന്റെ മതവിശ്വാസത്തെ വിഴു ങ്ങി. എല്ലാവിധ ശിക്ഷണ രീതികൾക്കും ധാർമ്മിക തത്വങ്ങൾക്കുമെതിരിൽ അവൻ കലാപമു യർത്തി. അവയൊക്കെ മനുഷ്യ ചരിത്രത്തിന്റെ പ്രാചീന കാലഘട്ടത്തോടു ബന്ധപ്പെട്ടതാണെന്ന് അവൻ കരുതി, തോന്നിയപോലെ ജീവിച്ചു തുടങ്ങി; ആസക്തികളെയും പെരുമാറ്റങ്ങളെയും നിയ ന്ത്രിച്ചുപോന്ന തത്വങ്ങൾക്കും ആദർശങ്ങൾക്കും പകരമായി ''ആധുനിക''സന്ദേഹത്തെ അവൻ കുടിയിരുത്തി.

ഇവിടെയാണ് ചിന്താസ്വാതന്ത്ര്യത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ആശയങ്ങൾ ജന്മമെ ടുത്തത്. ചിന്താ മണ്ഡലത്തിലെ സകല പൂർവ്വാശയങ്ങളെയും തകർത്തുകളഞ്ഞ വിപ്ലവകരമായ സന്ദേഹത്തിന്റെയും മാനസികാസ്വാസ്ഥ്യത്തിന്റെയും സന്താനമാണ് ചിന്താസ്വാതന്ത്ര്യമെന്ന ആശ യം. എത്രത്തോളമെന്നാൽ, നിഷേധിക്കാൻ പറ്റാത്ത പവിത്രത അവകാശപ്പെടാൻ പറ്റുന്ന വസ്തുത കളൊന്നും ശേഷിച്ചില്ല; അവിശ്വാസം അഖില മണ്ഡലത്തിലും നാക്കുനീട്ടി സകലതിനെയും തന്നി ലേയ്ക്കു ആവാഹിച്ചു. ഇതേപോലെത്തന്നെ വ്യക്തി സ്വാതന്ത്ര്യമെന്ന ആശയവും. വിശ്വാസത്തിനും ധർമ്മ നീതിയ്ക്കുമെതിരിൽ ''അധുനിക'' സന്ദേഹം നടത്തിയ യുദ്ധത്തിന്റെ ഫലമായി നിഷേധാ ത്മക ഫലങ്ങളിലെത്തിച്ചേർന്നപ്പോൾ അവയിൽനിന്നു വന്നതാണ് പ്രസ്തുത ആശയം. സ്വന്തം വിശ്വാസത്തെയും ആദർശത്തെയും ബലികഴിക്കുന്നവൻ ഏത് ബാഹ്യാധികാരസ്ഥാനത്തെയും തള്ളിക്കളഞ്ഞ് സ്വന്തം വ്യക്തി സ്വാതന്ത്ര്യത്തെ മാത്രം ആശ്രയിക്കുകയെന്നത് സ്വാഭാവികമാണല്ലോ. അപ്പോൾ സംഭവങ്ങളുടെ ക്രമമനുസരിച്ച് ആധുനിക മനുഷ്യൻ ആദ്യം അവിശ്വാസത്തിലും, പിന്നെ ചിന്താസ്വാതന്ത്ര്യത്തിലും അതിനുശേഷം ''വ്യക്തിസ്വാതന്ത്ര്യ''ത്തിലുമെത്തുന്നു!

ഈ ''പരിഷ്ക്കരണ'' ക്രമത്തിലെ അടുത്തപടിയായിട്ടാണ് സാമ്പത്തിക സ്വാതന്ത്ര്യം വരുന്നത്. വ്യക്തിസ്വാതന്ത്ര്യത്തോളമെത്തിയ ആധുനികൻ അതിന്റെ അടിസ്ഥാനത്തിലാണു പിന്നെയങ്ങോട്ട് ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും നിശ്ചയിക്കുക. പ്രപഞ്ചത്തെയും ജീവിതത്തെയും കുറിച്ചുള്ള മത ത്തിന്റെ അഭിവീക്ഷണത്തെയും സൃഷ്ടാവുമായും പരലോക പ്രതിഫലവുമായും അവയ്ക്കുള്ള ബന്ധത്തെപ്പറ്റിയുള്ള വിശ്വാസത്തെയും അവിശ്വസിച്ചു തള്ളിക്കഴിഞ്ഞ അവന് ജീവിതം പുതി യൊരു ഭാവത്തിൽ പ്രത്യക്ഷമാവുന്നു-ജീവിതമെന്നാൽ കഴിയുന്നത്ര സന്തോഷവും ഭൗതികാസ്വാദ നങ്ങളും നേടിയെടുക്കാനുള്ള അവസരമാകുന്നു. അവനേടാനുള്ള വഴി, സമ്പത്തു മാത്രവും. ഇവിടെ സമ്പത്തെന്ന മാന്ത്രികത്താക്കോൽ തിരിച്ചു വരവ് നടത്തുന്നു. പെരുമാറ്റത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യം ആസ്വദിക്കുന്ന ആധുനിക മനുഷ്യൻ ലക്ഷ്യമാക്കുന്നത് അതുതന്നെ. അപ്പോൾ ഈ സ്വതന്ത്ര ജീവിക്കു മുമ്പിൽ അവന്റെ പുതിയ ലക്ഷ്യം പ്രാപിക്കാനുതകും വിധം എല്ലാ തരം സമ്പാദ്യ മാർഗ്ഗങ്ങളും തുറന്നിടണം: സാമ്പത്തിക സ്വാതന്ത്ര്യത്തെ ഉറപ്പിച്ചു സ്ഥാപിക്കണം! പാശ്ചാത്യ സംസ്ക്കാരം മനുഷ്യ വംശത്തിനു നല്കുന്ന പുതിയ ആരാധനാ മൂർത്തിയാണ് സമ്പത്ത്; അതിനു വേണ്ടി ത്യജിക്കുന്നതെല്ലാം സ്വീകാര്യമായ ബലിയാണ്, സൽക്കർമ്മവുമാണ്! ആത്മീയവും ധൈഷണികവുമായ ആദർശങ്ങളിൽ നിന്ന് അകന്നുപോകുന്തോറും ഈ സാമ്പത്തിക താല്പര്യം കൂടുതൽ കൂടുതൽ ശക്തമായിത്തീരുന്നു. നന്മയുടെയും ധർമ്മത്തിന്റെയും മതത്തി ന്റെയും ആശയങ്ങൾ അപ്രത്യക്ഷമാവുന്നു. പാശ്ചാത്യ സംസ്ക്കാരത്തിന്റെ ഇത്തരം വിഷമസന്ധിക ളിലൊന്നിലാണല്ലോ, എല്ലായിടത്തും എല്ലായ്പ്പോഴും മനുഷ്യ ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്ന തുപോലും സാമ്പത്തിക പരിഗണനയാണെന്ന സങ്കല്പവുമായി മാർക്സിസം വന്നത്.

സാമ്പത്തിക സ്വാതന്ത്ര്യമെന്ന ഈ ആശയത്തിൽ നിന്ന് വ്യതിരിക്തമാകാൻ വയ്യാത്ത മറ്റൊരാശ യമത്രെ രാഷ്ട്രീയ സ്വാതന്ത്ര്യം. സാമ്പത്തിക രംഗത്ത് സ്വതന്ത്ര പ്രവർത്തനം നടത്താനുള്ള അവ ശ്യോപാധിയാണല്ലോ അത്. ഭരണയന്ത്രത്തെ കയ്യടക്കുകയും ദേശസാല്ക്കരിക്കുകയും ചെയ്യുക വഴി ഭരണാധികാരികൾ സ്വതന്ത്ര സാമ്പത്തിക പ്രവർത്തനങ്ങൾക്കു മുമ്പിൽ വലിച്ചിടുന്ന രാഷ്ട്രീയ പ്രതിബന്ധങ്ങൾ നീക്കേണ്ടതുണ്ട്. അങ്ങനെ വ്യക്തിയെ തന്റെ ലക്ഷ്യം നേടുന്നതിൽ നിന്നു തടയാ വുന്ന ഒരു ശക്തിയും ഇല്ലെന്നുറപ്പുവരുത്താം.

ഇത്തരം സംഭവക്രമത്തിലൂടെയാണ് പാശ്ചാത്യ മനുഷ്യന്റെ സംസ്ക്കാരം പൂർണ്ണത പ്രാപിച്ചത്. അതിന്റെയടിസ്ഥാനത്തിൽ ജീവിതം പടുത്തുയർത്താൻ അവൻ ആത്മാർത്ഥമായി ശ്രമിക്കയും ചെയ്തു.

ഈ ''സംസ്ക്കാര''ത്തിന്റെ മുഖ്യ ഭാവങ്ങളെ വിശകലനം ചെയ്യുമ്പോൾ നമുക്ക് ബോദ്ധ്യമാ കുന്നു: കടുത്ത അവിശ്വാസത്തിൽ നിന്നു തുടങ്ങി സ്വാതന്ത്ര്യത്തിലുള്ള സൈദ്ധാന്തിക വിശ്വാസ

മായി പരിണമിച്ച ഒരു സംസ്ക്കാര പ്രതിഭാസമായിരുന്നു അത്. ഒരു അധികാരസ്ഥാനത്തിനും വഴ ങ്ങിക്കൊടുക്കില്ലെന്നു തീരുമാനിച്ച പാശ്ചാത്യൻ തുടർന്ന്, തന്നെ നിയന്ത്രിക്കാൻ താൻ തന്നെ യെന്നും വിശ്വസിച്ചു. ആ സ്വേച്ഛാപരതയുടെ പ്രകാശനമാണ് അവന്റെ സ്വാതന്ത്ര്യ സങ്കല്പം. മുത ലാളിത്തത്തെ സംബന്ധിച്ചേടത്തോളം സ്വാതന്ത്ര്യത്തിന്റെ അർത്ഥം മറ്റുള്ളവരുടെ നിയന്ത്രണങ്ങളെ തള്ളിക്കളയൽ മാത്രമല്ല. അതിനപ്പുറം ഗൗരവമുള്ളതാണ് അതിന്റെ വിവക്ഷ: മനുഷ്യനെ അവൻ തന്നെ ഭരിക്കുക, അവനെ സൃഷ്ടാവിൽ നിന്നും ഭൗഗധേയത്തിൽ നിന്നും അകറ്റി നിർത്തുക എന്ന തത്രെ അത്.

ഇസ്ലാമിന്റെ കാര്യമെടുക്കുക. അതിന്റെ സ്വാതന്ത്ര്യ സങ്കല്പം പാശ്ചാത്യ സംസ്ക്കാരത്തിന്റേ തിൽ നിന്നു തീർത്തും വ്യത്യസ്തമാണ്. അന്യരുടെ മേൽക്കോയ്മയിൽ നിന്നും മനുഷ്യനെ വിമോ ചിപ്പിക്കുന്ന, അവനെ ബന്ധിപ്പിച്ചിരിയ്ക്കുന്ന ചങ്ങലക്കെട്ടുകളത്രയും പൊട്ടിച്ചെറിയുന്ന വിപ്ലവ ചൈതന്യമാണു സ്വാതന്ത്ര്യം. വിമോചനമെന്ന അർത്ഥത്തിൽ സ്വാതന്ത്ര്യത്തെ നേടിയെടുക്കുക എന്നത് ദിവ്യ വെളിപാടിന്റെ തന്നെ മഹത്തായ ലക്ഷ്യങ്ങളിൽ ഒന്നാണ്.

''അദ്ദേഹം അവരുടെ ഭാരവും അവർക്കു മീതെയുണ്ടായിരുന്ന ചങ്ങലകളും അവരിൽ നിന്ന് ഇ റക്കി വെക്കുന്നു'' (ഖുർആൻ, 7:157)

അതേസമയം സ്വാതന്ത്ര്യ സങ്കല്പത്തെ പാശ്ചാത്യ സംസ്ക്കാരത്തിന്റേതായ സ്വേച്ഛാ പരതയു മായി ഇസ്ലാം ബന്ധപ്പെടുത്തുന്നില്ല: പാരതന്ത്ര്യത്തിൽ നിന്നു മോചിതനാകാനും അന്യർക്കു സമ ന്മാരായി നില്ക്കാനും മനുഷ്യർക്ക് അവകാശം ഉണ്ടെന്നതു ശരിതന്നെ. പക്ഷേ അത് മനുഷ്യന്റെ സർവ്വാധികാരിത്വത്തിന്റെ ഫലമല്ല; പാശ്ചാത്യ സങ്കല്പം അന്നിലക്ക് സ്വീകാര്യവുമല്ല. മറിച്ച് സർവ്വേ ശ്വരനോടുള്ള സമ്പൂർണ്ണമായ സ്വയം സമർപ്പണത്തോടു നേരിട്ടു ബന്ധപ്പെട്ടു നില്ക്കുന്നതാണ് മറ്റെ ല്ലാതരം അരാധനാപാത്രങ്ങളിൽനിന്നും കൃത്രിമ വിധേയത്വങ്ങളിൽനിന്നും ഉള്ള വിമുക്തി. മനുഷ്യൻ എല്ലാറ്റിനുമുപരിയായി ദൈവത്തിന്റെ ദാസനാണ്; ദൈവത്തിനൊഴികെ മറ്റാർക്കും വഴങ്ങാത്ത, യാതൊരു തരത്തിലുള്ള വിഗ്രഹ പൂജക്കും അത്തരത്തിലുള്ള ഒരു ബന്ധത്തിനും കീഴടങ്ങാത്തവ നാണ് അവൻ. പ്രത്യുത, പ്രപഞ്ചത്തിലെ മറ്റു സൃഷ്ടികളോടൊപ്പം ദൈവത്തിനു മുമ്പിൽ നില്കുന്ന അവൻ അവരോട് തുല്യനാകുന്നു.

അപ്പോൾ ഇസ്ലാമിൽ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അടിസ്ഥാനം ഏകതയും ദൈവത്തോടുള്ള ആത്മാർത്ഥമായ വിധേയത്വത്തിലുള്ള വിശ്വാസവുമാണ്. ആ പരമേശ്വരനു മുമ്പിൽ സൃഷ്ടിപൂജക രായ, ചരിത്രത്തിലുടനീളം മനുഷ്യന്റെ ആർജ്ജവത്തെ വെല്ലുവിളിച്ച, ശക്തികളത്രയും തകർന്നു തരിപ്പണമാകുന്നു.

പറയുക: വേദക്കാരേ, നമുക്കും നിങ്ങൾക്കുമിടയിൽ സമാനമായ ഒരു വചനത്തിലേക്കു വരിക: അല്ലാഹുവിനെയല്ലാതെ ആരാധിക്കാതിരിക്കുക, അവനോട് ഒന്നും പങ്കു ചേർക്കാതിരിക്കുക, അല്ലാ ഹുവിനെ വിട്ട് നാം നമ്മെത്തന്നെ അന്യോന്യം യജമാനന്മാരാക്കാതിരിക്കുക'' (ഖുർആൻ; 3:64)

''അവൻ ചോദിച്ചു: നിങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും സൃഷ്ടിച്ചത് അല്ലാഹുവായി രിക്കെ, നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നതിനെ നിങ്ങൾ ആരാധിക്കുകയോ'' (ഖുർആൻ, 37:95 -96)

''അല്ലാഹുവിനു പകരം നിങ്ങൾ പ്രാർത്ഥിക്കുന്നവർ തീർച്ചയായും നിങ്ങളെപ്പോലുള്ള ദാസന്മാ രാകുന്നു'' (ഖുർആൻ, 7:194)

''വ്യത്യസ്ത ഈശ്വരന്മാരോ, അതോ ഏകനും അപ്രതിഹതനുമായ അല്ലാഹുവോ ഉത്തമം'' (ഖുർആൻ, 12: 39)

ഇപ്രകാരമാണ് ഇസ്ലാം എല്ലാ തരം വിധേയത്വത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തെ, ദൈവത്തോ ടുള്ള നിരുപാധികമായ വിധേയത്വത്തെ അംഗീകരിക്കുകയെന്ന തത്വത്തിൽ പടുത്തുയർത്തിയിരി യ്ക്കുന്നത്. എല്ലാ ജനങ്ങളുമായും പ്രപഞ്ചത്തിലെ സർവ്വ സൃഷ്ടികളുമായും ഉള്ള ബന്ധത്തിൽ മനുഷ്യനെ സ്വതന്ത്രനാക്കുന്ന ഏക അടിത്തറ ദൈവവുമായുള്ള അവന്റെ ബന്ധമാണ്.

മനുഷ്യന്റെ വിമേചനം എന്ന ആശയത്തെ പ്രയോഗത്തിൽ വരുത്തുന്നവയാണ് ഇസ്ലാമും പാശ്ചാത്യ സംസ്ക്കാരവും. എന്നാൽ ഈ വിമോചനത്തിന്റെ ധൈഷണികമായ അടിത്തറ രണ്ടിലും വിഭിന്നമാണ്. മനുഷ്യാസ്തിത്വത്തിന്റെ ഭൗതികമാനത്തിനുമപ്പുറം അവന്റെ മാഹാത്മ്യത്തിലും ഔന്നത്യത്തിലും ഇസ്ലാം ഊന്നുന്നു.

ഇസ്ലാമിലെ സ്വാതന്ത്ര്യ സങ്കല്പം ഒരു വിശ്വാസ പ്രമാണത്തിലൂടെ ആവിഷ്ക്കരിക്കപ്പെടുന്നു: ദൈവത്തിന്റെ ഏകത്വത്തിലും പ്രപഞ്ച നിയന്താവാണ് സ്രഷ്ടാവ് എന്ന വസ്തുതയിലും ഉള്ള വിശ്വാസമാണത്. ഈ ഉത്തമ ബോദ്ധ്യം എത്രത്തോളം ആഴത്തിൽ ഒരു മുസ്ലിമിന്റെ (ദൈവത്തോ ടുള്ള വിധേയത്വം അംഗീകരിക്കുന്നവന്റെ) ഹൃദയത്തിൽ പതിക്കുന്നുവോ, അവന്റെ നിലപാട് എത്ര ത്തോളം ദൈവത്തിൽ കേന്ദ്രീകരിയ്ക്കുന്നുവോ അത്രത്തോളം അവന്റെ ആത്മാവ് ഉന്നതി പ്രാപി ക്കുന്നു; അന്തസ്സിനോടും സ്വാതന്ത്ര്യത്തോടുമുള്ള ആഭിമുഖ്യം അവനിൽ വർദ്ധിക്കുന്നു; അത്രത്തോ

ളം, സ്വേച്ഛാധിപത്യത്തോടും അഴിമതിയോടും മറ്റുള്ളവരെ അടിച്ചമർത്തുന്നതിനോടുമുള്ള അവന്റെ എതിർപ്പ് കൂടുതൽ കർക്കശമാവുന്നു.

''അന്യായമേറ്റാൽ പ്രതികാരം ചെയ്യുന്നവരുമാണവർ.'' (ഖുർആൻ, 42:30)

പാശ്ചാത്യ സംസ്ക്കാരത്തിലെ സ്വാതന്ത്ര്യ സങ്കല്പം ഇതിന്റെ നേർ വിപരീതമാണ്: അവിടെയത് അവിശ്വാസത്തിന്റെയും അരാജകത്വത്തിന്റെയും അന്ധമായ അനുസരണക്കേടുന്റെയും ഫലമാണ്: വിശ്വാസത്തിന്റെയോ സുസ്ഥിരതയുടെയോ ഫലമല്ല.

ഇസ്ലാമുമായി താരതമ്യം ചെയ്യുന്നതിന് ജനാധിപത്യ മുതലാളിത്തത്തിലെ സ്വാതന്ത്ര്യ സങ്കല്പത്തെ നമുക്ക് രണ്ടു വകഭേദങ്ങളാക്കിത്തിരിക്കാം:

ഒന്ന്: ജനാധിപത്യം ''വ്യക്തിസ്വാതന്ത്ര്യ''മെന്നു വിളിക്കുന്ന, മനുഷ്യന്റെ വ്യക്തിമണ്ഡലത്തിലുള്ള സ്വാതന്ത്ര്യം.

രണ്ട്: സാമൂഹ്യ മണ്ഡലത്തിലെ സ്വാതന്ത്ര്യം: ചിന്താ സ്വാതന്ത്ര്യവും രാഷ്ട്രീയ സ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവും ഇതിൽ പെടുന്നു.

മനുഷ്യൻ സമൂഹ നിരപേക്ഷമായിട്ടോ അതല്ലെങ്കിൽ സമൂഹത്തിന്റെ ഭാഗമായിട്ടേ ജീവിക്കുമ്പോൾ ഒരു വ്യക്തിയെന്ന നിലയിലുള്ള അവന്റെ പെരുമാറ്റമാണ് 'വ്യക്തിസ്വാതന്ത്ര്യ'ത്തിന്റെ പ്രതിപാദ്യം. മറ്റു മൂന്നുമാകട്ടെ മനുഷ്യനെ സമൂഹത്തിൽ ജീവിക്കുന്ന വ്യക്തിയായിക്കണ്ടുകൊണ്ട്, സ്വന്തം അഭീഷ്ടപ്രകാരം ആശയപ്രകാശനം നടത്താനും, തനിക്കിഷ്ടമുള്ള ഭരണകൂടമുണ്ടാക്കാനുള്ള അവകാശമുപയോഗിക്കാനും, തന്റെ കഴിവനുസരിച്ച് സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താനും അവനെ അനുവദിക്കുന്നു.

## വ്യക്തിതലത്തിലുള്ള സ്വാതന്ത്ര്യം

തന്റെ വ്യക്തിപരമായ പ്രവർത്തനങ്ങളിൽ അന്യരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാത്ത തരത്തിൽ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം ഓരോ വ്യക്തിക്കും ലഭ്യമാക്കാൻ ആധുനിക പാശ്ചാത്യ സംസ്ക്കാരം മിനക്കെട്ടിട്ടുണ്ട്. എല്ലാവർക്കും ഇതു ലഭിച്ചുകഴിഞ്ഞാൽ അവർ അതെങ്ങനെ ഉപയോഗിക്കും- അതിന്റെ ഭവിഷ്യത്തുകൾ എന്ത്, മാനസികവും ചിന്താപരവുമായ പ്രത്യാഘാതങ്ങളെന്ത്- എന്നതൊന്നും അത്ര പ്രധാനമല്ല. പെരുമാറ്റത്തിലും പ്രവർത്തനത്തിലും വ്യക്തിതലത്തിൽ സ്വന്തം ഇച്ഛ നടപ്പാക്കാൻ ഓരോ വ്യക്തിക്കും കഴിയണമെന്നു മാത്രം. ഉദാഹരണമായി, ഒരു കുടിയന്ന് എത്രവേണമെങ്കിലും മദ്യം കഴിക്കാം; തന്റെ ബോധത്തിന്റെ അവസാനത്തെ അംശം പോലും പണയപ്പെടുത്താം-മറ്റുള്ളവരെ ശല്യപ്പെടുത്തരുത്, അവരുടെ ജീവന് ഒരു തരത്തിലും ഭീഷണിയാവരുത് എന്നേയുള്ളൂ.

ഈ 'സ്വാതന്ത്ര്യ'ത്തിന്റെ മന്ത്രധ്വനിയുടെ ലഹരിയിൽ കുറച്ചു കാലം മയങ്ങിയ മനുഷ്യരാശി കരുതി; ഇതാ ആദ്യമായി താൻ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞിരിക്കുന്നു; തന്റെ മനസ്സിന്റെ ആഴങ്ങളിൽ യുഗാന്തരങ്ങളായി കുഴിച്ചുമൂടപ്പെട്ട ഉഗ്രമൂർത്തി ഉയർത്തെഴുന്നേറ്റ് പേടിയോ മടിയോ കൂടാതെ ഇഷ്ടം പോലെ വിരാജിക്കാൻ അനുവദിക്കപ്പെട്ടിരിക്കുന്നു.

പക്ഷേ, ഈ സമ്മോഹന സ്വപ്നം അല്പായുസ്സായിപ്പോയി! അല്പാൽപം ഉണർന്നുതുടങ്ങിയ മനുഷ്യൻ കുറേശ്ശെ തന്നിലൂറി വരുന്ന വിഷാദ കാലുഷ്യത്തെ അറിഞ്ഞു: ഈ സ്വാതന്ത്ര്യം തന്നെ കൂറ്റൻ ചങ്ങലകളിൽ ബന്ധിച്ചിരിക്കുന്നു, സ്വതന്ത്ര മനുഷ്യനായി സധീരം പുറപ്പെടാനുള്ള തന്റെ ആശകളെ എറിഞ്ഞുടച്ചിരിക്കുന്നു. താൻ നീങ്ങുന്നത് പൂർവ്വ നിശ്ചിതമായ പാളയങ്ങളിലൂടെ മാത്രം ചരിക്കുന്ന യന്ത്രവാഹനത്തിലാണ്; വികസിക്കാനോ ഗതി മാറാനോ തനിക്കനുവാദമില്ല. പൂർവ്വാസൂത്രിതമായ ഈ പാതയിലൂടെ പ്രവചിക്കാവുന്ന യാന്ത്രികതയോടെ നീങ്ങുമ്പോളും, കൈകളെ വരിഞ്ഞു മുറുക്കിയ വിലങ്ങുകളും കാണുമ്പോൾ പോലും, അവന്റെ ആകെക്കൂടിയുള്ള സമാശ്വാസം ഇതാണ്: ഈ വാഹനം സ്വാതന്ത്ര്യത്തിന്റെ വാഹനമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്!

പക്ഷേ, എപ്പോളാണ് ഈ സ്വാതന്ത്ര്യം പാരതന്ത്ര്യമായി മാറിയത്? യാത്ര പുറപ്പെട്ടു കഴിഞ്ഞിട്ടെപ്പോളാണ് ആ കൈ വിലങ്ങുകളിലേയ്ക്കും യാന്ത്രിക വാഹനത്തിലേയ്ക്കും ചെന്നു പെട്ടത്? ഈ കടുത്ത യാഥാർത്ഥ്യം എന്നാണ് മനുഷ്യന്റെ ബോധമണ്ഡലത്തിൽ ഉദിച്ചത്? ഈ ദുരന്തം പതിനാലു നൂറ്റാണ്ടു മുമ്പു കണ്ടറിഞ്ഞ ഇസ്ലാം സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഉപരിപ്ലവമായ സങ്കൽപം കൊണ്ട് തൃപ്തിപ്പെടാതിരുന്നത്, ആധുനിക പാശ്ചാത്യനെ ഇന്നു വലയം ചെയ്തിരിക്കുന്ന വൈരുദ്ധ്യങ്ങൾ മുമ്പേ മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്. സ്വാതന്ത്ര്യത്തെപ്പറ്റി ഗഹനമായ സങ്കല്പമാണ് ഇസ്ലാമിന്റേത്. പ്രത്യക്ഷമായ ചങ്ങലക്കെട്ടുകൾക്കെതിരിൽ മാത്രമല്ല, അവയുടെ വികാരപരവും വിചാരപരവുമായ വേരുകൾക്കെതിരിലും ഇസ്ലാം യുദ്ധം പ്രഖ്യാപിച്ചു. അങ്ങനെയാണ് ചരിത്രത്തിലങ്ങോളമിങ്ങോളം മനുഷ്യൻ ആസ്വദിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ രൂപങ്ങളിൽ അത്യുന്നതവും അത്യുദാത്തവും അതിശുദ്ധവുമായതുതന്നെ മനുഷ്യന് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ ഇസ്ലാമിനു കഴിഞ്ഞത്.

പാശ്ചാത്യ സംസ്ക്കാരത്തിൽ സ്വാതന്ത്ര്യം ''വിമോചന''ത്തിൽത്തുടങ്ങി അടിമത്തത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും വർണ്ണങ്ങളിൽച്ചെന്നവസാനിക്കുന്നു എങ്കിൽ, ഇസ്‌ലാമിനെസ്സംബന്ധിച്ചേട ത്തോളം നിരുപാധിക സ്വാതന്ത്ര്യമെന്നത് നേരെ വിപരീതമാണ്. ഇസ്‌ലാമിൽ സ്വാതന്ത്ര്യം തുടങ്ങു ന്നത് സർവ്വേശ്വരനോടുള്ള കേവല വിധേയത്വത്തിലും, അവസാനം ചെന്നെത്തുന്നത് എല്ലാവിധ നാണം കെട്ട അടിമത്തങ്ങളിൽ നിന്നുമുള്ള മുക്തിയിലുമാണ്.

ഈ വിമോചന യജ്ഞം ഇസ്‌ലാം സമാരംഭിയ്ക്കുന്നത് വ്യക്തിയിൽ നിന്നാണ്. മനുഷ്യൻ ത ന്നിൽ നിന്നു തന്നെ സ്വാതന്ത്രനാവണം. കാരണം, സ്വാതന്ത്ര്യമെന്നാൽ മനുഷ്യനെ വിളിച്ച് ''ഇതാ നിന്റെ വഴി- ഞങ്ങൾ ഒക്കെ ശരിയാക്കിയിട്ടുണ്ട്; ശങ്ക കൂടാതെ നടന്നോളൂ'' എന്നു പറയലല്ല. മറിച്ച് മനുഷ്യൻ സത്യത്തിൽ സ്വതന്ത്രനാവുന്നത് സ്വന്തം ഗതി നിർണ്ണയിക്കാൻ കഴിയുമ്പോളാണ്: സ്വന്തം പാത തെരഞ്ഞെടുക്കാനും അതിന്റെ സ്വഭാവങ്ങളും ദിശകളും ഏതൊക്കെയാവണമെന്നു തീരുമാനി ക്കാനുമുള്ള വരണാവകാശം, തന്നിലെ മനുഷ്യത്വത്തോടുള്ള അവന്റെ ബാദ്ധ്യതയാണ്. തന്റെ മന സ്സിനെ തളച്ചിടുന്ന താല്പര്യങ്ങളോടുള്ള വിധേയത്വത്തിൽ നിന്നും മോചനം നേടുന്നതിനെയാണ് ഇത് സർവ്വോപരി ആശ്രയിക്കുന്നത്. അല്ലെങ്കിൽ ആ താല്പര്യം, തന്നിഷ്ടത്തിനൊത്ത് മനുഷ്യനെ പിടിച്ചുവലിക്കുന്ന പ്രതിലോമ ശക്തിയാകും-അല്ലാതെ സ്വതന്ത്രമായി തീരുമാനിക്കാൻ പറ്റുന്ന വിധ ത്തിൽ സ്വേച്ഛയെ മാറ്റിനിർത്തുന്ന ചാലക ശക്തിയാവില്ല. സ്വാഭീഷ്ടമനുസരിച്ചേ തീരുമാനിക്കാൻ കഴിയൂ എന്നുവന്നാൽ അതുതന്നെയാണല്ലോ സ്വാതന്ത്ര്യത്തിന്റെ നിഷേധം! മനുഷ്യനെ മൃഗങ്ങളിൽ നിന്നു വേർതിരിക്കുന്നത് അവന്റെ ബുദ്ധിയും മാനുഷിക സങ്കൽപങ്ങളുമാണ്. അതത്രയും കെട്ടി യിട്ട് നിശ്ചേഷ്ടമാക്കിയിട്ട്, കൈകൾ മാത്രം സ്വാതന്ത്രമായതുകൊണ്ടെന്ത് നേട്ടം? മൃഗങ്ങൾക്കും മനുഷ്യർക്കുമുണ്ട് ഇച്ഛാശക്തി. എന്നാൽ മൃഗങ്ങളുടെ ഇച്ഛ അവയുടെ വികാരങ്ങൾക്കും ജന്മവാസ നയ്ക്കും വിധേയമാണെങ്കിൽ മനുഷ്യന് ബുദ്ധിയും യുക്തിയും ഉപയോഗിച്ച് വികാരങ്ങളെ കടി ഞ്ഞാണിട്ടു നിർത്താൻ കഴിയും. മനുഷ്യനെന്ന നിലക്കുള്ള അവന്റെ സ്വാതന്ത്ര്യവും ഈ കഴിവിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ആ സ്വാതന്ത്ര്യം മനുഷ്യന്റെ സ്വാർത്ഥത്തിൽ തളച്ചിടപ്പെട്ടാൽ, ഉപരി പ്ലവമായും ബാഹ്യമായും സ്വതന്ത്രനാണെങ്കിൽപ്പോലും അവൻ മ്ലേച്ഛനായ ഒരു അടിമ മാത്രമായിരി ക്കും. ''ആധുനിക'' പാശ്ചാത്യ സംസ്ക്കാരം മനുഷ്യന് കൊടുത്തിരിക്കുന്നത്. സ്വന്തം വികാരങ്ങ ളോട് അനുകൂലമായി പ്രതികരിക്കാനുള്ള സ്വാതന്ത്ര്യമാണ്: തന്നിലുള്ളിൽത്തന്നെയുള്ള മൃഗീയ തയെ തൃപ്തിപ്പെടുത്താനും, സ്വാർത്ഥ താല്പര്യങ്ങൾ നേടി തൃപ്തനാവാനും അത് ഉതകും. എന്നാൽ മനുഷ്യനെന്ന നിലയ്ക്കുള്ള തന്റെ സ്വാതന്ത്ര്യം വിലയായി നില്കിയ മനുഷ്യൻ ഒരു ആത്മ പരിശോധന നടത്തിയാൽ അവനു മനസ്സിലാകും, താൻ ആജ്ഞാപിക്കുന്നവനല്ല, ആജ്ഞ അനുസരിക്കുന്നവനാണ്, ഇച്ഛാ സ്വാതന്ത്ര്യം പോലും ഇല്ലാത്തവനാണ് എന്ന്.

മറിച്ച്, മനുഷ്യ സ്വാതന്ത്ര്യത്തിന്നാധാരമായ, മനുഷ്യന്റെ സവിശേഷതയായ കഴിവിൽനിന്നു തുട ങ്ങിനോക്കുക. അതിനു വെള്ളവും വളവും നല്കി വളർത്തി, അവനെ മൃഗമായിട്ടല്ല, മനുഷ്യനായി പുനഃസൃഷ്ടിക്കുക; സ്വാർത്ഥ താൽപര്യങ്ങൾ അടുപ്പിച്ചുകൊണ്ടുവരുന്ന മൃഗീയ ഭാഗധേയം സ്വീക രിക്കുന്നതിനേക്കാൾ എത്രയോ ഉന്നതുമാണ് ജീവിതത്തിൽ തന്റെ ദൗത്യമെന്ന് അവനെ അറിയി ക്കുക; ഭൗതികാസ്വാദനങ്ങളെക്കാൾ എത്രയോ മഹത്തരമായ ലക്ഷ്യത്തിനാണ് താൻ സൃഷ്ടിക്കപ്പെ ട്ടത് എന്ന് അവനെ ബോധ്യപ്പെടുത്തുക. സ്വന്തം മോഹങ്ങളുടെയും താല്പര്യങ്ങളുടെയും മാസ്മ രിക സ്വാധീനത്തിൽനിന്ന് മോചിപ്പിക്കപ്പെടുന്ന മനുഷ്യൻ സ്വന്തം ഇച്ഛയുടെ ഉടമയായ സാക്ഷാൽ സ്വതന്ത്രനായിരിക്കും. താല്ക്കാലിക താല്പര്യത്തിന്റെ ചങ്ങലകൾ അഴിച്ചുമാറ്റി, വായമൂടിക്കളഞ്ഞ വിലകുറഞ്ഞ അനുഭൂതിയുടെ പാരതന്ത്ര്യത്തിൽ നിന്നു മുക്തനായി, 'അതെ' എന്നും 'അല്ല'എന്നും പൂർണ്ണ സ്വാതന്ത്ര്യത്തോടെ അവൻ പ്രഖ്യാപിക്കും.

മനുഷ്യന്ന് സവിശേഷമായ ആത്മീയ മുദ്ര നൽകുക വഴി ഓരോ മുസ്‌ലിം വ്യക്തിക്കും ഖുർ ആൻ സമ്മാനിച്ചിരിക്കുന്നത് ഈ സ്വാതന്ത്ര്യമാണ്. തന്റെ ആദർശ തത്വങ്ങൾ വികസിപ്പിച്ചു കൊണ്ട്, ഭൗതിക മണ്ഡലത്തിൽ നിന്നും അതിന്റെ പരിമിത ലക്ഷ്യങ്ങളിൽ നിന്നും ഉന്നത ചക്രവാളങ്ങളി ലേക്കും ഉദാത്ത ലക്ഷ്യങ്ങളിലേക്കും പ്രയാണം ചെയ്യാൻ അപ്പോൾ അവനു കഴിയും.

''സ്ത്രീകൾ, സന്താനങ്ങൾ, പൊന്നിന്റെയും വെള്ളിയുടെയും കൂട്ടിവെച്ച കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കാലികൾ, കൃഷിഭൂമി എന്നിവയോടുള്ള പ്രേമം മനുഷ്യർക്ക് ഭൂഷണമാക്കപ്പെട്ടിരിക്കു ന്നു. ഐഹിക ജീവിതത്തിലെ വിഭവങ്ങൾ മാത്രമാണവ. അല്ലാഹുവിങ്കലത്രെ ഉത്തമ വാസസ്ഥലം. ''പറയുക: അതിലും ഉത്തമമായത് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? ഭക്തന്മാർക്ക് അവരുടെ രക്ഷിതാവിങ്കൽ അടിഭാഗത്തൂടെ അരുവികളൊവുകുന്ന ഉദ്യാനങ്ങളുണ്ട്. അതിലവർ എന്നും വസി ക്കുന്നവരാണ്. കൂടാതെ പരിശുദ്ധരായ ഇണകളും ദൈവത്തിന്റെ പ്രീതിയും. ദൈവം അടിമകളെ ക്കുറിച്ച് നന്നായറിയുന്നവനാണ്.'' (ഖുർആൻ, 3:14-15)

മനുഷ്യൻ തന്നോടുതന്നെ നടത്തുന്ന വിമോചന സമരമാണിത്. മറ്റെല്ലാ വിമോചന സംരംഭങ്ങളു ടെയും ആരംഭം അതത്രെ. അതു കൂടാതുള്ള ഏതു സ്വാതന്ത്ര്യവും മിഥ്യയും വ്യാജവും, അവ സാനം ബന്ധനവും പാരതന്ത്ര്യവും മാത്രമായവശേഷിക്കും.

ഭൗതിക കാമങ്ങളുടെയും താല്ക്കാലാസക്തികളുടെയും നുകത്തിൽ നിന്നു മനുഷ്യകുലത്തെ വിമുക്തമാക്കാനുള്ള ഖുർആന്റെ ഇതേ രീതി തന്നെയാണ് മനുഷ്യരെ എല്ലാ രംഗത്തും സംസ്ക്കരി

ക്കാൻ ഇസ്‌ലാം പൊതുവായി സ്വീകരിക്കുന്ന രീതിയും: ദൈവത്തിന്റെ ഏകത്വം-തൗഹിദ്. ഭൗമാടിമത്തത്തിൽ നിന്നും അതിന്റെ നൈമിഷികാനുഭൂതികളിൽ നിന്നും സ്വതന്ത്രനാക്കിക്കൊണ്ട് മനുഷ്യനെ സ്വർഗ്ഗത്തോടും അതിലെ ഉദ്യാനങ്ങളോടും-ഈശ്വര പ്രീതിയോട്-ഇണക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. 'തൗഹീദ്' മനുഷ്യന്റെ ആന്തരിക വിമോചനത്തിനും മറ്റെല്ലാ രംഗത്തുള്ള വിമോചനത്തിനും നിദാനമായ ആദർശമത്രെ.

പാശ്ചാത്യ നാഗരിതയുടെ അസ്വാഭാവികമായ സ്വാതന്ത്ര്യ രൂപങ്ങളും ഖുർആന്റെ സ്വാതന്ത്ര്യ സങ്കല്പവും തമ്മിലുള്ള അന്തരം വ്യക്തിമാക്കാൻ ചെറിയൊരു ഉദാഹരണമെടുക്കാം; സ്വന്തം ജീവിതത്തിലെ അവിഭാജ്യഘടകമായും അവശ്യ സാധനങ്ങളിലൊന്നായും മദ്യത്തെ കരുതിപ്പോന്ന ഒരു ജനസമൂഹത്തെ ഖുർആൻ യഥാർത്ഥമായി മോചിപ്പിച്ചതോടെ അതു സ്വതന്ത്രമായി; മദ്യം ഉപേക്ഷിക്കുക എന്ന ഖുർആന്റെ ആഹ്വാനം കേട്ട ക്ഷണത്തിൽ, മദ്യം വേണ്ടേ വേണ്ട എന്നു പ്രഖ്യാപിച്ച് നിഘണ്ടുവിൽ നിന്ന് മദ്യമെന്ന പദത്തെ എടുത്തു കളയാൻ ആ രാഷ്ട്രത്തിനു കഴിഞ്ഞു. കാരണം, സ്വന്തം ഇച്ഛയുടെ യജമാനനായിരുന്നു അതിലെ ഓരോരുത്തനും; സ്വന്തം താല്പര്യങ്ങളോടും മൃഗീയാസക്തികളോടും തികച്ചും സ്വതന്ത്രമായി പ്രതികരിക്കാൻ കഴിവുള്ളവൻ. ആ സമൂഹം യഥാർത്ഥ സ്വാതന്ത്ര്യം എന്തെന്നറിയുകയും സ്വന്തം പെരുമാറ്റത്തിൽ അതിന്റെ നിയന്ത്രണം വരിക്കുകയും ചെയ്തവരായിരുന്നു.

നേരെ മറിച്ച്, ആധുനിക സംസ്ക്കാരം സൃഷ്ടിച്ച സമൂഹത്തെ നോക്കുക. സ്വന്തം രീതിയനുസരിച്ച് അത് വ്യക്തികൾക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. എന്നാൽ ആ മുഖംമൂടിക്കു പിന്നിൽ സ്വന്തം ഇച്ഛയുടെ അടിമയായ, സ്വന്തം ഭാഗധേയത്തെ നിയന്ത്രിക്കാനാവാത്ത-ആന്തരികമായ മോചനം നേടിയിട്ടില്ലാത്ത-ഒരു ജനതയാണത്. വ്യക്തി സ്വാതന്ത്ര്യത്തിന്റെ മറവിൽ കാമ ക്രോധ മോഹങ്ങൾക്ക് വഴിപ്പെട്ട്, അവയെ തൃപ്തിപ്പെടുത്തുന്നതിലൂടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടവർ. അമേരിക്കൻ സർക്കാറിന്റെ അതി ശക്തമായ പ്രചരണ മാധ്യമങ്ങൾ മുഴുവൻ ശക്തിയും വിനിയോഗിച്ചിട്ടും, ഭരണകൂടത്തിന്റെയും ഒട്ടനവധി സാമൂഹ്യ സ്ഥാപനങ്ങളുടെയും ലൗകികവും ആത്മീയവുമായ ഊർജ്ജമത്രയും ചിലവഴിച്ചിട്ടും, അമേരിക്കയെ മദ്യത്തിൽ നിന്നു മോചിപ്പിക്കാൻ സാധിച്ചില്ല. ഭയാനകമായ ഈ പരാജയത്തിനു കാരണം, പാശ്ചാത്യന് യഥാർത്ഥ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണ്: ഉത്തമ ബോധ്യമുള്ളപ്പോൾ പോലും ''വേണ്ട'' എന്നു പറയാനുള്ള കരുത്ത് അവനില്ല! സ്വന്തം നൈമിഷിക മോഹങ്ങളുടെ ആവശ്യം ഉച്ചരിക്കാനേ അവന്റെ നാവു ചലിക്കൂ! മദ്യരാക്ഷസന്റെ ബന്ധനത്തിൽ അകപ്പെട്ട ഈ പാശ്ചാത്യൻ, തന്റെ ആത്മീയവും ധൈഷണികവുമായ വശങ്ങളിൽ മോചനം നേടിയിട്ടില്ലാത്ത ''സ്വതന്ത്ര വ്യക്തി''യാകുന്നു.[8]

ഇപ്പറഞ്ഞ ആന്തരിക മോചനം- മനുഷ്യാസ്തിത്വത്തെ ആന്തരികമായി സൃഷ്ടിച്ചെടുക്കൽ-സ്വതന്ത്രവും സന്തുഷ്ടവുമായ ഒരു സമൂഹത്തിന്റെ നിർമ്മിതിക്കുള്ള മൂലക്കല്ലാണ്. സ്വന്തം ഇച്ഛയ്ക്ക് ഉടമയല്ലാത്ത, സ്വന്തം ആന്തരിക സ്ഥിതിയെ നിയന്ത്രിക്കാൻ സാധിക്കാത്ത, ഉത്തമമായ ഗുണങ്ങളെ തന്റെ സ്വഭാവമാക്കാൻ കഴിവില്ലാത്ത, സ്വന്തം മനുഷ്യത്വം വളർത്തിയെടുത്തിട്ടില്ലാത്ത മനുഷ്യന് ഒരിയ്ക്കലും സാമൂഹ്യമായും യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയില്ല. ആന്തരിക മോചനം സാധിച്ചിട്ടില്ലാത്തവന്ന് ബാഹ്യമോചനത്തിനുള്ള ആർജ്ജവമോ അർഹതയോ ഇല്ല!

''ഒരു ജനതയുടെ അവസ്ഥയും അവരിലുള്ളത് അവർ തന്നം മാറ്റുവോളം ദൈവം മാറ്റുന്നതല്ല.'' (ഖുർആൻ, 13:11)

''ഒരു നാടിനെ നാം നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ, നമ്മുടെ കല്പനകൾ അവിടെയുള്ള സുഖലോലുപന്മാർക്ക് നാം നല്കുന്നു. അങ്ങനെ അവരവിടെ ധിക്കാരം പ്രവർത്തിക്കുകയും തന്മൂലം നമ്മുടെ ഉത്തരവ് അവിടെ പ്രസക്തമായിത്തീരുകയും ചെയ്യുന്നു. തുടർന്ന് അവിടം നാം ഉന്മൂലം നാശം വരുത്തുകയായി'' (ഖുർആൻ, 17:16)

## സാമൂഹ്യ തലത്തിലുള്ള സ്വാതന്ത്ര്യം

മനുഷ്യന്റെ ആഭ്യന്തര മോചനത്തിനുള്ള സമരത്തിന്റെ കൂടെത്തന്നെ സാമൂഹ്യമായി അവനെ സ്വതന്ത്രനാക്കാനുള്ള യുദ്ധം കൂടി ഇസ്‌ലാം ചെയ്യുന്നു. മനുഷ്യന്റെ ഉള്ളിൽ ഈ സ്വാതന്ത്ര്യസമരം, സ്വാതന്ത്ര്യത്തിൽ നിന്ന് അവനെ അകറ്റുന്ന താല്പര്യങ്ങളുടെ വിഗ്രഹത്തെ തച്ചുടക്കുന്നു; വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളുടെ മേഖലയിൽ സാമൂഹ്യ വിഗ്രഹങ്ങളെയും. മാനുഷ്യകത്തെ അതിന്റെ അടിമത്തത്തിൽ നിന്നു മുക്തമാക്കുന്ന ഇസ്‌ലാം മനുഷ്യൻ മനുഷ്യനെ ആരാധിക്കുന്നത് പാടെ വിലക്കി: ''പറയുക: വേദക്കാരെ, നമുക്കും നിങ്ങൾക്കുമിടയിൽ സമാനമായ ഒരു വചനത്തിലേക്കു വരൂ: അല്ലാഹുവിനെയല്ലാതെ നാം വണങ്ങാതിരിക്കുക. അവനോട് ഒന്നിനെയും നാം പങ്കാളിയാക്കാതിരിക്കുക. ദൈവത്തെയല്ലാതെ നാം നമ്മെ അന്യോന്യം യജമാനന്മാരാക്കാതിരിക്കുക'' (ഖുർആൻ, 3:64)

ദൈവത്തോടുള്ള വിധേയത്വം എല്ലാ മനുഷ്യരെയും സ്രഷ്ടാവിനു മുമ്പിൽ തുല്യരാക്കുന്നു. ഒരു രാഷ്ട്രത്തിനും മറ്റൊരു രാഷ്ട്രത്തെ അധിനിവേശിച്ച് അടിമയാക്കാ അവകാശമില്ല. ഒരു സമൂഹത്തിനും മറ്റൊരു സമൂഹത്തെ കൊള്ള ചെയ്യാനോ അതിന്റെ സ്വാതന്ത്ര്യത്തെ അതിലംഘിക്കാനോ പാടില്ല. ഒരു മനുഷ്യനും ആരാധനാ മൂർത്തിയായി ഭാവിച്ച് പൂജിക്കപ്പെടാവതുമല്ല.

ആദ്യ സമരത്തിന്റെ മാർഗ്ഗം തന്നെയാണ് ഈ രണ്ടാം സമരത്തിലും ഖുർആൻ കൈക്കൊള്ളുന്നതെന്നു കാണാം. ഇസ്ലാമിന്റെ വീരസമരങ്ങളുടെയൊക്കെ അടിസ്ഥാന ശൈലിയും അതുതന്നെ- അതവാ തൗഹീദ്. ദൈവത്തോടുമാത്രമുള്ള വിധേയത്വം അംഗീകരിക്കുന്ന മനുഷ്യൻ സ്വാഭാവികമായും വിഗ്രഹ പൂജയെയും വ്യാജമായ ആരാധനയെയും കയ്യൊഴിക്കും. വ്യക്തിപൂജയും സൃഷ്ടിപൂജയും തിരസ്ക്കരിച്ചുകൊണ്ട്, അന്തസ്സോടെ തലയുയർത്തിപ്പിടിയ്ക്കുന്ന അവന്ന് അടിമത്തത്തിന്റെ അപമാനമോ ലൗകിക ശക്തികളോടുള്ള വിധേയത്വത്തിന്റെ നാണക്കേടോ സഹിക്കേണ്ടിവരില്ല. വാസ്തവത്തിൽ മനുഷ്യജീവിതത്തിൽ വിഗ്രഹാരാധന രണ്ടു കാരണങ്ങൾ കൊണ്ടുണ്ടാവാം:

ഒന്ന്, സ്വന്തം താൽപര്യത്തോടുള്ള അടിമത്തം. ആ താല്പര്യം നിവർത്തിക്കുമെന്ന് ഉറപ്പുനല്കുന്ന മനുഷ്യമൂർത്തിയ്ക്ക് അവൻ തന്റെ സ്വാതന്ത്ര്യം അടിയറ വെയ്ക്കുന്നു. രണ്ട്, ആരാധനാമൂർത്തിയായി സ്വയം അവകാശപ്പെടുന്ന മുഖംമൂടികൾക്കു പിന്നിലുള്ള ദൗർബ്ബല്യങ്ങളെയും കഴിവുകേടുകളെയും പറ്റിയുള്ള അജ്ഞത.

ഇസ്ലാം മനുഷ്യനെ സ്വേച്ഛയോടുള്ള വിധേയത്വത്തിൽ നിന്നും, വ്യാജങ്ങളായ വിഗ്രഹ മുഖംമൂടികളുടെ വഞ്ചനയിൽ നിന്നും മുക്തനാക്കിയിരിക്കുന്നു: ''ദൈവത്തിനു പകരം നിങ്ങൾ ആരെ പ്രാർത്ഥിക്കുന്നുവോ അവർ നിങ്ങളെപ്പോലെയുള്ള ദാസന്മാർ തന്നെയാണ്''(ഖുർആൻ, 7:194)

ഇതിന്റെ സ്വാഭാവിക പരിണാമമായിക്കൊണ്ടുതന്നെ മനുഷ്യൻ വിഗ്രഹാരാധനയെ അതിന്റെ എല്ലാ രൂപത്തിലും കൈവെടിയും.

ആന്തരികമായി സ്വാർത്ഥത്തിൽ നിന്നും സാമൂഹികമായി വിഗ്രഹപൂജയിൽ നിന്നും-വിഗ്രഹം രാഷ്ട്രമാകട്ടെ, സമൂഹമാകട്ടെ, ഒരു വ്യക്തിയാകട്ടെ, അതിനോട് നിരുപാധികം വഴങ്ങുന്നതിൽ നിന്നും-മനുഷ്യനെ വിമോചിതനാക്കുന്ന ഇതേ അടിസ്ഥാനങ്ങളിൽത്തന്നെ നമുക്ക് സമൂഹത്തിൽ വ്യക്തിയുടെ പ്രവർത്തന സ്വാതന്ത്ര്യത്തെപ്പറ്റിയും മനസ്സിലാക്കാം. വ്യക്തിയുടെ പ്രവർത്തനു മാത്രം അനിയന്ത്രിത സ്വാതന്ത്ര്യമനുവദിക്കുന്നു പാശ്ചാത്യ സംസ്ക്കാരങ്ങളിൽ നിന്ന് ഇക്കാര്യത്തിലും വ്യത്യസ്തമാണ് ഇസ്ലാം. ആദ്യമായി, നാം കണ്ടുതപോലെ, സ്വന്തം മോഹങ്ങളിൽനിന്നും നാനാവിധ വിഗ്രഹങ്ങളിൽനിന്നും വ്യക്തിയെ ഇസ്ലാം മോചിപ്പിക്കുന്നു. ദൈവം നിശ്ചയിച്ച അതിരുകൾ അതിലംഘിക്കാത്തിടത്തോളം കാലം സ്വാതന്ത്രമായി സ്വന്തം അഭിലാഷത്തിനൊത്ത് വ്യക്തിക്ക് പ്രവർത്തിക്കാം. ഖുർആൻ പറയുന്നു: ''ഭൂമിയിലുള്ളതു മുഴുവനായും നിങ്ങൾക്കായി സൃഷ്ടിച്ചത് അവനാകുന്നു.'' (ഖുർആൻ 2:20)

''ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ തന്റെ വകയായി നിങ്ങൾക്കധീനമാക്കിയിരിക്കുന്നു.'' (ഖുർആൻ, 45:13)

അപ്പോൾ ഇസ്ലാം പ്രപഞ്ചത്തെ ആകമാനം മനുഷ്യന്റെ സ്വതന്ത്രമായ പ്രവർത്തനത്തിനു വിട്ടുതരുന്നു. എന്നാൽ ആ സ്വാതന്ത്ര്യത്തിന് അതിരുകളുണ്ട്-സ്വാർത്ഥ താല്പര്യങ്ങളോടുള്ള അടിമത്തത്തിൽ നിന്ന് ആന്തരിക മോചനവും മൂർത്തികളോടുള്ള വിധേയത്വത്തിൽ നിന്ന് ബാഹ്യ മോചനവും: ഈ രണ്ടുതരം മോചനങ്ങൾക്ക് അനുവർത്തിയായ പരിധികൾക്കുള്ളിലെ ആ സ്വാതന്ത്ര്യത്തിനു നിലനില്പുള്ളൂ. ദേഹ പൂജയും ലൗകിക പ്രേമവുമായി ഭൂമിയോടും ബന്ധപ്പെട്ട താല്ക്കാലിക സന്തോഷങ്ങളോടും ഒട്ടി നില്ക്കാനുള്ള പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല; കാരണം യഥാർത്ഥ സ്വാതന്ത്ര്യത്തിന് വിരുദ്ധമാണത്. അനീതിക്കെതിരെ നിശ്ശബ്ദത പാലിക്കാനോ അവകാശ ധ്വംസനം സമ്മതിച്ചു കൊടുക്കാനോ യഥാർത്ഥ ദൗത്യം മറന്ന് ഭൗതിക മൂർത്തികളെ സേവിക്കാനോ ഉള്ള പ്രവർത്തന സ്വാതന്ത്ര്യവും മനുഷ്യന്നില്ല; സ്വാതന്ത്ര്യത്തെ അതിന്റെ ഏറ്റവും നല്ല അർത്ഥത്തിൽ തകർക്കുന്നതാണത്. ഇസ്ലാമിൽ പ്രവർത്തന സ്വാതന്ത്ര്യമെന്നത് മനുഷ്യരാശി എന്നും പിന്തുടരേണ്ട അന്യൂനമായ ആത്മീയ- ധൈഷണിക പദ്ധതിയുടെ ഭാഗമാണ്.

സമൂഹത്തിന്റെ മേഖലയിൽ ഇസ്ലാമിന്റെ വിമോചന- വിപ്ലവ ചൈതന്യത്തെപ്പറ്റിപ്പറയുമ്പോൾ പാശ്ചാത്യ നിർവ്വചനത്തിലെ ജനാധിപത്യ സാമൂഹ്യാശയങ്ങളുമായി അതു പൊരുത്തപ്പെടുന്നുവെന്നല്ല ഉദ്ദേസിക്കുന്നത്. വ്യക്തി തലത്തിലെന്നപോലെ സാമൂഹ്യ തലത്തിലും ഇസ്ലാമിന്റെ സ്വാതന്ത്ര്യ സങ്കല്പം പാശ്ചാത്യ സങ്കൽപത്തിൽ നിന്ന്-രാഷ്ട്രീയ-സാമ്പത്തിക-ചിന്താ സ്വാതന്ത്ര്യങ്ങളിൽ നിന്ന്-തികച്ചും വിഭിന്നം തന്നെയാണ്.

'മനുഷ്യന്റെ ഉടമസ്ഥൻ മനുഷ്യനാണ്' എന്ന പാശ്ചാത്യ സംസ്ക്കാരത്തിന്റെ അടിസ്ഥാനാശയത്തെ തന്നെയാണ് രാഷ്ട്രീയ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പാശ്ചാത്യ സങ്കൽപം പ്രകാശിപ്പിക്കുന്നത്. ആർക്കും തന്നെ മറ്റൊരാൾക്ക് നിർദ്ദേശം കൊടുക്കാനുള്ള അവകാശമില്ല. ഈ ആശയം രാഷ്ട്രീയ രംഗത്ത് പ്രയോഗിക്കപ്പെടുന്നതാണ് രാഷ്ട്രീയ സ്വാതന്ത്ര്യമെന്ന് അറിയപ്പെടുന്നത്. സാമൂഹ്യ ജീവിതത്തിന്റെ ഘടനയും ശൈലിയും അതിലെ ഓരോ വ്യക്തിയെയും നേരിട്ടു ബാധിക്കുന്നതാകയാൽ സമൂഹ നിർമ്മാണത്തിൽ സ്വന്തം അഭീഷ്ടമനുസരിച്ച് ഓരോ വ്യക്തിക്കും പങ്കുകൊള്ളാം. എന്നാൽ ആർക്കും മറ്റൊരാളിൽ തന്റെ അഭിപ്രായം അടിച്ചേല്പിക്കാനുള്ള അവകാശമില്ല; ഇഷ്ടമില്ലാത്തത് സ്വീകരിപ്പിക്കാനോ അംഗീകരിക്കാൻ തോന്നാത്തത് അംഗീകരിപ്പിക്കാനോ പാടില്ല.

എന്നാൽ ജീവിത യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്നതോടെ അടിസ്ഥാന ആശയവുമായി രാഷ്ട്രീയ സ്വാതന്ത്ര്യം ഇടഞ്ഞു തുടങ്ങുന്നു. കാരണം സമൂഹത്തിൽ ഭിന്നാഭിപ്രായം പുലർത്തുന്നവർ കാണും. അതിൽ ചിലരുടേത് സ്വീകരിക്കുക എന്നാൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കലാവും; സ്വന്തം ഇച്ഛയും ഭാഗധേയവും തീരുമാനിക്കാനുള്ള അവകാശം അവർക്ക് ഇല്ലാതാവുന്നു. അടിസ്ഥാനാശയത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും യോജിപ്പിക്കാനുള്ള വഴിയത്രെ ഭൂരിപക്ഷ മതം അംഗീകരിക്കുകയെന്നത്. എന്നാൽ ഈ സമന്വയെ അപൂർണ്ണമാകാതെ വയ്യ. കാരണം ഭൂരിപക്ഷത്തെപ്പോലെത്തന്നെ സ്വാതന്ത്ര്യത്തിനും ഇച്ഛയ്ക്കുമുള്ള അവകാശം ന്യൂനപക്ഷത്തിനുമുണ്ടല്ലോ. ഭൂരിപക്ഷാഭിപ്രായം ഈ അവകാശത്തെ നിഷേധിക്കുക തന്നെ ചെയ്യും. അപ്പോൾ ഒരു കൂട്ടം ആൾക്കാർ മറ്റൊരു കൂട്ടത്തിന്റെ അവകാശങ്ങളെ ചവിട്ടിമെതിക്കുന്ന ഒരു വ്യവസ്ഥ തന്നെയാണ് ഭൂരിപക്ഷ തത്വം; എണ്ണത്തിൽ മാത്രമാണു വ്യത്യാസം.

ഭൂരിപക്ഷ ഭരണമെന്ന തത്വം ജനങ്ങളെല്ലാം അംഗീകരിച്ചതാവാമെന്നതു ശരിതന്നെ; ഭൂരിപക്ഷം തെളിയിക്കപ്പെട്ടാൽ ന്യൂനപക്ഷം അതു സ്വീകരിക്കുന്നു; കൂടുതൽ ആൾക്കാരുള്ള വീക്ഷണമെന്ന നിലയ്ക്ക് ഭൂരിപക്ഷത്തിന്റെ വീക്ഷണം പ്രയോഗവല്ക്കരിക്കാൻ ശ്രമിക്കുന്നു. സ്വാഭാവികമായി തങ്ങൾ വിശ്വസിക്കുന്നത് മറ്റൊന്നാണെങ്കിലും, അതിലേയ്ക്ക് ആളുകളെ ആകർഷിക്കാൻ നിരന്തരം ശ്രമിക്കുന്നുവെങ്കിലും, ഭൂരിപക്ഷാഭിപ്രായത്തിന് അവർ വഴങ്ങും. എന്നാൽ ഇത്തരം സാധ്യത എല്ലാ സമൂഹത്തിലും എല്ലായ്പ്പോഴും ഉണ്ടാവുമെന്ന് ഉറപ്പിച്ചു കൂടാ. ഭൂരിപക്ഷത്തിന്റെ വീക്ഷണത്തിനു കടകവിരുദ്ധമായിട്ടും തങ്ങളുടേതൊഴിച്ച് മറ്റൊരു വീക്ഷണവും സ്വീകരിക്കാത്ത ന്യൂനപക്ഷങ്ങൾ വളരെയേറെയുണ്ട്.

ഇതിൽ നിന്ന് ഉരുത്തിരിയുന്ന വസ്തുകളെ ഇങ്ങിനെ സംഗ്രഹിക്കാം: പാശ്ചാത്യ സംസ്ക്കാരത്തിന്റെ അടിസ്ഥാനാശയം രാഷ്ട്രീയ രംഗത്ത് പ്രാവർത്തികമാക്കപ്പെടുന്നതോടെ സ്വയം വിരുദ്ധമാകും. ഭരണത്തിൽ സ്വേച്ഛാധിപത്യത്തിന്റെയും വ്യക്തി വാദത്തിന്റെയും പക്ഷത്തേയ്ക്ക് അതു ചായും; അതിന്റെ ഏറ്റവും നല്ല രൂപം ന്യൂനപക്ഷത്തെ ഭൂരിപക്ഷം ഭരിക്കുക എന്നതാണ്.

പടിഞ്ഞാറൻ സംസ്ക്കാരത്തിന്റെ ഈ ''അടിസ്ഥാനാശയ''ത്തിൽ ഇസ്‌ലാം വിശ്വസിക്കുന്നില്ല. കാരണം ഈശ്വരനോടു മാത്രമുള്ള വിധേയത്വമാണ് അതിന്റെ അടിസ്ഥാനാശയം: മനുഷ്യന്റെ നാഥനും പരിരക്ഷകനും ദൈവം മാത്രമാണ്; ദൈവത്തിനു മാത്രമേ മനുഷ്യന്റെ ജീവിത ശൈലി നിശ്ചയിക്കാനുള്ള അധികാരമുള്ളൂ: ''വിവിധ ഈശ്വരന്മാരോ ഉത്തമം, അതോ ഏകനും അപ്രതിഹതനുമായ സാക്ഷാൽ ദൈവമോ?....................ശാസനാധികാരം ദൈവത്തിനു മാത്രം. തന്നെയല്ലാതെ നിങ്ങൾ അനുസരിക്കരുതെന്ന് അവൻ ആജ്ഞാപിച്ചിരിക്കുന്നു.'' (ഖുർആൻ, 12: 39–40)

അന്യർക്ക് സ്വയം കീഴടങ്ങുകയും, ജീവിതത്തിലും ദൈവിക ശിക്ഷണത്തിലും അവർക്ക് നേതൃത്വാവകാശം കൊടുക്കുകയും ചെയ്യുന്ന വ്യക്തികളെ ഖുർആൻ കുറ്റപ്പെടുത്തുന്നു: ''അവർ ദൈവത്തെ വിട്ട് അവരുടെ കൂട്ടത്തിലെ പാതിരിമാരേയും പുരോഹിതന്മാരേയും ഈശ്വരന്മാരാക്കി'' (ഖുർആൻ, 9:31)

അതുകൊണ്ട്, ഒരു വ്യക്തിക്കോ എല്ലാ വ്യക്തികൾക്കും കൂട്ടായോ അധികാരത്തിന്റെ കുത്തകക്കുള്ള അവകാശമില്ല. സമൂഹ ജീവിതത്തെ മാർഗ്ഗദർശനം കൊടുത്തു നയിക്കാനും അതിന്റെ ഭരണഘടനയും പ്രവർത്തന മണ്ഡലങ്ങളും സംസ്ഥാപിക്കാനും ദൈവത്തിനല്ലാതെ മറ്റാർക്കും അധികാരമില്ല.

ലൗകിക ജീവിതത്തിൽ ഇത്തരത്തിലുള്ള ''സമത്വ''ത്തിന്റെ അനന്തര ഫലങ്ങളിലൊന്ന്, രാഷ്ട്രീയ വിമോചനത്തെക്കുറിച്ച ആശയമാണ്. ദൈവിക ദൗത്യത്തിന്റെ ഉത്തരവാദിത്തങ്ങൾ സമൂഹത്തിലെ അംഗങ്ങളെല്ലാം തുല്യമായി വഹിക്കണം; ദൈവികാജ്ഞകൾ നിറവേറ്റുന്നതിൽ അവരെല്ലാം ഒരുപോലെ സഹകരിക്കണം: ''നിങ്ങളിലോരോരുത്തരും നായകനാണ്; തന്റെ കീഴിലുള്ളവരെക്കുറിച്ച ഉത്തരവാദിയും''. പാശ്ചാത്യ ഭാഷ്യത്തിൽ നിന്നു വ്യത്യസ്തമായി, ഇസ്‌ലാമിലെ രാഷ്ട്രീയ സമത്വം ഉത്തരവാദിത്തത്തിലെ സമത്വമാണ്; ഭരണത്തിലേതല്ല.

ഈ സമത്വത്തിന്റെ ഫലമായി രാഷ്ട്രീയ രംഗത്ത് മറ്റുള്ളവരുടെ നിയന്ത്രണത്തിൽ നിന്നു മനുഷ്യൻ സ്വതന്ത്രനാകുന്നു; എല്ലാവിധത്തിലുമുള്ള-വ്യക്തിഗതവും കൂട്ടായുമുള്ള ഭരണത്തിലെ-രാഷ്ട്രീയ ചൂഷണങ്ങൾ തൂത്തുമാറ്റപ്പെടുന്നു.

ഫറോവായുടെ ഭരണത്തെ വിമർശിക്കുന്ന ഖുർആൻ അന്നത്തെ ഭരണീയരായ സമൂഹത്തെയും കുറ്റപ്പെടുത്തുന്നു. ഭരണത്തിൽ വ്യക്തിയുടെയും, മറ്റു വർഗ്ഗങ്ങളുടെ മേൽ ഒരു വർഗ്ഗത്തിന്റെയും മേൽക്കോയ്മയുടെ പ്രതീകമാണ് ഫറോവ:

''തീർച്ചയായും ഫറോവ ഭൂമുഖത്ത് സ്വയം വലിയവനായി. ഭൂനിവാസികളെ വിവിധ ചേരികളാക്കി അവരിലൊരു വിഭാഗത്തെ അടിച്ചമർത്തുകയാണയാൾ'' (ഖുർആൻ, 28:4)

വ്യക്തിയേയോ വർഗ്ഗത്തെയോ, മറ്റുവ്യക്തികളെയും വർഗ്ഗങ്ങളെയും ചൂഷണം ചെയ്യാനും കീഴൊതുക്കാനും അനുവദിക്കുന്ന ഒരു രാഷ്ട്രീയ ഘടനയും ഇസ്‌ലാമിൽ അംഗീകാരയോഗ്യമല്ല-

കാരണം അത്, ദൈവത്തോടുള്ള നിരുപാധികമായ സമർപ്പണത്തിൽ തങ്ങളുടെ ഉത്തരവാദിത്ത ങ്ങൾ നിറവേറ്റുന്നതിൽ സമൂഹത്തിലെ അംഗങ്ങൾക്കിടയിലുണ്ടാവേണ്ട സമത്വത്തിന് എതിരാണ്.

സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ കാര്യമോ? മുതലാളിത്തത്തിൽ സ്വാതന്ത്ര്യത്തിന്റെ പരിവേഷം മാത്രമുള്ള ഈ ആശയത്തെ ഇങ്ങിനെ സംക്ഷേപിക്കാം: ഭരണയന്ത്രത്തിന്റെ യാതൊരു ഇടപെടലും സമ്മർദ്ദവും ഇല്ലാതെ സാമ്പത്തിക രംഗത്ത് സ്വതന്ത്രമായി, സ്വാഭീഷ്ടപ്രകാരം വിഹരിക്കാൻ വ്യക്തിയെ വിടുക. തീർന്നു. വ്യക്തിയുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതിൽ-എന്തെങ്കിലും ആവ ശ്യമുണ്ടെങ്കിൽ അത് പ്രകടിപ്പിക്കാൻ അനുവദിക്കുന്നതിൽ- മുതലാളിത്ത സമൂഹത്തിന് ഒന്നും ചെയ്യാനില്ല. ഭൗതിക സങ്കല്പമനുസരിച്ചുള്ള ഇത്തരം സാമ്പത്തിക സ്വാതന്ത്ര്യം, ജീവിക്കുന്നതിലും സാമ്പത്തിക മത്സരത്തിലും അവസരം ലഭിക്കാത്തവരെ സംബന്ധിച്ചേടത്തോളം നിരർത്ഥകമാണ്. ഇവിടെ സ്വാതന്ത്ര്യം വെറുമൊരു മരീചികയാകുന്നു. നീന്തലറിയാത്തവന് അതു പഠിപ്പിച്ചു കൊടു ക്കുന്നതിനു പകരം അവനോട്, ''എത്രവേണമെങ്കിലും എവിടെവേണമെങ്കിലും നീന്താം'' എന്ന് പറ യുന്നതുപോലെയാണിത്. ഇഷ്ടപ്രകാരം നീന്തിക്കൊള്ളാൻ സ്വാതന്ത്ര്യം കൊടുക്കണമെന്നാഗ്രഹമു ണ്ടെങ്കിൽ, നീന്തൽ വിദഗ്ധരെ കൂട്ടി, അവന്റെ സുരക്ഷ ഉറപ്പുവരുത്തുക കൂടി ചെയ്യേണ്ടതുണ്ട്; നീന്തിക്കൊണ്ടിരിക്കുന്ന അവനെ ശ്രദ്ധിക്കണം; ഇല്ലെങ്കിൽ അവൻ മുങ്ങിമരിക്കുകയേ ഉള്ളൂ. നീന്തൽ വിദഗ്ധരുടെ പ്രവർത്തനത്തെ ഒരല്പം നിയന്ത്രിച്ചിട്ടാണെങ്കിലും സംരക്ഷണം ആവശ്യമു ള്ളവനെ സംരക്ഷിക്കുക വഴി യഥാർത്ഥ സ്വാതന്ത്ര്യം കൈവരുത്തുകയാവും നാം ചെയ്യുന്നത്.

സാമ്പത്തിക രംഗത്ത് ഇസ്‌ലാം ചെയ്യുന്നതും ഇതു തന്നെ. സാമ്പത്തിക സ്വാതന്ത്ര്യത്തോടൊപ്പം സുരക്ഷ കൂടി കണക്കിലെടുക്കുന്നു. അവ രണ്ടും ഒരൊറ്റ ഘടനയിൽ ഏകോപിപ്പിക്കുന്നു. സാമ്പ ത്തിക രംഗത്ത് എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്- ചില പരിധികൾക്കുള്ളിൽ. മറ്റു വ്യക്തികളുടെ സുരക്ഷയോ സമൂഹത്തിന്റെ പൊതുക്ഷേമമോ ആവശ്യപ്പെടുന്നുവെങ്കിൽ അത്രയും സ്വാതന്ത്ര്യം വ്യക്തിത്യജിക്കുണം. സ്വാതന്ത്ര്യത്തിന്റെയും സുരക്ഷയുടെയും ആശയങ്ങൾ ഇസ്‌ലാമിൽ സമന്വ യിപ്പിക്കപ്പെടുന്നത് ഇങ്ങിനെയാണ്.[9]

ഇനി ചിന്താ സ്വാതന്ത്ര്യത്തിന്റെ കാര്യം. പാശ്ചാത്യ സംസ്ക്കാരത്തിൽ ഇത്, ഓരോ വ്യക്തി യെയും ഇഷ്ടം പോലെ ചിന്തിക്കാനും ആശയങ്ങൾ പ്രഖ്യാപിക്കാനും പ്രചരിക്കാനും അനുവദിക്ക ലാണ്- സ്വാതന്ത്ര്യ സങ്കല്പത്തെയോ അതിന്റെ അടിസ്ഥാനാശയങ്ങളെയോ അതു ധ്വംസിക്കരു തെന്നു മാത്രം. ജനാധിപത്യ സമൂഹങ്ങൾ ഫാഷിസ്റ്റ് ആശയങ്ങളെ കെണിഞ്ഞ് എതിർക്കുകയും, അവയ്ക്ക് സ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്നത്, സ്വാതന്ത്ര്യത്തിന്റെ മർമ്മത്തെ അവ തകർന്നു എന്നതുകൊണ്ടത്രെ.

പ്രപഞ്ചത്തെ ഏകനായ നാഥനോടു ബന്ധിപ്പിക്കൽ അഥവാ, തൗഹീദ് ഉൾക്കൊള്ളുന്ന ധൈഷ ണികാടിത്തറ തന്നെയാണ് ഇവിടെയും ഇസ്‌ലാമിന്റെ സവിശേഷത. ഈ അടിത്തറയെ തകർക്കാത്ത കാലത്തോളം മനുഷ്യ മനീഷയ്ക്ക് സ്വയം ചിന്തിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യാം. ആ അടി ത്തറയാകട്ടെ ഉത്തര സ്വാതന്ത്ര്യത്തിന്റെ ആധാരമാണ്. പ്രലോഭനങ്ങൾക്കു മുമ്പിൽ വഴങ്ങാത്ത, മൂർത്തികൾക്കു മുമ്പിൽ മുട്ടുകുത്താത്ത മഹത്തായ സ്വാതന്ത്ര്യശീലം അത് അവനു കൊടുക്കുന്നു. അപ്പോൾ തനതായ സ്വാതന്ത്ര്യ സങ്കല്പത്തെയും അതിന്റെ അടിസ്ഥാനാശയത്തെയും തകർക്കാ ത്തിടത്തോളമുള്ള ചിന്താ സ്വാതന്ത്ര്യം പാശ്ചാത്യ സംസ്ക്കാരവും ഇസ്‌ലാമും ഒരു പോലെ അനുവ ദിക്കുന്നു.

ഇസ്‌ലാമിൽ ചിന്താ സ്വാതന്ത്ര്യത്തിന്റെ വകഭേദമാണ് അതോടനുബന്ധിച്ച സമരങ്ങൾ: അനുകര ണത്തോടും, ചിന്താ ജഢത്വത്തോടും, ആലോചന കൂടാതെ ആശയങ്ങൾ സ്വയം വരിക്കുന്നതി നോടും ഉള്ള സമരങ്ങൾ. അപഗ്രഥനക്ഷമവും പരീക്ഷണ ശീലമുള്ളതുമായ ഒരു മനസ്സിന്റെ സൃഷ്ടിയാണ് ഇസ്‌ലാമിന്റെ ഉന്നം. 'ഇഷ്ടം പോലെ ചിന്തിച്ചുകൊള്ളൂ''എന്ന്, പാശ്ചാത്യ സംസ്ക്കാരം പറഞ്ഞുതുപോലെ പറഞ്ഞുകൊണ്ടു മാത്രം മനുഷ്യനിൽ സ്വാതന്ത്ര ചിന്താശീലം ഉണ്ടാക്കാൻ കഴിയില്ല. കാരണം ഇത്തരം നിരുപാധികമായ ചിന്താ വികാസം സ്വാതന്ത്ര്യത്തിന്റെ തന്നെ ചെലവിലായിരിക്കും നടക്കുക- ക്രമേണ അനുകരണത്തിന്റെയും, ആശയ ഭ്രന്തിന്റെയും, അന്ധവിശ്വാസ സ്തുതിയുടെയും രൂപങ്ങളിലുള്ള ചിന്താപരമായ അടിമത്തത്തിലേയ്ക്ക് അത് നയി ക്കും. പകരം നിരീക്ഷണശീലമുള്ള, വിശകലനക്ഷമതയുള്ള, ശാസ്ത്രീയ രീതി കൈക്കൊള്ളുന്ന മനസ്സ് സൃഷ്ടിച്ചെടുക്കുകയാണു സ്വതന്ത്രമായ ബുദ്ധി ഉണ്ടാക്കിയെടുക്കാനുള്ള വഴി. അത്തര മൊരു മനസ്സ് പരിശോധന കൂടാതെ ഒരു ആശയവും സ്വീകരിക്കില്ല; തെളിയിക്കപ്പെടാത്തതൊ ന്നിലും വിശ്വസിക്കുകയുമില്ല. എങ്കിൽ ചിന്താപരമായ വിധേയത്വത്തിൽ നിന്നും മുക്തി നേടാം. വാസ്തവത്തിൽ മനുഷ്യന്റെ ആന്തരിക വിമോചനത്തിനായുള്ള ഇസ്‌ലാമിക സമരത്തിന്റെ ഭാഗം തന്നെയാണിത്. പ്രലോഭനങ്ങളുടെ അടിമത്തത്തിൽ നിന്നു ഇച്ഛയെ സ്വാതന്ത്രമാക്കിയതു പോലെ ത്തന്നെ അനുകരണം, ആശയാന്ധത, അന്ധവിശ്വാസം തുടങ്ങിയവയുടെ അടിമത്തത്തിൽ നിന്ന് മനുഷ്യ മനീഷയെയും അത് മോചിപ്പിക്കുന്നു. ഇതു രണ്ടിലുമാണു മനുഷ്യൻ ഇച്ഛാപരമായും ചിന്താപരമായും സാക്ഷാൽ സ്വാതന്ത്ര്യം നേടുന്നത്.

''വാക്ക് ശ്രദ്ധിക്കുകയും എന്നിട്ട് അതിൽ ഏറ്റവും നല്ലതിനെ പിൻപറ്റുകയും ചെയ്യുന്ന എന്റെ ദാസന്മാർക്ക് നീ സന്തോഷ വാർത്ത അറിയിക്കുക. ദൈവം വഴികാട്ടിയത് അവരെയാണ്. ബുദ്ധിമാന്മാരും അവർ തന്നെയാണ്. (ഖുർആൻ, 39: 17-18)

''നിന്റെ നേരെ നാം ഉൽബോധനമിറക്കി-ജനങ്ങളോട് അവർക്കവതരിച്ചത് നീ വിവരിക്കുവാനും അവർ ചിന്തിക്കുവാനും വേണ്ടി'' (ഖുർആൻ, 16:44)

''അവരുടെ മോഹങ്ങളാണത്. നീ പറയുക: 'നേരാണ് പറയുന്നതെങ്കിൽ നിങ്ങളുടെ തെളിവ് കൊണ്ടു വരൂ.'' (ഖുർആൻ, 2:111)

''ദൈവം ഇറക്കിയതിനെ പിൻപറ്റുക എന്ന് അവരോട് പറഞ്ഞാൽ, ഞങ്ങൾ ഞങ്ങളുടെ പിതാക്കളെ കണ്ടെത്തിയ വഴിയെ പിൻപറ്റുമെന്ന് അവർ മറുപടി പറയും. എന്ത്! അവരുടെ പിതാക്കൾ ഒന്നും ഗ്രഹിക്കാത്തവരും വഴി കാണാത്തവരും ആയിരുന്നാലും? (ഖുർആൻ, 2:170)

സുരക്ഷ-ഇസ്ലാമിലും മാർക്സിസത്തിലും

ഇസ്ലാമിലെ ഇൻഷൂറൻസ് മാർക്സിസത്തിലധിഷ്ഠിതമായ സോഷ്യലിസ്റ്റ് ഇൻഷൂറൻസിൽ നിന്ന് പല വിധത്തിൽ വ്യത്യസ്തമാണ്. അടിസ്ഥാനങ്ങളിലും ചട്ടക്കൂട്ടിലും ലക്ഷ്യങ്ങളിലും ഭിന്നങ്ങളാണ് രണ്ടു സുരക്ഷാ വ്യവസ്ഥകളും.

ഈ ഗ്രന്ഥകാരന്റെ 'നമ്മുടെ സമ്പദ് വ്യവസ്ഥ' എന്ന ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ള ആ വ്യത്യാസങ്ങളെ സംക്ഷിപ്തമായി സൂചിപ്പിക്കുക മാത്രം ചെയ്യട്ടെ:

ഒന്ന്, സാമൂഹ്യ സുരക്ഷ: ദൈവം നല്കിയ മനുഷ്യാവകാശങ്ങളിൽ ഒന്നാണിത്. മാർക്സിസത്തിൽ അത് യന്ത്രത്തിന്റെ അവകാശമാണ്; മനുഷ്യന്റേതല്ല. ഒരു പരിധി വരെ ഉല്പാദക യന്ത്രം എത്തിക്കഴിഞ്ഞാൽപ്പിന്നെ അതിനെ വളർത്താനും ഉൽപാദനം വർദ്ധിപ്പിക്കാനും സോഷ്യൽ ഇൻഷൂറൻസ് വേണ്ടിവരുന്നു. എന്നാൽ ഉല്പാദക ശക്തികൾ ഈ പരിധിവരെ എത്തുവോളം ഇൻഷൂറൻസ് എന്ന ആശയത്തിന് അർത്ഥമില്ല. അതുകൊണ്ടുതന്നെ ചില സമൂഹങ്ങളിൽ ചിലഘട്ടങ്ങളിൽ മാത്രം ആവശ്യമായതാണ് ഇൻഷുറൻസ് എന്നത്രെ മാർക്സിസം കരുതുന്നത്.

രണ്ട്, സാമൂഹ്യ സുരക്ഷ പ്രാവർത്തികമാക്കാൽ: ഇസ്ലാമികസമൂഹത്തിൽ നിലനില്ക്കുന്ന സാഹോദര്യത്തിലൂന്നിയ സഹാനുഭൂതിയുടെ ഫലമാണിത്. ഇവിടെ ഇൻഷൂറൻസിന്റെ രൂപമാണ് ഇസ്ലാമികസൗഭ്രാത്രം ഒരു നബി വചനം കാണുക: ''ഓരോ മുസ്ലിമും ഓരോ മുസ്ലിമിന്റെയും സഹോദരനാകുന്നു. അവർ പരസ്പരം അനീതി ചെയ്യില്ല, രക്ഷാ പ്രവർത്തനത്തിൽ വിമുഖനാകുന്നുമില്ല, കൊള്ള ചെയ്യുന്നില്ല. അതിനാൽ മുസ്ലിംകൾ കഠിനാദ്ധ്യാനം ചെയ്യട്ടെ, പരസ്പരം സന്ദർശിക്കട്ടെ, സഹകരിക്കട്ടെ, ഇല്ലാത്തവരെ സമാശ്വസിപ്പിക്കട്ടെ.''

മാർക്സിസത്തിലാകട്ടെ സോഷ്യൽ ഇൻഷൂറൻസ് ഭീകരവും കടുത്തതുമായ ഒരു സംഘട്ടനത്തിന്റെ-ചൂടുപിടിപ്പിച്ച് ശക്തിപ്പെടുത്തേണ്ട ഒരു സംഘട്ടനത്തിന്റെ-ഫലമാണ്. വർഗ്ഗ സമരം തുടങ്ങി, ഒന്ന് മറ്റൊന്നിനെ വിജയകരമായി തൂത്തുമാറ്റിക്കഴിഞ്ഞേ സോഷ്യൽ ഇൻഷൂറൻസിന് അവിടെ പ്രസക്തിയുള്ളൂ. മാർക്സിസത്തിൽ സാമൂഹ്യ സുരക്ഷ കടുത്ത വൈരാഗ്യത്തിലും നശീകരണാത്മകമായ ഒരു സംഘട്ടനത്തിലും ഊന്നി നിൽക്കുന്നതാണ്.

മൂന്ന്, ഇൻഷൂറൻസ് എന്ന മനുഷ്യാവകാശം: ഒരുവർഗ്ഗത്തിന്റേതെന്നതിലുപരി മറ്റൊരു വർഗ്ഗത്തിന്റേതല്ല, ഇസ്ലാമിൽ ഈ അവകാശം; പൊതു ഉൽപാദനപ്രക്രിയയിൽ പങ്കെടുക്കാൻ കഴിവില്ലാത്തവർക്കു കൂടി ഉള്ളതാണ്. ഇസ്ലാമിക സമൂഹത്തിന്റെ തണലിൽ സുരക്ഷിതരായ അവർക്ക് ജീവസന്ധാരണത്തിനു വേണ്ടതെല്ലാം ലഭ്യമാക്കാൻ രാഷ്ട്രം ബാദ്ധ്യസ്ഥമാണ്. മാർക്സിസത്തിന്റെ മൂലക്കല്ലുതന്നെ മുതലാളി വർഗ്ഗവും തൊഴിലാളി വർഗ്ഗവും തമ്മിലുള്ള സംഘട്ടനമാണ്; അതിൽ തൊഴിലാളി വർഗ്ഗം വിജയിക്കുകയും ഉല്പാദനത്തിലും സമ്പത്തിലും ഭാഗഭാക്കാവുകയും ചെയ്യും. ഈ വർഗ്ഗസമര പങ്കെടുക്കാൻ കഴിയാത്ത, തൊഴിലാളികളോട് അനുഭാവമുള്ള, അഗതികളുടെ സ്ഥിതി എന്തെന്ന് മാർക്സിസം വിശദീകരിക്കുന്നില്ല.

നാല്, ഇൻഷൂറൻസ് ഏറ്റെടുക്കേണ്ടതാർ? മാർക്സിസത്തിൽ ഇത് സ്റ്റേറ്റിന്റെ മാത്രം ബാദ്ധ്യതയാണ്; ഇസ്ലാമിൽ വ്യക്തിയുടേതും രാഷ്ട്രത്തിന്റേതും കൂടി. അതുകൊണ്ട് രണ്ടു തത്വങ്ങളാണ് ഇസ്ലാം അവതരിപ്പിക്കുന്നത്: പൊതു സഹകരണവും സാമൂഹ്യ സുരക്ഷയും.

മറ്റുള്ളവരുടെ ഉപജീവനത്തിൽ കഴിവിനനുസരിച്ച്, ഉത്തരവാദിത്തം ഓരോ വ്യക്തിയും ഏറ്റെടുക്കണമെന്ന് സഹകരണ തത്വം ആവശ്യപ്പെടുന്നു. സ്വന്തം രാഷ്ട്രമില്ലാത്ത മുസ്ലിംകളും ഇതു ചെയ്യേണ്ടതു തന്നെ. ഒരു നബി വചനം ഇതാണ് പറയുന്നത്: ''ഒരു വിശ്വാസിക്ക് ആവശ്യമുള്ളത്, കഴിവുള്ള മറ്റൊരു വിശ്വാസി ഉപയോഗിക്കാൻ കൊടുക്കുന്നില്ലെങ്കിൽ ദൈവം അവനെ വിധിനാളിൽ കറുത്ത മുഖവും നീലക്കണ്ണുകളും കഴുത്തിനു പുറകെ കെട്ടിയ കൈകളുമായി പുനരുജ്ജീവിപ്പിക്കും. 'ഇതാണ് ദൈവത്തെയും അവന്റെ ദൂതനെയും വഞ്ചിച്ചവൻ' എന്നു പറഞ്ഞ് അവനെ നരകാഗ്നിയിലെറിയും.'

സോഷ്യൽ ഇൻഷൂറൻസ് എന്ന തത്വം ഇക്കാര്യത്തിൽ സ്റ്റേറ്റിന്റെ ഉത്തരവാദിത്തത്തെ പ്രതിപാദിക്കുന്നു. എല്ലാ പൗരൻമാർക്കും അന്തസ്സോടെയുള്ള ജീവിത നിലവാരം നല്കാൻ രാഷ്ട്രവും പൊതു ഖജനാവും ബാദ്ധ്യസ്ഥമാണ്.[10]

ഒരു നബി വചനം ഈ തത്വത്തെ വിശദീകരിക്കുന്നു: ''ഈശ്വരാജ്ഞയനുസരിച്ച് ഭരണാധികാരി സമ്പത്ത് സ്വീകരിക്കുകയും എട്ടു ഭാഗങ്ങളായി വിതരണം ചെയ്യുകയും വേണം- ദരിദ്രർക്ക്, അഗതികൾക്ക്, നികുതി പിരിവുകാർക്ക്, മുസ്ലിംകളെ സഹായിക്കാൻ വിസമ്മതിക്കാത്തവർക്ക്, അടിമമോചനത്തിന്, കട ബാദ്ധ്യതകൾ കൊടുത്തു വീട്ടാൻ കഴിയാത്തവർക്ക്, യാത്രച്ചിലവ് വഹിക്കാൻ പറ്റാത്ത യാത്രക്കാർക്ക്. ഇവർക്കിടയിൽ ഓരോരുത്തരുടെയും ആവശ്യാനുസരണം ഭയമോ സങ്കോചമോ കൂടാതെ അയാൾ വിതരണം ചെയ്യട്ടെ. ബാക്കി വന്നാൽ അത് ഖജനാവിലേയ്ക്കുതന്നെ തിരിച്ചടക്കണം. തികയാതെ വന്നാൽ തികയുന്നതുവരെ രാഷ്ട്രത്തിന്റെ ഖജനാവിൽനിന്നെടുക്കണം.''

# □□□□□□□□□□□□□

1. ‘ഇഖ്തിസാദുനാ’ (നമ്മുടെ സമ്പദ്‌വ്യവസ്ഥ) എന്ന ഗ്രന്ഥം നോക്കുക, പേജ് 3-196.

2. ഈ പരീക്ഷണം ശാസ്ത്ര രംഗത്ത് അപ്രതീക്ഷിതമായ വിജയം കൊയ്തു. ജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും അടിസ്ഥാനം തന്നെ പരീക്ഷണബോധമാണെന്നു വാദിക്കപ്പെടുന്നു. എന്നാൽ പരീക്ഷണം തന്നെ മനസ്സിനെ ആശ്രയിക്കുന്നു എന്നും, ശാസ്ത്ര-വിജ്ഞാനങ്ങളുടെ യഥാർത്ഥ അടിസ്ഥാനം സമൂർത്ത വസ്തുതകളെപ്പോലെത്തന്നെ ഇന്ദ്രിയ സംവേദനക്ഷമമല്ലാത്ത വസ്തുതകളെയും ആവിഷ്ക്കരിക്കുന്ന മനസ്സാണെന്ന് ഞാൻ ‘ഫൽസഫതുനാ’ (നമ്മുടെ ദർശനം) എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ട്.

3. ധൈഷണികവും ദാർശനികവുമായ പ്രാമാണികത ഇല്ലെങ്കിലും സുവ്യക്തവും സുലളിതവുമായ അത്തരമൊരു വിശ്വാസമായിരുന്നു പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്ന്. കൃത്യമായ ശാസ്ത്ര പരീക്ഷണങ്ങൾ അതു തെറ്റാണെന്ന് തെളിയിച്ചപ്പോൾ സാമാന്യ സങ്കല്പങ്ങൾ തകരുകയും അവിശ്വാസത്തിന്റെ തരംഗം തുടങ്ങുകയും അങ്ങിനെ യവനരുടെ വ്യാജന്യായം പുനരാവിഷ്ക്കരിക്കപ്പെടുകയും ചെയ്തു. ഗ്രീക്കുകാർക്കിടയിൽത്തന്നെ ദാർശനിക സംഹിതകളിലും മറ്റും പൊരുത്തക്കേടുകൾ കണ്ടപ്പോൾ ദൃശ്യമായ അവിശ്വാസത്തിന്റെ ഫലമായുണ്ടായിരുന്ന ‘സോഫിസ്ട്രി’ക്കു സമാനമായിരുന്നു ഇതും.

4. മതത്തെ വിമർശന പാത്രമാക്കുന്നതിൽ വൈദികസഭ വലിയ പങ്കു വഹിച്ചിട്ടുണ്ട്. സഭയെ തന്നെ ബൗതിക താൽപര്യങ്ങൾക്കുള്ള ഉപകരണമാക്കി; ശാസ്ത്രീയവും സാമൂഹികവുമായ സ്വാതന്ത്ര്യങ്ങളെ ഞെരിച്ചു; ഇൻക്വിസിഷിൻ കോടതികളിലൂടെ ജനങ്ങളുടെ വിധികർത്താവായി ഭാവിച്ച്, ജനങ്ങളുടെ ജീവനും ജീവിതവും കൊണ്ടും പന്താടി. മതത്തിന്റെ പേരിൽ വൻ കുറ്റങ്ങൾ നടന്നു; കുറ്റവാളികൾ ചെയ്ത അതേ കുറ്റങ്ങൾ കൊണ്ട് അവരെ നേരിട്ടു.

5. ഈ സിദ്ധാന്തങ്ങളെ വിശദമായി ‘ഇഖ്തിസാദുനാ’ എന്ന ഗ്രന്ഥത്തിൽ ലേഖകൻ പ്രതിപാദിച്ചിട്ടുണ്ട്.

6. ‘ഇഖ്തിസാദുനാ’, പേജ് 307 നോക്കുക.

7. ഇക്കാരത്താൽ തന്നെ, ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ പരാമൃഷ്ടമായ ‘സ്വാതന്ത്ര്യ’മെന്ന പദം പാശ്ചാത്യ സംസ്ക്കാരത്തിലെ ആശയങ്ങളാൽ പ്രചോദിതമാണെന്നു പറഞ്ഞുകൂടാ. ഖലീഫ അലി (ദൈവം അദ്ദേഹത്തിൽ സംപ്രീതനാവട്ടെ) പറഞ്ഞു: ‘‘അന്യർക്ക് അടിമയാകരുത്: ദൈവം നിങ്ങളെ സ്വതന്ത്രനായിട്ടാണു സൃഷ്ടിച്ചത്.’’ ഇമാം ജഅ്ഫറുബ്നു അസ്സാദിഖ് (ദൈവം അദ്ദേഹത്തിൽ സംപ്രീതനാവട്ടെ) ഇങ്ങിനെ പറയുന്നു: ‘‘അഞ്ച് സദ്ഗുണങ്ങളില്ലാത്തവൻ വിലകെട്ടവനാണ്-ഒന്ന് വിശ്വാസം; രണ്ട് കാര്യനിർവ്വഹണ ശേഷി; മൂന്ന് ലജ്ജാശീലം; നാല് നല്ല പെരുമാറ്റം; അഞ്ച് ഈ ഗുണങ്ങളെല്ലാം സമ്മിളിതമായ സ്വാതന്ത്ര്യം.’’

8. ‘ഖുർആനിലെ സ്വാതന്ത്ര്യസങ്കൽപം’ എന്ന എന്റെ ലേഖനം നോക്കുക: ‘ദാറുസ്സഹ്റ’, ബൈറൂത്, ഹി. 1395/ക്രി. 175, പേജ് 43-54.

9. വിശദീകരണത്തിന്, മുതലാളിത്ത ജനാധിപത്യത്തെപ്പറ്റിയുള്ള പഠനം കാണുക: ‘ഇഖ്തിസാദുനാ’, പേ. 247-269

10. ‘ഇഖ്തിസാദുനാ’ (അദ്ധ്യായം: ‘ഇസ്‌ലാമിക വീക്ഷണത്തിൽ സാമ്പത്തിക പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും’) പേജ് 328 മുതൽ.

*****